**ധനകാര്യം**

## 2024-2025 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിനെ സംബന്ധിക്കുന്ന പൊതുചർച്ച

ശ്രീ. സി. എച്ച്. കുഞ്ഞമ്പു: സർ, ധനകാര്യ വകുപ്പുമന്ത്രി ശ്രീ. കെ. എൻ. ബാലഗോപാൽ അവതരിപ്പിച്ച ബജറ്റിനെ ഞാൻ പിന്തുണയ്ക്കുകയാണ്. ഇക്കഴിഞ്ഞ ഫെബ്രുവരി 1, 5 തീയതികളിൽ കേന്ദ്ര ബജറ്റും സംസ്ഥാന ബജറ്റും അവതരിപ്പിക്കുകയുണ്ടായി. ഈ രണ്ട് ബജറ്റുകളും നമ്മുടെ നാട് ശ്രവിച്ചു. സാമ്പത്തിക പ്രതിസന്ധിയുടെ കാലത്ത് ക്രിയാത്മകമായ ഒരു നിർദ്ദേശവുമില്ലാത്ത, കോർപ്പറേറ്റുകളെ താലോലിക്കുന്ന ബജറ്റാണ് കേന്ദ്ര ഗവൺമെന്റ് അവതരിപ്പിച്ചത്. എന്നാൽ സാമ്പത്തിക പ്രതിസന്ധിയുടെ നടുവിൽ നമ്മുടെ സംസ്ഥാനത്തിന്റെ വളർച്ചയ്ക്ക് ഉത്തേജനം പകരുന്നതാണ് സംസ്ഥാന ബജറ്റ്. ആഗോളവൽക്കരണ നവ ലിബറൽ സാമ്പത്തിക നയത്തിന്റെ അടിസ്ഥാനത്തിലാണ് കേന്ദ്ര ബജറ്റ് വന്നതെങ്കിൽ ജനകീയ ബദൽ ഉയർത്തിപ്പിടിച്ചുകൊണ്ടാണ് ധനകാര്യവകുപ്പുമന്ത്രി ഇവിടെ സംസ്ഥാന ബജറ്റ് അവതരിപ്പിച്ചത്. കേന്ദ്ര ബജറ്റ് പല മേഖലകളെയും അവഗണിച്ചു. പ്രത്യേകിച്ച്, വൻ പ്രതിസന്ധി നേരിട്ടുകൊണ്ടിരിക്കുന്ന കാർഷിക മേഖലയെ പാടെ അവഗണിച്ചു. ഉൽപ്പന്നങ്ങൾക്ക് വിലയില്ല,

കർഷകർ ആത്മഹത്യ ചെയ്യുന്നു. കർഷകർ വീണ്ടും ഡൽഹിയിൽ സമരം ചെയ്യുകയാണ്. ഈ സന്ദർഭത്തിൽ കാർഷിക മേഖല കോർപ്പറേറ്റുകൾക്ക് അനുകൂലമായ നിലയിലേയ്ക്ക് മാറുന്നതാണ് കേന്ദ്ര ബജറ്റിൽ പ്രതിഫലിച്ചത്. എന്നാൽ സംസ്ഥാനം കൃഷി അഭിവൃദ്ധിപ്പെടുത്തുന്നതിനുവേണ്ടി 1,698.30 കോടി രൂപയാണ് വകയിരുത്തിയത്. നമ്മുടെ സംസ്ഥാനത്തെ കൃഷിക്കാർ അനുഭവിക്കുന്ന ഏറ്റവും പ്രധാനപ്പെട്ട പ്രശ്നം റബ്ബറിന്റെ വിലയിടിവാണ്. നാണ്യവിളയുടെ കൂട്ടത്തിൽ റബ്ബർ കർഷകർ പാപ്പരീകരിക്കപ്പെട്ടുപോയിട്ടുണ്ട്; മലയോര കൃഷിക്കാർ വലിയ തകർച്ചയിലുമാണ്. അതിന് ഉത്തരവാദി കേന്ദ്ര ഗവൺമെന്റാണെന്ന് എല്ലാവർക്കുമറിയാം. പക്ഷെ കേന്ദ്ര ഗവൺമെന്റിന്റെ ബജറ്റിൽ റബ്ബർ കൃഷിക്കാരെ സംരക്ഷിക്കുന്നതിന് ഒരു നടപടിയും സ്വീകരിച്ചിട്ടില്ല. എന്നാൽ സംസ്ഥാന സർക്കാർ 180 രൂപ താങ്ങുവില നിശ്ചയിച്ച് റബ്ബർ കൃഷിക്കാർക്ക് വലുതല്ലെങ്കിലും ചെറിയൊരു ആശ്വാസം നൽകിയിട്ടുണ്ട്. പൊതുമേഖലാ സംവിധാനത്തെ തകർക്കുകയെന്നതാണ് കേന്ദ്ര ഗവൺമെന്റിന്റെ കഴിഞ്ഞ കാലങ്ങളിലുള്ള നിലപാട്. ഇത്തവണയും പൊതുമേഖലാ ഓഹരി വിൽപ്പനയിലൂടെ 50,000/- കോടി രൂപ സമാഹരിക്കാൻ കേന്ദ്രം

നിശ്ചയിച്ചപ്പോൾ കേരളം പൊതുമേഖലാ സ്ഥാപനങ്ങളെ സംരക്ഷിക്കുകയും ലാഭകരമാക്കുകയും ചെയ്ത് പ്രതിസന്ധിയിലായ കെ.എസ്.ആർ.ടി.സി.ക്ക് 128.54 കോടി രൂപ വകയിരുത്തി. കേന്ദ്രം സഹകരണ മേഖലയെ തകർക്കുകയാണ്. സംസ്ഥാന വിഷയമാണെങ്കിലും കേന്ദ്രത്തിന്റെ നിലപാട് സഹകരണത്തെ കൈപ്പിടിയിൽ ഒതുക്കുക എന്നതാണ്. മൾട്ടി സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ഉണ്ടാക്കി സംസ്ഥാനങ്ങളുടെ മേൽ കടന്നുകയറ്റം നടത്തുകയാണ്. നമ്മുടെ സംസ്ഥാനത്ത് 134.42 കോടി രൂപ സഹകരണ മേഖലയുടെ അഭിവൃദ്ധിക്കുവേണ്ടി നീക്കിവച്ചിട്ടുണ്ട്. കേന്ദ്ര സർക്കാരിന്റെ ബജറ്റിൽ 'തൊഴിലാളി ക്ഷേമം' എന്നൊരു വാക്കുപോലുമില്ല; അതിൽ മുതലാളിമാർക്ക് അനുകൂലമായ നിലപാടാണുള്ളത്. തൊഴിലാളികളെ എല്ലാ അർത്ഥത്തിലും അവർ ഉപേക്ഷിക്കുകയാണ്. എന്നാൽ തൊഴിലാളി ക്ഷേമത്തിനുവേണ്ടി 464.44 കോടി രൂപ സംസ്ഥാന ബജറ്റിൽ നീക്കിവയ്ക്കുന്നു. അതുപോലെതന്നെ പ്രധാനപ്പെട്ട മേഖലകളായ വിദ്യാഭ്യാസം, ആരോഗ്യം, സാമൂഹ്യക്ഷേമം, പട്ടികജാതി-പട്ടികവർഗ്ഗം എന്നീ മേഖലകളിൽ കേന്ദ്ര ഗവൺമെന്റ് തുക വെട്ടിക്കുറയ്ക്കുമ്പോൾ സംസ്ഥാന ഗവൺമെന്റ് സാമ്പത്തിക പ്രതിസന്ധികൾക്കിടയിൽ നിന്നുകൊണ്ട്

പരമാവധി തുക ബജറ്റിൽ വകയിരുത്തുകയാണ്.

ഇവിടെ പ്രതിപക്ഷ പാർട്ടിയുടെ എം.എൽ.എ.മാരിൽ ഒരാൾ പോലും കേന്ദ്ര ബജറ്റിലെ ഈ ജനവിരുദ്ധ നടപടികൾക്കെതിരായി ഒരക്ഷരം സംസാരിച്ചില്ല. അവർ സംസ്ഥാന ബജറ്റിനെയാണ് കടന്നാക്രമിക്കുന്നത്. ഇത് സംസ്ഥാന താൽപ്പര്യമല്ല എന്നത് എല്ലാവർക്കും മനസ്സിലാകും. എന്താണ് പ്രതിപക്ഷത്തിന്റെ നിലപാട്? സംസ്ഥാന ഗവൺമെന്റ് അടുത്ത മൂന്ന് വർഷം കൊണ്ട് മൂന്ന് ലക്ഷം കോടി രൂപ സമാഹരിച്ച് ഈ കേരളത്തെ ആധുനിക വികസിത കേരളമാക്കി മാറ്റുകയെന്നാണ് ഉദ്ദേശിക്കുന്നത്. നവകേരള സൃഷ്ടിയാണ് ഈ ഗവൺമെന്റിന്റെ പ്രധാനപ്പെട്ട ലക്ഷ്യം. ടൂറിസം, ഉന്നതവിദ്യാഭ്യാസം, ആരോഗ്യം എന്നീ മേഖലകളിൽ വൻ കുതിപ്പുണ്ടാക്കി അതുവഴി കേരളത്തെ കൂടുതൽ കൂടുതൽ വികസിത കേരളമാക്കി മാറ്റുകയെന്നാണ് സൂചിപ്പിക്കുന്നത്. കേന്ദ്രം വളരെ ബോധപൂർവ്വം രാഷ്ട്രീയ കാരണത്താൽ സാമ്പത്തിക ഉപരോധം ഏർപ്പെടുത്തുകയാണെന്ന് എല്ലാവർക്കുമറിയാം. പ്രതിപക്ഷത്തുള്ളവർ ഒരക്ഷരം അക്കാര്യത്തിൽ പറയുന്നില്ലെങ്കിലും അതാണ് വസ്തുത എന്നത് കേരളം തിരിച്ചറിഞ്ഞിട്ടുണ്ട്. സംസ്ഥാനത്തിന് ഭരണഘടനാപരമായി ലഭിക്കേണ്ടുന്ന ഗ്രാന്റും നികുതി

വിഹിതവും വിവേചനപരമായി കുറച്ചുകൊണ്ടിരിക്കുകയാണ്. 57,000/- കോടി രൂപ ഈ വർഷം കേന്ദ്രത്തിന്റെ നടപടിമൂലം കുറഞ്ഞിട്ടുണ്ട്. ഇപ്പോൾ തന്നെ, 100 രൂപ വീതിക്കുമ്പോൾ ഉത്തർപ്രദേശിന് 46-ഉം കേരളത്തിന് 21 രൂപയേയുള്ളൂ. ബീഹാറിന് 70 രൂപ കൊടുക്കുമ്പോൾ കേരളത്തിന് 21 രൂപയേയുള്ളൂ. ഇതെല്ലാം എല്ലാവർക്കും അറിയാവുന്ന കാര്യങ്ങളാണ്. നമ്മുടെ സംസ്ഥാനത്തോട് രാഷ്ട്രീയപ്രേരിതമായാണ് ഇത് ചെയ്യുന്നത്. എന്താണ് പ്രതിപക്ഷത്തിന്റെ നിലപാട്; കേന്ദ്ര ഗവൺമെന്റിന്റെ ഭരണഘടനാ വിരുദ്ധമായ ഈ നിലപാടിനെതിരായി ഒരക്ഷരം പ്രതിപക്ഷം പറഞ്ഞിട്ടുണ്ടോ? നമ്മുടെ തനത് വരുമാനം പരമാവധി വർദ്ധിപ്പിച്ചു. ഞാൻ കണക്കിലേയ്ക്ക് പോകുന്നില്ല. തനത് വരുമാനത്തിന്റെ വർദ്ധനവുള്ളതുകൊണ്ട് കേരളം പിടിച്ചുനിൽക്കുന്നു. കേന്ദ്രം ഇത്ര ഗുരുതരമായ സാമ്പത്തിക ഉപരോധം ഏർപ്പെടുത്തുന്ന സന്ദർഭത്തിൽ നാം കേരളത്തെ സംരക്ഷിക്കാൻ ഒരുമിച്ചുനിൽക്കണ്ടേ; ഒരു നിർവ്വാഹവുമില്ലാത്ത സാഹചര്യത്തിലാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ ഡൽഹിയിൽ സമരം ചെയ്തത്. ആ സമരത്തിന് നിങ്ങൾ കൂടെനിൽക്കണമായിരുന്നില്ലേ; നിങ്ങളെടുത്ത നിലപാട് ശരിയായിരുന്നോ? ഇവിടെ സമരം

പ്രഖ്യാപിച്ചതിനുശേഷം നമുക്ക് ഒരുമിച്ചൊരു സമരത്തിന് തയ്യാറാകണമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പ്രതിപക്ഷനേതാവിനെയും ഉപനേതാവിനെയും വിളിച്ച് സംസാരിച്ചു. ഞങ്ങൾ ആലോചിച്ച് പറയാമെന്ന് പറഞ്ഞിട്ടും സമരത്തിന് വരുന്നില്ലെന്നാണ് പറഞ്ഞത്. ഈ സമരം മാസങ്ങൾക്കുമുമ്പ് നിശ്ചയിച്ചതാണ്. എന്നാൽ കർണ്ണാടക രണ്ടുദിവസം മുമ്പാണ് സമരം നിശ്ചയിക്കുന്നത്. അവർക്കും ഇതേ പ്രശ്നമുണ്ട്. ബി.ജെ.പി. ഇതരസംസ്ഥാനങ്ങളിലെല്ലാം ഈ പ്രശ്നമുണ്ട്. കർണ്ണാടക 5-ാം തീയതി തീരുമാനിച്ച് 7-ാം തീയതി സമരം ചെയ്യുന്നു. കേരളത്തിനേക്കാൾ ഒരു ദിവസം മുമ്പ് സമരം ചെയ്യുന്നു. അത് നല്ല കാര്യം. ആ സമരം നടന്നപ്പോൾ ഇതേ കാര്യമല്ലേ അവിടെ ഉന്നയിച്ചത്. നിങ്ങൾക്ക് കർണ്ണാടക സമരത്തെക്കുറിച്ച് എന്താണ് പറയാനുള്ളത്? കർണ്ണാടകയിൽ ഞങ്ങൾക്ക് ചേരാനൊന്നുമില്ല. അതുകൊണ്ട് കർണ്ണാടകയെ വിട്ടു. കേരളത്തിൽ നിങ്ങളുണ്ടല്ലോ, നിങ്ങൾ എന്ത് ചെയ്തു; കേരളത്തിന്റെ സമരത്തിൽ പങ്കെടുക്കണമായിരുന്നില്ലേ? നിങ്ങൾ അതിൽ പങ്കെടുത്തില്ല. നരേന്ദ്രമോദി സർക്കാരിന്റെ സാമ്പത്തിക ഫാസിസത്തിനെതിരായും അധികാര ഹുങ്കിനെതിരായും ബി.ജെ.പി. ഇതരസംസ്ഥാനങ്ങളോടുള്ള വിവേചനം

തുറന്നുകാണിക്കുന്നതിനുംവേണ്ടി ഐതിഹാസികമായ സമരത്തെയാണ് ഇന്ദ്രപ്രസ്ഥം സാക്ഷ്യം വഹിച്ചത്. രാജ്യത്തിന്റെ നാനാഭാഗങ്ങളിൽനിന്നുള്ള പിന്തുണ ലഭിച്ചു. 14 പാർട്ടികൾ പങ്കെടുത്തു. ഡൽഹി, പഞ്ചാബ്, തമിഴ്നാട് മുഖ്യമന്ത്രിമാർ പങ്കെടുത്തു. ജമ്മുകാശ്മീരിലെ മുൻമുഖ്യമന്ത്രി ഡോ. ഫാറൂഖ് അബ്ദുള്ള അതിൽ പങ്കെടുത്തു. ശ്രീ. കപിൽ സിബൽ ഉൾപ്പെടെയുള്ള നിരവധി പ്രമുഖർ അതിൽ പങ്കെടുത്തു. നിങ്ങൾ മാത്രമാണ് പങ്കെടുക്കാതിരുന്നത്. കേരളത്തിന്റെ സമരം ന്യായമാണെന്നാണ് കർണ്ണാടക മുഖ്യമന്ത്രിയോടും ഉപമുഖ്യമന്ത്രിയോടും അവർ പറഞ്ഞത്. അവർ ന്യായമാണെന്ന് പറഞ്ഞ സമരത്തിൽ നിങ്ങൾ പങ്കെടുക്കേണ്ടിയിരുന്നില്ലേ; നിങ്ങൾ പങ്കെടുത്തില്ലെന്ന് മാത്രമല്ല, ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിനോട് കേരളത്തിന്റെയും കർണ്ണാടകയുടെയും സമരത്തെക്കുറിച്ച് പത്രക്കാർ ചോദിച്ചപ്പോൾ ആ സമരമല്ല ഈ സമരമെന്നാണ് പറഞ്ഞത്; പിന്നെ ഏത് സമരമാണ്? ആ സമരമല്ല ഈ സമരമെന്ന് ശ്രീ. വി. ഡി. സതീശൻ പറഞ്ഞത് എന്ത് അർത്ഥത്തിലാണ്. കേരളത്തിന്റേത് ന്യായമായ ആവശ്യമായിരുന്നു. അത് ഭരണകക്ഷിയുടെ മാത്രം ആവശ്യമല്ല. പൊതുകാര്യത്തിന് ഒരുമിച്ചുനിൽക്കണ്ടേ പ്രതിപക്ഷം;

അക്കാര്യത്തിൽ നിങ്ങൾ തികഞ്ഞ അലംഭാവം കാണിച്ചു. കേരള വിരുദ്ധ നിലപാടെടുത്തു. നിങ്ങൾക്ക് വരാൻ സമയമില്ലെങ്കിൽ 18 എം.പി.മാരുണ്ടല്ലോ; അവരെ പറഞ്ഞുവിടണ്ടേ? ബി.ജെ.പി.-യുമായി എൽ.ഡി.എഫ്./സി.പി.ഐ.(എം.)-ന് രഹസ്യ ബന്ധമുണ്ട്, ഒരു അന്തർധാരയുണ്ടെന്നാണ് നിങ്ങൾ പറയുന്നത്. അതെന്ത് ധാരയാണെന്ന് മനസ്സിലാകുന്നില്ല. 9-ാം തീയതി നമ്മുടെ പ്രതിപക്ഷനേതാവ് കാസർഗോഡ് വന്നു. മഞ്ചേശ്വരത്താണ് ആദ്യത്തെ പരിപാടി, അവിടെ അദ്ദേഹം ബി.ജെ.പി. നേതാക്കന്മാരുമായി ചർച്ച നടത്തിയിരുന്നു. അതെന്ത് അന്തർധാരയുടെ അടിസ്ഥാനത്തിലാണ്? ഒരു കാര്യം ഞാൻ പറയാം, കേരളത്തിൽ ലോക്സഭാ തെരഞ്ഞെടുപ്പ് വരാൻ പോകുകയാണ്, ബി.ജെ.പി.-യുടെ സഹായമില്ലാതെ പല സീറ്റുകളും ജയിക്കാൻ നിങ്ങൾക്ക് കഴിയില്ല. ആ അന്തർധാര നിങ്ങളുണ്ടാക്കി. എന്നിട്ട് ബി.ജെ.പി.-യെ, സംഘപരിവാറിനെ, നരേന്ദ്രമോദി സർക്കാരിന്റെ ജനവിരുദ്ധ നയങ്ങളെ ഏറ്റവും ശക്തമായി എതിർത്തുകൊണ്ടിരിക്കുന്ന മുന്നണിയായ ഇടതുമുന്നണി.... അത് പ്രഖ്യാപിത നിലപാടാണെന്ന് എല്ലാവർക്കുമറിയാം എന്നിട്ടും നിങ്ങൾ അന്തർധാരയെന്ന് പറയുമ്പോൾ നിങ്ങളുടെ മനസ്സിലിരിപ്പ്

ഞങ്ങൾക്ക് നന്നായി അറിയാം. അതൊന്നും കേരളത്തിൽ നടക്കാൻ പോകുന്നില്ല. അതുകൊണ്ട് നിങ്ങൾ ഉയർത്തിപ്പിടിക്കുന്ന ഈ കാര്യം കേരളത്തിലെ ജനങ്ങൾ തള്ളിക്കളയുമെന്നാണ് ഇതുസംബന്ധിച്ച് പറയാനുള്ളത്. നവകേരള സദസ് നടത്തി. നവകേരള സദസ്സിൽ എല്ലാ എം.എൽ.എ.-മാർക്കും പങ്കെടുക്കാമായിരുന്നു. പക്ഷെ നിങ്ങൾ അവസരം നഷ്ടപ്പെടുത്തിയില്ലേ; നിങ്ങളിൽ പലർക്കും അത് ബഹിഷ്കരിച്ചത് തെറ്റായിപ്പോയെന്ന അഭിപ്രായമില്ലേ? അത് വേറെ കാര്യം, പോട്ടേ.... പക്ഷെ നിങ്ങളെന്താണ് ചെയ്തത്; കല്ലെറിയാനും ഷൂ എറിയാനും ആഹ്വാനം ചെയ്തു. മാത്രമല്ല, കല്ല്യാശ്ശേരിയിൽ വന്ന് അടിക്കുമെന്നാണ് പ്രതിപക്ഷനേതാവ് പറഞ്ഞത്. പറവൂർ വന്ന് അടിക്കാൻ പറ്റുന്നില്ല പിന്നെയല്ലേ കല്ല്യാശ്ശേരിയിൽ വന്ന് അടിക്കുന്നത്. നടക്കുന്ന കാര്യമാണോ പറയുന്നത്. വെറുതേ അക്രമത്തിന് പ്രേരിപ്പിച്ചതുകൊണ്ട് എന്തുനേടി. ഇപ്പോൾ 1,000 കോടി രൂപ നവകേരള സദസ്സിൽ ഉയർന്നുവന്ന വിഷയങ്ങൾക്കുവേണ്ടി മാറ്റിവച്ചിരിക്കുകയാണ്. ഒരു കാര്യം പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കാം. ബേക്കൽ എയർസ്ട്രിപ് കഴിഞ്ഞ വർഷത്തെയും ഈ വർഷത്തെയും ബഡ്ജറ്റിൽ വന്നിട്ടുണ്ട്. അത്

യാഥാർത്ഥ്യമാക്കാനാവശ്യമായ നടപടി സ്വീകരിക്കണം. കാസർഗോഡ് വികസന പാക്കേജിൽ കുറച്ചുകൂടി തുക അനുവദിക്കാൻ തയ്യാറാകണം. അതുപോലെ പൂരക്കളി അക്കാഡമി, തുളു അക്കാഡമി, ഗോവിന്ദപൈ മെമ്മോറിയൽ എന്നിവയ്ക്കാവശ്യമായ തുക നീക്കിവയ്ക്കണമെന്നുകൂടി അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ ഈ ബഡ്ജറ്റിനെ പിന്തുണയ്ക്കുന്നു.

ശ്രീ. ചാണ്ടി ഉമ്മൻ: സർ, ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ച ഈ ബഡ്ജറ്റിനെ ഞാൻ എതിർക്കുകയാണ്. വമ്പിച്ച ഭൂരിപക്ഷം നൽകി എന്നെ വിജയിപ്പിച്ച പുതുപ്പള്ളിയിലെ ജനങ്ങളോട് ആദ്യംതന്നെ നന്ദി പറയാൻ ഈ അവസരമെടുക്കുകയാണ്. 52 വർഷക്കാലം പുതുപ്പള്ളി മണ്ഡലത്തിൽ ഒരു വികസനവും നടത്തിയിട്ടില്ലെന്ന ആരോപണം നിരന്തരം ഭരണപക്ഷം ഉന്നയിച്ചു. അതിനെയൊക്കെ തള്ളിക്കളഞ്ഞ പുതുപ്പള്ളിയിലെ ജനങ്ങൾക്ക് പ്രത്യേക നന്ദി അറിയിക്കുന്നു. 52 വർഷക്കാലം പുതുപ്പള്ളിയിൽ വികസനം ഉറപ്പാക്കിയ എന്റെ പിതാവിനോടുള്ള നന്ദി ഈ അവസരത്തിൽ ഞാൻ രേഖപ്പെടുത്താൻ ആഗ്രഹിക്കുകയാണ്.

പല അവകാശവാദങ്ങൾ ഉന്നയിച്ചുകൊണ്ടാണ് ധനകാര്യ വകുപ്പുമന്ത്രി

ഈ ബഡ്ജറ്റ് അവതരിപ്പിച്ചിരിക്കുന്നത്. പക്ഷെ കേരളത്തിലെ ധനസ്ഥിതി മാറ്റുന്നതിനായി യാതൊന്നും ഈ ബഡ്ജറ്റിലുള്ളതായി കാണുന്നില്ല. അതുകൊണ്ടാണ് ആദ്യമേ ഈ ബഡ്ജറ്റിനെ എതിർത്തത്. കേന്ദ്രത്തിന്റെ രാഷ്ട്രീയ വിവേചനത്തെക്കുറിച്ചാണ് ഇവിടെ വാചാലമായിക്കൊണ്ടിരിക്കുന്നത്. കേന്ദ്രം ഞങ്ങളെ വിവേചനപരമായി നേരിടുന്നുവെന്ന് നിരന്തരം പറഞ്ഞുകൊണ്ടിരിക്കുകയാണ്. പക്ഷെ നിങ്ങളെന്താണ് കാണിക്കുന്നത്? പ്രതിപക്ഷ എം.എൽ.എ.-മാരോടുള്ള നയമെന്താണ്; പ്രതിപക്ഷ എം.എൽ.എ.-മാർക്ക് എത്രയാണ് ഫണ്ട് അനുവദിച്ചിരിക്കുന്നത്? ഭരണപക്ഷ എം.എൽ.എ.-മാർക്ക് കൊടുക്കുന്നതിന്റെ പകുതി ഫണ്ടുപോലും പ്രതിപക്ഷ എം.എൽ.എ.-മാർക്ക് നൽകിയിട്ടില്ലെന്നുള്ളത് യാഥാർത്ഥ്യമാണ്. കേന്ദ്രം ഫണ്ട് തരുന്നില്ലെന്ന് പറഞ്ഞിട്ട് ഞങ്ങളോട് മാത്രമെന്താണ് ചിറ്റമ്മ നയം? ഇത് ശരിയായ സമീപനമല്ലെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്.

<u>മി. സ്പീക്കർ</u>: പ്ലീസ്... പ്ലീസ്... അദ്ദേഹത്തിന്റെ ആദ്യത്തെ പ്രസംഗമാണ്, അത് ആരും തടസ്സപ്പെടുത്താറില്ല.

<u>ശ്രീ. ചാണ്ടി ഉമ്മൻ</u>: സർ, എട്ടുവർഷം മുമ്പ് കണ്ട കേരളമല്ല ഇന്നത്തെ

കേരളമെന്ന് ബഡ്ജറ്റ് സ്പീച്ചിൽ പറയുന്നു. മാറ്റങ്ങളുണ്ടെങ്കിൽ അത് എണ്ണിയെണ്ണി പറയാൻ സാധിക്കും. കൊച്ചി മെട്രോ, കണ്ണൂർ എയർപോർട്ട്, വിഴിഞ്ഞം തുറമുഖം, ആ ലിസ്റ്റ് നീണ്ടുകൊണ്ടേയിരിക്കുകയാണ്. അതല്ലാതെ ഈ സർക്കാരിന് പറയാൻ സാധിക്കുന്നതായി എന്തുണ്ട്? ഈ പദ്ധതികളെല്ലാം യു.ഡി.എഫ്. സർക്കാർ ആസൂത്രണം ചെയ്ത് നടപ്പാക്കിയതല്ലേ; കേരളത്തിൽ എട്ട് വർഷക്കാലംകൊണ്ട് ആസൂത്രണം ചെയ്ത് നടപ്പിലാക്കിയ ഒരു പദ്ധതി പറയാനുണ്ടോ? നിങ്ങൾക്ക് കൊച്ചി മെട്രോയുടെ രണ്ടാംഘട്ടം ചെയ്യാമായിരുന്നു. തിരുവനന്തപുരം, കോഴിക്കോട് ലൈറ്റ് മെട്രോ ചെയ്യാമായിരുന്നു. എന്തുകൊണ്ട് നടപ്പാക്കിയില്ല? എല്ലാ തെരഞ്ഞെടുപ്പാകുമ്പോഴും സ്റ്റന്റുമായി വരും. തിരുവനന്തപുരത്ത് മെട്രോ നടപ്പാക്കുമെന്ന് 2020-ലെ പഞ്ചായത്ത് തെരഞ്ഞെടുപ്പ് കാലത്ത് പറഞ്ഞു. കോഴിക്കോട് മെട്രോ നടപ്പാക്കുമെന്ന് പറഞ്ഞു. ഇപ്പോൾ നാലുവർഷം കഴിഞ്ഞ് അടുത്ത തെരഞ്ഞെടുപ്പ് വന്നിരിക്കുകയാണ്. ഇപ്പോൾ തിരുവനന്തപുരത്തും കോഴിക്കോട്ടും മെട്രോ നടപ്പാക്കുമെന്ന് പറയുന്നു. യാഥാർത്ഥ്യവുമായി എന്തെങ്കിലും ബന്ധമുണ്ടോ; ഇവരിത് നടപ്പാക്കാൻ ഉദ്ദേശിക്കുന്നില്ലെന്നതാണ് യാഥാർത്ഥ്യം.

യു.ഡി.എഫ്. സർക്കാർ എന്തൊക്കെ ചെയ്തുവെന്ന് നമുക്ക് നോക്കാം. 2014-ൽ ഈ രണ്ട് മെട്രോകൾക്കുംവേണ്ടി രൂപരേഖ തയ്യാറാക്കി. 2014 ഒക്ടോബറിൽ നിർമ്മാണവുമായി ബന്ധപ്പെട്ട പ്ലാൻ തയ്യാറാക്കി DMRC (Delhi Metro Rail Corporation) സർക്കാരിന് സമർപ്പിച്ചു. 2015 മേയ് മാസം DMRC-യെ കൺസൽട്ടന്റായി സർക്കാർ നിയമിച്ചു. അവർ പ്രോജക്ട് തയ്യാറാക്കി. സെൻട്രലും സ്റ്റേറ്റും ചേർന്ന് ജോയിന്റ് പ്രോജക്ടായി ചെയ്യാനും തീരുമാനിച്ചു. 2015 ജൂണിൽ Kerala Rail Transport Limited (KRTL) രൂപീകരിച്ചു. 2015 സെപ്റ്റംബറിൽ സർക്കാർ ഉത്തരവിലൂടെ പദ്ധതിരേഖ അംഗീകരിച്ചു. കേന്ദ്ര അനുമതി കിട്ടാൻ രണ്ട് വർഷം താമസമെടുക്കുമെന്ന് പറഞ്ഞതുകൊണ്ട് പണിതുടങ്ങാനുള്ള നിർദ്ദേശം സർക്കാർ DMRC-ക്ക് കൊടുക്കുകയും അവർ പ്രാഥമിക പരിപാടികൾ ചെയ്യുകയും ചെയ്തു. 2016 ജനുവരിയിൽ കോഴിക്കോട്ടും തിരുവനന്തപുരത്തും ഓഫീസുകൾ തുറന്നു. എന്നാൽ അതിനുശേഷം ഒരു കല്ലുപോലും എടുത്തുവയ്ക്കാൻ ഈ സർക്കാരിന് സാധിച്ചിട്ടില്ലെന്ന യാഥാർത്ഥ്യം നിലനിൽക്കെയാണ് ഞങ്ങൾ കോഴിക്കോട്ടും തിരുവനന്തപുരത്തും മെട്രോ നടപ്പാക്കുമെന്ന് പറയുന്നത്. ഇത് നാണക്കേടല്ലേ. വിഴിഞ്ഞം തുറമുഖത്തിന്റെ കാര്യത്തിൽ രണ്ട്

പതിറ്റാണ്ടിന്റെയെങ്കിലും കാലതാമസമുണ്ടായിയെന്ന കണ്ടുപിടിത്തം ഈ ബഡ്ജറ്റിലുണ്ട്. രണ്ട് പതിറ്റാണ്ടിന്റെയല്ല അഞ്ചുവർഷത്തെ താമസമേയുള്ളൂ. അഞ്ചുവർഷത്തെ താമസം വരുത്തിയത് ഈ സർക്കാരിന്റെ കാലത്താണെന്നുള്ള യാഥാർത്ഥ്യം അവരെ നോക്കി ചിരിക്കുന്നുണ്ട്. 2019-ൽ പൂർത്തിയാക്കേണ്ട പ്രോജക്ടായിരുന്നു. യു.ഡി.എഫ്. സർക്കാർ കൗണ്ട് ഡൗൺ തുടങ്ങിയിട്ടാണ് 2015-ൽ തറക്കല്ലിട്ടത്. 2019-ൽ പൂർത്തിയാകേണ്ട പദ്ധതി ഇന്നും പൂർത്തിയായിട്ടില്ല. ഇപ്പോൾ 2024 മേയ് മാസത്തിൽ പൂർത്തിയാകുമെന്ന് പറയുന്നു. അതുകൊണ്ട് ഈ സർക്കാരിന്റെ നേട്ടമായി അതിനെ പറയാൻ സാധിക്കില്ല. എങ്കിൽപ്പോലും സൂര്യോദയ സമ്പദ്ഘടന (sunrise economy) എന്നുപറഞ്ഞുകൊണ്ട്...., സൂര്യോദയ സമ്പദ്ഘടനയുമായി ബന്ധപ്പെട്ട മിക്ക പ്രോജക്ടുകളും വിഴിഞ്ഞവുമായി ബന്ധപ്പെട്ടതാണ്. ആ പ്രോജക്ട് നടപ്പിലാക്കുവാൻ ഇച്ഛാശക്തി കാണിച്ചതും ഈഘട്ടംവരെ എത്തിച്ചതും ആരാണെന്ന് എല്ലാവർക്കുമറിയാം. ഈ സർക്കാർ അവരെ അംഗീകരിക്കുന്നതിനായി എന്തെങ്കിലും ചെയ്തോ; കേരളത്തെ പറഞ്ഞും എഴുതിയും തോൽപ്പിക്കരുതെന്നതാണ് മറ്റൊരു ആവശ്യം. കേരളം അതിതീവ്ര തൊഴിലാളി സമരങ്ങളുടെ നാടാണെന്ന

പ്രചരണം ഉണ്ടായിരുന്നുവെന്നാണ് ഇപ്പോഴത്തെ കണ്ടെത്തൽ. ഇത് പ്രചരണം മാത്രമാണോ; ആരാണ് ഇവിടെ അതിതീവ്ര തൊഴിൽ സമരങ്ങളുണ്ടാക്കിയത്; ട്രാക്ടറിനെതിരെയും കമ്പ്യൂട്ടറിനെതിരെയും സ്മാർട്ട് സിറ്റിക്കെതിരെയും സമരം നടത്തിയത്? ഇന്ത്യയുടെ പ്രധാനമന്ത്രി കേരളത്തിൽ മെട്രോയ്ക്ക് തറക്കല്ലിടാൻ വന്നപ്പോൾ അദ്ദേഹത്തെ സ്വീകരിച്ചത് സമരംകൊണ്ടാണ്. എ.ഡി.ബി. വന്നപ്പോൾ സമരം, എല്ലാത്തിനെതിരെയും സമരങ്ങൾ നടത്തിയിട്ട് പ്രതിപക്ഷമാണ് ഇത്തരത്തിൽ പ്രചരണം നടത്തുന്നതെന്നാണ് ഇപ്പോൾ പറയുന്നത്.

വിദ്യാഭ്യാസരംഗവുമായി ബന്ധപ്പെട്ട കാര്യങ്ങൾ പറഞ്ഞു. വിദ്യാഭ്യാസ രംഗത്തെ സർക്കാരിന്റെ നയംമാറ്റത്തെ സംബന്ധിച്ച് പറഞ്ഞാൽ ഓന്തിനെപോലും ലജ്ജിപ്പിക്കുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. ഉന്നത വിദ്യാഭ്യാസ മേഖലയിൽ നിക്ഷേപത്തിനും വിദേശ സർവ്വകലാശാലകൾക്കുമായി വാദിച്ചതിന്റെ പേരിൽ ശ്രീ. ടി. പി. ശ്രീനിവാസനെ ആക്രമിച്ചത് കേരള സമൂഹം കണ്ടതാണ്. അദ്ദേഹത്തെ അടിക്കുന്നതിന്റെ രംഗങ്ങൾ ഇന്നും സോഷ്യൽ മീഡിയയിൽ കാണാൻ സാധിക്കും. അത് കേരള സമൂഹത്തിന് നാണക്കേടാണ്. അത്തരം

സാഹചര്യം സൃഷ്ടിച്ചവർ അന്തർദ്ദേശീയ വിദ്യാഭ്യാസ സ്ഥാപനങ്ങളുമായി സഹകരിച്ച് കേരളത്തിൽ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ ആരംഭിക്കാൻ പോകുകയാണെന്ന് ഇപ്പോൾ പറയുന്നത്. തീർച്ചയായും അത് വളരെ നല്ല കാര്യമാണ്. പക്ഷെ അതിന് എത്ര വൈകി. വികസനപരമായ കാര്യങ്ങളിൽ നിങ്ങൾ എത്രമാത്രം പിന്നിലാണെന്ന് സ്വയം വിലയിരുത്തുന്നതിനുള്ള അവസരമാണെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്.

കാർഷികരംഗം പരിശോധിച്ചാൽ, കർഷക ആത്മഹത്യകൾ കൂടിക്കൊണ്ടിരിക്കുകയാണ്. 2023-ൽ ഒമ്പത് കർഷകരും 2024-ൽ രണ്ട് കർഷകരും ആത്മഹത്യ ചെയ്തുവെന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. കാർഷിക രംഗത്തെ സർക്കാർ അവഗണിക്കുന്നതുകൊണ്ടാണ് ഇങ്ങനെ സംഭവിക്കുന്നത്. നിങ്ങൾ നവകേരള സദസ് നടത്തി, ധാരാളം പേരുടെ വാക്കുകൾ കേട്ടു. പക്ഷെ ഒരു കർഷകന്റെയെങ്കിലും വാക്ക് കേൾക്കുവാൻ നിങ്ങൾ തയ്യാറായിട്ടുണ്ടോ; കർഷകരെ പലവിധത്തിൽ ദ്രോഹിച്ചിരിക്കുകയാണ്. നെല്ലിന്റെ കാര്യം മാത്രം പരിശോധിച്ചാൽ മതി. 2015-ൽ കേന്ദ്രം നെല്ലിന്റെ താങ്ങുവിലയിൽ 50 പൈസ വർദ്ധിപ്പിച്ചപ്പോൾ അന്നത്തെ യു.ഡി.എഫ്. സർക്കാർ 2 രൂപയാണ് വർദ്ധിപ്പിച്ചത്. ഇന്ത്യയിൽ

ഏറ്റവുമധികം അരി ഉല്പന്നങ്ങൾ ഉപയോഗിക്കുന്ന കേരളം നിലവിൽ നെല്ലിന് താങ്ങുവില നിശ്ചയിച്ചത് എത്രയാണ്; കേന്ദ്രം 1.43 രൂപ കൂട്ടിയപ്പോൾ അത്രയും തുക സംസ്ഥാന സർക്കാർ ഇൻസെന്റീവ് ബോണസിൽ കുറയ്ക്കുകയാണ് ചെയ്തിരിക്കുന്നത്. ന്യൂനപക്ഷക്ഷേമത്തിന് ഈ വർഷം വകയിരുത്തിയ തുകയുടെ 14.2 ശതമാനമാണ് ചെലവഴിച്ചത്. ഇനി മാർച്ച് 31-നുള്ളിൽ എത്ര തുക ചെലവഴിക്കാൻ സാധിക്കും? കേന്ദ്രാവിഷ്കൃത പദ്ധതിയിൽ ഒരു ചെലവും വന്നിട്ടില്ല. ഒരു ഫണ്ടുപോലും ഇതുവരെ റിലീസ് ചെയ്തിട്ടില്ല. അതുപോലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ധനകാര്യ പ്രതിസന്ധി ആരാണ് സൃഷ്ടിച്ചത്? പദ്ധതി ചെലവുകളുടെ പുരോഗതി വെറും 30% മാത്രമാണ്. എപ്പോഴും പറഞ്ഞുകൊണ്ടിരുന്നത് സ്വയംഭരണ സ്ഥാപനങ്ങളുടെ വീഴ്ചയാണെന്നാണ്. എന്നാലിപ്പോൾ പദ്ധതി ചെലവുകളുടെ ബില്ലുകൾ മാറിയെടുക്കുന്നതിന് കഴിഞ്ഞ ദിവസം നിങ്ങൾ തടസ്സംകൊണ്ടുവന്നു. അതുപോലെയാണ് പെൻഷന്റെ കാര്യവും. കെ.എസ്.ആർ.ടി.സി.-യിൽനിന്ന് പെൻഷനായ എന്റെ നിയോജകമണ്ഡലത്തിലെ ഒരാൾ ഫോൺ വിളിച്ച് എന്നോട് പറഞ്ഞത്, അവരുടെ അവസ്ഥ വളരെ പരിതാപകരമായതിനാൽ സഭയിൽ ഇക്കാര്യം

ചൂണ്ടിക്കാണിക്കണമെന്നാണ്. ഇവരുടെ പെൻഷൻ തുക നൽകാതെ തടഞ്ഞുവയ്ക്കുന്നത് എന്തുകൊണ്ടാണ്; ഇലക്ഷൻവരെ പെൻഷൻ നൽകാതിരിക്കുകയെന്നത് മധ്യപ്രദേശിലുള്ള ബി.ജെ.പി. ഗവൺമെന്റിന്റെ മാതൃകയാണ്. ഇലക്ഷനുശേഷമോ അല്ലെങ്കിൽ ഇലക്ഷനുതൊട്ടുമുമ്പോ പെൻഷൻ നൽകുക എന്ന നയം സർക്കാർ മധ്യപ്രദേശ് സർക്കാരിനെ കണ്ട് പഠിക്കുന്നതെന്നാണ് തോന്നുന്നത്. അതുകൊണ്ടുതന്നെ തീർച്ചയായും ഞാൻ ഈ ബഡ്ജറ്റിനെ എതിർക്കുന്നു.

<u>ശ്രീ. വാഴൂർ സോമൻ</u>: സർ, ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി കെ. എൻ. ബാലഗോപാൽ അവതരിപ്പിച്ച ബഡ്ജറ്റിനെ ഞാൻ പൂർണ്ണമായും പിന്താങ്ങുന്നു. കേന്ദ്ര സർക്കാർ സാമ്പത്തികമായി സംസ്ഥാനത്തെ ഞെരുക്കുമ്പോഴും സാധാരണക്കാരായ ലക്ഷക്കണക്കിന് ആളുകൾക്ക് ഉപജീവന മാർഗ്ഗം സൃഷ്ടിക്കുന്നതും എല്ലാമേഖലകളെയും പരിഗണിക്കുന്നതുമായ ബഡ്ജറ്റാണ് ധനകാര്യ വകുപ്പുമന്ത്രി ഇവിടെ അവതരിപ്പിച്ചത്. കേന്ദ്രത്തിന്റെ ശത്രുതാപരമായ അവഗണനയും പ്രതിസന്ധികളും ഉൾക്കൊള്ളാതെ ദീർഘവീക്ഷണത്തോടെയുള്ള ബഡ്ജറ്റാണിതെന്ന കാര്യത്തിൽ ആർക്കും തർക്കമില്ല. കേരളത്തിന്റെ

ആവശ്യങ്ങൾ ഒന്നുപോലും പരിഗണിക്കാതെ കേരളത്തെ അപ്പാടെ അവഗണിച്ച ബഡ്ജറ്റാണ് കഴിഞ്ഞ ഫെബ്രുവരി 1-ാം തീയതി കേന്ദ്ര ധനകാര്യ വകുപ്പുമന്ത്രി ശ്രീമതി നിർമ്മല സീതാരാമൻ അവതരിപ്പിച്ചത്. സംസ്ഥാനങ്ങൾക്കുള്ള കൈമാറ്റങ്ങൾക്കായി നീക്കിവച്ച തുകയിൽ 37 ലക്ഷത്തി 854 കോടി രൂപ വെട്ടിക്കുറച്ചതും കാർഷിക മേഖലയ്ക്കുള്ള അടങ്കൽ തുകയും ഭക്ഷ്യ സബ്സിഡിയും വെട്ടിക്കുറച്ചതുംമൂലം കേരളത്തെ ഗുരുതരമായി ബാധിക്കുന്ന സ്ഥിതിവിശേഷമാണ് കേന്ദ്ര സർക്കാർ സൃഷ്ടിച്ചിട്ടുള്ളത്. കൃഷിയെ പാവപ്പെട്ടവർക്ക് അന്യമാക്കി കോർപ്പറേറ്റുകൾക്ക് കാഴ്ചവയ്ക്കുന്ന ആപൽക്കരമായ നിർദ്ദേശങ്ങളടങ്ങുന്ന ബഡ്ജറ്റായിരുന്നു ശ്രീമതി നിർമ്മല സീതാരാമൻ അവതരിപ്പിച്ചത്.

(അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. എൻ. ഷംസുദ്ദീൻ)

കേന്ദ്ര സർക്കാരിന്റെ ഇപ്പോഴത്തെ വികസന മുദ്രാവാക്യം 'മോദിയുടെ ഗ്യാരന്റി' എന്നാണ്. കഴിഞ്ഞ പത്തുവർഷമായി മോദിയുടെ ഗ്യാരന്റികൾ എന്നുപറയുന്നത് എന്താണെന്നുവച്ചാൽ 2014-ൽ രാജ്യത്തിന്റെ പൊതുകടം 55.8 ലക്ഷം കോടി രൂപയെന്നത് നിലവിൽ 172.4 ലക്ഷം കോടി രൂപയായി. ഗാർഹിക പാചകവാതക സിലിണ്ടറിന് 410 രൂപയിൽനിന്നും

912 രൂപയായി. തൊഴിലില്ലായ്മ നിരക്ക് 5.4 ശതമാനത്തിൽനിന്നും 8.7 ശതമാനമായി. ഡോളർ നിരക്ക് 58.63 എന്നതിൽനിന്നും 83.12-ലേയ്ക്ക് ഉയർന്നു. ശതകോടീശ്വരൻമാരുടെ എണ്ണം 63-ൽനിന്നും 259 ആയി. പെട്രോളിനുള്ള കേന്ദ്ര നികുതി ലിറ്ററിന് 9.48 ആയിരുന്നത് 19.9 രൂപയായി. ഡീസലിനുള്ള കേന്ദ്ര നികുതി ലിറ്ററിന് 3.56-ൽനിന്നും 15.8 രൂപയിലേയ്ക്ക് മാറുകയും ചെയ്തതാണ് മോദിയുടെ ഗ്യാരന്റിയെന്ന് ജനങ്ങൾക്ക് വ്യക്തമായി അറിയാം. കോർപ്പറേറ്റുകളെ അനുകൂലിക്കുന്ന തെരഞ്ഞെടുപ്പ് ബഡ്ജറ്റാണ് ഇത്തവണ കേന്ദ്ര സർക്കാർ അവതരിപ്പിച്ചത്. കാർഷിക-തൊഴിൽ മേഖലകളെ പൂർണ്ണമായും അവഗണിക്കുന്ന നിർദ്ദേശങ്ങളാണ് കേന്ദ്ര ബഡ്ജറ്റിലുള്ളത്. കാർഷിക മേഖലയിൽ സംഭരണം, ശേഖരണം, വിതരണം എന്നിവയുൾപ്പെടെയുള്ളവ സ്വകാര്യ കുത്തകമുതലാളിമാർക്ക് കൈമാറാനുള്ള ശ്രമമാണ് കേന്ദ്ര സർക്കാർ നടത്തിവരുന്നത്. ഫുഡ് കോർപ്പറേഷൻ ഓഫ് ഇന്ത്യയും അതുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന തൊഴിലാളികളെയും സാരമായി ബാധിക്കുന്ന സ്ഥിതിവിശേഷമാണ് ഇത് സൃഷ്ടിച്ചിട്ടുള്ളത്. ഇരുപത്തിയഞ്ച് കോടിയോളം പേർ ഉപജീവനത്തിനായി ആശ്രയിക്കുന്ന തൊഴിലുറപ്പ് പദ്ധതിക്ക് 2 ലക്ഷം കോടി രൂപ

ആവശ്യമുള്ളിടത്ത് കേന്ദ്ര സർക്കാർ ഇപ്പോഴത്തെ ബഡ്ജറ്റിൽ അനുവദിച്ചത് 86,000 കോടി രൂപ മാത്രമാണ്. പാവപ്പെട്ട തൊഴിലുറപ്പ് തൊഴിലാളികളോടുള്ള സമീപനം എന്താണെന്ന് ഇതിൽനിന്നും വളരെ വ്യക്തമാണ്. കേന്ദ്ര ബഡ്ജറ്റിൽ അടുത്തവർഷം ധനകമ്മി 5.1% കുറയ്ക്കുമെന്ന് പറയുമ്പോൾ കേരളത്തിൽ ഇപ്പോൾത്തന്നെ 3 ശതമാനത്തിൽ താഴെയാണെന്നുള്ളത്, സാമ്പത്തിക അച്ചടക്കത്തോടെയാണ് എൽ.ഡി.എഫ്. സർക്കാർ മുന്നോട്ടുപോകുന്നുവെന്നത് വ്യക്തമാക്കുകയാണ്. സാമ്പത്തിക പ്രതിസന്ധികൾക്കിടയിലും വിദ്യാഭ്യാസത്തിനും ആരോഗ്യത്തിനും സാമൂഹ്യക്ഷേമ പദ്ധതികൾക്കും പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമ പദ്ധതികൾക്കും ഊന്നൽ നൽകുന്ന ബഡ്ജറ്റായിരുന്നു ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി കെ. എൻ. ബാലഗോപാൽ അവതരിപ്പിച്ചത്.

നവകേരള സദസ്സിനെ കളിയാക്കിയവർക്ക് ചുട്ടമറുപടിയാണ് ഈ ബഡ്ജറ്റിൽ നൽകിയിരിക്കുന്നത്. നവകേരള സദസ്സിൽ ഉയർന്ന നിർദ്ദേശങ്ങളിൽ വികസന പദ്ധതികൾക്കായി 1,000 കോടി രൂപ ചെലവഴിക്കാനും ജനാധിപത്യ സംവിധാനത്തിന് ശ്രദ്ധേയമായ നവകേരള സദസ്സിലെ ചർച്ചകളിൽ ഉയർന്ന അടിസ്ഥാന സൗകര്യ വികസന

പദ്ധതികൾക്കായുള്ള പ്രോജക്ട് രൂപീകരണത്തിന് 35 കോടി രൂപയും ഓരോ നിയോജകമണ്ഡലത്തിലും വിശദമായ പദ്ധതി റിപ്പോർട്ടുകൾ തയ്യാറാക്കുന്നതിനായി 25 ലക്ഷം രൂപ വീതവും അനുവദിച്ചു. അതിനെ നവകേരള സൃഷ്ടിക്കായി എൽ.ഡി.എഫ്. സർക്കാർ കേരളത്തിലെ ജനങ്ങളോടൊപ്പമാണെന്നതിന്റെ തെളിവായി ഞാൻ കാണുന്നു. തൊഴിൽ, തൊഴിലാളി ക്ഷേമം എന്നീ മേഖലകളിലെ വിവിധ വകുപ്പുകൾക്കും സ്ഥാപനങ്ങൾക്കുമായി സംസ്ഥാന ബഡ്ജറ്റിൽ 464.44 കോടി രൂപ മാറ്റിവച്ചത് പ്രത്യേകം എടുത്തുപറയേണ്ടതാണ്. കേന്ദ്ര സർക്കാരിന്റെ സാമ്പത്തിക ഉപരോധത്തിനിടയിലും ആശാവർക്കർമാരുടെ ഓണറേറിയം 1,000 രൂപ വർദ്ധിപ്പിച്ചത് അഭിനന്ദനം അർഹിക്കുന്ന കാര്യമാണ്. തോട്ടം തൊഴിലാളികളുടെ ലയങ്ങൾ വാസയോഗ്യമാക്കുവാൻ കഴിഞ്ഞ മൂന്ന് ബഡ്ജറ്റുകളിലായി 10 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ഇടുക്കി പാക്കേജിന് 75 കോടി രൂപ അനുവദിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതികൾ തയ്യാറാക്കി വേഗത്തിൽ നടപ്പിലാക്കേണ്ടതുണ്ട്. 2018-ലെ പ്രളയത്തിൽ തകർന്ന മൂഴിക്കൽ-തോപ്പിൽക്കടവ് പാലം, പാലൂർക്കാവ് പാലം എന്നിവ പുനർനിർമ്മിക്കുവാൻ ബഡ്ജറ്റിൽ ടോക്കൺ പ്രൊവിഷൻ അനുവദിച്ചിട്ടുണ്ട്.

ഈ വർഷത്തെ ബഡ്ജറ്റിൽ ആവശ്യമായ തുക അനുവദിക്കണമെന്ന് ഈ സന്ദർഭത്തിൽ ഞാൻ അഭ്യർത്ഥിക്കുന്നു. അന്താരാഷ്ട്ര-വിനോദസഞ്ചാര കേന്ദ്രമായ വാഗമണിൽ ദിനംപ്രതി വിനോദസഞ്ചാരികളുടെ ഒഴുക്ക് കൂടിവരുന്നതിനാൽ അവർക്ക് വന്നുപോകാനുള്ള സൗകര്യങ്ങൾ ഒരുക്കേണ്ടതായിട്ടുണ്ട്. ആയതിനാൽ വാഗമൺ ടൂറിസം കേന്ദ്രത്തിന്റെ വികസനത്തിനായി പ്രത്യേക പാക്കേജ് അനുവദിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. അർഹമായ ഫണ്ട് അനുവദിക്കാതെ നാഷണൽ ഹെൽത്ത് മിഷൻ പ്രവർത്തനത്തെ കേന്ദ്ര സർക്കാർ തകർക്കാൻ ശ്രമിക്കുമ്പോഴും പദ്ധതിയെയും ജീവനക്കാരെയും ചേർത്തുപിടിക്കുന്ന സമീപനമാണ് സംസ്ഥാന സർക്കാർ സ്വീകരിച്ചത്. ഇത്തവണത്തെ സംസ്ഥാന വിഹിതമായി 465.2 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. രാജ്യത്തെ പൊതുമേഖലാ സ്ഥാപനങ്ങൾ വിറ്റഴിക്കുകയും പുതിയ നിയമനങ്ങൾ നടത്താതിരിക്കുകയും ചെയ്യുന്ന നിലപാടാണ് കേന്ദ്രസർക്കാർ സ്വീകരിച്ചുവരുന്നത്. എന്നാൽ കേരളത്തിലെ പൊതുമേഖലാ സ്ഥാപനങ്ങൾ വിറ്റുവരവിലും പ്രവർത്തന ലാഭത്തിലും കുതിച്ചുയരുകയാണ്. സംസ്ഥാനത്ത് 57 പൊതുമേഖലാ സ്ഥാപനങ്ങൾ ലാഭത്തിൽ പ്രവർത്തിക്കുന്നു. മുൻവർഷം

നഷ്ടമുണ്ടാക്കിയ 12 പൊതുമേഖലാ സ്ഥാപനങ്ങളും ഇപ്പോൾ ലാഭത്തിലാണ്. 2016-നുശേഷം സംസ്ഥാനത്തെ മൂന്ന് ഐ. ടി. പാർക്കുകളിലായി 59 കമ്പനികളുടെയും 63000 ജീവനക്കാരുടെയും വർദ്ധനവാണുണ്ടായത്. കോഴിക്കോട് സൈബർ പാർക്കിൽ കമ്പനികളുടെ എണ്ണം നാലിൽനിന്നും എൺപത്തിമൂന്നായും ജീവനക്കാരുടെ എണ്ണം അറുപത്തിയഞ്ചിൽനിന്നും ഇരുപത്തിരണ്ടായിരമായും ഉയർന്നു. 2016-ൽ 300 സ്റ്റാർട്ടപ്പുകളുണ്ടായിരുന്നത് 5000 കടന്നു. 5500 കോടി രൂപയുടെ നിക്ഷേപവും 50000 തൊഴിലവസരങ്ങളും സൃഷ്ടിക്കപ്പെട്ടു. വ്യവസായ സൗഹൃദാന്തരീക്ഷം നടത്താനാവില്ലെന്ന നുണ പ്രചരണത്തിനുള്ള ചുട്ട മറുപടിയാണ് ഈ കണക്കുകൾ സൂചിപ്പിക്കുന്നത്. നിയമപരമായി കേന്ദ്ര സർക്കാരിനും സംസ്ഥാനങ്ങൾക്കും വായ്പാപരിധി നിശ്ചയിച്ചത് മൊത്തം ആഭ്യന്തര വരുമാനത്തിന്റെ മൂന്ന് ശതമാനമാണ്. എന്നാൽ കേന്ദ്ര സർക്കാർ വായ്പയെടുത്തത് 5.8 ശതമാനവും കേരളത്തിന് ലഭിച്ചത് 2.5 ശതമാനവുമാണ്. എന്നിട്ടാണ് കേരളം അപകടകരമായ സാമ്പത്തിക സ്ഥിതിയിലാണെന്ന് കേന്ദ്ര സർക്കാർ സുപ്രീംകോടതിയിൽ വാദിക്കുന്നത്. കേന്ദ്രം ഭരിക്കുന്ന ബി.ജെ.പി. ഫെഡറൽ തത്വങ്ങളെയെല്ലാം തകർത്ത്

ഏകാധിപത്യ രീതിയിലാണ് പ്രവർത്തിക്കുന്നത്. അർഹമായ വിഹിതമോ പദ്ധതികളോ നൽകാതെ എല്ലാവിധത്തിലും സംസ്ഥാനങ്ങളെ സാമ്പത്തികമായും വരിഞ്ഞുമുറുക്കുകയാണ്. കടമെടുപ്പ് പരിധിയും അകാരണമായി വെട്ടിക്കുറയ്ക്കുന്നു. നികുതി വിഹിതം കുറച്ചതിലൂടെ 57,000 കോടി രൂപയുടെ കുറവാണ് കേരളത്തിന് വരുത്തിയത്. പ്രതിപക്ഷ പാർട്ടികൾ ഭരിക്കുന്ന എല്ലാസംസ്ഥാനങ്ങൾക്കും സമാനമായ അവഗണനകളുടെ കഥയാണ് പറയാനുള്ളത്. പക്ഷേ കേരളത്തിന്റെ പ്രതിപക്ഷത്തിനുമാത്രം അത് മനസ്സിലാകുന്നില്ല. പ്രതിപക്ഷ പാർട്ടികൾ ഭരിക്കുന്ന സംസ്ഥാനങ്ങളോടുള്ള വഞ്ചനാപരമായ ബി.ജെ.പി.-യുടെ നിലപാടുകൾക്ക് കുട പിടിക്കുന്ന സമീപനമാണ് സംസ്ഥാനത്തെ യു.ഡി.എഫ്. അംഗങ്ങൾ സ്വീകരിക്കുന്നത്. സംസ്ഥാനങ്ങൾക്ക് നൽകുന്ന നികുതിവിഹിതത്തിൽ അസമത്വ നിലപാടാണ് കേന്ദ്ര സർക്കാർ സ്വീകരിച്ചുവരുന്നത്. നികുതി വിഹിതത്തിൽ 17.939 ശതമാനം ഉത്തർപ്രദേശിനും 10.058 ശതമാനം ബീഹാറിനും 7.85 ശതമാനം മദ്ധ്യപ്രദേശിനും 6.317 ശതമാനം മഹാരാഷ്ട്രയ്ക്കും നൽകുമ്പോൾ കേരളത്തിന് നൽകുന്നത് വെറും 1.925 ശതമാനം മാത്രമാണ്. കേരളത്തെ

സാമ്പത്തികമായി തകർത്ത് രാഷ്ട്രീയ ലാഭം കൊയ്യാനുള്ള ബി.ജെ.പി.-യുടെ കുതന്ത്രമാണെന്ന് ഇതിൽനിന്നും മനസ്സിലാക്കാൻ സാധിക്കും. രാജ്യത്തെ ഫെഡറൽ തത്വങ്ങളുടെ തകർച്ചയുടെ തുടക്കം ബി.ജെ.പി. കൊണ്ടുവന്ന ഇലക്ടറൽ ബോണ്ടാണെന്നും അയ്യായിരം കോടിയിൽപ്പരം രൂപയാണ് ബി.ജെ.പി.-ക്ക് ബോണ്ടുകൾവഴി ലഭിച്ചതെന്നും ഈ തുക ഉപയോഗിച്ച എം.എൽ.എ.-മാരെ വിലയ്ക്കുവാങ്ങി സർക്കാരുകളെ വീഴ്ത്തുന്ന നയമാണ് ബി.ജെ.പി. സ്വീകരിച്ചുവരുന്നതെന്നും മുൻ കോൺഗ്രസ് നേതാവ് ശ്രീ. കപിൽ സിബൽ പറഞ്ഞത് ഇവിടത്തെ യു.ഡി.എഫ്. നേതാക്കന്മാർ ഓർക്കുന്നത് നന്നായിരിക്കും.

സംസ്ഥാനത്ത് ഏറ്റവും കൂടുതൽ പട്ടയങ്ങൾ വിതരണം ചെയ്ത സർക്കാരായി രണ്ടാം പിണറായി വിജയൻ സർക്കാർ മാറുകയാണ്. ആദ്യ രണ്ടുവർഷത്തിനിടയിൽ വിതരണം ചെയ്ത പട്ടയങ്ങൾ 121604 ആണെങ്കിൽ ഈ മാസം 22-ാം തീയതി നടക്കുന്ന പട്ടയമേളകൂടി കഴിയുമ്പോൾ ഈ സർക്കാരിന്റെ കാലത്ത് വിതരണം ചെയ്ത പട്ടയങ്ങളുടെ എണ്ണം ഒന്നരലക്ഷം കടക്കും. അർഹതപ്പെട്ടവർക്കെല്ലാം ഭൂമി എന്നത് വെറും വാക്കല്ലെന്ന് തെളിയിക്കപ്പെട്ടിരിക്കുകയാണ്. അർഹതപ്പെട്ടവരെ കണ്ടെത്താനും അവർക്ക്

ഭൂമി നൽകാനും ആരംഭിച്ച പട്ടയമിഷൻ ഈ രംഗത്ത് വലിയ ചലനമാണ് സൃഷ്ടിച്ചത്. ഭൂരഹിതരെ കണ്ടെത്താനും പട്ടയ പ്രശ്നങ്ങൾ മനസ്സിലാക്കാനും ജനപ്രതിനിധികൾക്കുകൂടി അവസരം നൽകിയ പട്ടയ അസംബ്ലി, പട്ടയമിഷന്റെ ഭാഗമായി ആരംഭിച്ചതാണ്. എം.എൽ.എ.-മാരാണ് പട്ടയ അസംബ്ലിയുടെ ചുമതലക്കാർ. പട്ടയ അസംബ്ലിയിൽ കണ്ടെത്തിയ പ്രശ്നങ്ങൾ ഒരു ഡാഷ് ബോർഡിൽ ഉൾപ്പെടുത്തി പരിഹരിക്കാനുള്ള ശ്രമങ്ങളും നടന്നുവരികയാണ്. പട്ടയ ഡാഷ് ബോർഡിലെ വിഷയങ്ങൾ മന്ത്രിതന്നെ നേരിട്ട് അദാലത്ത് നടത്തുന്നുവെന്നതും അഭിനന്ദനം അർഹിക്കുന്ന കാര്യമാണ്. ആദ്യമായാണ് ഇത്തരം വിഷയങ്ങൾ പരിഹരിച്ച് പട്ടയം നൽകുന്നുണ്ടോയെന്ന് പരിശോധിക്കാൻ എം.എൽ.എ.-മാർക്ക് അവസരം ലഭിക്കുന്നത്. അതുപോലെ പട്ടയമിഷന്റെ പ്രവർത്തനങ്ങളിൽ മണ്ഡലം ചെയർമാൻമാരായ എം.എൽ.എ.-മാർകൂടി ഉത്തരവാദികളാകുകയാണ്. എന്നാൽ പട്ടയമിഷന്റെ പ്രവർത്തനങ്ങൾക്ക് ഇത്തവണ ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടില്ലെന്നത് ഇതിന്റെ പ്രവർത്തനങ്ങളെ തീർച്ചയായും ബാധിക്കും. പട്ടയമിഷനുവേണ്ടി ബഡ്ജറ്റിലാവശ്യമായ തുക വകയിരുത്തണമെന്ന് അഭ്യർത്ഥിക്കുകയാണ്. ബി.ജെ.പി.-യുടെ രാഷ്ട്രീയ-

സാമ്പത്തിക നയങ്ങൾ അംഗീകരിക്കാത്ത എല്ലാ സംസ്ഥാനങ്ങളെയും അവിടത്തെ ജനങ്ങളെയും ശിക്ഷിക്കുന്ന സമീപനമാണ് കേന്ദ്രസർക്കാർ സ്വീകരിച്ചുവരുന്നത്. ഗവർണർമാരെ ഭരണഘടനാവിരുദ്ധമായി ഉപയോഗിച്ചും കേന്ദ്ര ഏജൻസികളെ ദുരുപയോഗിച്ചും ബി.ജെ.പി. ഇതര സർക്കാരുകളെ ദുർബലപ്പെടുത്തുന്ന നരേന്ദ്ര മോദി സർക്കാരിനെ പുറത്താക്കുകയാണ് ഈ പ്രശ്നം പരിഹരിക്കാനുള്ള വഴിയെന്ന് ഡൽഹി സമരത്തിൽ പങ്കെടുത്ത നേതാക്കന്മാർ പറഞ്ഞത് സംസ്ഥാനത്തെ കോൺഗ്രസ് നേതൃത്വം ഓർക്കുന്നത് നന്നായിരിക്കും. ബി.ജെ.പി.-ക്കെതിരെയുള്ള കർണ്ണാടകയുടെ സമരത്തെ ന്യായമെന്ന് പറഞ്ഞ പ്രതിപക്ഷനേതാവ് കേരളത്തിന്റെ സമരത്തെ തള്ളിപ്പറഞ്ഞതിലൂടെ മൂന്നരക്കോടി മലയാളികളെയാണ് അപമാനിച്ചത്. കേരളത്തിലെ ജനങ്ങളുടെ അവകാശത്തിനൊപ്പം നിൽക്കാത്ത കോൺഗ്രസ്സിനെയും യു.ഡി.എഫ്.-നെയും ജനങ്ങൾ പാഠം പഠിപ്പിക്കുകതന്നെ ചെയ്യും. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ച ബഡ്ജറ്റിനെ ഒരിക്കൽക്കൂടി പൂർണ്ണമായി പിന്തുണച്ചുകൊണ്ട് എന്റെ പ്രസംഗം അവസാനിപ്പിക്കുന്നു.

<u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u>: സർ, വൻകിട പദ്ധതികളൊന്നും പ്രഖ്യാപിക്കാതെ നയത്തിൽ ഒരു സ്വകാര്യം കൊണ്ടുവന്ന് അവതരിപ്പിച്ച ബഡ്ജറ്റിൽ മുഴുനീളം നമ്മുടെ പ്രിയങ്കരനായ ധനകാര്യ വകുപ്പുമന്ത്രിയുടെ നിസ്സഹായാവസ്ഥയാണ് നിഴലിക്കുന്നത്. അദ്ദേഹമിവിടെ ഇല്ല. അദ്ദേഹത്തിന്റെ ആ ദയനീയ മുഖം കാണുമ്പോൾ എല്ലാവർക്കും വലിയ സങ്കടമാണ് തോന്നുന്നത്. ഉയർന്ന നിരക്കിലുള്ള നികുതികൾ മുൻ ബഡ്ജറ്റുകളിൽ ചുമത്തിയതിനാൽ അധികവിഭവ സമാഹരണത്തിനുവേണ്ടി പുതിയ നികുതികൾപോലും ചുമത്താൻ കഴിയാത്ത അതിദയനീയമായ അവസ്ഥയിലാണ് ധനകാര്യ വകുപ്പുമന്ത്രി. ഇനിയും നികുതികൾ ചുമത്തിയാൽ സംസ്ഥാനത്തെ കൂടുതൽ സാമ്പത്തിക അസ്ഥിരാവസ്ഥയിലേയ്ക്ക് നയിക്കുക മാത്രമേയുള്ളൂവെന്ന് ബഹുമാനപ്പെട്ട മന്ത്രിക്ക് നന്നായി അറിയാം. സർക്കാരിന്റെ കെടുകാര്യസ്ഥതയും വിവേചനരഹിതമായ കടമെടുപ്പും ധൂർത്തുമാണ് ഈ അവസ്ഥയ്ക്ക് കാരണം. അതുകൊണ്ട് ഈ ബഡ്ജറ്റിനെ ഞാൻ വളരെ ശക്തമായി എതിർക്കുന്നു.

കരാറുകാർക്ക് എത്രകോടി രൂപ കൊടുക്കേണ്ടതുണ്ടെന്ന്

ചോദ്യോത്തരവേളയിലൊക്കെ ബഹുമാനപ്പെട്ട മന്ത്രിയോട് ഞങ്ങൾ ചോദിച്ചപ്പോൾ ചെറിയ തുകയെന്നാണ് അദ്ദേഹം പറഞ്ഞത്. കേരള ഗവൺമെന്റ് കോൺട്രാക്ടേഴ്സ് അസോസിയേഷന്റെ സംസ്ഥാന പ്രസിഡന്റാണ് ശ്രീ. വർഗ്ഗീസ് കണ്ണമ്പള്ളി. 2023 ഡിസംബർ 31-ലെ കണക്കനുസരിച്ച് പൊതുമരാമത്ത് കരാറുകാർക്ക് 01-05-2023 മുതൽ 31-10-2023 വരെയായി 550.66 കോടി രൂപ കുടിശ്ശികയിനത്തിൽ കൊടുക്കാനുണ്ടെന്നാണ് വിവരാവകാശ അപേക്ഷയിന്മേൽ 25-01-2024-ന് ചീഫ് എഞ്ചിനീയർ അദ്ദേഹത്തിന് നൽകിയ മറുപടി.

എന്റെ മണ്ഡലത്തിലെ കുറച്ച് കാര്യങ്ങൾ പറയാൻ ഞാൻ ആഗ്രഹിക്കുന്നു. 2013-ൽ കാസർഗോഡ് മെഡിക്കൽ കോളേജിന് തറക്കല്ലിട്ടതാണ്. അതിന്റെ പ്രാധാന്യത്തെക്കുറിച്ചൊന്നും ഞാനിവിടെ സൂചിപ്പിക്കാൻ ആഗ്രഹിക്കുന്നില്ല. എന്നാൽ ആ മെഡിക്കൽ കോളേജിന്റെ നിർമ്മാണം ഇതുവരെ പൂർത്തീകരിക്കാൻ സാധിച്ചിട്ടില്ല. 160 കോടി രൂപയുടെ സാമ്പത്തികാനുമതി കിഫ്ബിയിൽനിന്ന് ലഭിച്ചുവെന്ന് പറയുന്നു. പക്ഷേ അഡ്മിനിസ്ട്രേറ്റീവ് സാംഗ്ഷൻ ഇതുവരെ കിട്ടിയിട്ടില്ല. കാസർഗോഡ് മെഡിക്കൽ കോളേജിന്റെ പ്രാധാന്യം എല്ലാവർക്കുമറിയാം. ആ മെഡിക്കൽ

കോളേജിന് ഈ ബഡ്ജറ്റിൽ അനുവദിച്ചത് 4.95 കോടി രൂപയാണ്. തിരുവനന്തപുരം മെഡിക്കൽ കോളേജിന് 28 കോടി രൂപയും കോഴിക്കോട് മെഡിക്കൽ കോളേജിന് 25 കോടി രൂപയും കോട്ടയം മെഡിക്കൽ കോളേജിന് 22 കോടി രൂപയും ആലപ്പുഴ മെഡിക്കൽ കോളേജിന് 18 കോടി രൂപയും തൃശ്ശൂർ മെഡിക്കൽ കോളേജിന് 22 കോടി രൂപയും ലഭിച്ചു. അങ്ങനെ ധാരാളം കോടി രൂപകൾ പല മെഡിക്കൽ കോളേജുകൾക്കും നൽകി. കാസർഗോഡ് മെഡിക്കൽ കോളേജിനുമാത്രം ഈ അവഗണന എന്തിനാണെന്നാണ് ബഹുമാനപ്പെട്ട മന്ത്രിയോട് ചോദിക്കാനുള്ളത്. അതുകൊണ്ട് കാസർഗോഡ് മെഡിക്കൽ കോളേജിനും മതിയായ തുക വകയിരുത്തണമെന്നാണ് മന്ത്രിയോട് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. എന്റെ മണ്ഡലത്തിലെ കുംബഡാജെ ഗ്രാമപഞ്ചായത്തിലെ എ.പി.സർക്കിൾ-ഗൊസാഡ-ബൊളിഞ്ച റോഡ് വർഷങ്ങൾക്കുമുമ്പ് പി.ഡബ്ല്യൂ.ഡി. ഏറ്റെടുത്തതാണ്. കുറച്ച് മെയിന്റനൻസ് വർക്ക് നടത്തിയതല്ലാതെ പ്രസ്തുത റോഡ് ഇതുവരെ പുനർനിർമ്മിച്ചിട്ടില്ല. അതിനുംകൂടി ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഫണ്ട് അനുവദിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. അതുപോലെ കാസർഗോഡിലേയ്ക്ക് തീവണ്ടിയിൽ പോകുമ്പോൾ ആദ്യം

ഇറങ്ങുന്നത് കാസർഗോഡ് റെയിൽവെ സ്റ്റേഷനിലായിരിക്കും. അത് സ്ഥിതി ചെയ്യുന്നത് കാസർഗോഡ് ഹെഡ്ക്വാർട്ടേഴ്സിലാണ്. ജില്ലയുടെ ഹെഡ് ക്വാർട്ടേഴ്സാണ് കാസർഗോഡ്. അതുകൊണ്ട് കാസർഗോഡിന്റെ നഗര സൗന്ദര്യവൽക്കരണത്തിന് ഫണ്ടനുവദിക്കണമെന്ന് ബഹുമാനപ്പെട്ട മന്ത്രിയോട് ഞാൻ അഭ്യർത്ഥിക്കുകയാണ്. ഇപ്രാവശ്യം എൻഡോസൾഫാൻ ഇരകൾക്ക് 17 കോടി രൂപ അനുവദിച്ചു. പക്ഷേ കഴിഞ്ഞ പ്രാവശ്യം അനുവദിച്ച 17 കോടി രൂപയിൽ 1.27 കോടി രൂപയാണ് കളക്ടർക്ക് ലഭിച്ചിട്ടുള്ളത്. ഇപ്പോൾ അനുവദിച്ച 17 കോടി രൂപയുടെയും അവസ്ഥ അതുതന്നെയായിരിക്കുമോ എന്നാണ് ബഹുമാനപ്പെട്ട മന്ത്രിയോട് ചോദിക്കാനുള്ളത്. എം.എൽ.എ.-മാരുടെ ആസ്തിവികസന ഫണ്ടുമായി ബന്ധപ്പെട്ട് ഒരു കാര്യം പറയാനാഗ്രഹിക്കുന്നു. ഒരുവർഷത്തെ സേവിംഗ്സ് കണക്കാക്കണമെങ്കിൽ ആ വർഷത്തെ 20 വർക്കുകളുടെയും എക്സ്പെൻഡിച്ചർ ആയാൽമാത്രമേ സാധിക്കുകയുള്ളൂ. പക്ഷേ നമ്മൾ കൊടുക്കുന്ന ഇരുപതുവർക്കുകളിൽ എല്ലാം ഒരു വർഷംകൊണ്ട് കംപ്ലീറ്റ് ചെയ്യാൻ സാധിക്കില്ല. ചിലപ്പോൾ ചില സാങ്കേതികത്വംകൊണ്ട് മൂന്നോ നാലോ വർഷം കഴിഞ്ഞുമാത്രമേ ചില വർക്കുകൾ പൂർത്തിയാക്കാൻ

സാധിക്കും. അപ്പോൾ ആ വർഷത്തെ സേവിംഗ്സ് കണക്കാക്കാൻ സാധിക്കില്ല. അതായത്, 19 വർക്ക് പൂർത്തീകരിച്ചിട്ടുണ്ടാകും, ഒരു വർക്ക് പെൻഡിംഗിലാണെങ്കിൽ ആ 19 വർക്കുകളുടെയും സേവിംഗ്സ് കണക്കാക്കാൻ സാധിക്കില്ല. അതിനൊരു പരിഹാരം കാണണമെന്നാണ് ബഹുമാനപ്പെട്ട മന്ത്രിയോട് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. പഴയ ഏതെങ്കിലും പ്രവൃത്തിക്കുപകരം പുതിയ പ്രൊപ്പോസൽ നൽകണമെങ്കിൽ സർക്കാരിന്റെ പ്രത്യേക അനുമതിക്കായി നമ്മൾ കത്ത് നൽകണം. അത് സാംഗ്ഷൻ ചെയ്യാനുള്ള അനുവാദം കളക്ടർക്കുതന്നെ നൽകിയാൽ നല്ലതായിരിക്കുമെന്നാണ് എനിക്ക് പറയാനുള്ളത്.

<u>മി. ചെയർമാൻ</u>: ആസ്തി വികസന ഫണ്ടിന്റെ വിനിയോഗത്തെക്കുറിച്ചുള്ള നിർദ്ദേശങ്ങൾ സംബന്ധിച്ച് എം.എൽ.എ.-മാരുടെ അഭിപ്രായം ചോദിച്ചിരുന്നു.

<u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u>: സർ, എല്ലാ മേഖലകളിലും വികസന മുരടിപ്പും ഉല്പാദന മേഖലകളിലെ തകർച്ചയും ഡിമാന്റിലെ കുറവും അപകടകരമായ വിധത്തിലുള്ള സാമ്പത്തിക തകർച്ചയും ധനകമ്മിയുമുള്ളൊരു സംസ്ഥാനമായി എട്ട് വർഷംകൊണ്ട് കേരളത്തെ

മാറ്റിയിരിക്കുന്നു. അതിന് ഉത്തരവാദി ആരാണെന്നാണ് എനിക്ക് ചോദിക്കാനുള്ളത്? ഈ അവസ്ഥയിലുള്ളൊരു ഇക്കോണമിയുടെ ബഡ്ജറ്റിനെയാണ് 'sunrise' economy എന്ന് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി വിളിക്കുന്നത്. എട്ട് വർഷം മുമ്പ് നാം കണ്ട കേരളമല്ല ഇന്നത്തെ കേരളമെന്നാണ് ധനകാര്യ വകുപ്പുമന്ത്രി പറയുന്നത്. എട്ട് വർഷം മുമ്പ് ആരും മഴ എറിഞ്ഞുണ്ടാക്കിയതല്ലല്ലോ കേരളം; ഒരിക്കൽ നിങ്ങൾ എതിർത്ത വിഴിഞ്ഞം പദ്ധതിയെ ഈ ബഡ്ജറ്റിൽ ആഘോഷമാക്കുന്നത് നമ്മൾ കണ്ടു. എട്ട് വർഷംമുമ്പ് ഇവിടെ ഒരു മുഖ്യമന്ത്രി ഉണ്ടായിരുന്നു; പ്രിയപ്പെട്ട ഉമ്മൻ ചാണ്ടി. അദ്ദേഹത്തിന്റെ നിശ്ചയദാർഢ്യവും ഇച്ഛാശക്തിയും കൊണ്ടുമാത്രമാണ് ഈ ബഡ്ജറ്റിൽ ഒന്നാം ഭാഗത്തിൽ ഒൻപതാം പേജിൽ 'വിഴിഞ്ഞം തുറമുഖം: ഭാവിയുടെ വികസന കവാടം' എന്നെഴുതാൻ ധനകാര്യ വകുപ്പുമന്ത്രിക്ക് സാധിച്ചതെന്ന കാര്യത്തിൽ ഒരു സംശയവുമില്ല. ഇതിനെ തുരങ്കം വയ്ക്കാൻ എത്രമാത്രം ശ്രമിച്ചിരുന്നു; 6000 കോടിയുടെ റിയൽ എസ്റ്റേറ്റ് ഇടപാടെന്ന് ഇതിനെ വിശേഷിപ്പിച്ചത് ആരാണെന്ന് കേരളീയ സമൂഹം ഒരിക്കലും മറക്കുകയില്ല. കേന്ദ്ര സർക്കാരിന്റെ സാമ്പത്തിക അവഗണനയുള്ളതുകൊണ്ട് Out-of-the-Box പദ്ധതി മാതൃകകൾ

കൊണ്ടുവരുമെന്നാണ് ധനകാര്യ വകുപ്പുമന്ത്രി പറയുന്നത്. അങ്ങയുടെ മുൻഗാമി കൊണ്ടുവന്ന കിഫ്ബിയാകുന്ന Out-of-the-Box പദ്ധതിയുടേയും പ്ലാൻ ബി-യുടേയും അവശേഷിപ്പുകളാണ് ഇന്ന് കേരളം നേരിടുന്ന സാമ്പത്തിക തകർച്ചയും ധനകമ്മിയുമെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുന്നു. സാമ്പത്തിക പ്രതിസന്ധിയാണെന്ന് ഞങ്ങൾ പറഞ്ഞാൽ ബഹുമാനപ്പെട്ട മന്ത്രി പറയും, ഒരു സാമ്പത്തിക പ്രതിസന്ധിയുമില്ലെന്ന്. എനിക്ക് ഓർമ വരുന്നത് പണ്ടൊരു രാജാവിന്റെ കൊട്ടാരത്തിലേയ്ക്ക് പാവപ്പെട്ടൊരു ഭിക്ഷക്കാരൻ പോയി.

<u>മി. ചെയർമാൻ</u>: ബഹുമാനപ്പെട്ട അംഗം അങ്ങയുടെ സമയം കഴിഞ്ഞു.

<u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u>: സർ, കൊട്ടാരത്തിന് പുറത്ത് നിന്നിരുന്ന കാവൽക്കാരൻ ആ ഭിക്ഷക്കാരനോട് പറഞ്ഞു; ഇവിടെയൊന്നുമില്ല തിരിച്ച പൊയ്കൊള്ളുകയെന്ന്. അകത്തുനിന്ന് രാജാവ് ഇത് കാണാൻ ഇടയായി. രാജാവ് കാവൽക്കാരനോട് എന്തിനാണ് ഭിക്ഷക്കാരനെ തിരിച്ച് അയച്ചതെന്ന് ചോദിക്കുകയും ഭിക്ഷക്കാരനെ തിരികെ വിളിക്കുകയും ചെയ്തു. ആ സമയം ഭിക്ഷക്കാരൻ വിചാരിച്ചത് തനിക്ക് നല്ല സമ്മാനങ്ങൾ ലഭിക്കുമെന്നാണ്. എന്നാൽ രാജാവും പറഞ്ഞത് ഇവിടെ ഒന്നുമില്ല തിരികെ

പൊയ്ക്കൊള്ളൂവെന്നാണ്. ഞാനും ഇതുതന്നെയല്ലേ പറഞ്ഞതെന്ന് രാജാവിനോട് കാവൽക്കാരൻ ചോദിച്ചപ്പോൾ....

മി. ചെയർമാൻ: കഥയൊന്ന് സ്പീഡാക്കുക. പെട്ടെന്ന് ചുരുക്കണം.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, അത് പറയാനുള്ള അധികാരം എനിക്കാണ്, കാവൽക്കാരന് ആ അധികാരം ഇല്ലെന്നാണ് രാജാവ് മറുപടി പറഞ്ഞത്. അതുപോലെയാണ് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയും. നമ്മൾ സാമ്പത്തിക പ്രതിസന്ധിയുണ്ടെന്ന്, പറഞ്ഞാൽ സാമ്പത്തിക പ്രതിസന്ധിയില്ല. അക്കാര്യം മന്ത്രി തന്നെ പറയണം. അതിന്റെ അധികാരം എനിക്ക് തന്നെയാണെന്ന്.

മി. ചെയർമാൻ: യെസ്... യെസ്... അങ്ങൊരു സീനിയർ മെമ്പറാണ് പെട്ടെന്ന് അവസാനിപ്പിക്കണം.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, സംസ്ഥാനത്തിന്റെ കെടുകാര്യസ്ഥതയും ധൂർത്തും കിഫ്ബി വഴിയുണ്ടാക്കിയ അമിത കട ബാധ്യതയുമാണ് കേരളത്തിന്റെ ഈ അവസ്ഥയ്ക്ക് കാരണം. സംസ്ഥാനത്തിന് ലഭിക്കേണ്ട കേന്ദ്ര വിഹിതത്തിൽ 57400 കോടി രൂപയുടെ കുറവുണ്ടായിയെന്നാണ് ധനകാര്യ വകുപ്പുമന്ത്രി പറയുന്നത്.

ധനകാര്യ വകുപ്പുമന്ത്രിതന്നെ കേന്ദ്രത്തിന് അയച്ച കത്തിൽ 3100 കോടിരൂപ മാത്രമാണ് ലഭിക്കാനുള്ളതെന്നാണ് പറയുന്നത്.

മി. ചെയർമാൻ: പ്ലീസ്... പ്ലീസ്... ആരും സമയം എക്സീഡ് ചെയ്യരുത്, ചെയ്തിട്ടില്ല.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, അങ്ങനെയെങ്കിൽ ഏതാണ് ഈ 57400 കോടിരൂപ? ധനകാര്യ വകുപ്പുമന്ത്രി തന്നെ പറയുന്നത്; ജി.എസ്.ടി. കോമ്പൻസേഷൻ 12000 കോടിരൂപ. ആ ജി.എസ്.ടി. കോമ്പൻസേഷനെക്കുറിച്ച് നമുക്കറിയാം. ജി.എസ്.ടി. നടപ്പാക്കിയതിനുശേഷം അഞ്ചുവർഷം നൽകുമെന്ന് പറഞ്ഞിരുന്നു. കോമ്പൻസേഷൻ ഒരു വർഷംകൂടി നീട്ടുകയുണ്ടായി. അതിനുശേഷം അത് അവസാനിച്ചു. ഒരു സംസ്ഥാനത്തിനും അത് നൽകിയിട്ടില്ല, പിന്നെ എങ്ങനെയാണ് അത് കേരളത്തിനുമാത്രം ലഭിക്കേണ്ട കേന്ദ്ര വിഹിതമാകുന്നത്. ഞാൻ ദീർഘിപ്പിക്കുന്നില്ല, ഈ ബഡ്ജറ്റ് കേരളീയ സമൂഹത്തിനെ സംബന്ധിച്ചിടത്തോളം ഒരു ഗുണവുമില്ലാത്ത ബഡ്ജറ്റാണ്. ഈ ബഡ്ജറ്റിനെ ഞാൻ ശക്തിയുക്തം എതിർക്കുന്നു.

ശ്രീ. ജോബ് മൈക്കിൾ: സർ, 2024-2025 വർഷത്തേയ്ക്ക് ബഹുമാന്യനായ കേരളത്തിന്റെ ധനകാര്യ വകുപ്പുമന്ത്രി ശ്രീ. കെ. എൻ.

ബാലഗോപാൽ അവതരിപ്പിച്ച ഈ ബഡ്ജറ്റിനെ ഞാൻ പിന്തുണയ്ക്കുകയും അംഗീകരിക്കുകയും ചെയ്യുകയാണ്. 2024-2025 വർഷത്തെ ബഡ്ജറ്റ് പ്രസംഗത്തിന്റെ ആമുഖത്തിൽ പറഞ്ഞിരിക്കുന്നത് 'കേരളത്തിന്റെ സമ്പദ്ഘടന ഒരു സൂര്യോദയ (Sunrise) സമ്പദ്ഘടനയായി മാറിക്കൊണ്ടിരിക്കുന്നു' എന്നാണ്. ബഹുമാനപ്പെട്ട ശ്രീ. എൻ. എ. നെല്ലിക്കുന്നിന് അത് മനസ്സിലായില്ലെന്ന് തോന്നുന്നു. അദ്ദേഹം കാസർഗോഡുനിന്ന് തിരുവനന്തപുരത്തേയ്ക്ക് വരുന്നത് രാത്രിയുള്ള ട്രെയിനിലാണ്. അതുകൊണ്ട് കേരളത്തിൽ നടക്കുന്ന മാറ്റങ്ങളൊന്നും കാണുന്നില്ല. അതിനാൽ അദ്ദേഹം പകൽ സമയത്ത് തിരുവനന്തപുരത്തുനിന്ന് തിരിച്ച് കാസർഗോഡേയ്ക്ക് പോകണം. അപ്പോൾ മലപ്പുറം, എറണാകുളം, കൊല്ലം, തിരുവനന്തപുരം എന്നീ ജില്ലകളിലും അവിടന്നങ്ങോട്ട് പാലക്കാട്, തൃശ്ശൂർ എന്നിവിടങ്ങളിലും നടക്കുന്ന മാറ്റങ്ങൾ കണ്ടെത്താൻ കഴിയും. അതുകൊണ്ട് അദ്ദേഹം ഈ സൂര്യോദയം കണ്ടില്ലെന്ന് പറയുന്നത് ശരിയല്ല, കേരളത്തിൽ നടക്കുന്ന വികസനം അങ്ങ് കാണണം. വളരെ വലിയ വികസനമാണ് ഇവിടെ നടക്കുന്നതെന്ന് ഞാൻ അറിയിക്കുകയാണ്. അതോടൊപ്പംതന്നെ നമ്മുടെ സാമ്പത്തിക വളർച്ച

പരിശോധിച്ചാൽ ഈ വാചകം സത്യമാണെന്ന് മനസ്സിലാകും. കേന്ദ്രം ഗ്രാന്റുകളും നികുതി വിഹിതവും നൽകാതെ നമ്മെ തളർത്താൻ ശ്രമിക്കുമ്പോൾ എല്ലാ പ്രതിസന്ധികളെയും അതിജീവിച്ചുകൊണ്ട് എല്ലാ മേഖലയിലും വളർച്ച നേടുകയാണ് നമ്മൾ ചെയ്യുന്നത്. കേന്ദ്ര സർക്കാർ നടത്തുന്ന ശത്രുതാപരമായ സമീപനത്തെ പിന്തുണയ്ക്കുന്ന രീതിയാണ് ഇന്ന് കേരളത്തിലെ പ്രതിപക്ഷം ചെയ്യുന്നത്. നമുക്കറിയാം കഴിഞ്ഞ ആഴ്ച ഡൽഹിയിൽ നടന്ന സമരത്തെ പിന്തുണയ്ക്കാൻ കേരളത്തിലെ ഒരു കോൺഗ്രസ് നേതാവിനെയും കാണാൻ കണ്ടില്ല. പക്ഷേ അഖിലേന്ത്യാ കോൺഗ്രസിന്റെ പ്രസിഡന്റ് കേരളത്തിന്റെ ആവശ്യം ന്യായമാണെന്ന് പറയുന്നു. കോൺഗ്രസുകാരനായ കർണ്ണാടക മുഖ്യമന്ത്രിയും പറയുന്നത് കേരളം കേന്ദ്രത്തിനെതിരെ നടത്തുന്ന സമരം ന്യായമാണെന്നാണ്. ഇതൊന്നും കാണാൻ കേരളത്തിലെ കോൺഗ്രസ് നേതാക്കന്മാർക്ക് കണ്ണില്ല. ഞാനൊരു കാര്യം പറയാൻ ആഗ്രഹിക്കുന്നു; 2022-2023 സാമ്പത്തിക വർഷത്തിൽ 6.6 ശതമാനം ആഭ്യന്തര ഉല്പാദന വളർച്ച നേടാൻ നമുക്ക് സാധിച്ചു. കേന്ദ്ര സർക്കാരിന്റെ പുതുക്കിയ ബഡ്ജറ്റ് പ്രകാരം 2023-2024-ലെ ധനകമ്മി ജി.ഡി.പി.-യുടെ 5.8 ശതമാനമാണ്. പക്ഷേ നമ്മുടെ

ധനകമ്മി ജി.ഡി.പി.-യുടെ 3.4 ശതമാനം മാത്രമാണ്. അതുപോലത്തന്നെ കേന്ദ്ര സർക്കാരിന്റെ പൊതുകടം ജി.ഡി.പി.-യുടെ 58.1 ശതമാനമാണ്. എന്നാൽ നമുക്ക് അത് 34.15 ശതമാനം മാത്രമാണ്. രണ്ട് കാലിലും മന്തുള്ള ഒരാൾ ഒരുകാലിൽ മന്തുള്ള ആളെ മന്തുകാലാ എന്ന് വിളിക്കുന്നത് പോലെയാണ് കേന്ദ്ര സർക്കാർ ചെയ്യുന്നത്.

കിഫ്ബിയുടെ പ്രവർത്തനം കൊണ്ടാണ് ഇവിടെ വിഷയങ്ങളുണ്ടായതെന്ന് നേരത്തെ സൂചിപ്പിച്ചു. ഞാൻ ചോദിക്കട്ടെ, 140 നിയോജകമണ്ഡലങ്ങളിലും കിഫ്ബിവഴി നടക്കുന്ന എത്രയോ ബൃഹത് പദ്ധതികൾ എം.എൽ.എ.-മാരായ നമ്മൾ ഏറ്റെടുത്തിരിക്കുന്നു. അതിന്റെ പ്രവർത്തനങ്ങൾ വേണമെന്ന് എത്രയോ സബ്മിഷനുകളിലൂടെ ചോദിക്കുന്നു. ഇതെല്ലാം കണ്ടില്ലെന്ന് നടിച്ചുകൊണ്ട് വെറുതെ പ്രസംഗത്തിനുവേണ്ടി പ്രസംഗിക്കുന്ന അംഗങ്ങളോട് ഞാൻ പറയുന്നു, കേരളത്തിന്റെ വളർച്ച നാം മനസ്സിലാക്കണം. നടപ്പുവർഷം 700 കോടി രൂപയുടെ കുറവാണ് വായ്പ പരിധിയിൽ നമുക്ക് വരുത്തിയത്. എന്നാൽ കേന്ദ്ര ഗവൺമെന്റ് കിഫ്ബി മാതൃകയിൽ രൂപീകരിച്ച എൻ.എച്ച്.എ.ഐ. (The National Highways Authority of India) എടുത്ത ലോൺ 2.70 ലക്ഷം കോടി ഓഫ് ബഡ്ജറ്റ്

വായ്പയായി കേന്ദ്രത്തിന്റെ കടത്തിൽ ഉൾപ്പെടുത്തിയിട്ടില്ല. പക്ഷേ കേരളമെടുക്കുന്ന കടങ്ങൾ ബഡ്ജറ്റിന്റെ ഭാഗമാക്കുന്നത് വളരെയധികം ക്രൂരമാണ്. കേന്ദ്രഗവൺമെന്റ് കേരളത്തെ സാമ്പത്തികമായി ബുദ്ധിമുട്ടിക്കാനും കിഫ്ബിയെ തകർക്കാനും ചെയ്യുന്ന നീക്കമാണ്. 2024-2025 വർഷത്തെ ബഡ്ജറ്റിൽ സംസ്ഥാനത്ത് 1,38,655 കോടിരൂപ വരവും 1,84,327 കോടിരൂപ ചെലവുമാണ് പ്രതീക്ഷിക്കുന്നത്. കേന്ദ്ര സർക്കാരിൽനിന്ന് ലഭിക്കാനുള്ള തുക കൃത്യമായി ലഭിച്ചാൽ കേരളത്തിന്റെ വികസന പ്രവർത്തനങ്ങൾ കൃത്യമായി മുന്നോട്ടുപോകും. ഞാൻ കൂടുതലായി ഒന്നും പറയുന്നില്ല. കേരള മീഡിയാ അക്കാദമി സംസ്ഥാനത്തെ അഭിമാനകരമായ സ്ഥാപനങ്ങളിലൊന്നാണ്. സംസ്ഥാനത്തെ മൂവായിരത്തോളം വരുന്ന മാധ്യമ വിദ്യാർത്ഥികളിൽ അഞ്ഞൂറോളം വിദ്യാർത്ഥികളും പഠിക്കുന്നത് മീഡിയ അക്കാദമിയിലാണ്. ഈ സ്ഥാപനത്തിന്റെ കാക്കനാടുള്ള മൂന്നേക്കർ സ്ഥലത്ത് സ്ഥിതി ചെയ്തിരുന്ന പ്രധാന കെട്ടിടം കൊച്ചി മെട്രോയുടെ മൂന്നാംഘട്ടത്തിന്റെ ഭാഗമായി പൂർണ്ണമായും പൊളിച്ച് എടുത്തിരിക്കുകയാണ്. ഈ സ്ഥാനത്ത് പുതിയൊരു കെട്ടിടം വരേണ്ടത് സംസ്ഥാനത്തിന്റെ ആവശ്യമാണ്. അക്കാദമിയുടെ 75

സെന്റ് സ്ഥലത്തോളം പില്ലറുകൾ സ്ഥാപിക്കുകയും പുതിയ റെയിൽപ്പാതമുകളിലൂടെ പോകുകയും ചെയ്യുന്നു. മൂന്നേക്കറിൽ ശേഷിക്കുന്ന സ്ഥലത്ത് പുതിയൊരു കെട്ടിടം നിർമ്മിക്കുന്നതിനുള്ള പ്ലാൻ ഇതിനോടകം തയ്യാറായിട്ടുണ്ട്. എന്നാൽ ഇതിന്റെ നിർമ്മാണം നടത്തുന്നതിന് സംസ്ഥാന സർക്കാരിന്റെ തീരുമാനം ആവശ്യമാണ്. ആ തീരുമാനം ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി അദ്ദേഹത്തിന്റെ മറുപടി പ്രസംഗത്തിൽ പറയണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്.

കേരളത്തിലെ റബ്ബർ കർഷകർക്ക് കഴിഞ്ഞ യു.ഡി.എഫ്. ഭരണ കാലത്ത് 150/- രൂപയായിരുന്ന റബ്ബറിന്റെ താങ്ങുവില 180/- രൂപയിലേയ്ക്ക് വന്നിട്ടുണ്ട്. ഈ വർഷവും 10/- രൂപ വർദ്ധിപ്പിച്ചു. പക്ഷേ, 180/- രൂപയെന്നത് കുറച്ചുകൂടി വർദ്ധിപ്പിക്കണമെന്നൊരു ആവശ്യം നമുക്കുണ്ട്. റബ്ബറിന്റെ വില 30/- രൂപ വർദ്ധിപ്പിച്ചത് ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാരാണെന്ന് നിങ്ങൾ മനസ്സിലാക്കണം. ഒരു കാര്യം ഞാൻ സൂചിപ്പിക്കാം, യു.ഡി.എഫ്.-ന്റെ കാലത്ത് 150/- രൂപ ആയിരുന്നത് 180/- രൂപയായി വർദ്ധിപ്പിച്ചുവെങ്കിൽ 30/- രൂപ കൂട്ടിയപ്പോൾ 150/- രൂപയുടെ എത്ര ശതമാനമാണെന്ന് നിങ്ങൾ കണക്കാക്കിയാൽ മതി. ധനകാര്യ

വകുപ്പുമന്ത്രി അദ്ദേഹത്തിന്റെ മറുപടി പ്രസംഗത്തിൽ റബ്ബറിന്റെ താങ്ങുവില കുറച്ചുകൂടി വർദ്ധിപ്പിക്കുമെന്ന് പ്രതീക്ഷിക്കുകയാണ്. അതോടൊപ്പം നെൽ കൃഷിക്കാർക്കുവേണ്ടി കുട്ടനാട് പാക്കേജിൽ 100 കോടിരൂപ അനുവദിച്ചിട്ടുണ്ട്. നെൽ കൃഷിക്കാർക്ക് എല്ലാ രീതിയിലും പ്രോത്സാഹനം നൽകുകയും അവരെ പരിപാലിക്കുകയും ചെയ്യുന്നൊരു ഗവൺമെന്റാണിത്. തീർച്ചയായും സർക്കാരിന്റെ ഈ നല്ല ബഡ്ജറ്റിനെ ഒരിക്കൽക്കൂടി അനുകൂലിച്ചുകൊണ്ട് ഞാനെന്റെ വാക്കുകൾ നിർത്തുകയാണ്.

ശ്രീ. അനൂപ് ജേക്കബ്: സർ, ഞാൻ ഈ ബഡ്ജറ്റിനെ എതിർക്കുകയാണ്. ചോരയൊലിക്കുന്ന കുഞ്ഞുമായി അമ്മ കയറിയിറങ്ങിയത് നാല് സർക്കാർ ആശുപത്രികളിലാണെന്ന വാർത്തയാണ് ഇന്നത്തെ പത്രത്തിൽ വന്നിരിക്കുന്നത്. തലസ്ഥാനത്തുള്ള നാല് സർക്കാർ ആശുപത്രികളുടെ കെടുകാര്യസ്ഥതയെക്കുറിച്ചാണ് ഞാനിവിടെ സൂചിപ്പിച്ചത്. കേരളത്തിലെ വിവിധ മേഖലകളെക്കുറിച്ച് നിങ്ങൾ ഊറ്റംകൊള്ളുമ്പോഴും ഇത്തരത്തിൽ നിരുത്തരവാദപരമായ സമീപനങ്ങൾ സ്വീകരിക്കുന്ന പല സർക്കാർ സ്ഥാപനങ്ങളും ഇന്ന് നിലനിൽക്കുന്നുവെന്നുള്ള യാഥാർത്ഥ്യം ഞാൻ ചൂണ്ടിക്കാണിക്കുവാൻ

ആഗ്രഹിക്കുകയാണ്. സംസ്ഥാന ഗവൺമെന്റിന്റെ പ്രയോരിറ്റി എവിടെയായിരിക്കണമെന്നത് സംബന്ധിച്ചാണ് ഇന്ന് രാവിലത്തെ അടിയന്തരപ്രമേയത്തിൽ ഞങ്ങൾ ഉന്നയിച്ചത്. ഇവിടത്തെ പൊതുവിതരണ കേന്ദ്രങ്ങളെ സുശക്തമാക്കുവാനും ആശുപത്രികളിൽ മരുന്നെത്തിക്കുവാനും ലൈഫ് പദ്ധതികൾ പൂർത്തിയാക്കി പിന്നോക്ക ജനവിഭാഗങ്ങളെ കൂടുതൽ ശാക്തീകരിക്കാനുമുള്ള നടപടികളാണ് സർക്കാർ സ്വീകരിക്കേണ്ടത്. വികസന പദ്ധതികളോടൊപ്പം അതുംകൂടി ചെയ്യുമ്പോഴാണ് ക്ഷേമ ഗവൺമെന്റ് എന്ന നിലയിൽ മുന്നോട്ടുവരാൻ കഴിയുന്നത്. നിങ്ങൾക്ക് അതിന് കഴിയുന്നില്ലെന്നതാണ് വസ്തുത. ഗവൺമെന്റിന്റെ പൂർണ്ണമായ അവഗണനമൂലമാണ് ഇന്ന് കേരളത്തിലെ പൊതുവിതരണ സംവിധാനം തകർച്ചയുടെ വക്കിലേയ്ക്കെത്തിക്കൊണ്ടിരിക്കുന്നത്. ആവശ്യമായ തുക സപ്ലൈകോയ്ക്ക് അടിയന്തരമായി നൽകുവാനും അതിനനുസൃതമായി പൊതുവിതരണ സംവിധാനത്തെ വീണ്ടും മുന്നോട്ടുകൊണ്ടുവരാനുമുള്ള ഇടപെടൽ നടത്തുന്നതിൽ നിങ്ങൾ വളരെ വൈകിയിരിക്കുന്നു. ഇനിയെങ്കിലും അതിന് സാധിച്ചില്ലെങ്കിൽ തിരിച്ച് കയറാൻ കഴിയാത്ത തരത്തിൽ വലിയ ഗർത്തത്തിലേയ്ക്ക് ഈ സ്ഥാപനം വീണുപോകുമെന്നുള്ളത്

ധനകാര്യ വകുപ്പുമന്ത്രിയെ ഓർമ്മിപ്പിക്കുവാൻ ഞാൻ ആഗ്രഹിക്കുകയാണ്. നിങ്ങളുടെ പ്രകടനപത്രികയിൽ 250/- രൂപ റബ്ബർ കർഷകർക്ക് നൽകുമെന്നാണ് പറഞ്ഞത്. ഇപ്പോൾ റബ്ബറിന്റെ താങ്ങുവില 10/- രൂപയാണ് വർദ്ധിപ്പിച്ചത്. 10/- രൂപ വർദ്ധിപ്പിച്ചത് മഹത്തരമായ കാര്യമായി നിങ്ങൾ പറഞ്ഞ് പരത്തിക്കൊണ്ടിരിക്കുകയാണ്. യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് റബ്ബറിന്റെ വില 150/- രൂപയായിരുന്നു. ഇപ്പോൾ 8 വർഷംകൊണ്ട് നിങ്ങൾ പല ഘട്ടങ്ങളിലായി ആകെ 30 രൂപയാണ് വർദ്ധിപ്പിച്ചത്. ഇതൊരു ആശ്വാസമെന്ന രീതിയിൽ, ജനങ്ങളുടെ കണ്ണിൽ പൊടിയിടാൻ വേണ്ടിയാണ് ശ്രമിക്കുന്നത്. നിങ്ങളെന്താണ് ഉദ്ദേശിച്ചത്; എന്താണ് ലക്ഷ്യം വച്ചത്? ഇതുകൊണ്ട് യാതൊരു പ്രയോജനവും കർഷകർക്കുണ്ടാകുന്നില്ല. കാർഷിക മേഖലയിൽ ഇന്ന് രൂക്ഷമായ പ്രതിസന്ധിയുണ്ടെന്നും റബ്ബർ കൃഷിയിൽനിന്ന് കർഷകർ പിന്നോട്ട് പൊയ്കൊണ്ടിരിക്കുന്നുവെന്ന യാഥാർത്ഥ്യവും ഗവൺമെന്റ് തിരിച്ചറിയണം. യു.ഡി.എഫ്. ഗവൺമെന്റ് റബ്ബറിന്റെ അടിസ്ഥാനവില 150/- രൂപയായി നിർണ്ണയിക്കുമ്പോൾ, അന്ന് റബ്ബറിന്റെ വിപണിവില 70, 80 രൂപയിൽ താഴെയായിരുന്നു. അവിടെയാണ് നമ്മൾ 150/- രൂപ നിശ്ചയിച്ചത്. ഇന്ന്

ഈ തുക വയ്ക്കുമ്പോൾ ഉല്പാദന ചെലവും ജീവിത ചെലവും വർദ്ധിച്ചിരിക്കുന്നു. ഇതെല്ലാം നിലനിൽക്കുന്ന സന്ദർഭത്തിലാണ് റബ്ബറിന്റെ വില അടിയന്തരമായി വർദ്ധിപ്പിക്കണമെന്ന ആവശ്യം ഞങ്ങൾ ആവർത്തിച്ച് മുന്നോട്ടുവയ്ക്കുന്നത്.

ധനകാര്യ വകുപ്പുമന്ത്രി നക്ഷത്ര ചിഹ്നമിടാത്ത ചോദ്യങ്ങൾക്ക് ഉത്തരം നൽകാത്തതുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട ചെയറിന്റെ ഭാഗത്തുനിന്ന് റൂളിംഗ് വന്നു. ഞങ്ങൾ അതിനെ സ്വാഗതം ചെയ്യുകയാണ്. 198 നക്ഷത്ര ചിഹ്നമിടാത്ത ചോദ്യങ്ങൾക്കാണ് മറുപടി ലഭിക്കാതിരുന്നത്. പല വിഷയങ്ങളും ഗവൺമെന്റിന്റെ ശ്രദ്ധയിൽകൊണ്ടുവന്ന് ചർച്ചയ്ക്ക് വിധേയമാക്കി കാര്യങ്ങൾ ലഭ്യമാക്കുന്നത് നക്ഷത്ര ചിഹ്നമിടാത്ത ചോദ്യങ്ങളിലൂടെയാണ്. ഇനിയെങ്കിലും അത്തരത്തിലൊരു സാഹചര്യമുണ്ടാകരുതെന്ന് സൂചിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്.

ഗതാഗതത്തിനായി ജനങ്ങൾ ഏറ്റവും കൂടുതൽ ആശ്രയിക്കുന്നത് കെ.എസ്.ആർ.ടി.സി.-യെയാണ്. എന്നാൽ, ഈ സർക്കാരിന്റെ തെറ്റായ നിലപാടുമൂലം കെ.എസ്.ആർ.ടി.സി. ഇന്ന് പരിതാപകരമായ അവസ്ഥയിലേയ്ക്ക് മാറിയിരിക്കുകയാണ്. 2016-ൽ 6200 ബസുകൾ, 5200

ഷെഡ്യൂളുകൾ, പതിനേഴ് ലക്ഷം കിലോമീറ്റർ, മുപ്പത്തിയാറ് ലക്ഷത്തോളം യാത്രക്കാർ ആശ്രയിച്ചിരുന്ന സന്ദർഭത്തിൽനിന്ന് ഇന്ന് നിങ്ങൾ അധികാരത്തിൽ വന്നതിനുശേഷം റൂട്ട് റാഷണലൈസേഷന്റെ ഭാഗമായി ഷെഡ്യൂളുകൾ വെട്ടിക്കുറച്ചതുമൂലം 5200 ഷെഡ്യൂളുകളുണ്ടായിരുന്നത് 4400 ഷെഡ്യൂളുകളായി ചുരുങ്ങിയിരിക്കുന്നു. കെ.എസ്.ആർ.ടി.സി. ജീവനക്കാർക്ക് ശമ്പളവും പെൻഷനും നൽകണമെന്ന് പറഞ്ഞ് കോടതി ഇടപെടുമ്പോൾ മാത്രമാണ് സർക്കാർ കണ്ണ് തുറക്കുന്നത്. പെൻഷൻകാർക്ക് മറ്റെന്താണ് ആശ്രയമുള്ളത്; അവരുടെ (കെ.എസ്.ആർ.ടി.സി. ജീവനക്കാർ അടക്കമുള്ളവരുടെ) പെൻഷനെങ്കിലും സമയബന്ധിതമായി നൽകുന്നതിന് ഒരു മാനുഷിക പരിഗണന ഗവൺമെന്റിന്റെ ഭാഗത്തുനിന്നും മുമ്പോട്ടുവയ്ക്കേണ്ടതായിട്ടുണ്ട്.

ഇതിനോടനുബന്ധിച്ച മറ്റൊരു വിഷയമാണ് ജൽ ജീവൻ മിഷന്റെ അവസ്ഥ. ജൽ ജീവൻ മിഷൻ 2020-21 സാമ്പത്തിക വർഷത്തിൽ ആരംഭിച്ച പദ്ധതിയാണ്. എല്ലാ ജില്ലകളിലും കുടിവെള്ള വിതരണത്തിന് എഴുപത് ലക്ഷം കണക്ഷനുകൾ സ്ഥാപിക്കുകയെന്നതാണ് ലക്ഷ്യമെന്ന് ഗവൺമെന്റ് രേഖാമൂലം മറുപടി നൽകിയിട്ടുണ്ട്. ഇന്ന് കണക്ഷനുകൾ

നൽകുന്നതിൽ വലിയ രീതിയിൽ കാലതാമസം നേരിട്ടുകൊണ്ടിരിക്കുകയാണ്. ഇതിൽ സംസ്ഥാനം സംസ്ഥാനവിഹിതം കൃത്യമായി വകയിരുത്താത്തതാണ് കാലതാമസം നേരിടുന്നതിന് കാരണമായി അറിയാൻ സാധിച്ചത്. റൂറൽ ഏരിയകളിൽ കുടിവെള്ളമെത്തിക്കാൻ കഴിയുന്ന ഏറ്റവും പ്രധാനപ്പെട്ട സ്കീമായ ജൽ ജീവൻ മിഷൻ ഇന്ന് സ്തംഭനാവസ്ഥയിലേയ്ക്ക് നീങ്ങികൊണ്ടിരിക്കുകയാണ്.

ക്ഷേമപെൻഷന്റെ അവസ്ഥ സംബന്ധിച്ച് നേരത്തെ ഇവിടെ സൂചിപ്പിച്ചതാണ്. അൻപത്തിയെട്ട് ലക്ഷം വ്യക്തികൾ ക്ഷേമപെൻഷൻ വരിക്കാരായി നിൽക്കുന്നു. 4600 കോടിരൂപ അതിൽ കുടിശ്ശികയായി നിലകൊള്ളുകയാണ്. ഇതൊക്കെ ഏറ്റവും പ്രധാനപ്പെട്ട വിഷയങ്ങളായി നിലനിൽക്കുകയാണ്. വയോധികരടക്കമുള്ളവർ ആശ്രയിക്കുന്ന പ്രധാന വരുമാന മാർഗ്ഗമായാണ് ക്ഷേമപെൻഷൻ നിലകൊള്ളുകയാണ്. ഇത്തരത്തിലുള്ള കാര്യങ്ങളിൽ ഗവൺമെന്റ് കൃത്യമായ ഇടപെടലുകൾ നടത്തണമെന്ന് സൂചിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്.

നിയോജകമണ്ഡലവുമായി ബന്ധപ്പെട്ട കാര്യങ്ങൾ പറയുമ്പോൾ, അങ്ങ് ബഡ്ജറ്റിൽ പ്രഖ്യാപിക്കുന്ന വർക്കുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ ഒരു

വർഷം കഴിഞ്ഞാലും ആരംഭിക്കുന്നില്ലെന്ന സാഹചര്യം ചൂണ്ടിക്കാണിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. പല വർക്കുകളും പ്രഖ്യാപിക്കുന്നുണ്ടെങ്കിലും അവ പ്രാവർത്തികമായാലല്ലേ അതിന്റെ പ്രയോജനമുണ്ടാകുകയുള്ളൂ. കഴിഞ്ഞ വർഷം അനുവദിച്ച വർക്കുകളുടെപോലും നടപടികൾ പൂർത്തിയാകാത്തതിനാൽ നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കാൻ കഴിഞ്ഞിട്ടില്ല. ബഡ്ജറ്റിൽ അവതരിപ്പിക്കുന്ന വർക്കുകൾ, 20 വർക്കുകൾ അങ്ങ് എഴുതി നൽകാൻ പറയും. 20 വർക്കുകൾ നൽകിയാൽ മരുന്നിന് ഒരെണ്ണം തരും. 5 കോടി രൂപയാണ് നൽകുന്നത്. ആ സമയത്ത് അപ്പുറത്തുള്ളവർക്ക് എത്രയാണ് തുക നൽകുന്നതെന്ന് പരിശോധിച്ച് നോക്കിയാലെ പറയാൻ കഴിയുകയുള്ളൂ. അനുവദിക്കുന്ന വർക്കുകൾ എങ്കിലും കൃത്യമായ നിലയിൽ സമയബന്ധിതമായി പൂർത്തിയാകുന്നുവെന്നത് ഉറപ്പുവരുത്തുവാൻ ഗവൺമെന്റ് ശ്രദ്ധിക്കണമെന്ന് സൂചിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. ന്യായമായ നിലയിൽ നൽകിയിട്ടുള്ള വിവിധ വർക്കുകൾ പരിഗണിക്കുവാനും സർക്കാർ തയ്യാറാകണമെന്ന് ഈ സന്ദർഭത്തിൽ സൂചിപ്പിക്കുകയാണ്.

ഡോ. സുജിത് വിജയൻപിള്ള: സർ, ഇന്ന് ഒ.എൻ.വി. കുറുപ്പ് എന്ന

മഹാകവിയുടെ എട്ടാം ചരമവാർഷികമാണ്.

'ലോകാനുരാഗ, മാ-മേക മതത്തിന്റെ

ബോധിതളിർത്തു തണൽ വീശി

നിൽക്കുന്ന മറ്റൊരു ലോകം പിറക്കും

വരെ തുടി- കൊട്ടിയെൻ പാട്ട് തുടരാൻ കൊതിപ്പൂ ഞാൻ'

ഇത് കവിയുടെ വരികളാണ്. മാനുഷികതയുടെ ലോകത്ത് അതിലുള്ള വിശ്വാസമാണ് ഒ.എൻ.വി. നൽകുന്ന കാവ്യപൈതൃകം. ചവറ മണ്ണിൽ ചവിട്ടിനിന്നുകൊണ്ട് ഇരുപതാം നൂറ്റാണ്ടിന്റെ മധ്യകാലത്ത് തുടങ്ങുന്ന ഒ.എൻ.വി.-യുടെ കാവ്യജീവിതം കൈരളിയെ ഉന്നതപീഠത്തിൽ പ്രതിഷ്ഠിച്ചിട്ടാണ് അദ്ദേഹം വിടവാങ്ങിയത്. അദ്ദേഹത്തിന്റെ ദീപ്തമായ സ്മരണകൾക്കുമുന്നിൽ ശിരസ്സ് നമിക്കുന്നു. അദ്ദേഹം പഠിച്ച ചവറ ബോയ്സ് ഹയർ സെക്കൻഡറി സ്കൂളിൽ ഒരു കമാനം/കവാടം അദ്ദേഹത്തിന്റെ സ്മാരകമായി നിർമ്മിക്കണമെന്ന് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയോട് അഭ്യർത്ഥിക്കുകയാണ്.

ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ച 2024-2025 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിനെ പിന്താങ്ങുന്നു. കേരളത്തോട് കേന്ദ്രം

കാണിക്കുന്ന കടുത്ത അവഗണനമൂലമുണ്ടായ സാമ്പത്തിക പ്രതിസന്ധിയെ തരണം ചെയ്യാൻ സാധിക്കുമെന്ന ആത്മവിശ്വാസം ഉളവാക്കുവാൻ ഈ ബഡ്ജറ്റിന് സാധിച്ചിട്ടുണ്ട്. ജി.എസ്.ടി. നിലവിൽ വന്ന് കഴിഞ്ഞ അഞ്ച് വർഷത്തിനുള്ളിൽ ലോകത്തും രാജ്യത്തുമുണ്ടായ സാമൂഹിക-സാമ്പത്തിക സാഹചര്യങ്ങളെക്കുറിച്ച് നമുക്കെല്ലാവർക്കുമറിയാം. 1930-ലെ ഗ്രേറ്റ് ഡിപ്രഷന് സമാനമായ രീതിയിലുള്ള സാമ്പത്തിക മാന്ദ്യത്തിലൂടെയാണ് ലോകം ഇപ്പോൾ കടന്നുപോകുന്നതെന്ന കാര്യം നമുക്കെല്ലാവർക്കും അറിയാവുന്നതാണ്. അതേസമയം അഞ്ച് വർഷത്തിനുള്ളിൽ കേരളത്തിലുണ്ടായ സാഹചര്യങ്ങളെക്കുറിച്ച് കഴിഞ്ഞ എല്ലാ ദിവസങ്ങളിലും അംഗങ്ങൾ പറഞ്ഞ കാര്യങ്ങൾ ഞാൻ ആവർത്തിക്കുന്നില്ല. എന്നാൽ ജി.എസ്.ടി. കോമ്പൻസേഷൻ നീട്ടണമെന്നത് എല്ലാ സംസ്ഥാന സർക്കാരുകളുടെയും ആവശ്യമാണ്. അതിന് കേന്ദ്രസർക്കാർ തയ്യാറാകുന്നില്ല. കേന്ദ്രം അവതരിപ്പിച്ച ബഡ്ജറ്റിൽ ഈ മാന്ദ്യത്തെ മറികടക്കാനുള്ള യാതൊരു പ്രത്യേക പാക്കേജുകളും പ്രതിപാദിക്കുന്നില്ലെന്നത് ശ്രദ്ധേയമാണ്. പ്രത്യേകിച്ചും കേരളത്തിന് അനുകൂലമായ ഒരു നിർദ്ദേശവും ഇല്ലെന്നതും എടുത്തുപറയേണ്ടതാണ്.

എന്നാൽ, കേരളത്തിൽ അവതരിപ്പിച്ച ബഡ്ജറ്റിൽ കാര്യക്ഷമമായ ധനകാര്യ മാനേജ്മെന്റിലൂടെ തനത് നികുതി വരുമാനം 78000 കോടി രൂപയിലേയ്ക്കെത്തിക്കുവാൻ സാധിക്കുന്നുവെന്നത് നാം കാണേണ്ടതുണ്ട്. ഇത് വരും വർഷങ്ങളിൽ ഇരട്ടിയാക്കാൻ കഴിയുമെന്നാണ് ബഡ്ജറ്റിലൂടെ ധനകാര്യ വകുപ്പുമന്ത്രി ഉറപ്പുനൽകുന്നത്. ഈ കാലയളവിൽ കേന്ദ്ര പൂളിലേയ്ക്ക് സംസ്ഥാന വിഹിതം ഗണ്യമായി ഉയർന്നിട്ടുണ്ട്. എന്നിട്ടും സംസ്ഥാനത്തിന് ലഭിക്കേണ്ട അലോക്കേഷൻ ഗണ്യമായി കുറയ്ക്കുകയാണ്. അതിന് സാധാരണ കാര്യങ്ങൾ പറയുകയാണ്, അതായത്, പതിനഞ്ചാം ധനകാര്യ കമ്മീഷന്റെ ശിപാർശകളടക്കമുള്ള പല സാങ്കേതികത്വമാണ് പറയുന്നത്. പെട്രോൾ/ഡീസൽ സെസ്സ്, സർചാർജ്ജ് എന്നിവ വഴി ഏകദേശം 10 ശതമാനം ഇരട്ടി വിഹിതം ഈ കാലയളവിൽ കേന്ദ്ര പൂളിലേയ്ക്ക് പോകുകയാണ്. ഇത് പോകുന്നത് ഡിവിസിബിൾ പൂളിലേയ്ക്കല്ല. പക്ഷേ കേന്ദ്ര സർക്കാരിന് ഗ്രാന്റുകളും സ്കീമുകളുമൊക്കെ ഉൾപ്പെടുത്തിക്കൊണ്ട് സംസ്ഥാനത്തെ സഹായിക്കുവാൻ സാധിക്കും. ലൈഫ് മിഷൻ വീടുകൾക്ക് മുമ്പിലും റേഷൻ കടകളിലും പ്രധാനമന്ത്രിയുടെ ബ്രാൻഡിംഗ് നടത്തണമെന്ന് തുടങ്ങി ഓരോ സാങ്കേതികത്വം പറഞ്ഞ്

ഓരോ വിഷയത്തിലും ഫണ്ട് നൽകാതിരിക്കുന്ന നടപടികളുമായി മുന്നോട്ടുപോകുകയാണ് കേന്ദ്ര സർക്കാർ. മലയാളികളുടെ പോക്കറ്റിൽനിന്നും കാശ് ചോർത്തിയെടുത്ത് കേന്ദ്ര സർക്കാർ തങ്ങൾക്കനുകൂലമായി, തോന്നുന്ന രീതിയിൽ ചെലവാക്കുന്ന ഒരു നിലപാടിലേയ്ക്കാണ് പോകുന്നത്. ഈ സാഹചര്യത്തെ പല പ്രതിപക്ഷാംഗങ്ങളും തങ്ങളുടെ മണ്ഡലവുമായി താരതമ്യപ്പെടുത്തുകയാണ്. 140 നിയോജകമണ്ഡലങ്ങളിലും കഴിഞ്ഞ 7 വർഷമായി നടന്നിട്ടുള്ള വികസന പ്രവർത്തനം, കിഫ്ബിമൂലം നടത്തിയിട്ടുള്ള വികസന പ്രവർത്തനങ്ങൾ, പശ്ചാത്തല സൗകര്യങ്ങളിലുണ്ടായ വികസനങ്ങൾ എന്നിവയെല്ലാം മറച്ചുവച്ചുകൊണ്ട് ഇതിനെ എങ്ങനെ താരതമ്യപ്പെടുത്താൻ സാധിക്കുമെന്നുള്ളതാണ് ഇത്തരുണത്തിൽ എനിക്ക് ചോദിക്കാനുള്ളത്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി സഭയിൽ സൂചിപ്പിക്കുന്നതുപോലെ, ആസ്തി വികസനത്തിലുണ്ടായ വലിയ മുന്നേറ്റങ്ങൾ അതായത്, കിഫ്ബി വഴി എൻ.എച്ച്.-ന്റെ വികസനത്തിനുവേണ്ടി ഭൂമി വിലയുടെ ഏകദേശം 25 ശതമാനവും കേരള സർക്കാരാണ് നൽകിയത്. അതിനെപോലും കടപരിധിയിൽ നിന്നുപോലും ഒഴിവാക്കാൻ കേന്ദ്ര സർക്കാർ

തയ്യാറാകുന്നില്ല. ക്യാപിറ്റൽ എക്സ്പെൻഡിച്ചറിന്റെ കാര്യത്തിൽ ഗണ്യമായ വർദ്ധനയാണ് നമ്മുടെ സംസ്ഥാനത്തുണ്ടായത്. രാജ്യത്തിന്റെ ജി.ഡി.പി.-യുടെ വളർച്ചയിൽ നല്ലൊരു പങ്ക് കേരളം നൽകുന്നുണ്ട്. സംസ്ഥാനങ്ങൾ റവന്യൂ എക്സ്പെൻഡിച്ചർ നടത്തുമ്പോൾ അതിന്റെ ഡയറക്ട് പ്രൊപ്പോഷണലായി അതായത് ഒരു ശതമാനം സംസ്ഥാനം റവന്യൂ എക്സ്പെൻഡിച്ചർ നടത്തുമ്പോൾ അതിന്റെ 0.6 ശതമാനം വളർച്ചയാണ് ജി.ഡി.പി.-യിൽ രാജ്യത്തിനുണ്ടാകുന്നതെന്നാണ് മനസ്സിലാക്കേണ്ടത്. സംസ്ഥാനങ്ങൾ ഒരു ശതമാനം ക്യാപിറ്റൽ എക്സ്പെൻഡിച്ചർ നടത്തുമ്പോൾ 2.1% ജി.ഡി.പി.-യിൽ വളർച്ചയുണ്ടാകുന്നു. അത്രുകണ്ട് വളർച്ച ഈ രാജ്യത്തിനുവേണ്ടി നമ്മൾ കോൺട്രിബ്യൂട്ട് ചെയ്യുമ്പോൾ, കഴിഞ്ഞ 7 വർഷത്തിനുള്ളിൽ നമ്മുടെ സംസ്ഥാനത്തിന്റെ അസറ്റ് എത്രത്തോളം വളർന്നിട്ടുണ്ടെന്നത് നമുക്കെല്ലാം ദൃഷ്ടാന്തമാണ്. എന്നിട്ടുപോലും vertical devolution-ൽ സംസ്ഥാനങ്ങൾക്ക് ഏകദേശം ഒരു ശതമാനം കുറവാണ് വരുത്തുന്നത്. ഈ രീതിയിൽ മുന്നോട്ടുപോയാൽ നമ്മുടെ സംസ്ഥാനങ്ങളുടെ എക്സ്പെൻസ്സസിന്റെ ഏതാണ്ട് 65 ശതമാനവും സംസ്ഥാനങ്ങൾ വഹിക്കേണ്ടിവരും. കേന്ദ്രം നമുക്ക് നൽകുന്ന വിഹിതം ദിനംപ്രതി

കുറച്ചുകൊണ്ട് 40 ശതമാനത്തിൽ താഴെ വന്നിരിക്കുകയാണ്. ഈയൊരു സാഹചര്യത്തിലും കേരളത്തിലെ സാധാരണക്കാരന്റെ കയ്യിൽ പണമെത്തിക്കാൻ വേണ്ടിയുള്ള നിരന്തരമായ ശ്രമങ്ങളാണ് സംസ്ഥാന സർക്കാർ നടത്തിക്കൊണ്ടിരിക്കുന്നത്. തൊഴിലുറപ്പ് പദ്ധതിയിലൂടെയും പെൻഷനുകൾ നൽകുന്നതിലൂടെയുമൊക്കെ സാധാരണക്കാരന്റെ കൈകളിൽ പണമെത്തിക്കുകയും വിവിധതരത്തിലുള്ള പദ്ധതികൾ അതായത് ദേശീയപാത, തീരദേശപാത, മലയോരപാത, ദേശീയ ജലപാത തുടങ്ങി സ്കൂളുകൾ, ആശുപത്രികൾ ഇങ്ങനെയുള്ളവയുടെ നിർമ്മാണ പ്രവൃത്തികൾ നടക്കുമ്പോൾ ഒരു മാന്ദ്യ വിരുദ്ധ പാക്കേജ് പോലെ ജനങ്ങളുടെ കയ്യിലും മാർക്കറ്റിലും പണമെത്തിക്കുന്നതിനുള്ള സാഹചര്യമൊരുക്കുകയാണ് സർക്കാർ ചെയ്യുന്നത്.

കേന്ദ്ര അവഗണനയ്ക്കെതിരെ വ്യവഹാരത്തിലൂടെയും ദേശീയ ശ്രദ്ധനേടിയ സമരമാർഗ്ഗത്തിലൂടെയുമൊക്കെ നമ്മൾ മുന്നോട്ടുപോകുകയാണ്. ഇങ്ങനെയുള്ള സാഹചര്യത്തിലും ബഡ്ജറ്റിൽ ക്ഷേമ പദ്ധതികളൊന്നും നിർത്തലാക്കാതെ അവയെല്ലാം നിലനിർത്തിക്കൊണ്ടുതന്നെ മുന്നോട്ടുപോകുന്നു. വികസനത്തിന് അടിത്തറ പാകുന്ന തരത്തിൽ

ദീർഘവീക്ഷണത്തോടുകൂടിയ പല നിർദ്ദേശങ്ങളും പദ്ധതികളും ഈ ബഡ്ജറ്റിൽ കാണാൻ സാധിക്കും. ആരോഗ്യം, വിദ്യാഭ്യാസം, വ്യവസായം, ടൂറിസം, സ്പോർട്സ് തുടങ്ങിയ പല മേഖലകളിലും PPP (Private Public Partnership) മോഡലിൽ അന്താരാഷ്ട്ര നിലവാരത്തിലുള്ള പദ്ധതികളാണ് ആസൂത്രണം ചെയ്തിരിക്കുന്നത്. വരുംവർഷങ്ങളിൽ മൂന്ന് ലക്ഷം കോടി രൂപയുടെ നിക്ഷേപമാണ് സർക്കാർ ലക്ഷ്യമിടുന്നത്. ടൂറിസം മേഖലയിൽ ഏതാണ്ട് 10000 റൂമുകൾ, അതായത് ഫൈവ് സ്റ്റാർ ഹോട്ടൽ മാത്രമല്ല ഉദ്ദേശിക്കുന്നത്. ഫൈവ് സ്റ്റാർ മുതൽ ബഡ്ജറ്റ് ഹൗസ് കൂടാതെ ഹോം സ്റ്റേ വരെ ഇതിനകത്ത് ഉദ്ദേശിക്കുന്നു. 10000 കോടി രൂപയുടെ നിക്ഷേപമാണ് ഈയൊരു മേഖലയിൽ മാത്രം സർക്കാർ ഉദ്ദേശിക്കുന്നത്.

വിഴിഞ്ഞം പദ്ധതിയുടെ കാര്യം സൂചിപ്പിക്കുകയുണ്ടായി. 30 കി.മീ. കോറിഡോറിൽ ഒരു വ്യവസായ സോണിൽ മാത്രം 10000 കോടി രൂപയുടെ ഇൻവെസ്റ്റ്മെന്റാണ് ഉദ്ദേശിക്കുന്നത്. അവിടെ ഹാർബറുകളും നീണ്ടകര പോലെയുള്ള ചെറിയ പോർട്ടുകളും കൊല്ലം പോലെയുള്ള ഇടത്തരം പോർട്ടുകളുമെല്ലാം വരുമ്പോൾ ഇതിന്റെ ലോജിസ്റ്റിക് മേഖലയിലുണ്ടാകുന്ന വികസനം നാം കാണേണ്ടതാണ്. ഇത് പുത്തനുണർവ് നൽകുമെന്ന

കാര്യത്തിൽ യാതൊരു തർക്കവുമില്ല. ലൈഫ് പദ്ധതി വഴിയും ഏകദേശം 10000 കോടി രൂപയുടെ ഇൻവെസ്റ്റ്മെന്റാണ് ഇത്തരുണത്തിൽ സർക്കാർ ഉദ്ദേശിക്കുന്നത്. ഇതെല്ലാം സാധാരണക്കാരുടെ കയ്യിൽ പണമെത്തിക്കുന്നതിനുള്ള സാഹചര്യമൊരുക്കും.

25,000 കോടിരൂപയുടെ നിക്ഷേപം പ്രതിപാദിക്കുന്ന മേജർ പ്രോജക്ടായ കൊച്ചിൻ ഹൈഡ്രജൻ ഹബ്ബ് അടക്കമുള്ള പദ്ധതികൾ സ്വകാര്യമേഖലയ്ക്ക് കൃത്യമായി നിക്ഷേപിക്കാനുള്ള ദിശാബോധം നൽകുന്നതാണ്. പ്രതിപക്ഷാംഗങ്ങളുടെ മണ്ഡലങ്ങളിൽ ഒന്നും കൊടുത്തില്ലെന്ന് പറയുമ്പോഴും, നമ്മുടെ കേരളത്തിൽ ഏറ്റവും കൂടുതൽ നിക്ഷേപം വന്നിരിക്കുന്നത് ശ്രീ. ടി. ജെ. വിനോദ് അവർകളുടെ എറണാകുളം മണ്ഡലത്തിലാണെന്നത് കാണാതെ പോകരുത്. ഹൈഡ്രജൻ ഹബ്ബ് പോലെയുള്ള പദ്ധതികൾ അവിടെ വരികയാണ്.

പൂർവ്വ വിദ്യാർത്ഥികൾക്ക് അവരുടെ സ്കൂളുകൾക്ക് ഗുരുദക്ഷിണ നൽകണമെങ്കിൽ അതിനൊരു റെമിറ്റൻസ് അക്കൗണ്ട് നൽകുകയാണ്. ആശുപത്രികളിൽ ചികിത്സാ സഹായം നൽകണമെന്നുണ്ടെങ്കിൽ, വിദേശത്തിരിക്കുന്നവർക്കും സ്വദേശത്തുള്ളവർക്കും ചികിത്സാസഹായം

നൽകാനുള്ള സാധ്യതകളും അതുപോലെ ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്മെന്റിനുള്ള സാധ്യതകളുമെല്ലാം ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ഒരു സമഗ്രമായ ബഡ്ജറ്റാണ് ഇവിടെ അവതരിപ്പിച്ചിട്ടുള്ളതെന്നത് വലിയ സന്തോഷം നൽകുന്നു.

KMML (Kerala Minerals and Metals Limited)-ന്റെ പരിസര പ്രദേശങ്ങളായ ചിറ്റൂർ, പന്മന, കളരി വാർഡുകൾ വാസയോഗ്യമല്ലാത്ത രീതിയിൽ കുറേനാളുകളായി മലിനീകരിക്കപ്പെട്ടിരിക്കുന്നതിനാൽ ആ സ്ഥലം ഏറ്റെടുക്കണമെന്നുള്ളത് ഒരു പ്രധാനപ്പെട്ട വിഷയമാണ്. ഈ പ്രദേശത്തേയ്ക്ക് നിലവിൽ റെയിൽ കണക്ടിവിറ്റിയുണ്ട്. അത് നമ്മുടെ നിർദ്ദിഷ്ട ദേശീയ ജലപാതയുടെയും ഹൈവേയുടെയും അരികിലായതിനാൽ ഈ പ്രദേശത്തെ ഒരു വ്യവസായ ഹബ്ബായി മാറ്റാനുള്ള എല്ലാ സാധ്യതകളുമുണ്ട്. അത് ജനങ്ങളുടെകൂടി ആവശ്യമായതിനാൽ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി അനുഭാവപൂർവ്വം ഇക്കാര്യം പരിഗണിക്കുന്നതോടൊപ്പം അത് ഏറ്റെടുക്കണമെന്ന് നിർദ്ദേശിച്ചുകൊണ്ട് ഒരിക്കൽ കൂടി ഞാൻ ഈ ബഡ്ജറ്റിനെ സർവ്വാത്മനാ പിന്തുണയ്ക്കുന്നു.

ശ്രീ. കെ. എം. സച്ചിൻദേവ്: സർ, ഞാൻ ഈ ബഡ്ജറ്റിനെ പിന്തുണയ്ക്കുകയാണ്. കേരളത്തിന്റെ സർവ്വ മേഖലയിലും സമഗ്രതയാർന്ന വികസനത്തിന് വലിയ പിന്തുണ നൽകുന്ന വിധത്തിലാണ് കേരളത്തിന്റെ ബഡ്ജറ്റ് അവതരിപ്പിക്കപ്പെട്ടിട്ടുള്ളത്. എന്റെ ജില്ലയായ കോഴിക്കോട് ജില്ലയിൽ നഗരമേഖലയുടെ യാത്രാസൗകര്യം വിപുലപ്പെടുത്തുകയെന്നുള്ള ലക്ഷ്യത്തോടെ ലൈറ്റ് മെട്രോ പദ്ധതിയുൾപ്പെടെ ഈ ബഡ്ജറ്റിന്റെ ഭാഗമായി പ്രഖ്യാപിച്ചിരിക്കുകയാണ്. എന്റെ മണ്ഡലത്തോടുചേർന്നുള്ള പ്രദേശമായ പെരുവണ്ണാമൂഴിയിൽ ടൈഗർ സഫാരി പാർക്ക് നിർമ്മിക്കാനാവശ്യമായ പദ്ധതിയുടെ പ്രഖ്യാപനവും ഈ ബഡ്ജറ്റിന്റെ ഭാഗമായി മുന്നോട്ടുവന്നിട്ടുണ്ട്. കേരളത്തിന്റെ എല്ലാ മേഖലയേയും സ്പർശിക്കുന്ന വിധത്തിൽ സമഗ്രതയാർന്ന ഒരു ബഡ്ജറ്റ്, സാമ്പത്തികമായ പ്രതിസന്ധി നിലനിൽക്കുന്ന സന്ദർഭത്തിലും അവതരിപ്പിക്കാൻ കഴിഞ്ഞുവെന്നുള്ളതാണ് ഈ ബഡ്ജറ്റിന്റെ വളരെ പ്രധാനപ്പെട്ട പ്രത്യേകത. ഒട്ടേറെ വികസന മുന്നേറ്റങ്ങൾക്ക് ദിശാവെളിച്ചം പകരാൻ കഴിയുന്ന വിധത്തിൽ ഈ ബഡ്ജറ്റ് കേരളത്തിൽ നടപ്പിലാകുന്ന സന്ദർഭത്തിൽ

തീർച്ചയായും ലോകോത്തരനിലവാരത്തിലുള്ള വികസന കാര്യങ്ങളോട് കിടപിടിക്കാൻ കഴിയുന്ന നാടായി കേരളം മാറും.

ഈ ബഡ്ജറ്റിനെ ശക്തിയോടെ എതിർക്കുന്ന സമീപനമാണ് പ്രതിപക്ഷം ഇപ്പോഴും സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. കേരളത്തിന്റെ സാമ്പത്തികമായ പരിമിതിയിൽ നിന്നുകൊണ്ട് അവതരിപ്പിക്കപ്പെടുന്ന ബഡ്ജറ്റ് ഏറ്റവും നല്ല നിലയിൽ കേരളത്തിന്റെ വികസന കാര്യങ്ങളെ ഏറ്റെടുക്കാൻ വഴിവെളിച്ചമായി നമ്മുടെ മുന്നിൽ ഉയർന്നുനിൽക്കുന്ന സന്ദർഭത്തിൽപോലും രാഷ്ട്രീയ ദുഷ്ടലാക്കോടുകൂടി കേരളത്തിന്റെ ബഡ്ജറ്റിനെ എതിർക്കുകയെന്നുള്ള സമീപനമാണ് പ്രതിപക്ഷം സ്വീകരിക്കുന്നത്. ഇക്കഴിഞ്ഞ ഫെബ്രുവരി മാസം 8-ാം തീയതി രാജ്യത്തിന്റെ തലസ്ഥാനത്ത് ഉജ്ജ്വലമായ ഒരു സമരം നടത്തുകയുണ്ടായി. ആ സമരത്തിനാധാരമായ സന്ദർഭത്തെ സംബന്ധിച്ച് നമുക്കെല്ലാവർക്കുമറിയാം. രാജ്യത്തെ ഫെഡറൽ തത്വങ്ങളെ തകിടം മറിച്ച് എല്ലാ സവിശേഷതകളെയും ഇല്ലാതാക്കുന്ന സമീപനം സ്വീകരിക്കുന്ന കേന്ദ്ര ഗവൺമെന്റിന്റെ തെറ്റായ നയസമീപനത്തെ രാജ്യത്തിന്റെ മുന്നിൽ തുറന്നുകാണിക്കുകയെന്ന രാഷ്ട്രീയ ഉത്തരവാദിത്വമാണ് ഇടതുപക്ഷം ആ

സമരത്തിന്റെ ഭാഗമായി മുന്നോട്ടുവച്ചിട്ടുള്ളത്. കേരളത്തിന്റെ വികസനത്തെ തകർക്കുകയെന്നുള്ള ലക്ഷ്യത്തിന്റെ ഭാഗമായി വലിയ രൂപത്തിൽ കേരളത്തിനെതിരായി ഉയർത്തിക്കൊണ്ടുവരുന്ന സാമ്പത്തിക ഉപരോധം നിലനിൽക്കുമ്പോൾ നമ്മളെല്ലാവരും അതിശക്തമായ പ്രക്ഷോഭത്തിന്റെ ഭാഗമായി മുന്നോട്ടുപോകേണ്ട സന്ദർഭത്തിൽ രാജ്യത്തിന്റെ തലസ്ഥാനത്ത് സംഘടിപ്പിക്കപ്പെട്ട സമരത്തോട് പ്രതിപക്ഷം സ്വീകരിച്ച സമീപനത്തെ കേരളത്തിലെ ജനങ്ങൾ തിരിച്ചറിയേണ്ടതായിട്ടുണ്ട്. ഡൽഹിയിൽ അതിശക്തമായ സമരം നടക്കുമ്പോൾ അവിടെയുള്ള മുഖ്യമന്ത്രി ശ്രീ. അരവിന്ദ് കെജ്രിവാൾ, പഞ്ചാബ് മുഖ്യമന്ത്രി Shri Bhagwant Mann, തമിഴ്നാട് മുഖ്യമന്ത്രി ശ്രീ. എം. കെ. സ്റ്റാൻലിൻ, ജമ്മുകാശ്മീർ മുൻമുഖ്യമന്ത്രി ശ്രീ. ഫാറൂഖ് അബ്ദുള്ള എന്നിവർ ആ സമരത്തിന്റെ ഭാഗമായി മാറുന്നു. എന്തിനേറെപ്പറയുന്നു, കോൺഗ്രസിന്റെ മുൻകാല സമുന്നതനായ നേതാവും പ്രമുഖ അഭിഭാഷകനുമായ ശ്രീ. കപിൽ സിബൽ ഉൾപ്പെടെ ആ സമരത്തിന്റെ ഭാഗമാകുന്ന സന്ദർഭത്തിൽ ഇവിടെയുള്ള കോൺഗ്രസിനുമാത്രം ആ സമരം എന്തിനാണെന്ന് തിരിച്ചറിയാൻ കഴിയുന്നില്ല. ബഹുമാന്യനായ പ്രതിപക്ഷ നേതാവിന്റെ ഒരു പ്രസ്താവന ഇവിടെ കണ്ടു. കർണ്ണാടകവും

കേരളവും ഡൽഹിയിൽ നടത്തിയ സമരങ്ങൾ രണ്ട് കാര്യങ്ങൾക്കുവേണ്ടിയുള്ളതായതുകൊണ്ട് കേരളത്തിന്റെ സമരത്തെ പിന്തുണയ്ക്കുന്നില്ലെന്ന സമീപനമാണ് ബഹുമാന്യനായ പ്രതിപക്ഷ നേതാവ് ആ പ്രസ്താവനയുടെ ഭാഗമായി ഉന്നയിച്ചിട്ടുള്ളത്. കേരളം എങ്ങനെയെങ്കിലും തകർന്നുകിട്ടിയാൽ മതിയെന്ന് ആഗ്രഹിക്കുന്ന തരത്തിലുള്ള ചില സമീപനങ്ങളാണ് പ്രതിപക്ഷം സ്വീകരിക്കുന്നത്. പ്രതിപക്ഷത്തിന്റെ ഈ എതിർപ്പിന്റെ സന്ദർഭത്തിലും കേരളത്തിലെ ജനങ്ങൾക്കുവേണ്ടി ചങ്കുറപ്പോടെ അധികാരകേന്ദ്രത്തിന്റെ മുന്നിൽചെന്ന് സമരം നടത്തി ധീരമായി പോരാടിയ ഒരു പോരാളിയാണ് കേരളത്തിന്റെ പ്രതീക്ഷയായി, മുഖ്യമന്ത്രിയായി നമ്മുടെ മുന്നിലുള്ളതെന്ന് നാം കാണേണ്ടതാണ്. ആ വലിയ പ്രക്ഷോഭത്തിന് അദ്ദേഹം നേതൃത്വം നൽകി. പ്രതികൂല കാലാവസ്ഥയുണ്ടായിട്ടും കേരളത്തിലെ എം.എൽ.എ.-മാർ, കേരളത്തിൽനിന്നും തെരഞ്ഞെടുക്കപ്പെട്ട, ആ സമരത്തോട് ഐക്യദാർഢ്യം പ്രഖ്യാപിക്കുന്ന എം.പി.-മാർ തുടങ്ങി എല്ലാവരും പങ്കെടുത്തുകൊണ്ട് ബഹുമാന്യനായ മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ അവിടെ സമരം നടത്തുകയുണ്ടായി. ആ സമരത്തോട് കോൺഗ്രസ് സ്വീകരിച്ച

സമീപനമെന്താണ്; കേരളത്തിന് ഇത് ഭൂഷണമായ സമീപനമാണോ; കേന്ദ്രത്തിനെതിരായി ഞങ്ങൾ എന്തിന് ഇവിടെ സംസാരിക്കണമെന്നാണ് പ്രതിപക്ഷനേതാവ് നിയമസഭയിൽ ഉൾപ്പെടെ പറയുന്നത്. ഇന്ന് രാവിലെ അടിയന്തര പ്രമേയത്തിൽ സംസാരിച്ചപ്പോൾ അദ്ദേഹത്തിന്റെ ഒരു വാചകം ഞാൻ ശ്രദ്ധിച്ചിരുന്നു. 'ഞങ്ങൾ എന്തിന് ഇവിടെ കേന്ദ്രത്തിന്റെ സമീപനത്തിനെതിരായി സംസാരിക്കണം' എന്നാണ് അദ്ദേഹം പറഞ്ഞത്. നിരവധി പ്രതിപക്ഷ നേതാക്കന്മാർ 1957 മുതൽ കേരളത്തിലുണ്ടായിട്ടുണ്ട്. അതിൽ വിവിധ മുന്നണിയുടെ ഭാഗമായി പ്രവർത്തിച്ചവരുമുണ്ട്. ഞങ്ങളെല്ലാവരും പി. ടി. ചാക്കോ, കെ. കരുണാകൻ, ഉമ്മൻ ചാണ്ടി, ശ്രീ. എ. കെ. ആന്റണി എന്നീ പ്രതിപക്ഷ നേതാക്കാന്മാരെ ആദരപൂർവ്വം അംഗീകരിച്ചവരാണ്. അന്ന് കേരളത്തിന്റെ പൊതുകാര്യങ്ങൾ ഉയർന്നുവരുമ്പോൾ ഒറ്റക്കെട്ടായി ഒരുമിച്ച് ഏതുസമരത്തിന്റെ മുന്നിൽ പോകാനും ഏത് അധികാരികളുടെ മുന്നിൽ ചെന്ന് കാര്യങ്ങൾ അവതരിപ്പിക്കാനും സന്നദ്ധത പ്രകടിപ്പിച്ച പ്രതിപക്ഷ നേതാക്കന്മാരെ കണ്ട നാടാണ് നമ്മുടെ കേരളം. ഭൂതകാല അനുഭവങ്ങളിൽ ഞങ്ങൾ ഇടതുപക്ഷ ജനാധിപത്യമുന്നണി, കേരളത്തിന്റെ പൊതുപ്രശ്നങ്ങളിൽ എല്ലാകാലത്തും

ഭരണകക്ഷിയോട് അനുകൂലമായ സമീപനം സ്വീകരിച്ചിട്ടുണ്ട്. ചില ഉദാഹരണങ്ങൾ നിങ്ങൾക്കുമറിയാം, ഉമ്മൻചാണ്ടി മുഖ്യമന്ത്രി ആയിരുന്ന ഘട്ടത്തിൽ മുല്ലപെരിയാർ പ്രശ്നം, റബ്ബർ കർഷകരുടെ പ്രശ്നങ്ങൾ എന്നിവ ധരിപ്പിക്കാൻ അന്നത്തെ മുഖ്യമന്ത്രിയോടൊപ്പം പ്രതിപക്ഷ നേതാവായിരുന്ന സഖാവ് വി. എസ്. അച്യുതാനന്ദൻ പ്രധാനമന്ത്രിയെ കാണാൻപോയ അനുഭവം കേരളത്തിലുണ്ട്. യഥാർത്ഥത്തിൽ പ്രതിപക്ഷത്തിന്റെ പ്രധാനപ്പെട്ട ഉത്തരവാദിത്വമതാണ്. ആ ഉത്തരവാദിത്വം നിർവ്വഹിക്കാൻ സന്നദ്ധമായ പ്രതിപക്ഷനേതാക്കന്മാരെ കണ്ട നാടാണ് കേരളം. ഈ വർത്തമാന കാലയളവിൽ കേരളത്തിന്റെ പൊതുപ്രശ്നങ്ങൾ ഏറ്റെടുക്കാൻ എന്തുകൊണ്ടോ പ്രതിപക്ഷം യോജിച്ച നിലയിൽ സന്നദ്ധമാകുന്നില്ലെന്നത് നമ്മൾ കാണണം. എന്റെ ഓർമ്മ ശരിയാണെങ്കിൽ 2004-ൽ അതിശക്തമായൊരു ആരോപണം അന്നത്തെ മന്ത്രിസഭയിലെ രണ്ടാമനായിരുന്ന ബഹുമാന്യനായ ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടിക്ക് എതിരായി ഉയർന്നുവന്നു. അന്ന് പ്രതിപക്ഷത്തിന്റെ സമീപനം എന്തായിരുന്നുവെന്ന് പറയാനാണ് ഞാൻ ഇത് ഇവിടെ സൂചിപ്പിച്ചത്. 2004-ൽ ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടിക്കെതിരായി വലിയ പ്രക്ഷോഭങ്ങളും

സമരങ്ങളുമെല്ലാം ഈ കേരളത്തിന്റെ തെരുവിൽ നടന്നിരുന്ന അതേ കാലത്താണ് സുനാമി ദുരന്തമുണ്ടായത്. അത് കേരളത്തെ വലിയ പ്രതിസന്ധിയിലേയ്ക്ക് കൊണ്ടുപേകുകയും ചെയ്തു. അത്തരമൊരു സന്ദർഭത്തിൽ അന്നത്തെ പ്രതിപക്ഷമായിരുന്ന ഇടതുപക്ഷം സ്വീകരിച്ച സമീപനം, എല്ലാ വിധത്തിലുമുള്ള സമരങ്ങളും അവസാനിപ്പിച്ച് ദുരന്തമുഖത്തുള്ള കേരളത്തെ സംരക്ഷിക്കാനും ദുരിതാശ്വാസ പ്രവർത്തനങ്ങൾ ഏറ്റെടുക്കാനും രംഗത്തിറങ്ങണമെന്ന് ആഹ്വാനം ചെയ്ത പ്രതിപക്ഷനേതാവാണ് അന്ന് ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ ഭാഗമായി കേരളത്തിലുണ്ടായിരുന്നത്. ഇന്ന് നടത്തിക്കൊണ്ടിരിക്കുന്ന സമരങ്ങൾ താൽക്കാലികമായി അവസാനിപ്പിച്ച് ദുരന്ത മുഖത്ത് അകപ്പെട്ടുപോയ നമ്മുടെ കേരളത്തെ സംരക്ഷിക്കാനുള്ള പ്രവർത്തനത്തിൽ എല്ലാ സി.പി.ഐ.(എം)-ന്റെ പ്രവർത്തകരും അണിനിരക്കണമെന്നാണ് അന്നത്തെ സി.പി.ഐ.(എം)-ന്റെ സംസ്ഥാന സെക്രട്ടറിയായിരുന്ന സഖാവ് പിണറായി വിജയൻ പത്രസമ്മേളനം നടത്തി പറഞ്ഞത്. അങ്ങനെ അന്നത്തെ പ്രതിപക്ഷത്തിന്റെ സമീപനത്തെ കേരളം സ്വാഗതം ചെയ്തു. പക്ഷെ കേരളം എങ്ങനെയെങ്കിലും തകർന്ന് കാണണമെന്ന സമീപനമാണ് ഇന്നത്തെ

പ്രതിപക്ഷം സ്വീകരിക്കുന്നത്. കിഫ്ബി വഴി കേരളത്തിലെ 140 മണ്ഡലങ്ങളിലും വികസന അത്ഭുതങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്. ആരാണ് കിഫ്ബിക്ക് എതിരായി കോടതിയിൽ കേസിനുപോയത്; പ്രതിപക്ഷമല്ലേ; കോടതിയിൽ കിഫ്ബിക്കെതിരെ കേസ് ഫയൽ ചെയ്യുതും ആ കേസ് നടത്താൻ മുന്നിലുണ്ടായിരുന്നത് പ്രതിപക്ഷത്തിന്റെ ഭാഗമായിരിക്കുന്ന പ്രിയപ്പെട്ട മൂവാറ്റുപുഴ അംഗവുമല്ലേ; കേരളത്തിലെ യു.ഡി.എഫ്. അധികാരത്തിൽ വന്നാൽ ലൈഫ് ഭവന പദ്ധതി പിരിച്ചുവിടുമെന്നും അട്ടിമറിക്കുമെന്നും ഇല്ലാതാക്കുമെന്നും പറഞ്ഞത് യു.ഡി.എഫ്.-ന്റെ കൺവീനറായ ശ്രീ. എം. എം. ഹസ്സനാണ്. കേരളത്തിന്റെ അഭിമാന പദ്ധതിയായ കെ-ഫോൺ പദ്ധതി തകർക്കാൻ കേസുമായി കോടതിയിൽ പോയത് നമ്മുടെ പ്രിയപ്പെട്ട പ്രതിപക്ഷ നേതാവാണ്. അങ്ങനെ കേരളത്തിന്റെ എല്ലാ വികസന പ്രവർത്തനങ്ങളെയും തകർക്കുന്ന സമീപനമാണ് പ്രതിപക്ഷം സ്വീകരിക്കുന്നത്. ഇതുമായി ബന്ധപ്പെട്ട് പ്രതിപക്ഷ നേതാവ് കോടതിയിൽ സമീപിച്ചപ്പോൾ പ്രതിപക്ഷനേതാവിന് പബ്ലിസിറ്റി മാനിയ ആണോയെന്ന് സംശയിക്കേണ്ടിയിരിക്കുന്നുവെന്നാണ് കോടതി പരാമർശിച്ചത്. ഈ നിലയിൽ പബ്ലിസിറ്റിക്കുവേണ്ടി കേരളത്തിൽ

രാഷ്ട്രീയ പ്രവർത്തനം നടത്തുന്ന മുന്നണിയായി യു.ഡി.എഫ്. മാറിക്കൊണ്ടിരിക്കുന്ന സാഹചര്യത്തിലാണ് വികസനത്തിന്റെ പുതിയ സങ്കൽപ്പങ്ങളെ ജനങ്ങളുടെ മുന്നിൽ അവതരിപ്പിച്ച് അത് യാഥാർത്ഥ്യമാക്കാനുള്ള പ്രവർത്തനങ്ങൾ ഏറ്റെടുത്തുകൊണ്ട് ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് മുന്നോട്ടുപോകുന്നത്. അതിന് ഏറ്റവും കരുത്ത് പകരുന്ന ഒരു ബജ്ഡറ്റായി ഈ ബഡ്ജറ്റ് മാറുമെന്ന് ഒരിക്കൽകൂടി സൂചിപ്പിച്ചുകൊണ്ട് ഈ ബഡ്ജറ്റിനെ പിന്തുണയ്ക്കുകയാണ്.

<u>ശ്രീ. എൻ. കെ. അക്ബർ</u>: സർ, ഞാൻ ഈ ബഡ്ജറ്റിനെ പിന്തുണയ്ക്കുന്നു. സുന്ദരിയായി പോയതുകൊണ്ടുമാത്രം ജീവിതം ശാപമായി മാറിയ ചില പെൺജീവിതങ്ങളെ നമുക്ക് കാണാൻ സാധിക്കുന്നതാണ്. കേരളവും ഏതാണ്ട് അതുപോലെയാണ്. ആളോഹരി വരുമാനം വർദ്ധിച്ച, ജനസംഖ്യാ വർദ്ധനവ് നിയന്ത്രണ വിധേയമാക്കി തുടങ്ങിയ നേട്ടങ്ങൾ ഒരു കുറ്റമായി കണ്ട് നമ്മുടെ ആനുകൂല്യങ്ങൾ നിഷേധിക്കുകയാണ് നരേന്ദ്ര മോദി സർക്കാർ ചെയ്യുന്നത്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ബഡ്ജറ്റിൽ പറയുന്ന രണ്ടാം തലമുറ പ്രശ്നങ്ങൾ, ജീവിത ശൈലീരോഗങ്ങൾ, വയോജനങ്ങളുടെ വർദ്ധനവ് തുടങ്ങിയ മേഖലകൾക്ക് കേന്ദ്രം പരിഗണന

നൽകുന്നില്ല. ചൈനയിൽ 1970-ൽ ആരംഭിച്ച സ്പെഷ്യൽ ഡെവലപ്മെന്റ് സോൺ കേരളത്തിൽ നടപ്പാക്കാനുള്ള തീരുമാനം അഭിനന്ദനാർഹമാണ്. തുറമുഖ വികസനത്തിന് ഗ്ലോബൽ മാരിടൈം ഉച്ചകോടിയും അന്തർദേശീയ നിക്ഷേപ സംഗമവും നടത്താനുള്ള തീരുമാനവും പ്രശംസനീയമാണ്. വിഴിഞ്ഞം തുറമുഖം മേയ് മാസത്തോടെ പൂർണ്ണസജ്ജമാകുമെന്നത് വികസനത്തിൽ വിപ്ലവം സൃഷ്ടിക്കുന്നതാണ്. എൻ.എച്ച്. 66-ന്റെ നിർമ്മാണം പൂർത്തിയാകുന്നതോടെ പശ്ചാത്തല മേഖലയിൽ കേരളത്തിന്റെ മാറ്റം വിസ്മയകരമായി മാറുന്നതാണ്. 10 വർഷം മുമ്പ് ഇത് നമുക്ക് സ്വപ്നം കാണാൻ സാധിക്കുമായിരുന്നില്ല. കേന്ദ്ര അവഗണന തുടർന്നാൽ തുങ്ങിചാകാനും പൊട്ടിക്കരയാനുമല്ല നാം തീരുമാനിച്ചിട്ടുള്ളത്. അത് നേരിടാൻ 'പ്ലാൻ ബി' പുറത്തെടുക്കുമെന്ന് അങ്ങ് പറഞ്ഞത് ശൂരനാട് സഖാക്കളുടെ ശൗര്യം തന്നെയാണ് ഞങ്ങളതിൽ കാണുന്നത്. സജീവമായ ട്രഷറിയിൽ പൂച്ച പ്രസവിക്കുമോ; 2020-21-ൽ സംസ്ഥാനത്തിന്റെ മൊത്തം ചെലവ് 1,38,884 കോടി രൂപയും കഴിഞ്ഞ വർഷം 1,58,738 കോടി രൂപയുമാണ്. ഈ വർഷം അത് 1,68,407 കോടി രൂപയായി ഉയരുന്നതാണ്. ഏകദേശം 30,000 കോടി രൂപയുടെ വർദ്ധനവാണ്

മൂന്നുവർഷം കൊണ്ടുണ്ടായിരിക്കുന്നത്. ന്യായമായ ഒരു ചെലവും സർക്കാർ കുറച്ചിട്ടില്ല. നികുതി-നികുതിയേതര വരുമാനത്തിലും റെക്കോർഡ് വർദ്ധനവ് കാണാവുന്നതാണ്. 2020-21-ൽ നമ്മുടെ തനത് നികുതിവരുമാനം 47,661 കോടി രൂപയും കഴിഞ്ഞ വർഷം അത് 58,341 കോടി രൂപയുമാണ്. ഇപ്പോൾ അത് 78,000 കോടി രൂപയായി ഉയരുന്നതാണ്. ചുരുക്കിപ്പറഞ്ഞാൽ കേവലം നാലുവർഷം കൊണ്ട് നികുതി വരുമാനം ഇരട്ടിയാകുന്നു. തനത് വരുമാനം വർദ്ധിച്ചിട്ടും എന്തുകൊണ്ടാണ് ധനപ്രതിസന്ധി ഉണ്ടാകുന്നുവെന്ന് ചിലർ ചോദിക്കുന്നുണ്ട്. കേന്ദ്രം പിരിച്ചെടുക്കുന്ന നികുതിയിൽനിന്നും കേരളത്തിന് അവകാശപ്പെട്ട നികുതി വിഹിതംകൂടി ഉൾപ്പെടുന്നതാണ് നമ്മുടെ ആകെ നികുതിവരുമാനം. അതായത് കേരളത്തിന് 21 രൂപ നൽകുമ്പോൾ ഉത്തർപ്രദേശിൽ 46 രൂപയും ബീഹാറിൽ 70 രൂപയുമാണ് കേന്ദ്രം നൽകുന്നത്. അതുസംബന്ധിച്ച് ഈ 18 പാർലമെന്റ് അംഗങ്ങളും ഒരു അഭിപ്രായംപോലും പറയുന്നില്ലെന്നുള്ളത് സങ്കടകരമാണ്. മത്സ്യത്തൊഴിലാളി മേഖലകളിൽ കുറച്ചുകൂടി ഫണ്ട് നീക്കിവയ്ക്കണമെന്ന് അഭ്യർത്ഥിക്കുന്നു. പഞ്ഞമാസത്തെ അശ്വാസപദ്ധതി, പുനർഗേഹം, മത്സ്യഫെഡിനുള്ള ആനുകൂല്യം, മത്സ്യ

തുറമുഖങ്ങളിൽനിന്നും മണ്ണ് നീക്കം ചെയ്യൽ, ചാവക്കാട് കടപ്പുറത്തെ മുനക്കക്കടവ് ഫിഷ് ലാന്റിംഗ് സെന്ററിന്റെ സ്ഥലമെടുക്കൽ, മമ്മിയൂർ-ഗുരുവായൂർ ഫ്ലൈ ഓവർ നിർമ്മാണത്തിന് ഭരണാനുമതി നൽകൽ, ബീഡി വ്യവസായത്തിലും അതിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികൾക്കുമുള്ള ഇൻകം സപ്പോർട്ട് സ്കീം തുടങ്ങിയ കാര്യങ്ങൾക്കുകൂടി തുക നീക്കിവയ്ക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. നവകേരള സദസ്സ് ബഹിഷ്കരിക്കുമെന്നും കുറ്റവിചാരണ സദസ്സ് നടത്തുമെന്ന് ഇവർ ആദ്യം പറഞ്ഞു. ഇപ്പോൾ ഇത് രണ്ടും സ്വാഹയാണെന്ന് കണ്ടു. കറുത്ത കൊടി കാണിച്ചുവെന്നാണ് പിന്നെ അവർ പറഞ്ഞത്. കറുത്ത കൊടിയാണോ കാണിച്ചത്; ഇന്നർ ഡ്രസ്സുകളാണ് ഇവർ ബഹുമാന്യനായ മുഖ്യമന്ത്രിയുടെയും മന്ത്രിമാരുടെയും നേരെ കാണിച്ചത്. ഇന്ത്യൻ നാഷണൽ കോൺഗ്രസ് എന്നാണ് അതുവരെ നാട്ടുകാർ ഇവരെ വിളിച്ചിരുന്നത്. ഇപ്പോൾ അവർ ഇന്നർ നാഷണൽ കോൺഗ്രസ് എന്നാണ് വിളിച്ചത്.ബാബറി മസ്ജിദ് തകർക്കുമ്പോൾ കേന്ദ്ര ആഭ്യന്തര സെക്രട്ടറിയായിരുന്ന ഡോ. മാധവ് ഗോഡ്ബൊളെ എഴുതിയ 'The Babri Masjid Ram Mandir Dilemma: An Acid Test for India's Constitution' എന്നൊരു പുസ്തകമുണ്ട്. അദ്ദേഹം

അതിൽ രാജീവ് ഗാന്ധിയെ രണ്ടാം കർസേവകനെന്നും കല്യാൺ സിംഗിനെ നാലാം കർസേവകനെന്നുമാണ് വിശേഷിപ്പിച്ചത്. ഒന്നാം കർസേവകൻ കെ. കെ. നായരാണ്. പിന്നെ അദ്ദേഹം ഒരു കർസേവകനെ പ്രഖ്യാപിക്കുന്നുണ്ട്, അദ്ദേഹത്തിനാണ് കഴിഞ്ഞദിവസം ഭാരതരത്ന നൽകിയത്. താൻ പിരിച്ചുവിടാൻ ശിപാർശ ചെയ്തിട്ടും അന്നത്തെ യു.പി.-യിലെ കല്യാൺ സിംഗ് ഗവൺമെന്റിനെ പിരിച്ചുവിടാത്ത നരസിംഹറാവു ആണ് മറ്റൊരു കർസേവകനായി അദ്ദേഹം പറയുന്നത്. അന്നത്തെപ്പോലെ ഇന്നും കോൺഗ്രസിന് മൃദുഹിന്ദുത്വമാണ്. 2018-ലെ ബാബറി മസ്ജിദ് കേസിൽ സുന്നി വഖഫ് ബോർഡിന്റെ അഭിഭാഷകനായി കപിൽ സിബൽ കേസ് ഏറ്റെടുത്തപ്പോൾ അദ്ദേഹത്തോട് കേസിൽനിന്നും പിന്മാറാൻ കോൺഗ്രസ് ആവശ്യപ്പെട്ടത് ഭൂരിപക്ഷ വോട്ട് ലാക്കാക്കിയാണ്. ഇക്കഴിഞ്ഞ ജനുവരി 22-ന് ക്ഷേത്രപ്രതിഷ്ഠാ ചടങ്ങിൽ കമൽനാഥിന്റെ നേതൃത്വത്തിൽ ഹനുമാൻ ചാലിസ, രാഹുൽ ഗാന്ധിയുടെ ഹനുമാൻ വേഷം, കർണാടകയിൽ സർക്കാർ വക അവധി, 34563 ക്ഷേത്രങ്ങളിൽ ആഘോഷം, ഹിമാചൽ പ്രദേശ് മന്ത്രിയുടെ നേതൃത്വത്തിൽ അയോദ്ധ്യയിലേയ്ക്ക്, അന്ന് പൂർണ്ണ അവധി, ലോക്സഭ പിരിയുന്ന അവസാന ദിവസം രാമക്ഷേത്രം

നിർമ്മിച്ചതിന് അഭിനന്ദിച്ചുള്ള പ്രമേയത്തിൽ വിപ്പ് കൊടുത്ത് എല്ലാ കോൺഗ്രസ് എം.പി.-മാരോടും ആ യോഗത്തിൽ പങ്കെടുക്കാൻവേണ്ടി പറയുന്നു, ഇതിലും വലിയ നാണക്കേടെന്താണ്; പണ്ട് കോൺഗ്രസിൽനിന്നും ജഗൻജീവൻ റാവുവും മറ്റുമൊക്കെ രാജിവച്ച് പോയപ്പോൾ പറഞ്ഞത് 'ജഗൻജീവൻ പോയി, ജീവൻ പോയി, ബഹുഗുണ പോയി, ഗുണവും പോയി' എന്നാണ്. ഇപ്പോൾ 'കമൽനാഥ് പോയി, നാഥും പോയി, അശോക് ചൗഹാൻ പോയി എല്ലാം പോയി' എന്നാണ്. ആരാണ് അശോക് ചൗഹാൻ? കേരളത്തിൽ കോൺഗ്രസ് തോറ്റപ്പോൾ അതിനെക്കുറിച്ച് പഠിക്കാൻവേണ്ടി ഹൈക്കമാൻഡ് നിയോഗിച്ച കമ്മീഷൻ ചെയർമാന്റെ പേരാണ് അശോക് ചൗഹാൻ. അദ്ദേഹം കോൺഗ്രസിന്റെ റിപ്പോർട്ട് കൊടുത്തപ്പോൾ പറഞ്ഞത്, ഇനി കോൺഗ്രസിനെ രക്ഷിക്കാൻ നല്ല കക്ഷി ശ്രീ. കെ. സുധാകരനാണെന്നാണ്. അപ്പോൾ ചൗഹാന്റെ പ്രോഡക്ടാണ് ശ്രീ. കെ. സുധാകരൻ, അദ്ദേഹം പറയുന്നതെന്താണെന്ന് ഞാൻ പ്രത്യേകം പറയേണ്ടതില്ലല്ലോ; അശോക ചൗഹാനുമായി നമ്മുടെ മുൻപ്രതിപക്ഷ നേതാവ് ശ്രീ. രമേശ് ചെന്നിത്തല കഴിഞ്ഞ ആഴ്ച ബോംബെയിൽവച്ച് ദീർഘസമയമാണ് ചർച്ച നടത്തിയത്. ഇനി എന്തൊക്കെയുണ്ടാകും, ദൈവം

കാക്കട്ടെ എന്നാണ് എനിക്ക് അതുസംബന്ധിച്ച പറയാനുള്ളത്. ഇപ്പോൾ കൊല്ലത്ത് എം.പി.-ക്ക് പ്രേമം ചന്ദ്രനോടല്ല, മോദിയോടാണ്. എന്തായാലും എൻഗേജ്മെന്റ് കഴിഞ്ഞു, ഇനി മീനത്തിൽ താലികെട്ട് എന്നാണ് പറയുന്നത്. ധർമ്മടത്തെ യു.ഡി.എഫ്. സ്ഥാനാർത്ഥി, കാസർഗോഡ് ജില്ലയിലെ കെ.പി.സി.സി. അംഗം ഇവരൊക്കെ ഇപ്പോൾ എവിടെയാണ്? AICC അംഗത്തെയും ബി.ജെ.പി.-യുടെ അഖിലേന്ത്യാ സെക്രട്ടറിയെയും ഒരുമിച്ച് കാണണമെങ്കിൽ ചെല്ലുവിൻ ഭവാന്മാരെ തിരുവനന്തപുരത്തെ ജഗതിയിലെ ഈശ്വരവിലാസത്തിലെ 'അഞ്ജനയിൽ' അല്ലെങ്കിൽ അവിടത്തെ ചരിത്രം വായിക്കുവിൻ എന്നാണ് പറയുന്നത്. അവരാണിപ്പോൾ ശ്രീ. പിണറായി വിജയന്റെ ബോഡി ലാംഗ്വേജിനെക്കുറിച്ച് essay തയ്യാറാക്കുന്നത്. അടുത്ത ഭാരതരത്ന പുരസ്കാരത്തിന് രണ്ടുപേരെയാണ് പരിഗണിക്കേണ്ടത്. ഒന്ന് നമ്മുടെ പ്രതിപക്ഷ നേതാവിനെയും മറ്റൊന്ന് ശ്രീ. കെ. സുധാകരൻ അവർകളെയുമാണ്. പത്മഭൂഷൺ പുരസ്കാരം പലപ്പോഴും മൂവാറ്റുപുഴ അംഗത്തിന് ലഭിക്കാനാണ് സാധ്യത. അദ്ദേഹം ബാലനായിരിക്കെത്തന്നെ കുറ്റവാളിയാണ്. പി.ഡി.സി. പരീക്ഷയിൽ ക്രമക്കേട് നടത്തി അദ്ദേഹത്തെ ഡീബാർ ചെയ്തതുസംബന്ധിച്ചൊന്നും ഞാൻ

വിശദീകരിക്കുന്നില്ല. ഇപ്പോൾ അദ്ദേഹത്തിന് ഭൂസംരക്ഷണ നിയമം ലംഘിച്ചതിന് നോട്ടീസ് നൽകിയിരിക്കുകയാണ്. ഇങ്ങനെ രണ്ട് ക്രിമിനൽ കേസിൽ പ്രതിയായ ഒരാളാണ് മുഖ്യമന്ത്രിക്കും കുടുംബത്തിനും നേരെ ആക്ഷേപമുന്നയിക്കുന്നത്. ബിൽക്കിസ് ബാനുവിനെ മാനഭംഗപ്പെടുത്തിയ കേസിലെ പ്രതികളെല്ലാം നാരിശക്തിയെക്കുറിച്ച് സംസാരിക്കുന്നതുപോലെയാണ് മൂവാറ്റുപുഴ അംഗവും ഈ കുറ്റത്തിനെതിരെ സംസാരിക്കുന്നതെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. കേന്ദ്ര ഗവൺമെന്റ് ബഡ്ജറ്റിനെതിരെ ഒരക്ഷരം ഇവർ പറയുന്നില്ല. കേന്ദ്രത്തിന്റെ ഒരുരൂപ വരുമാനത്തിൽ 28 പൈസയും കടമാണ്. കേരളത്തിന് 15 പൈസ മാത്രമേ വരികയുള്ളൂ. കേന്ദ്രത്തിൽ ഒരു രൂപ ചെലവിന് പലിശ 20 പൈസ വരും. അത് കേരളത്തിൽ 14 പൈസ മാത്രം. എന്നിട്ടും ശ്രീ. എൻ. എ. നെല്ലിക്കുന്ന് ഉൾപ്പെടെയുള്ള അംഗങ്ങൾ പറയുന്നത്, 'കേരളം വലിയ കടക്കെണിയിലാണ്, കേന്ദ്രം വലിയ കേമത്തിലാണ്' എന്നാണ്. ഇവിടെ കേന്ദ്ര ഗവൺമെന്റിന്റെ നിലപാടിനെതിരായി ഒരക്ഷരം പറയാനോ ബി.ജെ.പി. സംഘ്പരിവാറിനെതിരായി ശക്തമായ ഒരു നിലപാട് സ്വീകരിക്കാനോപോലും കഴിയാതെ അവരുടെ 'ബി' ടീമായി

അധഃപതിച്ചിരിക്കുകയാണ് പ്രിയപ്പെട്ട കേരളത്തിലെ പ്രതിപക്ഷമെന്നുള്ളത് സങ്കടകരമാണ്. ഞാൻ കൂടുതൽ കാര്യങ്ങളിലേയ്ക്കൊന്നും പോകുന്നില്ല. ഒരിക്കൽക്കൂടി ഈ ബഡ്ജറ്റിനെ പിന്താങ്ങുന്നു.

<u>ശ്രീ. റോജി എം. ജോൺ</u>: സർ, ഞാൻ ഈ ബഡ്ജറ്റിനെ എതിർക്കുകയാണ്. ഗുരുവായൂർ അംഗത്തിന്റെ പ്രസംഗംപോലെ തന്നെയായിരുന്നു ധനകാര്യ വകുപ്പുമന്ത്രിയുടെ ബഡ്ജറ്റ് അവതരണവും. ഈ ചർച്ചയിൽ ബഡ്ജറ്റിനെ സംബന്ധിച്ച് പറയേണ്ടതൊന്നും ഗുരുവായൂർ അംഗവും പറഞ്ഞില്ല, അതുപോലെ തന്നെയായി ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയും. സാധാരണ നിലയിൽ ഒരു ബഡ്ജറ്റിൽനിന്നും സംസ്ഥാനമെന്താണോ ധനകാര്യ വകുപ്പുമന്ത്രിയിൽനിന്നും പ്രതീക്ഷിക്കുന്നത് അതൊന്നുമുണ്ടായില്ല. മറിച്ച് കേവലം രാഷ്ട്രീയ വിമർശനം മാത്രമായി ബഡ്ജറ്റിനെ മാറ്റിയെന്നത് വളരെ പരിതാപകരമായ സാഹചര്യമായിരുന്നു. ഞാൻ ബഡ്ജറ്റിനെക്കുറിച്ചുള്ള കൃത്യമായ കണക്ക് പറയാം. എല്ലാവരും കേട്ടോളൂ. കാരണം എല്ലാവരും ഇവിടെ പറയുന്ന 57,000 കോടി രൂപയുടെ ക്യാപ്സ്യൂൾ കഴിച്ചുകൊണ്ടിരിക്കുകയാണല്ലോ; ഇവിടെ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയും ഭരണപക്ഷത്തുള്ള അംഗങ്ങളും ആവർത്തിച്ച്

പറയുന്നത് 57,000 കോടി രൂപയുടെ നഷ്ടം കേന്ദ്ര സർക്കാർ മുഖേന സംസ്ഥാനത്തിനുണ്ടായി എന്നാണ്. ഇതിന്റെ കണക്കും വിഭജനവും എന്താണെന്നറിയാൻവേണ്ടി അടിയന്തര പ്രമേയത്തിന്മേലും മറ്റും ഞങ്ങൾ ആവർത്തിച്ച് ചോദിച്ചിട്ടുണ്ട്. പക്ഷെ കൃത്യമായ മറുപടിയൊന്നും പറഞ്ഞിട്ടില്ല. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി കേന്ദ്ര ധനകാര്യ വകുപ്പുമന്ത്രിക്ക് അയച്ചൊരു കത്തുണ്ട്. ആകെ 32,000 കോടി രൂപ കിട്ടാനുണ്ടെന്നാണ് അദ്ദേഹം ആ കത്തിൽ പറഞ്ഞിരിക്കുന്നത്. ആ 32,000 കോടി രൂപയുടെ കണക്ക് ഞങ്ങൾ പരിശോധിച്ചു. അത് അദ്ദേഹത്തിന്റെതന്നെ കണക്കുകളാണ്. ആ കണക്ക് പരിശോധിച്ചതിൽ റവന്യൂ ഡെഫിസിറ്റ് ഗ്രാന്റ് 8400 കോടി രൂപയാണ്. ഇക്കാര്യം ഇതേസഭയിൽ ഇതിനുമുമ്പും ഞാൻ പറഞ്ഞിട്ടുള്ളതാണ്. എന്നാലും ഇത് മനസ്സിലാക്കില്ലായെന്ന് നിർബന്ധമുള്ള ആളുകൾ ഇവിടെയുള്ളതുകൊണ്ട് ഒന്നുകൂടി പറയാം. 15-ാം ധനകാര്യ കമ്മീഷൻ കേരളത്തിന് അനുവദിച്ചത് 53,137 കോടി രൂപ. അതായത് 5 വർഷത്തേയ്ക്ക് 53,137 കോടി രൂപ. 16 സംസ്ഥാനങ്ങൾക്ക് ധനകാര്യ കമ്മീഷൻ റവന്യൂ ഡെഫിസിറ്റ് ഗ്രാന്റ് അനുവദിച്ചപ്പോൾ അതിൽ ഏറ്റവും കൂടുതൽ കിട്ടിയ സംസ്ഥാനം

കേരളമാണ്. കർണ്ണാടകത്തിന് സീറോ. കർണ്ണാടകത്തിന് ഒന്നും നൽകിയില്ല. ....(ബഹളം).... കേൾക്കൂ... പഠിക്കൂ...

മി. ചെയർമാൻ: പ്ലീസ്.... ബഹുമാനപ്പെട്ട അംഗം ചെയറിനെ നോക്കി സംസാരിക്കൂ. ....(ബഹളം)... ...പ്ലീസ്...പ്ലീസ്..... ബഹളം വയ്ക്കല്ലേ... പ്ലീസ്....പ്ലീസ്..

ശ്രീ. റോജി എം. ജോൺ: സർ, 8400 കോടി രൂപയുടെ കണക്ക് പറയാം. അഞ്ച് വർഷത്തേയ്ക്ക് അനുവദിക്കുന്ന തുകയാണത്. ഒരു ഉദാഹരണം പറയാം. ഞാൻ ശ്രീ. സണ്ണി ജോസഫിന് അഞ്ചുവർഷത്തേയ്ക്ക് 100 രൂപ അനുവദിക്കുന്നു. ആദ്യ രണ്ടുവർഷങ്ങളിൽ 20 രൂപ വീതവും മൂന്നാം വർഷം 40 രൂപയും വാങ്ങിച്ചു. അങ്ങനെ ആകെ 80 രൂപയാണ് വാങ്ങിച്ചത്. ബാക്കി ലഭിക്കാനുള്ള 20 രൂപയിൽ നാലാമത്തെ വർഷം 10 രൂപ ലഭിച്ചു. എന്നാൽ സംസ്ഥാന ധനകാര്യ വകുപ്പുമന്ത്രിയുടെ കണക്കുപ്രകാരം മൂന്നാം വർഷം ലഭിച്ച തുക നാലാം വർഷം ലഭിച്ചതിനെക്കാൾ കുറവാണെന്നാണ് പറയുന്നത്. ഇവിടെ അഞ്ചുവർഷത്തേയ്ക്ക് ലഭിക്കേണ്ട 57,000 കോടി രൂപയുടെ 90 ശതമാനവും മൂന്നുവർഷംകൊണ്ട് വാങ്ങിയതിനുശേഷം നാലാം വർഷം ലഭിച്ചത് കുറഞ്ഞുപോയിയെന്ന് പറയുകയാണ്. ഈ

കണക്കുകൾ പറഞ്ഞ് ആരെ കബളിപ്പിക്കാനാണ് ശ്രമിക്കുന്നത്.

[അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. കെ. ബാബു (നെന്മാറ)]

മി. ചെയർമാൻ: പ്ലീസ്...പ്ലീസ്....(ബഹളം).... പ്ലീസ്.... ബഹുമാനപ്പെട്ട അംഗം ശ്രീ. ലിന്റോ ജോസഫ്....പ്ലീസ്...പ്ലീസ്.. അദ്ദേഹം പ്രസംഗിക്കട്ടെ.

ശ്രീ. റോജി എം. ജോൺ: സർ, ശ്രീ. ലിന്റോ ജോസഫ് കണക്ക് പഠിക്കാൻ ശ്രമിക്കുക. അപ്പോൾ കാര്യങ്ങൾ മനസ്സിലാകും.

മി. ചെയർമാൻ: പ്ലീസ്...പ്ലീസ്..(ബഹളം) ..പ്ലീസ്.... ബഹുമാനപ്പെട്ട അംഗം ശ്രീ. ലിന്റോ ജോസഫ്....പ്ലീസ്...പ്ലീസ്.. ശ്രീ. കെ. എം. സച്ചിൻദേവ്... (ബഹളം)..പ്ലീസ്...പ്ലീസ്..ഇരിക്കൂ.

ശ്രീ. റോജി എം. ജോൺ: സർ, ഇവർക്ക് കണക്കുകൾ മനസ്സിലാക്കാൻ താല്പര്യമില്ല.

മി. ചെയർമാൻ: (ബഹളം) ......പ്ലീസ്...പ്ലീസ്... (ബഹളം) .......പ്ലീസ്...പ്ലീസ്.. ഇരിക്കൂ.

ശ്രീ. റോജി എം. ജോൺ: സർ, (ബഹളം) ക്യാപ്സ്യൂളുകൾ തൊണ്ട

തൊടാതെ വിഴുങ്ങുക മാത്രമാണ് ഇവരുടെ ഉദ്ദേശ്യം. അല്ലാതെ കണക്കുകൾ പഠിക്കാനായി ഇവർക്കാർക്കും താല്പര്യമില്ല. (ബഹളം) വളരെ ഉത്തരവാദിത്വബോധത്തോടുകൂടി ഞാനിവിടെ പറയുന്നു, ഇത് ഞാൻ പറഞ്ഞ കണക്കല്ല, കേരളത്തിന്റെ ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രി കേരളത്തിന്റെ നിയമസഭയിൽ നൽകിയിട്ടുള്ള കണക്കാണ്. ഇത് നിഷേധിക്കാനായി കേരളത്തിലെ ധനകാര്യ വകുപ്പുമന്ത്രിക്ക് സാധിക്കുമോ?

<u>മി. ചെയർമാൻ</u>: ......പ്ലീസ്...പ്ലീസ്...(ബഹളം).......പ്ലീസ്...പ്ലീസ്.. ശ്രീമതി ശാന്തകുമാരി കെ. ഇരിക്കു.. .......പ്ലീസ്...പ്ലീസ്.... പ്രസംഗിക്കു.....

രണ്ടാമത്തെ കണക്ക്, Restriction of Borrowing-നെ സംബന്ധിച്ചാണ്. അതായത് വായ്പയെടുക്കാൻ അനുവദിക്കാത്തത് സംബന്ധിച്ചാണ്. നമ്മുടെ വീട് പണയം വച്ച് ഒരു ബാങ്കിൽനിന്നും ആദ്യവർഷം 25 ലക്ഷം രൂപ ലോണെടുത്തു. അടുത്ത വർഷം ബാങ്കിൽപോയി പറയുകയാണ്, എന്റെ വീടിന്റെ താഴത്തെ നിലയിൽ ലിഫ്റ്റ് സ്ഥാപിക്കാനും സ്വിമ്മിംഗ് പൂൾ നിർമ്മിക്കാനും കാലിത്തൊഴുത്ത് നിർമ്മിക്കാനും എ.സി. വയ്ക്കാനും കൂടുതൽ വാഹനങ്ങൾ വാങ്ങാനും മറ്റുമായി വീണ്ടും 25 ലക്ഷം രൂപ കൂടി വായ്പ അനുവദിക്കണമെന്ന് ആവശ്യപ്പെടുകയാണ്. നിങ്ങൾക്ക് അനുവദിക്കാവുന്ന

ലോണിന്റെ പരമാവധി അനുവദിച്ചിട്ടുണ്ടെന്നും ഇനി കൂടതലായി അനുവദിക്കാൻ നിർവ്വാഹമില്ലെന്നും ബാങ്ക് അറിയിച്ചപ്പോൾ എന്റെ ഈ വർഷത്തെ വരുമാനത്തിൽ 25 ലക്ഷത്തിന്റെ കുറവുണ്ടായി എന്ന് പറയുന്നതുപോലെയാണ് വായ്പയെടുക്കാൻ ഞങ്ങളെ അനുവദിച്ചിരുന്നുവെങ്കിൽ 12,000 കോടി രൂപയുടെ അധികമുണ്ടാകുമായിരുന്നുവെന്ന് പറയുന്നത്. ഇത് എന്ത് കണക്കാണ്; ഇത് ബഹുമാനപ്പെട്ട മുൻ ധനകാര്യ വകുപ്പുമന്ത്രി ഡോ. ടി. എം. തോമസ് ഐസകിന്റെ ഫേസ്ബുക്ക് കുറിപ്പാണ്. നിങ്ങളുടെ ഏറ്റവും വലിയ സാമ്പത്തിക വിദഗ്ദ്ധനാണല്ലോ ഡോ. ടി. എം. തോമസ് ഐസക്; ഞങ്ങളൊക്കെ അംഗീകരിക്കുന്ന വ്യക്തിയുമാണ്. 2023 നവംബർ 28-ലെ അദ്ദേഹത്തിന്റെ ഫേസ്ബുക്ക് കുറിപ്പിൽ കേന്ദ്ര ഗവൺമെന്റിൽ നിന്ന് ലഭിക്കാനുള്ള കണക്കുകളെക്കുറിച്ച് വിശദമായി പറഞ്ഞിട്ടുണ്ട്. പെൻഷൻ കുടിശ്ശിക, യു.ജി.സി. ശമ്പള കുടിശ്ശിക, ഗ്രാമ വികസന ഗ്രാന്റ്, ഭക്ഷ്യസുരക്ഷ പദ്ധതി എന്നിവയ്ക്കായി 5,132 കോടി രൂപയാണ് ലഭിക്കാനുള്ളതെന്നാണ് അദ്ദേഹം പറയുന്നത്. അദ്ദേഹം ഈ സംസ്ഥാനം പറയുന്ന 57,000 കോടി രൂപയുടെ കണക്കൊന്നും കേട്ടിട്ടില്ലേ; അതോ അതൊക്കെ കേട്ടിട്ടും കേവലം

5000 കോടി രൂപ മാത്രമേ ലഭിക്കാനുള്ളൂവെന്ന് പറയുന്ന അദ്ദേഹം കേന്ദ്ര സർക്കാരിന്റെ ഏജന്റാണോ? നിങ്ങൾ മറുപടി പറയൂ. മറ്റൊരു കാര്യംകൂടി, കർണ്ണാടകം സമരം ചെയ്തതിനെക്കുറിച്ച് ഇവിടെ എല്ലാവരും സംസാരിച്ചു. കർണ്ണാടക സംസ്ഥാനം സമരം ചെയ്തതിന്റെ കാര്യം വ്യക്തമായി ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഇവിടെ പറഞ്ഞിട്ടുണ്ട്. നിങ്ങളുടെ സമരവും അവരുടെ സമരവും തമ്മിൽ വ്യത്യാസമുണ്ട്. കർണ്ണാടകം എന്തിനാണ് സമരം ചെയ്തതെന്ന് കൃത്യമായി മാധ്യമങ്ങളിൽ ആ സർക്കാർ തന്നെ വ്യക്തമാക്കിയിട്ടുണ്ട്. കർണ്ണാടകത്തിന് കഴിഞ്ഞ സാമ്പത്തികവർഷത്തിൽ വരൾച്ച ദുരിതാശ്വാസത്തിൽ 18,177 കോടി രൂപയും അപ്പർ ഭദ്രാ പ്രോജക്ടിൽ 5,300 കോടി രൂപയും ധനകാര്യ കമ്മീഷൻ അനുവദിച്ച തുകയിൽ 5,495 കോടി രൂപയും കേന്ദ്ര സർക്കാർ നൽകാനുണ്ടെന്ന് അവർ കൃത്യമായി പറയുന്നുണ്ട്. (..... ബഹളം .....)

മി. ചെയർമാൻ: പ്ലീസ് .... പ്ലീസ് .... ശ്രീ. കെ. എം. സച്ചിൻദേവ് അദ്ദേഹത്തെ പ്രസംഗിക്കാൻ അനുവദിക്കൂ.... ശ്രീ. ലിന്റോ ജോസഫ് ഇരിക്കൂ....

ശ്രീ. റോജി എം. ജോൺ: സർ, ഞാൻ വെല്ലുവിളിക്കുന്നു. ഞാൻ വളരെ

വിനയത്തോടുകൂടി .... ബഹുമാനപ്പെട്ട ചെയർമാൻ, ഞാൻ എങ്ങനെയാണ് സംസാരിക്കുന്നത്?

പ്രതിപക്ഷ നേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, ...(മൈക്ക് ഓഫ്)..

മി. ചെയർമാൻ: പ്ലീസ് .... പ്ലീസ് .... ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ്, അങ്ങിരിക്കൂ. അവർ ഇരുന്നല്ലോ; ശ്രീ. റോജി എം. ജോൺ പ്രസംഗിക്കൂ.

ശ്രീ. റോജി എം. ജോൺ: സർ, ഞാൻ ഇവിടെ സംസാരിച്ച എല്ലാ കാര്യങ്ങളും കണക്കുകളുടെ അടിസ്ഥാനത്തിലാണ് പറയുന്നത്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ശ്രീ. കെ. എൻ. ബാലഗോപാൽ നിയമസഭയിൽ ഞങ്ങൾക്ക് നൽകിയ മറുപടിയുടെ അടിസ്ഥാനത്തിലാണ് പറയുന്നത്.

മി. ചെയർമാൻ: ബില്ലുകൾ പരിഗണിക്കാനുള്ളതാണ്; പ്ലീസ് കൺക്ലൂഡ്.

ശ്രീ. റോജി എം. ജോൺ: സർ, മുൻ ധനകാര്യ വകുപ്പുമന്ത്രി ഡോ. ടി. എം. തോമസ് ഐസക്കിന്റെ കണക്കാണ് ഞാൻ ഇവിടെ ഉദ്ധരിച്ചത്.

കർണ്ണാടകം സമരം ചെയ്തതിന്റെ കൃത്യമായ കണക്കുകൾ ഇവിടെ പറയുകയുണ്ടായി. കടമെടുത്ത് മുടിയാൻ ഞങ്ങളെ അനുവദിക്കണമെന്ന് പറഞ്ഞുകൊണ്ടല്ല കർണ്ണാടകം കേന്ദ്രത്തിൽപോയി സമരം ചെയ്തത്. വരൾച്ച ദുരിതാശ്വാസത്തിന് ലഭിക്കാനുള്ള കുടിശ്ശിക, ധനകാര്യ കമ്മീഷൻ അനുവദിച്ച തുക, അപ്പർ ഭദ്രാ പ്രോജക്ടിൽ ലഭിക്കാനുള്ള 5,300 കോടി രൂപ എന്നിവ അനുവദിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ടാണ് അവർ സമരം ചെയ്തത്. കർണ്ണാടകവും കേരളവും സമരം നടത്തിയതിന്റെ വ്യത്യാസം നാട്ടുകാരോട് പറഞ്ഞില്ലെങ്കിലും സ്വയം ഒരു അറിവിലേയ്ക്കെങ്കിലും മനസ്സിലാക്കാൻ ശ്രമിക്കണം. എത്രകാലം നാട്ടുകാരെ പറ്റിച്ചുകൊണ്ട് കേരളത്തിന്റെ താൽപ്പര്യങ്ങളെ ഇല്ലാതാക്കാൻ സാധിക്കും. ഇക്കാര്യം കേന്ദ്ര സർക്കാരിനോട് പറയണമെന്ന് നിങ്ങൾ പറഞ്ഞല്ലോ; കേന്ദ്ര സർക്കാരിനോട് പറയേണ്ട കാര്യം ബഹുമാനപ്പെട്ട പ്രധാനമന്ത്രിയുടെയും സംസ്ഥാനത്ത് പറയേണ്ട കാര്യങ്ങൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെയും മുഖത്തുനോക്കി പറയും. ഒരു കാര്യം ഞങ്ങൾക്ക് വ്യക്തമായി. കേന്ദ്ര സർക്കാരിനോട് പറയേണ്ട കാര്യം എന്തുകൊണ്ടാണ് ഇവിടെ പറയുന്നതെന്ന് എപ്പോഴും ഇവിടെ ആവർത്തിച്ച്

ചോദിച്ചുകൊണ്ടിരിക്കുന്നതെന്ന് ഇപ്പോഴാണ് ഞങ്ങൾക്ക് മനസ്സിലായത്. കേന്ദ്ര സർക്കാരിന് ഏറ്റവും വിശ്വാസമുള്ള കേന്ദ്ര സർക്കാരിന്റെ സ്വന്തമാളാണ് ശ്രീ. പിണറായി വിജയൻ. അതുകൊണ്ട് കേന്ദ്ര സർക്കാരിനോട് പറയാനുള്ളത് ശ്രീ. പിണറായി വിജയനോട് പറഞ്ഞാൽ മതിയെന്നായിരിക്കും ഇവിടത്തെ ഭരണപക്ഷത്തെ അംഗങ്ങളുടെ ചിന്ത.

മി. ചെയർമാൻ: പ്ലീസ് കൺക്ലൂഡ്. പ്രസംഗം അവസാനിപ്പിക്കണം.

ശ്രീ. റോജി എം. ജോൺ: സർ, കേന്ദ്രത്തിനെതിരെ യു.ഡി.എഫ്. സമരം ചെയ്തപ്പോൾ അത് കണ്ടെയ്നർ സമരമാണെന്ന് പറഞ്ഞ എം.എൽ.എ.-മാരാണ് അപ്പുറത്തിരിക്കുന്നത്. ഇന്ത്യൻ പാർലമെന്റിന്റെ ചരിത്രത്തിൽ ഏറ്റവും കൂടുതൽ തവണ സസ്പെൻഡ് ചെയ്യപ്പെട്ട എം.പി. തൃശ്ശൂർ അംഗമായ ശ്രീ. ടി. എൻ. പ്രതാപനാണ്. അഞ്ച് തവണയാണ് കേന്ദ്ര സർക്കാരിനെതിരെ പ്രതിഷേധിച്ചതിന്റെ പേരിൽ അദ്ദേഹത്തെ സഭയിൽനിന്ന് സസ്പെൻഡ് ചെയ്തത്. അതിന് നേതൃത്വം നൽകിയത് കോൺഗ്രസാണ്. കേന്ദ്ര സർക്കാരിനെതിരായുള്ള പോരാട്ടം അവിടെയും സർക്കാരിനെതിരായുള്ള പോരാട്ടം ഞങ്ങൾ ഇവിടെയും നടത്തും.

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ,

പ്രതിപക്ഷാംഗങ്ങൾ സംസാരിക്കുമ്പോൾ നിരന്തരമായി തടസ്സപ്പെടുത്തുകയാണ്. ശ്രീ. റോജി എം. ജോണിന് ആകെ എട്ട് മിനിട്ടാണ് അനുവദിച്ചത്. അദ്ദേഹം ഒരു വിവാദ കാര്യങ്ങളിലേയ്ക്കും രാഷ്ട്രീയമായ കാര്യങ്ങളിലേയ്ക്കും പോയിട്ടില്ല. ബഡ്ജറ്റിൽ ഒതുങ്ങിനിന്നുകൊണ്ട് ബഡ്ജറ്റിലെ കാര്യങ്ങൾ മാത്രമാണ് സംസാരിക്കുന്നത്. ഇവിടെ ധനകാര്യ വകുപ്പുമന്ത്രിയും സർക്കാരും പറഞ്ഞ കാര്യങ്ങൾക്ക് മറുപടി പറയുകയാണ് ചെയ്യുന്നത്. പ്രതിപക്ഷാംഗങ്ങൾക്ക് സംസാരിക്കാനുള്ള പ്രൊട്ടക്ഷൻ ബഹുമാനപ്പെട്ട ചെയറിൽ നിന്ന് ലഭിക്കുമോ?

മി. ചെയർമാൻ: തീർച്ചയായും ലഭിക്കും.

ശ്രീ. വി. ഡി. സതീശൻ: സർ, വളരെ ഗൗരവത്തോടെ പറയുകയാണ്. ഞങ്ങൾ സംസാരിക്കുമ്പോൾ ഇങ്ങനെ തടസ്സപ്പെടുത്തുന്നത് ഞങ്ങൾക്ക് വളരെ ബുദ്ധിമുട്ടാണ്. ഇന്ന് രാവിലെ ഞാൻ വാക്കൗട്ട് പ്രസംഗം നടത്തുമ്പോഴും പ്രതിപക്ഷാംഗങ്ങൾ സംസാരിക്കുമ്പോഴും തടസ്സപ്പെടുത്തുകയാണ്. പ്രതിപക്ഷാംഗങ്ങൾക്കും ബഹളമുണ്ടാക്കി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെയോ ബഹുമാനപ്പെട്ട മന്ത്രിമാരുടെയോ പ്രസംഗം തടസ്സപ്പെടുത്താൻ സാധിക്കും. പ്രതിപക്ഷം അതിലേയ്ക്ക്

പോകുന്നില്ല. ഈ ചെയറിൽനിന്ന് പ്രതിപക്ഷാംഗങ്ങൾക്ക് സംരക്ഷണം ലഭിച്ചില്ലെങ്കിൽ ഞങ്ങൾക്കത് ഗൗരവമായി ആലോചിക്കേണ്ടി വരും. അത് ഞാൻ അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്.

മി. ചെയർമാൻ: ചെയർ ആലോചിക്കുന്നതാണ്.

ശ്രീ. പി. പി. സുമോദ്: സർ, ഞാൻ ഈ ബഡ്ജറ്റിനെ പിന്തുണയ്ക്കുകയാണ്. എനിക്ക് മുമ്പ് സംസാരിച്ച ശ്രീ. റോജി എം. ജോൺ, ഈ സഭയിൽ ബി.ജെ.പി.-യുടെ പ്രതിനിധിയുടെ കുറവ് നികത്തുന്ന രീതിയിൽ ഈ കാര്യങ്ങളെ സംബന്ധിച്ച് കുറുപ്പിന്റെ കണക്കുപുസ്തകം എന്ന രൂപത്തിൽ ഇവിടെ വിതണ്ഡവാദങ്ങൾ അവതരിപ്പിച്ചുകൊണ്ട് കേന്ദ്ര സർക്കാരിനെ ന്യായീകരിക്കുന്ന രൂപത്തിലുള്ള പ്രസംഗമാണ് ഇവിടെ നടത്തിയത്. (...... ബഹളം ...)

മി. ചെയർമാൻ: യെസ്..... യെസ്..... ശ്രീ. റോജി എം. ജോൺ... ഇരിക്കൂ. ശ്രീ. എം. വിൻസെന്റ്... ഇരിക്കൂ.

ശ്രീ. പി. പി. സുമോദ്: സർ, കേന്ദ്ര അവഗണനയുടെ കാർമേഘത്തിന്റെ കീഴിലായി കേരളത്തിന്റെ അധഃപതനം ആഗ്രഹിക്കുന്ന ഇക്കാലത്ത് തകരില്ല കേരളമെന്ന ഉജ്ജ്വലമായ പ്രഖ്യാപനമാണ് ഈ സൂര്യോദയ ബഡ്ജറ്റ്.

എല്ലാത്തിനെയും എതിർക്കുകയെന്ന സമീപനമാണ് കേരളത്തിലെ കോൺഗ്രസിനും യു.ഡി.എഫ്.-നുമുള്ളത്. ഇപ്പോൾ ഈ ബഡ്ജറ്റിനെയും എതിർക്കുകയാണ്. നവകേരള സദസ്സിനെ എതിർക്കുന്ന സമീപനമാണ് അവർ കേരളത്തിലുടനീളം സ്വീകരിച്ചത്. നവകേരള സദസ്സുമായി ബന്ധപ്പെട്ട് കേരളത്തിലെ 140 നിയോജകമണ്ഡലങ്ങളിലുടനീളം പതിനായിരക്കണക്കിന് ജനങ്ങളുമായാണ് സംസ്ഥാന മുഖ്യമന്ത്രിയും മന്ത്രിമാരും സംവദിച്ചത്. ഇത്തരത്തിൽ വളരെ പ്രധാനപ്പെട്ട ഒരു കാമ്പയിൻ നടക്കുമ്പോൾ അതിനെ തകർക്കാൻവേണ്ടി വിചാരണ സദസ്സ് നടത്തുന്ന സാഹചര്യമുണ്ടായി. ആ വിചാരണ സദസ്സ് നനഞ്ഞ പടക്കമായി എട്ടുനിലയിൽപ്പൊട്ടുകയും ചെയ്തു. ഇപ്പോൾ അതിന്റെ രണ്ടാം ഭാഗമായ സമരാഗ്നി എന്ന പുതിയ ഒരു കാമ്പയിനുമായി വന്നിരിക്കുകയാണ്. അണയാൻ പോകുന്ന അഗ്നിയാണ് സമരാഗ്നി. ഈ പാർലമെന്റ് തെരഞ്ഞെടുപ്പോടുകൂടി ആ സമരാഗ്നി എരിഞ്ഞ് ചാരമായിത്തീരുമെന്ന കാര്യത്തിൽ യാതൊരു തർക്കവുമില്ല. ഞങ്ങൾ കേരളത്തിൽ വികസനത്തിന്റെ സാദ്ധ്യതകൾ അതിശക്തമായി മുന്നോട്ടുവയ്ക്കുന്ന ഭരണത്തിന്റെ സാദ്ധ്യതകൾ ഉപയോഗപ്പെടുത്തി

പ്രവർത്തിക്കുന്നതോടൊപ്പംതന്നെ കേന്ദ്ര ഗവൺമെന്റിന്റെ അവഗണനയ്ക്ക് എതിരായുള്ള അതിശക്തമായ സമരവുമായി മുന്നോട്ടുപോകുകയാണ്. അതാണ് ഇക്കഴിഞ്ഞ ഫെബ്രുവരി 8-ാം തീയതി ഡൽഹിയിൽ നടന്ന സമരം. 1967-ൽ കേരളത്തിന്റെ ആദ്യത്തെ മുഖ്യമന്ത്രിയും ആധുനിക കേരളത്തിന്റെ ശില്പിയുമായ സഖാവ് ഇ.എം.എസ്. നമ്പൂതിരിപ്പാടാണ് ഭരണവും സമരവും എന്ന പ്രധാനപ്പെട്ട ഒരു മുദ്രാവാക്യം മുന്നോട്ടുവച്ചത്. അതിന്റെ പ്രായോഗികമായ ആവർത്തനമാണ് ഫെബ്രുവരി 8-ാം തീയതി ഡൽഹിയിൽ നടന്നത്. ഈ രാജ്യത്താകമാനമുള്ള പ്രതിപക്ഷത്തിന്റെ ഐക്യം, മാധ്യമശ്രദ്ധ, ബി.ജെ.പി. വിരുദ്ധ സംസ്ഥാന സർക്കാരുകളോട് എന്താണ് കേന്ദ്രം ചെയ്യുന്നതെന്നും ഡൽഹിയുടെ ഇന്ദ്രപ്രസ്ഥത്തിനകത്ത് ഉയർത്തിക്കൊണ്ടുവരാൻ സാധിക്കുന്ന തരത്തിലുള്ള സമരമായി അതുമാറി. ആ സമരത്തെപ്പോലും പുച്ഛിക്കുകയും ദുർബലപ്പെടുത്തുകയും ചെയ്യുന്ന സമീപനമാണ് യു.ഡി.എഫ്. സ്വീകരിക്കുന്നത്. അതുതന്നെയാണ് നവകേരള സദസ്സിലും അവർ സ്വീകരിച്ചത്. ഇത് ടൂറിസത്തിന്റെ കാലമാണ്. നിലവിൽ ടൂറിസത്തിന് വലിയ സാധ്യതയാണുള്ളത്. ഇപ്പോൾ നമ്മുടെ നാട്ടിലെ ചെറുപ്പക്കാർ റീൽസിലും അതോടൊപ്പം സോഷ്യൽ മീഡിയകളിലും പ്രധാനമായി

ഉയർത്തുന്ന ഒരു ഡയലോഗ്, 'മസനഗുഡി വഴി ഊട്ടിയിലേയ്ക്ക് ഒരു ട്രിപ്പ്' എന്നതാണ്. എന്നാൽ അതിപ്പോൾ, കോൺഗ്രസ്സ് വഴി ബി.ജെ.പി.-യിലേയ്ക്കൊരു ട്രിപ്പ് എന്ന രൂപത്തിലേയ്ക്ക് മാറേണ്ട സാഹചര്യമാണ്. കഴിഞ്ഞ പത്ത് വർഷത്തിനിടയിൽ 411 എം.എൽ.എ.-മാരാണ് മറുകണ്ടം ചാടിയതെന്ന് അവരുടെ ദേശീയ പ്രസിഡന്റ് തന്നെ പറഞ്ഞിട്ടുള്ളതാണ്. ഇപ്പോൾ ഏറ്റവും ഒടുവിൽ ശ്രീ. കമൽനാഥ് ബി.ജെ.പി.-യിലേയ്ക്ക് പോയി. ഇങ്ങനെ രാജ്യത്തും കേരളത്തിലുമെല്ലാം ബി.ജെ.പി.-യിലേയ്ക്ക് റിക്രൂട്ട്മെന്റ് നടത്തുന്ന ഏജൻസിയായി രാജ്യത്തെ കോൺഗ്രസ്സ് മാറുന്ന സാഹചര്യമാണ് നമുക്ക് കാണാൻ കഴിയുന്നത്. ഈ അടുത്ത കാലത്ത് എന്നെ അത്ഭുതപ്പെടുത്തിയ ഒരു പത്രപ്രസ്താവന മുസ്ലീം ലീഗിന്റെ സമുന്നതനായ നേതാവ് ശ്രീ. പാണക്കാട് സാദിഖ് അലി ശിഹാബ് തങ്ങളുമായി ബന്ധപ്പെട്ടതാണ്. രാമക്ഷേത്ര നിർമ്മാണവുമായി ബന്ധപ്പെട്ട് അദ്ദേഹം പറഞ്ഞത്, അത് ഇന്ത്യയുടെ മതേതരത്വത്തെ ശക്തിപ്പെടുത്തും എന്നാണ്. മഹാനായ സി. എച്ച്. മുഹമ്മദ്കോയ, ആർ.എസ്.എസ്.-നെക്കുറിച്ച് പറഞ്ഞത്....

<u>ശ്രീ. കുറുക്കോളി മൊയ്തീൻ</u>: സർ, (മൈക്ക് ഓഫ്)

<u>മി. ചെയർമാൻ</u>: ശ്രീ. കുറുക്കോളി മൊയ്തീൻ, പ്ലീസ്.. പ്ലീസ്... ദയവായി

അങ്ങ് സീറ്റിലിരിക്കണം.

ശ്രീ. പി. പി. സുമോദ്: സർ, "കടലിൽ പായിട്ട് നിസ്കരിക്കേണ്ടിവന്നാലും ആർ.എസ്.എസ്.-നെ വിശ്വസിക്കരുത്" എന്നാണ്. അത്തരത്തിൽ പാരമ്പര്യമുള്ള ലീഗിന്റെ പുതിയകാല സംസ്ഥാന പ്രസിഡന്റ് പറഞ്ഞ വാർത്തയാണ് ഞാൻ നേരത്തെ സൂചിപ്പിച്ചത്. ഈ രൂപത്തിലേയ്ക്കാണ് കാര്യങ്ങൾ പോകുന്നത്. ഗ്യാൻ വാപി, താജ്മഹൽ ഉൾപ്പെടെയുള്ള പ്രധാനപ്പെട്ട....

ശ്രീ. പി. ഉബൈദുള്ള: സർ, പോയിന്റ് ഓഫ് ഓർഡർ.

മി. ചെയർമാൻ: ബഹുമാനപ്പെട്ട അംഗം ചട്ടം വ്യക്തമാക്കണം.

ശ്രീ. പി. ഉബൈദുള്ള: സർ, ചട്ടം 307. സഭയിലില്ലാത്തതും കേരളം ആദരിക്കുന്നതുമായ മുസ്ലീം ലീഗിന്റെ സംസ്ഥാന പ്രസിഡന്റിനെക്കുറിച്ച് വാസ്തവ വിരുദ്ധമായ കാര്യങ്ങളാണ് ബഹുമാനപ്പെട്ട അംഗം പറഞ്ഞുകൊണ്ടിരിക്കുന്നത്. അത് രേഖയിൽ നിന്നും നീക്കം ചെയ്യണം.

മി. ചെയർമാൻ: ഇക്കാര്യം പരിശോധിച്ച് ആവശ്യമായ തീരുമാനമെടുക്കാം+.

---

\+ ബഹുമാനപ്പെട്ട സ്പീക്കറുടെ ഉത്തരവുപ്രകാരം (ഫയൽ നം. 2754/ഇ.ബി./2024/നി.സെ. തീയതി 15.02.2024) രേഖയിൽ നിലനിർത്തി.

<u>ശ്രീ. പി. പി. സുമോദ്</u>: സർ, ഇക്കാര്യത്തെ സംബന്ധിച്ച് പത്രമാധ്യമങ്ങളിലെ വാർത്തകൾ ശ്രദ്ധിച്ചാൽ, ഈ രൂപത്തിലേയ്ക്ക് കാര്യങ്ങൾ പോകുന്ന സാഹചര്യം നമുക്ക് കാണാൻ കഴിയും. കഴിഞ്ഞ ദിവസം സി.പി.ഐ.(എം)-ന്റെ അഖിലേന്ത്യാ ജനറൽ സെക്രട്ടറി ശ്രീ. സീതാറാം യെച്ചൂരിയുടെ പ്രസംഗത്തിൽ ഭാരതരത്ന പുരസ്കാരത്തെ സംബന്ധിച്ച് പ്രത്യേകം സൂചിപ്പിക്കുകയുണ്ടായി. ഇപ്പോൾ ബി.ജെ.പി. സർക്കാർ രാജ്യത്ത് ഭാരതരത്ന പ്രഖ്യാപിച്ചുകൊണ്ടിരിക്കുകയാണ്. അത് വോട്ട് ബാങ്കിനുവേണ്ടിയാണ്. കർപ്പൂരി താക്കൂറിന് ഭാരതരത്ന പ്രഖ്യാപിച്ചപ്പോൾ ബീഹാർ മുഖ്യമന്ത്രി ശ്രീ. നിതീഷ് കുമാർ ബി.ജെ.പി. പാളയത്തിലെത്തി. യു.പി.-യിൽ ചൗധരി ചരൺസിംഗിന് ഭാരതരത്ന ബഹുമതി നൽകിയപ്പോൾ അദ്ദേഹത്തിന്റെ കൊച്ചുമകനും ആർ.എൽ.ഡി. നേതാവുമായ ശ്രീ. ജയന്ത് ചൗധരി അവർക്കൊപ്പം പോയി. കർഷകരോഷം ശമിപ്പിക്കാനായി ഹരിത വിപ്ലവത്തിന്റെ ശില്പി എം.എസ്. സ്വാമിനാഥനും ബി.ജെ.പി. ഭാരതരത്ന പ്രഖ്യാപിച്ചു. മുൻ പ്രധാനമന്ത്രി പി. വി. നരസിംഹറാവുവും ഇതിൽ ഉൾപ്പെടുന്നു. അദ്ദേഹം കോൺഗ്രസ്സിന്റെ ദേശീയ നേതാവും നമ്മുടെ രാജ്യത്തിന്റെ പ്രധാനമന്ത്രിയുമായിരുന്നു. എന്തിനാണ് ഭാരതരത്ന പ്രഖ്യാപിച്ചത്; ബാബറി മസ്ജിദ് പൊളിക്കാൻ ആർ.എസ്.എസ്.-

നെ സഹായിക്കുന്ന രൂപത്തിൽ അന്ന് രാജ്യം ഭരിച്ച പ്രധാനമന്ത്രിയായിരുന്ന പി. വി. നരസിംഹറാവു. നമ്മുടെ രാജ്യത്ത് മതശക്തികൾക്ക് ആധിപത്യം സ്ഥാപിക്കാൻ ആവശ്യമായ നിലപാടുകളാണ് അന്നെടുത്തത്. ഇതിന്റെ പ്രത്യുപകാരം എന്ന രൂപത്തിലാണ് നരസിംഹറാവുവിന് ഇപ്പോൾ പ്രഖ്യാപിച്ച ഭാരതരത്ന ബഹുമതി. ഇനിയും കൂടുതൽ കോൺഗ്രസ്സുകാരെ ബി.ജെ.പി. വിലയ്ക്കെടുക്കും. ഇന്ത്യയെ ഹിന്ദുരാഷ്ട്രമാക്കി മാറ്റാൻ ശ്രമിക്കുന്ന ആർ.എസ്.എസ്.-ന് എന്താണ് കുഴപ്പമെന്നും ഒരു കാലത്ത് ആർ.എസ്.എസ്.-ന്റെ ശാഖയ്ക്ക് കാവൽ നിന്നിട്ടുണ്ടെന്ന് പറയുന്ന കെ.പി.സി.സി. പ്രസിഡന്റിന് കേന്ദ്രസർക്കാർ പത്മശ്രീ കൊടുത്താലും അത്ഭുതപ്പെടേണ്ടതില്ലെന്നാണ് എനിക്ക് ഈ അവസരത്തിൽ സൂചിപ്പിക്കാനുള്ളത്.

ബഡ്ജറ്റുമായി ബന്ധപ്പെട്ട് ഒറ്റ നോട്ടത്തിൽ കണ്ണോടിച്ചാൽ, സർവ്വമേഖലയിലും ഒട്ടേറെ വികസന സാധ്യതകൾ കണക്കുകൂട്ടി കൃത്യമായ പ്രഖ്യാപനങ്ങളും അതോടൊപ്പം നടപ്പാക്കാൻ ആവശ്യമായ പ്രവർത്തനങ്ങളും പ്രഖ്യാപിച്ചിട്ടുണ്ടെന്ന് നമുക്ക് മനസ്സിലാക്കാൻ കഴിയും. ടൂറിസം മേഖലയിൽ 5000 കോടി രൂപയുടെ നിക്ഷേപം ബഡ്ജറ്റിന്റെ ഭാഗമായി ഉയർത്തിപ്പിടിച്ചിട്ടുണ്ട്. 2025 നവംബർ മാസത്തോടുകൂടി അതിദാരിദ്ര്യം ഇല്ലാത്ത

സംസ്ഥാനമെന്ന നിലയിലേയ്ക്ക് കേരളം മാറാൻ ആവശ്യമായ ശ്രദ്ധേയമായ നിലപാട് ബഡ്ജറ്റിൽ കാണാൻ കഴിയും. സ്വകാര്യ പങ്കാളിത്തത്തോടുകൂടി അന്തർദേശീയ നിലവാരത്തിലുള്ള കെയർ സെന്ററുകൾ ബഡ്ജറ്റിന്റെ പ്രധാനപ്പെട്ട മുഖമുദ്രയാണ്. ക്ഷേമ പെൻഷൻ കൃത്യമായി നൽകാൻ സംവിധാനമുണ്ടാകുമെന്ന് ബഡ്ജറ്റിൽ ധനകാര്യ വകുപ്പുമന്ത്രി മുന്നോട്ടുവച്ചിട്ടുണ്ട്. അധിക വിഭവസമാഹരണത്തിൽ വലിയ മുന്നേറ്റമാണ് ഉണ്ടായിക്കൊണ്ടിരിക്കുന്നത്. അത് ഇനിയും അനസ്യൂതം തുടരുമെന്ന് പറഞ്ഞിട്ടുണ്ട്. 2025 മാർച്ച് മാസത്തിനകം ലൈഫ് പദ്ധതിപ്രകാരം വീട് ലഭിച്ച കുടുംബങ്ങളുടെ എണ്ണം 5 ലക്ഷത്തിലെത്തിക്കുമെന്നതും ഈ ബഡ്ജറ്റിന്റെ ഭാഗമായി ഉൾക്കൊള്ളിച്ചിട്ടുണ്ട്. എന്റെ നിയോജകമണ്ഡലത്തിൽ 2017-ൽ കിഫ്ബി പദ്ധതിയുടെ ഭാഗമായി കഴനി-പഴമ്പാലക്കോട് റോഡുമായി ബന്ധപ്പെട്ട പ്രഖ്യാപനമുണ്ടായിരുന്നു. ചേലക്കര-ആലത്തൂർ-തരൂർ നിയോജകമണ്ഡലങ്ങളെ ബന്ധിപ്പിക്കുന്ന റോഡാണിത്. വേണ്ടത്ര വീതിയില്ലെന്ന കാരണം പറഞ്ഞുകൊണ്ട് പ്രസ്തുത റോഡിന്റെ നിർമ്മാണം തടസ്സപ്പെടുത്തുന്ന സാഹചര്യമാണ് നിലവിലുള്ളത്. പത്ത് മീറ്റർ വീതിയിൽ റോഡ് അളന്ന് തിട്ടപ്പെടുത്തിക്കൊണ്ട്, ആ റോഡിന്റെ നിർമ്മാണപ്രവർത്തനം

അടിയന്തരമായി പൂർത്തീകരിക്കാൻ ആവശ്യമായ ഇടപെടൽ ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി മുൻകയ്യെടുത്ത് ചെയ്യണം. അതോടൊപ്പം നിയോജകമണ്ഡലത്തിലെ ഏറ്റവും പ്രധാനപ്പെട്ട വികസന സാധ്യതയായ വ്യവസായ പാർക്കിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് സ്ഥലമേറ്റെടുക്കൽ നടപടികൾ എത്രയും വേഗം പൂർത്തീകരിക്കണം. 2026-ഓടുകൂടി വ്യവസായ പാർക്ക് യാഥാർത്ഥ്യമാക്കാൻ ആവശ്യമായ നടപടികൾ ഉൾപ്പെടെ ദ്രുതഗതിയിൽ സംസ്ഥാന സർക്കാർ പ്രവൃത്തികൾ ഏറ്റെടുക്കണമെന്ന് സൂചിപ്പിച്ചുകൊണ്ട്, ഒരിക്കൽ കൂടി ബഡ്ജറ്റിനെ പിന്തുണച്ചുകൊണ്ട് അവസാനിപ്പിക്കുന്നു.

<u>ശ്രീ. സി. കെ. ഹരീന്ദ്രൻ</u>: സർ, ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ച ബഡ്ജറ്റിനെ ഞാൻ പിന്തുണയ്ക്കുന്നു. കേന്ദ്ര ധനകാര്യ വകുപ്പുമന്ത്രി ശ്രീമതി നിർമ്മലാ സീതാരാമൻ അവതരിപ്പിച്ച ബഡ്ജറ്റ് പുതിയ ആശയങ്ങളോ സ്കീമുകളോ ഇല്ലാത്ത വാചകമേളയായിരുന്നു. GDP-യ്ക്ക് പുതിയ നിർവ്വചനം നൽകിയിരിക്കുകയാണ്. GDP എന്നാൽ 'Gross Domestic Product' എന്നല്ല, 'Governance, Development and Performance' എന്നാണ്. ഇവയൊന്നും നരേന്ദ്രമോദി സർക്കാരിനില്ലെന്നും നമുക്കറിയാം. മോദി സർക്കാരിന് മുമ്പുള്ള 10 വർഷം 7.8 ശതമാനംവച്ച് ഉയർന്ന ജി.ഡി.പി. മോദി ഭരണകാലത്ത് 5.8

ശതമാനംവച്ചാണ് ഉയർന്നത്. നോട്ട് നിരോധനം പോലുള്ള മണ്ടത്തരങ്ങൾ കാരണമാണ് സമ്പദ്ഘടനയ്ക്ക് ഈ ദുർഗ്ഗതിയുണ്ടായതെന്നാണ് സാമ്പത്തിക വിദഗ്ദ്ധർ അഭിപ്രായപ്പെട്ടിട്ടുള്ളത്. കോവിഡ് കാലത്ത് ഏറ്റവും കൂടുതൽ ഉൽപ്പാദനം ഇടിഞ്ഞ രാജ്യങ്ങളിലൊന്നായി ഇന്ത്യ മാറിയത് ശ്രീ. നരേന്ദ്രമോദിയുടെ യാഥാസ്ഥിതിക ധനനയംമൂലമാണ്. കോവിഡ് കാലത്ത് ഏറ്റവും ചുരുങ്ങിയ ഉത്തേജന പാക്കേജ് നടപ്പാക്കിയ രാജ്യമാണ് ഇന്ത്യ. ആ നയം തന്നെയാണ് ഇപ്പോഴും പിന്തുടരുന്നത്. ഇന്ത്യയിലെ പൊതുമേഖലാ കമ്പനികളുടെ മൊത്തം ആസ്തി 65 ലക്ഷം കോടി രൂപയാണ്, ഷെയറുകൾ വിറ്റുതുലയ്ക്കുകയാണ്. വിവിധ പൊതുമേഖലാ ബാങ്കുകളുടെ ആകെ ആസ്തി 127 ലക്ഷം കോടി രൂപയാണ്. അവയും വിറ്റഴിയ്ക്കുകയാണ്. കാർഷിക മേഖലയിൽ വലിയ മാറ്റമില്ല. വ്യാവസായിക വളർച്ച മുരടിക്കുകയാണ്. കൂടുതൽ വരുമാനം കണ്ടെത്തി ചെലവ് വർദ്ധിപ്പിക്കണം. തൊഴിലുറപ്പ് പോലുള്ള ജനകീയ പദ്ധതികൾക്ക് തുക വർദ്ധിപ്പിച്ച് വിപണിയെ ഉണർത്തണം. സമ്പദ്ഘടന നേരിടുന്ന വെല്ലുവിളി മറികടക്കാൻ കേന്ദ്രത്തിന്റെ നയം മാറ്റണം. ധനവിഭവങ്ങളുടെ പരിമിതി സംസ്ഥാനങ്ങളെ ഞെരുക്കുന്ന ഇക്കാലത്ത് കൃത്യമായ സാമ്പത്തികാസൂത്രണം അനിവാര്യമാണ്. കേരളത്തിന്റെ സാമ്പത്തിക

വളർച്ചയുടെ ഗതിവേഗം വർദ്ധിപ്പിക്കുന്നതിന് പ്രാമുഖ്യം നൽകുമ്പോൾതന്നെ ദരിദ്രരുടേയും സാധാരണക്കാരുടേയും ജീവിതത്തിന് കരുതൽ നൽകാനും അവരുടെ പ്രാപ്തി വർദ്ധിപ്പിക്കാനും ശ്രമിച്ചിരിക്കുന്നു. ഇതുവരെ വിവിധ മേഖലകളിൽ കൈവരിച്ച നേട്ടങ്ങൾ നിലനിർത്തുന്നതിന് ഗണ്യമായ ധനവിഭവങ്ങൾ ആവശ്യമായിരിക്കെ, ഭാവിയിലെ വികസനക്കുതിപ്പിന് ഉതകുന്ന പ്രവർത്തനങ്ങൾ വിഭാവനം ചെയ്യാൻ ഈ ബഡ്ജറ്റിന് കഴിഞ്ഞിട്ടുണ്ട്. സമ്പദ്‌വ്യവസ്ഥയുടെ വളർച്ചയുടെ സൂചകങ്ങൾ സമ്പദ്‌വ്യവസ്ഥയെ പുനരുജ്ജീവിപ്പിക്കാൻ നടത്തിയ ശ്രമങ്ങൾക്ക് ഫലം കണ്ടു എന്നതിന്റെ ലക്ഷണങ്ങളാണ്. ദാരിദ്ര്യനിരക്ക് ഏറ്റവും കുറഞ്ഞ സംസ്ഥാനമാണ് കേരളം. ആരോഗ്യ-വികസന സൂചികയിലും കേരളം ഒന്നാം സ്ഥാനത്താണ്. സംസ്ഥാനത്ത് സൃഷ്ടിക്കപ്പെടുന്ന പുതിയ ഗതാഗത സൗകര്യങ്ങൾ, വാർത്താ വിനിമയ സൗകര്യങ്ങൾ, വിഴിഞ്ഞം തുറമുഖം പോലുള്ള ബൃഹത് സംവിധാനങ്ങൾ എന്നിവ പൂർണ്ണമായും ഉപയോഗിക്കാനുള്ള നിർദ്ദേശങ്ങളും ബഡ്ജറ്റിലുണ്ട്. വിഴിഞ്ഞം തുറമുഖത്തോട് അനുബന്ധിച്ച് ഉയർന്നുവരുന്ന പുതിയ സൗകര്യങ്ങളെ അടിസ്ഥാനമാക്കി പ്രത്യേക വികസന പദ്ധതികൾക്ക് ലക്ഷ്യം വയ്ക്കുന്നു. നമ്മുടെ സുശക്തമായ തദ്ദേശസ്വയംഭരണ സംവിധാനമാണ് മറ്റ്

സംസ്ഥാനങ്ങളിൽനിന്നും കേരളത്തെ വ്യത്യസ്തമാക്കുന്നത്. താഴെത്തട്ടിലുള്ള വികസനത്തോടുള്ള പ്രതിബന്ധത ബഡ്ജറ്റിൽ വ്യക്തമായി കാണാം. ധനകാര്യ കമ്മീഷന്റെ നിർദ്ദേശപ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് പദ്ധതി വിഹിതം വർദ്ധിപ്പിച്ചിട്ടുണ്ട്. ഇതിന്റെ ഫലപ്രദമായ വിനിയോഗം സംസ്ഥാനത്തിന്റെ സാമ്പത്തിക വളർച്ചയുടെ വേഗം വർദ്ധിപ്പിക്കുന്നതാണ്. അതിദാരിദ്ര്യത്തിന്റെ രണ്ടാംഘട്ട പ്രവർത്തനത്തിലേയ്ക്ക് കടക്കുമ്പോൾ അവയ്ക്ക് ആശ്വാസമായി 50 കോടി രൂപ നീക്കിവച്ചിട്ടുണ്ട്. ഹിന്ദുത്വ അജണ്ട ഒളിപ്പിച്ച് വികസന മുദ്രാവാക്യങ്ങൾ ഉയർത്തുന്ന മോദി സർക്കാർ അധികാരത്തിൽ വന്നിട്ട് പത്തുവർഷം തികയുകയാണ്. സങ്കുചിത ദേശീയത ഏറ്റവും വലിയ രാഷ്ട്രീയ ആയുധമായി മാറ്റപ്പെട്ട വർത്തമാനകാല ഇന്ത്യയിൽ നമ്മുടെ സാംസ്കാരിക ചരിത്രത്തെയും ഭൂതകാല ചിന്താധാരകളെയും സൂക്ഷ്മവും വ്യക്തവുമായി മനസ്സിലാക്കേണ്ടതുണ്ട്. ഇത് കേവലം ഭാവനയിൽ പിറവിയെടുക്കുന്നതോ നമ്മുടെ കാൽപ്പനിക രാഷ്ട്രീയ സ്വപ്നങ്ങൾക്ക് നിറം പകരാൻവേണ്ടി മാത്രം നിർമ്മിക്കപ്പെടുന്നതോ ആയിക്കൂടാ. വൈദിക കാലഘട്ടത്തിന്റെ ഉൽപ്പന്നമായ ഋഗ്വേദത്തെ വികലവും സങ്കുചിതവുമായി കൈകാര്യം ചെയ്ത് തങ്ങൾക്കനുകൂലമാക്കി തീർക്കുന്ന പ്രവണതകൾ

സാംസ്കാരിക ദേശീയവാദികൾ നടത്തിക്കൊണ്ടിരിക്കുകയാണ്. ഇന്ത്യൻ പാരമ്പര്യത്തിലെ ബഹുസ്വര മൂല്യങ്ങൾക്കുവേണ്ടി നിലകൊള്ളാൻ എല്ലാവരേയും ഓർമ്മപ്പെടുത്തുന്ന അനുഭവങ്ങളാണ് ഇന്ത്യൻ രാഷ്ട്രീയത്തിൽ വന്നുകൊണ്ടിരിക്കുന്നത്. പ്രതിപക്ഷ പാർട്ടികൾ ഭരിക്കുന്ന സംസ്ഥാനങ്ങൾക്കുമേൽ സാമ്പത്തിക ഉപരോധം ഏർപ്പെടുത്തി ഭരണത്തെയും ജനങ്ങളെയും പ്രതിസന്ധിയിലാക്കാനുള്ള കേന്ദ്രസർക്കാർ നടപടിക്കെതിരെ രാജ്യത്താകെ ശക്തമായ പ്രതിരോധം ഉയർന്നുവരികയാണ്. കേന്ദ്രത്തിനെതിരെ സംസ്ഥാനങ്ങൾ കൂട്ടത്തോടെ സമരം പ്രഖ്യാപിക്കുന്ന അപൂർവ്വ സാഹചര്യമാണ് ഇന്ന് രാജ്യത്ത് സംജാതമായിരിക്കുന്നത്. പ്രതിപക്ഷ പാർട്ടികൾ ഭരിക്കുന്ന എല്ലാ സംസ്ഥാനങ്ങളും കേന്ദ്രസർക്കാരിന്റെ വിവേചനത്തിനെതിരെ പ്രത്യക്ഷ സമരത്തിലാണ്. എന്നാൽ നമ്മുടെ കേരളത്തിലെ പ്രതിപക്ഷം ഇക്കാര്യങ്ങൾ കണ്ടില്ലെന്ന് നടിക്കുകയാണ്. ഇപ്പോൾ ബഹുമാനപ്പെട്ട അംഗം ശ്രീ. പി. സി. വിഷ്ണുനാഥ് സീറ്റിൽ ഇല്ല. അദ്ദേഹം ഇന്നലെ നടത്തിയ പ്രസംഗം ഞാൻ ശ്രദ്ധാപൂർവ്വം കേട്ടു. സംസ്ഥാനത്തിന് കേന്ദ്രം നൽകേണ്ട വിഹിതത്തെ സംബന്ധിച്ച് മേഖല തിരിച്ച് കണക്കുകൾ ഉദ്ധരിച്ചുകൊണ്ടാണ് അദ്ദേഹം

സംസാരിച്ചത്. ഇവിടെ നേരത്തെ സൂചിപ്പിച്ചതുപോലെ ശ്രീ. റോജി എം. ജോൺ അത്ര കടുത്ത നിലപാടിലേയ്ക്ക് പോയില്ല. ശ്രീ. പി. സി. വിഷ്ണുനാഥ് ഇന്നലെ അക്കമിട്ട് നിരത്തി, നല്ല പഠനമാണ് നടത്തിയിരിക്കുന്നത്. അദ്ദേഹം കാര്യങ്ങൾ ഗ്രഹിച്ച് നന്നായി പ്രസന്റ് ചെയ്യുന്ന വ്യക്തിയാണ്, അദ്ദേഹം നടത്തിയ പ്രസംഗത്തിൽ എന്തെങ്കിലും രാഷ്ട്രീയമുണ്ടോ? കണക്കുകൾ ഉദ്ധരിക്കുന്നത് നല്ലതാണ്. കേരളം ഇന്ന് കേന്ദ്രത്തിന്റെ അവഗണനയ്ക്ക് പാത്രമായ സംസ്ഥാനമായി മാറി. ജനങ്ങളുടെ അവകാശമെന്ന നിലയിൽ കേന്ദ്രം സംസ്ഥാനത്തിന് തരേണ്ട വിഹിതം നൽകാത്തതിന്റെ പേരിൽ ശബ്ദമുയർത്താൻ ഈ പരിണതപ്രജ്ഞനായ നിയമസഭാ സമാജികന് കഴിഞ്ഞില്ലെന്നുള്ളത് ലജ്ജാകരമാണെന്ന് അദ്ദേഹത്തെ ഓർമ്മിപ്പിക്കുകയാണ്. കേരളത്തിലെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ എം.എൽ.എ.-മാരെന്ന നിലയിൽ ഞങ്ങളെല്ലാവരും ഡൽഹിയിൽ പോയിരുന്നു. ജമ്മു ആൻഡ് കശ്മീർ മുൻ മുഖ്യമന്ത്രി ശ്രീ. ഫറൂഖ് അബ്ദുള്ള, ശ്രീ. അരവിന്ദ് കെജ്രിവാൾ, ധൈഷണിക മേഖലയിൽ ഇന്ത്യ അറിയപ്പെടുന്ന നിയമജ്ഞനും കോൺഗ്രസ്സിന്റെ അഭിവന്ദ്യ നേതാവുമായ ശ്രീ. കപിൽ സിബൽ, പ്രതിപക്ഷ നിരയിൽ നിൽക്കുന്ന ചില

നേതാക്കന്മാർ എന്നിവരുടെയെല്ലാം പ്രസംഗം നമ്മൾ കേട്ടു. ഇന്ത്യയുടെ ഫെഡറലിസത്തെ ചോദ്യം ചെയ്യുന്ന നിലയിൽ ശക്തമായ നിലപാട് സ്വീകരിക്കുന്ന കേന്ദ്രസർക്കാരിന്റെ നിലപാടിനെ അതിശക്തമായി ശ്രീ. കപിൽ സിബൽ ചോദ്യം ചെയ്തു. അത് കേട്ടിരുന്നവരാണ് ഞങ്ങൾ. ഇത്തരം കാര്യങ്ങൾ ഇന്ത്യയിൽ അപൂർവ്വ സംഭവങ്ങളാണ്. കേന്ദ്രം എങ്ങോട്ടേയ്ക്കാണ് പോകുന്നതെന്ന് വ്യക്തമാക്കുന്നതാണ് മോദി ഗവൺമെന്റിന്റെ നയങ്ങൾ. ഞാൻ സി.പി.ഐ.(എം) പ്രവർത്തകനാണ്. ഞങ്ങളുടെ പാർട്ടി കോൺഗ്രസ് രാജ്യത്ത് വളർന്നുവന്ന സാഹചര്യങ്ങളെയും സംഭവങ്ങളെയും വിലയിരുത്തികൊണ്ട്, 1972-ൽ നടത്തിയിട്ടുള്ള റിപ്പോർട്ടുണ്ട്. രാജ്യത്ത് വളർന്നുവന്ന സാഹചര്യങ്ങൾ വിലയിരുത്തിക്കൊണ്ട് നാം അർദ്ധഫാസിസത്തിലേയ്ക്കാണ് പോകുന്നതെന്ന പ്രമേയം പാർട്ടി കോൺഗ്രസിൽ ഞങ്ങളുടെ നേതാവ് പി. രാമമൂർത്തി അവതരിപ്പിച്ചു. മൂന്നുവർഷം കഴിഞ്ഞ്, 1975-ൽ അർദ്ധഫാസിസത്തിന്റെ തനിസ്വരൂപവും ഞങ്ങൾ കാണുകയുണ്ടായി. അതുപോലെ ഞങ്ങളുടെ രാജ്യത്ത് വളർന്നുവരുന്ന രാഷ്ട്രീയ സംഭവവികാസങ്ങൾ ശരിയായി പഠിക്കാൻ തയ്യാറായാൽ ഇന്ത്യയുടെ മതേതര മൂല്യങ്ങളെയും ഫെഡറൽ

സംവിധാനത്തെയും തകർത്തെറിഞ്ഞ അർദ്ധഫാസിസ്റ്റ് ഭരണക്രമത്തിലേയ്ക്ക് പോകാൻ ശ്രമിക്കുന്ന നരേന്ദ്രമോദി ഗവൺമെന്റിന്റെ നീക്കങ്ങളെ ചെറുത്തുതോൽപ്പിക്കാനുള്ള ബാധ്യതയാണ് ഇന്ത്യയിലെ മതേതര പാർട്ടികൾക്കും ജനാധിപത്യം ഉയർത്തിപ്പിടിക്കുന്ന പ്രസ്ഥാനങ്ങൾക്കുമുള്ളത്. അത് തിരിച്ചറിയാനുള്ള വിവേകം പ്രതിപക്ഷത്തിന് ഉണ്ടാകട്ടെയെന്ന് പറഞ്ഞുകൊണ്ട് ഞാൻ നിർത്തുന്നു.

ശ്രീ. നജീബ് കാന്തപുരം: സർ, കേരളത്തിൽ മതസൗഹാർദ്ദം സംരക്ഷിക്കാനും മതസമൂഹങ്ങൾ തമ്മിലുള്ള ഊഷ്മള ബന്ധം ഊട്ടിയുറപ്പിക്കാനും വർഗ്ഗീയതയ്ക്കും വെറുപ്പിനുമെതിരെ മതേതര സമൂഹത്തെ ശക്തിപ്പെടുത്താനും ജീവിതം സമർപ്പിക്കുന്ന നേതാവാണ് ശ്രീ. പാണക്കാട് സാദിഖ് അലി ശിഹാബ് തങ്ങൾ. അദ്ദേഹത്തിന്റെ പാർട്ടിയാണ് ഈ സംസ്ഥാനത്ത് ബി.ജെ.പി.-യുമായി മുഖാമുഖം പൊരുതി ഈ നിയമസഭയിലേയ്ക്ക് ഒരു സംഘി എത്താതിരിക്കാനുള്ള പ്രതിരോധം സൃഷ്ടിച്ചതെന്ന് എല്ലാവർക്കും ഓർമ്മവേണം. ആ പോരാളികളാണ് എന്റെ പ്രിയ സുഹൃത്തുക്കളായ ശ്രീ. എ. കെ. എം. അഷ്റഫും ശ്രീ. എൻ. എ. നെല്ലിക്കുന്നും എന്ന് പറയുന്നതിൽ ഞങ്ങൾക്ക് അഭിമാനമുണ്ട്. വർഗ്ഗീയതയും

മതവിശ്വാസവും രണ്ടാണ്. സി.പി.ഐ.(എം.)-കാർക്ക് ഇതെല്ലാം ഒന്നായി തോന്നുന്നുണ്ടാകാം. ഞങ്ങൾ വർഗ്ഗീയതയ്ക്കെതിരാണെങ്കിലും വിശ്വാസത്തിനോടൊപ്പമാണ്. ഞങ്ങളെ സംഘ് വിരുദ്ധത പഠിപ്പിക്കാൻ മാത്രം ശ്രീ. പി. പി. സുമോദും അദ്ദേഹത്തിന്റെ പാർട്ടിയും വളർന്നിട്ടില്ലെന്ന് അർത്ഥശങ്കയ്ക്ക് ഇടയില്ലാത്തവിധം ഞാൻ പറയുകയാണ്. നിങ്ങൾക്ക് സംഘ് വിരുദ്ധ നിലപാട് തെരഞ്ഞെടുപ്പ് കാലത്തെ അജണ്ട മാത്രമാണ്. എന്നാൽ മുസ്ലീം ലീഗിന് സംഘ് വിരുദ്ധ നിലപാട് നിലനിൽപ്പിന്റെ പോരാട്ടമാണെന്ന് ഓർമ്മിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്.

ഞാൻ ഈ ബഡ്ജറ്റിനെ എതിർക്കുകയാണ്. ഈ ബഡ്ജറ്റിനെ ഞാൻ എതിർക്കുന്നത് പോളിറ്റ് ബ്യൂറോ അംഗം ഈ ബഡ്ജറ്റിനെ എതിർത്തതുകൊണ്ടല്ലെന്ന് പ്രത്യേകമായി ഓർമ്മിപ്പിക്കട്ടെ. ആദരണീയനായ ധനകാര്യ വകുപ്പുമന്ത്രി ബഡ്ജറ്റിന്റെ ആമുഖത്തിൽ 'സൂര്യാസ്തമയ രംഗങ്ങളിൽ നിന്നും സൂര്യോദയ മേഖലകളിലേയ്ക്കുള്ള മാറ്റത്തെ നിതാന്ത ജാഗ്രതയോടെ പ്രോത്സാഹിപ്പിച്ചുകൊണ്ടല്ലാതെ ഇന്നത്തെ കാലത്ത് ഒരു സമൂഹത്തിന് മുന്നോട്ടുപോകാനാകില്ല' എന്നൊരു വാചകമുണ്ട്. ശരിയാണ്, അങ്ങ് ബഡ്ജറ്റിൽ പറഞ്ഞ ഈ വാചകം വസ്തുതാപരമാണ്.

പറഞ്ഞിട്ട് എന്തുകാര്യം; അങ്ങയുടെ പാർട്ടിക്ക് ഈ നിലപാടുണ്ടോ? ഇനിയും സൂര്യനുദിക്കാത്ത നിലപാടുമായി മുന്നോട്ടുപോകുന്ന ഒരു പാർട്ടിയിലാണ് താൻ ഉള്ളതെന്ന് അറിയാതെയാണോ അങ്ങ് സൂര്യോദയം സ്വപ്നം കാണുന്നത്. എന്താണ് സൂര്യോദയമേഖല; എന്താണ് ഇന്നത്തെ മാർക്കറ്റ് ആവശ്യപ്പെടുന്ന ഉൽപ്പന്നങ്ങൾ? ആ ഉൽപ്പന്നങ്ങളിൽ പ്രധാനം കേരളത്തിന് സംഭാവന ചെയ്യാൻ കഴിയുന്ന മാനവവിഭവശേഷിയാണ്. അത് തിരിച്ചറിഞ്ഞാണ് അങ്ങ് നിലവിലുള്ള ഉന്നതവിദ്യാഭ്യാസമേഖല സ്വകാര്യവൽക്കരിക്കുന്നതിനെക്കുറിച്ച് പറഞ്ഞതും വിദേശ സർവകലാശാലകളെ സ്വാഗതം ചെയ്യുന്ന നയംമാറ്റം പ്രഖ്യാപിച്ചതും. എന്നാൽ ഇന്നലെ പാർട്ടി സെക്രട്ടറി ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ ഇതെല്ലാം തിരുത്തിയിരിക്കുന്നു. ഈ ബഡ്ജറ്റ് വെറും കടലാസ് കപ്പലുകളും വാചക കസർത്തുംമാത്രമാണ്. നയാപൈസ ഇല്ലാത്തവന്റെ വിലാപകാവ്യമാണ് ഈ ബഡ്ജറ്റ്. അതുകൊണ്ടുതന്നെ ഈ ബഡ്ജറ്റ് കേരളത്തിൽ ഒരു മാറ്റവുമുണ്ടാക്കില്ലെന്ന് ഉറപ്പുണ്ട്. ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രി അങ്ങ് സൂര്യോദയത്തിനൊപ്പമാണോ അതോ സൂര്യൻ ഉദിക്കാത്ത പാർട്ടി നിലപാടിനൊപ്പമാണോ എന്നാണ് അങ്ങയുടെ മറുപടി

പ്രസംഗത്തിൽ വിശദീകരിക്കേണ്ടത്. ലോകത്തിന്റെ മാറ്റങ്ങളെ മുഖാമുഖം നേരിടാൻ ശ്രമിച്ച ബഡ്ജറ്റിലെ നിർദ്ദേശങ്ങളെല്ലാം ഇനി പാഴ്വാക്കാകുമെന്ന് ഉറപ്പല്ലേ? കേരളത്തെ മെഡിക്കൽ ഹബ്ബാക്കാനും വിദേശികളെ ചികിത്സയ്ക്കായി കേരളത്തിലേയ്ക്ക് എത്തിക്കാനും പദ്ധതികൾ ഒരുക്കുന്ന ആദരണീയനായ ധനകാര്യ വകുപ്പുമന്ത്രിയുടെ കയ്യിൽ കേരളത്തെ ഐ.സി.യു.-വിൽനിന്ന് കരകയറ്റാനുള്ള മരുന്നില്ല എന്നതാണ് നിരാശാജനകമായ കാര്യം. ആദരണനീയനായ ധനകാര്യ വകുപ്പുമന്ത്രി ബഡ്ജറ്റ് അവതരിപ്പിക്കുമ്പോൾ ഞാൻ അദ്ദേഹത്തെ ശ്രദ്ധിക്കുകയായിരുന്നു, എന്തൊരു വേവലാതിയായിരുന്നു അദ്ദേഹത്തിന്റെ മുഖത്തുണ്ടായിരുന്നത്; എത്ര ദുർബ്ബലമായിരുന്നു ആ വാക്കുകൾ? 'കായില്ലാത്തവൻ ഇറച്ചിക്ക് കാത്തുനിൽക്കുന്നതുപോലെ' എന്ന് മലപ്പുറത്ത് ഒരു വാമൊഴിയുണ്ട്. സത്യത്തിൽ അങ്ങയുടെ നിൽപ്പ് അങ്ങനെയായിരുന്നു. ആ സങ്കടങ്ങൾ ഞങ്ങൾക്ക് മനസ്സിലാകും. ഞങ്ങൾക്ക് അങ്ങയോട് സഹതാപമുണ്ട്. അങ്ങയോട് സി.പി.ഐ. മന്ത്രിമാർതന്നെ പ്രതിഷേധിക്കുകയാണ്. അങ്ങ് ബഡ്ജറ്റ് അവതരിപ്പിച്ചതോടെ അവരെല്ലാം ഇനി വീട്ടിലിരിക്കുന്നതാണ് നല്ലത്. അടുത്ത ഓണത്തിനുപോലും മാവേലി സ്റ്റോറുകൾ തുറക്കാനാകുമെന്ന്

തോന്നുന്നില്ല. നമ്മൾ കുറെ ഓട്ടോണമസ് കോളേജുകൾ തുടങ്ങിയിട്ടുണ്ട്. ക്യാമ്പസിൽ പൂച്ചട്ടി വയ്ക്കാനല്ലാതെ എന്തിനുള്ള സ്വയംഭരണാവകാശമാണ് അവർക്കുള്ളത്; കരിക്കുലം നിർമ്മിക്കാനുള്ള അവകാശമുണ്ടോ; അവർ നിർമ്മിച്ചാൽതന്നെ അത് സ്വീകരിക്കാൻ ട്രേഡ് യൂണിയനിസത്തിന്റെ ചെങ്കോട്ടകളായ യൂണിവേഴ്സിറ്റി മേലാളന്മാർക്ക് സാധിക്കുമോ? സിസ്റ്റം മാറണം, അത് മാറ്റാൻ ഭരണനൈപുണ്യവും രാഷ്ട്രീയ ഇച്ഛാശക്തിയുമാണ് ആവശ്യം. അക്കാര്യം അങ്ങേയ്ക്കോ അങ്ങയെ നയിക്കുന്ന ബഹുമാന്യനായ മുഖ്യമന്ത്രിക്കോ സാധിക്കുമോയെന്നുള്ളതാണ് കേരളം ഉയർത്തുന്ന ചോദ്യം. ഇന്ന് കേരളത്തിന്റെ അടിസ്ഥാന ജനവിഭാഗത്തിന്റെ ജീവിതാവസ്ഥ എന്താണെന്ന് അങ്ങ് നിരീക്ഷിച്ചിട്ടുണ്ടോ; നയാപൈസ കയ്യിൽ ഇല്ലാത്തവന് എന്ത് സൂര്യോദയമാണ്? സാധാരണക്കാരന്റെ കയ്യിൽ പണം എത്തിക്കാനുള്ള നിർദ്ദേശങ്ങളൊന്നുംതന്നെ ഈ ബഡ്ജറ്റിലില്ല. പെൻഷൻ മുടങ്ങിയിട്ട് മാസങ്ങളായി. അതുകൊടുക്കാൻ വഴിയില്ല. കോൺട്രാക്ടർമാർക്ക് കൊടുക്കാൻ കോടികളാണ് കുടിശ്ശികയുള്ളത്. അതുകൊടുക്കാൻ ബഡ്ജറ്റിൽ നിർദ്ദേശമില്ല. ക്ഷേമപെൻഷനിൽ ഒരു രൂപപോലും വർദ്ധിപ്പിച്ചിട്ടില്ല. ഈ ബഡ്ജറ്റിൽ വലിയ തമാശകൾ ഇനിയും ഏറെയുണ്ട്. ഒന്ന് സംസ്ഥാനത്തിന്

പുറത്തുള്ള വിദ്യാർത്ഥികൾക്ക് പ്രൊഫഷണൽ കോഴ്സുകൾ ഉൾപ്പെടെ ചേർന്ന് പഠിക്കാവുന്ന സാഹചര്യങ്ങൾ ഉണ്ടാക്കുമെന്നുള്ളതാണ്. എന്താണ് നമ്മുടെ ഉന്നതവിദ്യാഭ്യാസ മേഖലയുടെ കാര്യം? എന്ത് അക്കാദമിക് ഇന്നൊവേഷനാണ് കേരളത്തിൽ നടക്കുന്നത്; എന്ത് സിലബസ് പരിഷ്കാരങ്ങളാണ് നാം നടത്തുന്നത്? ഇവിടെ പ്രോആക്ടീവ് കരിക്കുലമുണ്ടോ; കൃത്യമായ പരീക്ഷാ സമ്പ്രദായമുണ്ടോ; എംപ്ലോയറുമായി കണക്റ്റിവിറ്റിയുണ്ടോ? നാഷണൽ സ്റ്റഡി ഹബ്ബായി കേരളത്തെ മാറ്റാൻ സാധിക്കുമെന്ന് ഉറപ്പാണ്. അതിന് അങ്ങയുടെ പാർട്ടിയുടെ ഈ പിന്തിരിപ്പൻ നിലപാട് മാറ്റണം. അങ്ങ് ഇപ്പോൾ കൈക്കൊള്ളുന്ന ചുവടുവയ്പ്പുകൾക്കെങ്കിലും പിന്തുണ നൽകാൻ അങ്ങയുടെ പാർട്ടി തയ്യാറാകണം. വ്യവസായ മേഖലയിൽ നമുക്ക് വളരാൻ കഴിയണമെങ്കിൽ നമ്മുടെ ആറ്റിറ്റ്യൂഡ് മാറണം. എന്റെ നിയോജകമണ്ഡലത്തിൽ ഞങ്ങൾ മുൻകയ്യെടുത്ത് Scaleup Conclave എന്ന ബിസിനസ്സ് സമ്മിറ്റ് നടത്തി, Scaleup Village എന്ന പബ്ലിക് ലിമിറ്റഡ് കമ്പനിയുണ്ടാക്കി, സ്വന്തമായി ഒരു ഇൻഡസ്ട്രിയൽ പാർക്ക് ആരംഭിക്കാൻ പോകുകയാണ്. എന്നാൽ വിഷമത്തോടെ പറയാൻ ആഗ്രഹിക്കുന്ന ഒരുകാര്യം, ഞങ്ങളുടെ

ബിൽഡിംഗിനെ കോമേഴ്സ്യൽ വിഭാഗത്തിൽനിന്ന് ഇൻഡസ്ട്രിയൽ വിഭാഗത്തിലേയ്ക്ക് മാറ്റാൻ നാല് മാസമായി പരിശ്രമിച്ചിട്ടും ഓരോ നൂലാമാലകൾ പറഞ്ഞ് ഒരു പ്രവാസി വ്യവസായിയെ ഉദ്യോഗസ്ഥർ വട്ടംകറക്കുകയാണ്. എന്ത് സിംഗിൾ വിൻഡോയാണ് നിങ്ങൾ തുറക്കുന്നത്? ഇങ്ങനെ ഉമ്മറത്തെ വാതിൽ കൊട്ടിയടച്ചിരിക്കുന്ന പിന്തിരിപ്പൻ ഉദ്യോഗസ്ഥരെ വച്ച് എത്ര സിംഗിൾ വിൻഡോകൾ തുറന്നിട്ട് എന്ത് കാര്യം? ആനുകൂല്യങ്ങൾ വേണ്ടത് കടലാസിലല്ല പ്രവർത്തിയിലാണ്. നമ്മൾ പൊതുതെരഞ്ഞെടുപ്പിലേയ്ക്കാണ് പോകുന്നത്. ഇന്ത്യയുടെ ആത്മാവിന് അന്ത്യകൂദാശ ചൊല്ലുന്ന ആർ.എസ്.എസ്.-നെ പ്രതിരോധിക്കാൻ നമുക്ക് ഒന്നിച്ച് പോരാടണം. നമ്മൾ കൈകോർത്ത് നിൽക്കണം. ഇനി ഒരു തെരഞ്ഞെടുപ്പിൽക്കൂടി മതേതര ചേരി ഭിന്നിച്ചാൽ ഇന്ത്യയെന്ന പൊതുസ്വപ്നമാണ് നഷ്ടമാകുന്നത്. ബഹുസ്വരതയെന്ന നമ്മുടെ നാടിന്റെ.....

<u>മി. ചെയർമാൻ</u>: യെസ്.... പ്ലീസ്... കൺക്ലൂഡ്.

<u>ശ്രീ. നജീബ് കാന്തപുരം</u>: സർ, അത് തകർന്ന് വീഴുംമുമ്പ് നിങ്ങൾ അത് തിരിച്ചറിയണം. ഇപ്പോൾ കാശിയിലും മഥുരയിലും പോർവിളികൾ ഉയരുകയാണ്. അവിടെയുള്ളവരുടെ മൗലിക അവകാശങ്ങൾക്കുനേരെയാണ്

കയ്യേറ്റം നടക്കുന്നത്. ഇന്ന് മുസ്ലീം യൂത്ത് ലീഗിന്റെ സഹപ്രവർത്തകർ ഞങ്ങളുടെ പ്രിയങ്കരനായ നേതാവ് ശ്രീ. പാണക്കാട് സയ്യിദ് മുനവ്വറലി ശിഹാബ് തങ്ങളുടെ നേതൃത്വത്തിൽ ആരാധനാലയ സംരക്ഷണ നിയമം പരിരക്ഷിക്കണമെന്നാവശ്യപ്പെട്ട് പൂക്കോട്ടൂരിൽനിന്ന് മലപ്പുറത്തേയ്ക്ക് ഡേ-നൈറ്റ് മാർച്ച് നടത്തുകയാണ്. പോരാട്ടമാണ് ഇനിയുള്ള രാഷ്ട്രീയ പ്രവർത്തനം. അതിന് വിശലമായ ഐക്യനിര പടുത്തുയർത്തണം. ഇവിടെ നമുക്ക് പരസ്പരം രാഷ്ട്രീയ സംവാദം നടത്താം. എന്നാൽ നമ്മുടെ പൊതുശത്രു ആർ.എസ്.എസ്. ആണെന്ന് എല്ലാവർക്കും ബോധ്യമുണ്ടാകണം. ആർ.എസ്.എസ്.-ന്റെ കുതന്ത്രങ്ങൾ കേരളത്തിലെങ്കിലും ഒരുമിച്ച് നിന്ന് പ്രതിരോധിക്കാൻ വിവേകത്തോടെ പെരുമാറണമെന്ന് മാത്രം ആവശ്യപ്പെട്ടുകൊണ്ട് ഞാൻ നിർത്തുന്നു.

<u>ശ്രീ. പി. വി. ശ്രീനിജിൻ</u>: സർ, ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ച 2024-2025-ലെ ബഡ്ജറ്റിനെ ഞാൻ പിന്തുണയ്ക്കുകയും അഭിനന്ദിക്കുകയും ചെയ്യുന്നു. എനിക്ക് മുമ്പ് സംസാരിച്ച ബഹുമാനപ്പെട്ട അംഗം ശ്രീ. നജീബ് കാന്തപുരം കുറെ കാര്യങ്ങൾ പറയുകയുണ്ടായി. അദ്ദേഹം അവസാനം പറഞ്ഞ കാര്യത്തിൽനിന്ന് ഞാൻ തുടങ്ങാം. നാം ഒരു

പൊതുതെരഞ്ഞെടുപ്പിനെ അഭിമുഖീകരിക്കാൻ പോകുകയാണ്. അതിനെ അഭിമുഖീകരിക്കുമ്പോൾ ഇന്ത്യ ഇന്ന് ഭരിക്കുന്ന ബി.ജെ.പി./സംഘ്പരിവാർ ശക്തികൾക്കെതിരെ ശക്തമായ നിലപാട് സ്വീകരിക്കേണ്ട ആവശ്യകതയെക്കുറിച്ച് അദ്ദേഹം പറയുകയുണ്ടായി. അദ്ദേഹം അത് പറയുമ്പോൾ എനിക്ക് ഓർമ്മ വരുന്നത് 2019-ലെ ലോക്സഭാ തെരഞ്ഞെടുപ്പിൽ ശ്രീ. രാഹുൽ ഗാന്ധി മത്സരിക്കാൻ വയനാട് മണ്ഡലം തെരഞ്ഞെടുത്ത കാര്യമാണ്. പാരമ്പര്യമായി അദ്ദേഹവും അദ്ദേഹത്തിന്റെ കുടുംബവും മത്സരിച്ചിരുന്നത് അമേഠി പാർലമെന്റ് മണ്ഡലത്തിൽ നിന്നായിരുന്നു. എനിക്ക് ഒരു ചോദ്യം ചോദിക്കാനുള്ളത്, 2019-ലെ തെരഞ്ഞെടുപ്പിൽ എന്തുകൊണ്ടാണ് ശ്രീ. രാഹുൽ ഗാന്ധി വയനാട് തെരഞ്ഞെടുത്തത്? ഇവിടെയിരിക്കുന്ന പല അംഗങ്ങളും സുരക്ഷിതമായ മണ്ഡലത്തിൽനിന്ന് ജയിച്ചുവന്നവരല്ല. ശ്രീ. നജീബ് കാന്തപുരവും ശ്രീ. കെ. വി. സുമേഷും ശ്രീ. പി. പി. സുമോദും ഞാനും വളരെ നല്ല രീതിയിൽ പോരാടിയും ശക്തമായ രാഷ്ട്രീയ വിജയം കൈവരിച്ചും ഇവിടെ വന്നവരാണ്. നമ്മളെ നയിക്കുന്ന നേതാവുതന്നെ തോറ്റോടി അല്ലെങ്കിൽ പരാജയം സമ്മതിച്ച് അമേഠി കൂടാതെ മറ്റൊരു മണ്ഡലത്തിലേയ്ക്ക് വരുമ്പോൾ എന്ത്

രാഷ്ട്രീയ സന്ദേശമാണ് ബി.ജെ.പി.-ക്ക് നിങ്ങൾ നൽകുന്നത്. ഒരു കാര്യത്തിൽ ഞാൻ മുസ്ലീം ലീഗിനെ അഭിനന്ദിക്കുകയാണ്. കേരളത്തിൽ ബി.ജെ.പി. വിരുദ്ധ നിലപാട് നിങ്ങൾ സ്വീകരിക്കുന്നുണ്ട്. ശ്രീ. നജീബ് കാന്തപുരത്തിന്റെ പ്രസംഗത്തിൽ ആദ്യം പറഞ്ഞത് ഞങ്ങൾക്കുള്ള സന്ദേശമല്ല. 1992 ഡിസംബർ 6-ാം തീയതി ബാബറി മസ്ജിദ് തകർക്കുമ്പോൾ അതിന് അനുകൂലമായി നിന്ന കോൺഗ്രസിനുള്ള മറുപടിയാണ് ശ്രീ. നജീബ് കാന്തപുരം നൽകിയത്. നിങ്ങൾ അക്കാര്യത്തിൽ കോൺഗ്രസിനോട് യോജിക്കുന്നുണ്ടെന്ന് നെഞ്ചത്ത് കൈവച്ച് പറയാൻ സാധിക്കുമോ? തീർച്ചയായും ഇവിടെയിരിക്കുന്ന ഒരു മുസ്ലീം ലീഗ് അംഗത്തിനും, മതേതരത്വത്തിൽ വിശ്വസിക്കുന്ന ഒരു അംഗത്തിനും അത് പറയാൻ സാധിക്കില്ല. നമ്മുടെ നാട് എങ്ങോട്ടാണ് പോകുന്നത്; നമ്മുടെ നാട്ടിൽ ഇഷ്ടമുള്ള ഭക്ഷണം കഴിക്കാനും ഇഷ്ടമുള്ള വസ്ത്രം ധരിക്കാനും കഴിയുന്നുണ്ടോ? ആ തരത്തിലേയ്ക്ക് രാജ്യം പോകുമ്പോൾ നമ്മൾ ഒരുമിച്ച് നിൽക്കേണ്ട ആവശ്യകത നമ്മൾ തിരിച്ചറിഞ്ഞുവെന്നതാണ് ശ്രീ. നജീബ് കാന്തപുരവും മുസ്ലീം ലീഗും അടക്കമുള്ള സംഘടനകൾ മനസ്സിലാക്കേണ്ടത്. അതിന് ഇടതുപക്ഷ പ്രസ്ഥാനങ്ങളുമായി ഒരുമിച്ച്

പോകുന്നതിനുള്ള ശ്രമമാണ് നടത്തേണ്ടതെന്ന് വിനീതപൂർവ്വം അങ്ങയെ ഓർമ്മിപ്പിക്കുകയാണ്. എട്ട് വർഷംമുമ്പ് നാം കണ്ട കേരളമല്ല ഇന്നത്തെ കേരളം. സമസ്ത മേഖലകളിലും കേരളം ഇന്ന് മുന്നോട്ടുപോകുകയാണ്. പക്ഷെ നമ്മുടെ ഈ വളർച്ച കേന്ദ്ര സർക്കാരിന്റെ കണ്ണുകളിൽ വലിയ അപരാധമാണ്. പല മേഖലകളിലും കേരളം കൈവരിച്ച നേട്ടങ്ങൾ അവരെ സംബന്ധിച്ച് കുറച്ചിലായി കണ്ടുകൊണ്ട് ഇനി കേരളം മുന്നോട്ടുപോകേണ്ട എന്ന സമീപനത്തോടുകൂടി നമുക്ക് അർഹമായ ലഭിക്കേണ്ട പല വിഹിതങ്ങളും നൽകുന്നില്ല. കർണ്ണാടകത്തിന് നൽകാനുള്ളതിനെക്കുറിച്ച് ഞങ്ങൾക്ക് എതിരഭിപ്രായമില്ല. ഏതൊരു സർക്കാരിനും ഭരണഘടനാപരമായി കിട്ടേണ്ട ആനുകൂല്യങ്ങൾ നൽകേണ്ടതാണ്. പക്ഷെ ഈ ആനുകൂല്യങ്ങളൊന്നും കേരളത്തിന് ലഭിക്കണ്ടെന്നും കർണ്ണാടകത്തിന് ലഭിക്കണമെന്നും പറയുന്ന നിങ്ങളുടെ ഇരട്ടത്താപ്പിനെയാണ് ഞങ്ങൾ ചോദ്യം ചെയ്യുന്നത്. തീർച്ചയായും ബി.ജെ.പി. ഭരിക്കുന്ന സംസ്ഥാനങ്ങൾക്ക് ലഭിക്കുന്ന വിഹിതം നമുക്കറിയാം. ഈ രാജ്യത്തെ ജനങ്ങളെ രണ്ട് തരത്തിൽ വെട്ടിമുറിക്കുന്ന സമീപനത്തോടുകൂടി മുമ്പോട്ടുപോകുന്ന ബി.ജെ.പി. സർക്കാരിനെ എതിർക്കേണ്ടത് നമ്മുടെ

ച്ചമതലയാണ്. കേന്ദ്ര സർക്കാരിന്റെ കേരള വിരുദ്ധ സമീപനത്തിനിടയിലും പരിതപിച്ചിരിക്കാതെ 'തകരില്ല കേരളം തളരില്ല കേരളം' എന്ന ശക്തമായ വികാരം ഉയർത്തിപ്പിടിച്ചുകൊണ്ടാണ് എൽ.ഡി.എഫ്. സർക്കാർ വികസന പാതയിൽ മുന്നേറുന്നത്. സാമൂഹികമായും സാമ്പത്തികമായും കേരളത്തെ ഈ സർക്കാർ മുന്നോട്ടുനയിക്കുമ്പോൾ അതിൽ യു.ഡി.എഫ്., എൽ.ഡി.എഫ്. വ്യത്യാസം നോക്കാതെ 'നമ്മുടെ കേരളം' എന്ന ഒറ്റ വിചാരത്തോടെ പോകാൻ കഴിയണമെന്ന അഭ്യർത്ഥനയാണ് പ്രതിപക്ഷത്തോട് എനിക്ക് പറയാനുള്ളത്. നിലവിൽ പ്രതിപക്ഷം, പ്രത്യേകിച്ച് കോൺഗ്രസ് സ്വീകരിക്കുന്ന സമീപനം ഇവിടെ ചർച്ച ചെയ്യപ്പെടേണ്ടതുതന്നെയാണ്. കേവല രാഷ്ട്രീയ താൽപ്പര്യം കണക്കിലെടുത്ത് കേരളത്തിന്റെ വികാരം കണ്ടില്ലെന്ന് നടിച്ചുകൊണ്ട് ബി.ജെ.പി. സർക്കാരിന്റെ അതേ സ്വരത്തിൽ കേരള സർക്കാരിന്റെ വികസന പ്രവർത്തനങ്ങളെ തകർക്കാനുള്ള ശ്രമങ്ങളാണ് കോൺഗ്രസ് സ്വീകരിക്കുന്നത്. നേരത്തെ ശ്രീ. റോജി എം. ജോൺ സംസാരിച്ചപ്പോൾ ഞാൻ കൗതുകത്തോടെ നോക്കിയിരിക്കുകയായിരുന്നു. അതിനുമുമ്പ് ഡോ. മാത്യു കുഴൽനാടന്റെ പ്രസംഗമുണ്ടായിരുന്നു. ശ്രീമതി നിർമ്മലാ സീതാരാമൻ

സംസാരിക്കുന്ന അതേ സ്വരത്തിൽ ശ്രീ. റോജി എം. ജോൺ, ഡോ. മാത്യു കുഴൽനാടൻ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ കേന്ദ്ര സർക്കാരിനെ അനുകൂലിച്ചുകൊണ്ട് വളരെ നന്നായി ബി.ജെ.പി.-ക്കുവേണ്ടി സംസാരിക്കുന്ന കാഴ്ച എല്ലാവരെയും അത്ഭുതപ്പെടുത്തുകയാണ്. ശ്രീ. കമൽനാഥ് ബി.ജെ.പി.-യിലേയ്ക്ക് പോയതുപോലെ, എനിക്ക് മുമ്പ് സംസാരിച്ച ശ്രീ. പി. പി. സുമോദ് പറഞ്ഞതുപോലെ സഭയിൽ ഇത് ഒരു എളുപ്പവഴിയാണോ? കോൺഗ്രസിനകത്തുള്ളവർ ഓരോ ദിവസവും പരസ്പരം നോക്കുകയാണ് നാളെ നീ അല്ലെങ്കിൽ നിങ്ങൾ കോൺഗ്രസിലുണ്ടാകുമോയെന്ന് സംശയിക്കുന്ന തലത്തിലേയ്ക്ക് കോൺഗ്രസിന്റെ രാഷ്ട്രീയം മാറുകയാണ്. അതിനെ നമ്മൾ എതിർക്കേണ്ടതാണ്. കോൺഗ്രസ് ഈ രാജ്യത്ത് നിലനിൽക്കണമെന്നു തന്നെയാണ് മതേതര വിശ്വാസികൾ ആഗ്രഹിക്കുന്നത്. പേരുകളിൽ ഹിന്ദുനാമധാരികൾക്കാണ് ഇപ്പോൾ അവസരം ലഭിക്കുന്നത്. അതുകൊണ്ട് ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ ഇപ്പോൾ ഭയപ്പെടേണ്ട, പിന്നീട് അവസരം വരുമെന്നുള്ളതിൽ യാതൊരു സംശയവുമില്ല. തീർച്ചയായും ഇത്തരം കാര്യങ്ങളിൽ നമുക്ക് മുന്നോട്ടുപോകാൻ സാധിക്കണം. ഈ

ബഡ്ജറ്റിൽ തങ്ങളുടെ മണ്ഡലത്തിന് ഒരു പരിഗണനയും ലഭിച്ചില്ലെന്നുപറഞ്ഞ് ചില പ്രതിപക്ഷ എം.എൽ.എ.-മാർ പരിതപിക്കുന്നതുകണ്ടു. ഞാൻ എറണാകുളം ജില്ലയിൽനിന്ന് വരുന്ന എം.എൽ.എ. ആണ്. എന്റെ മണ്ഡലത്തിന് കിട്ടിയിരിക്കുന്നത് എകദേശം 52 കോടി രൂപയാണ്. എന്നാൽ ശ്രീ. ടി. ജെ. വിനോദ്, എം.എൽ.എ.-യുടെ മണ്ഡലത്തിൽ ഈ ബഡ്ജറ്റിൽ കിട്ടിയിരിക്കുന്ന പരിഗണന 2500 കോടി രൂപയാണ്. പിന്നെ എങ്ങനെയാണ് ധനകാര്യ വകുപ്പുമന്ത്രിയുടെ ബഡ്ജറ്റിൽ വേർതിരിവുകളുണ്ടെന്ന് പറയാൻ സാധിക്കുന്നത്? നിങ്ങൾ ബഡ്ജറ്റ് വായിക്കുകയും മണ്ഡലം തിരിച്ച് വിലയിരുത്തുകയും ചെയ്തതിനുശേഷമാണ് സംസാരിക്കേണ്ടത്. കേരളം വിദ്യാഭ്യാസ മേഖല ഉൾപ്പെടെയുള്ള എല്ലാ മേഖലകളിലും വികസിച്ചുകൊണ്ടിരിക്കുകയാണ്. കേരളം മുമ്പ് കണ്ടിട്ടില്ലാത്ത വിധത്തിൽ നമ്മുടെ ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രി ശ്രീ. പി. രാജീവിന്റെ നേതൃത്വത്തിൽ ഒരു വർഷംകൊണ്ട് എകദേശം ഒന്നര ലക്ഷം പുതിയ സംരംഭങ്ങളാണ് കൊണ്ടുവരാൻ കഴിഞ്ഞത്. എകദേശം 5000 കോടി രൂപയുടെ പദ്ധതികൾ കേരളത്തിൽ കൊണ്ടുവരാൻ സാധിച്ചിട്ടുണ്ട്. റബ്ബർ കർഷകരുടെ പ്രശ്നങ്ങൾ സംബന്ധിച്ച്

31-01-2024-ന് പ്രതിപക്ഷം അടിയന്തരപ്രമേയം അവതരിപ്പിച്ചിരുന്നു. റബ്ബറിന്റെ താങ്ങുവില വളരെ കുറവാണെന്ന് പറഞ്ഞ് പരിതപിക്കുന്നതാണ് നാം കണ്ടത്. പക്ഷേ ഇന്നത്തെ സാഹചര്യം എങ്ങനെയാണുണ്ടായത്; 2009-ൽ ആസിയാൻ കരാർ ആരാണ് ഒപ്പിട്ടത്; അന്ന് അതിന് നേതൃത്വം കൊടുത്ത, ഡോ. മൻമോഹൻ സിംഗിന്റെ ഭരണകാലത്ത് കുത്തക റബ്ബർ മുതലാളിമാരെയും കുത്തക ടയർ കമ്പനികളെയും സഹായിക്കുന്നതിനുവേണ്ടി ആ കരാർ കൊണ്ടുവരികയും അതിന്റെ ഭാഗമായി ഇന്ത്യയിലെ കുത്തക ടയർ കമ്പനികളായ എം.ആർ.എഫ്, സിയാൽ, അപ്പോളോ തുടങ്ങിയ മുഴുവൻ കമ്പനികളും കൃത്രിമമായി റബ്ബറിന്റെ വില ഉയർത്തി, അവരുടെ ടയറുകളുടെയും വില ഉയർത്തി. സമീപകാലത്ത് കോമ്പറ്റീഷൻ കമ്മീഷൻ ഓഫ് ഇന്ത്യ പുതിയൊരു ഉത്തരവ് ഇറക്കിയിട്ടുണ്ട്. അവർക്ക് ടാക്സ് അല്ലെങ്കിൽ പണിഷ്മെന്റ് ഇനത്തിൽ ഏകദേശം 1,800 കോടി രൂപ ചുമത്തിയിരിക്കുകയാണ്. അന്ന് ആസിയാൻ കരാറിൽ ഇടതുപക്ഷ പ്രസ്ഥാനങ്ങൾ പ്രത്യേകിച്ച് സി.പി.ഐ(എം) എടുത്ത നിലപാട് ഇന്ന് ശരിയായി വന്നിരിക്കുകയാണ്. ഇതെല്ലാം മനസ്സിലാക്കിക്കൊണ്ട്, കുറെ രാഷ്ട്രീയമായി സംസാരിക്കണമെന്നുണ്ട്. കാരണം നമ്മൾ

പൊതുതെരഞ്ഞെടുപ്പിനെ നേരിടാൻ പോകുകയാണ്. ഈ പൊതുതെരഞ്ഞെടുപ്പിൽ തീർച്ചയായും ബി.ജെ.പി. വിരുദ്ധ സർക്കാർ ഇന്ത്യയിലുണ്ടാകേണ്ടതിന്റെ ആവശ്യകത നമ്മൾ മനസ്സിലാക്കണം. പ്രത്യേകിച്ച് മുസ്ലീം, ദളിത് വിരുദ്ധ മനോഭാവമുള്ള ബി.ജെ.പി. സർക്കാരിനെ അധികാരത്തിൽനിന്നും മാറ്റേണ്ട ആവശ്യകതയെക്കുറിച്ച് അറിഞ്ഞിരിക്കണം. ഞാനൊരു കണക്ക് നോക്കിയിരുന്നു. ഇന്ത്യയിൽ കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ എത്രയോ പള്ളികളും മോസ്കുകളും നമ്മുടെ നാട്ടിൽ പൊളിക്കപ്പെട്ടു. അതിനെക്കുറിച്ച് നമ്മൾ ചർച്ച ചെയ്യുണ്ടേ; എത്രയോ കമ്മ്യൂണൽ വയലൻസ്, ഏകദേശം നാലായിരത്തിൽ കൂടുതൽ....

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: പ്ലീസ് കൺക്ലൂഡ്..കൺക്ലൂഡ് ചെയ്തോളൂ...

<u>ശ്രീ. പി. വി. ശ്രീനിജിൻ</u>: സർ, ഒരുമിനിട്ട്. ഏകദേശം നാലായിരത്തിൽ കൂടുതൽ കമ്മ്യൂണൽ വയലൻസ് ഇന്ത്യയിൽ നടന്നിട്ടുണ്ട്. അതിൽതന്നെ എത്രയോ ആളുകൾ മരിച്ചുവീഴുന്നു. അതിനെതിരെ പ്രതികരിക്കാൻ നമ്മൾ തയ്യാറാകണ്ടേ; അതുകൊണ്ട് പ്രിയപ്പെട്ട മുസ്ലീം ലീഗിന്റെ അംഗങ്ങൾ അടക്കമുള്ളവരോട് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്, ബി.ജെ.പി. വിരുദ്ധ ഗവൺമെന്റിന് രൂപംനൽകാൻ

നമുക്കൊരുമിച്ചുനിൽക്കാമെന്നാണ്. ഈ ബഡ്ജറ്റിനെ പിന്തുണച്ചുകൊണ്ട് നിർത്തുന്നു.

ശ്രീ. കെ. പി. മോഹനൻ: സർ, ആർട്ടിഫിഷ്യൽ ഇന്റലിജൻസിന്റെയും റോബോട്ട്സിന്റെയും കാലഘട്ടത്തിൽ സൺറൈസ് ഇക്കണോമിയിൽ അധിഷ്ഠിതനായ ധനകാര്യ വകുപ്പുമന്ത്രി ശ്രീ. കെ. എൻ. ബാലഗോപാൽ തികഞ്ഞ ബോധത്തോടുകൂടി, സംസ്ഥാന സാമ്പത്തിക പ്രതിസന്ധിയിൽ ഉത്തമബോധമുള്ള അദ്ദേഹം ഈ ബഡ്ജറ്റ് അവതരിപ്പിച്ചുകൊണ്ട് കേരളത്തിലെ ജനങ്ങൾക്കുവേണ്ടി ജനങ്ങളുടെ അവകാശമാണ് ഇവിടെ നേടിക്കൊടുക്കുന്നത്. നേരത്തേ ശ്രീ. റോജി എം. ജോൺ ഇവിടെ സംസാരിക്കുമ്പോൾ കണക്കുകൾ പഠിക്കണമെന്ന് പറയുകയുണ്ടായി. ഞങ്ങൾ പഠിപ്പിച്ചു. അതിനായിരുന്നു ഡൽഹിയിൽ പോയത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും മന്ത്രിമാരും എം.പി.-മാരും എം.എൽ.എ.-മാരുമൊക്കെ ചേർന്നുകൊണ്ട് ഡൽഹിയിൽ സമരം നടത്തിയപ്പോൾ അതിന്റെ കണക്ക് അവിടെ പഠിപ്പിച്ചു. ഇന്ന് എനിക്ക് അതിനൊരു ഉത്തരവും കിട്ടി. തലശ്ശേരിയിൽനിന്നും പ്രസിദ്ധീകരിക്കുന്ന പടയണി സായാഹ്ന പത്രത്തിൽ ഒരു വാർത്ത വന്നു. കേന്ദ്രവും കേരളവും തമ്മിലുള്ള തർക്കം

ചർച്ചകളിലൂടെ പരിഹരിക്കണമെന്ന് ബഹുമാനപ്പെട്ട സുപ്രീം കോടതി പറഞ്ഞിരിക്കുകയാണ്. പറഞ്ഞയുടൻ തന്നെ ഞങ്ങൾ ചർച്ചയ്ക്ക് തയ്യാറാണെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞു. ഇന്ന് ഉച്ചയ്ക്ക് തലശ്ശേരിയിൽനിന്നും പ്രസിദ്ധീകരിക്കുന്ന പടയണിയിലാണ് ഈ വാർത്ത വന്നത്. ഇന്നുതന്നെ ചർച്ചയ്ക്ക് തയ്യാറാണെന്ന് കേരളം ബഹു. സുപ്രീം കോടതിയെ അറിയിച്ചു. ബഹുമാനപ്പെട്ട മുഖ്യമന്ത്രി അതിനുള്ള ആർജ്ജവം കാണിച്ചു. അതാണ് ഞങ്ങൾ പറഞ്ഞത്. ഞങ്ങൾ ചെയ്യുന്ന ഓരോ കാര്യങ്ങളും ഇവിടത്തെ ജനങ്ങൾക്കുവേണ്ടിയാണ്. അതിനുവേണ്ടിയാണ് അവിടെ സമരം നടത്തിയത്. ആ സമരത്തിൽ പങ്കെടുത്തുകൊണ്ട് ആരൊക്കെയാണ് സംസാരിച്ചത്; ഡൽഹി മുഖ്യമന്ത്രി ശ്രീ. അരവിന്ദ് കെജ്‌രിവാൾ, പഞ്ചാബ് മുഖ്യമന്ത്രി ശ്രീ. ഭഗവന്ത് സിംഗ്, ജമ്മു & കാശ്മീർ മുൻമുഖ്യമന്ത്രിയായിരുന്ന ശ്രീ. ഫാറൂഖ് അബ്ദുള്ള, രാജ്യസഭാംഗവും സമാജ്‌വാദി പാർട്ടി നേതാവുമായ ശ്രീ. കപിൽ സിബൽ എന്നിവരാണ്. കോൺഗ്രസ്സിന്റെ പഴയ നേതാവാണ് ശ്രീ. കപിൽ സിബൽ. അങ്ങനെയുള്ളവരൊക്കെ സംസാരിച്ചതെന്താണ്; 'യെ ഹമാരാ ഹക്ക് ഹെ.' ഞങ്ങളുടെ അവകാശമാണ്. അവകാശം നേടിയെടുക്കാൻ വേണ്ടിയാണ്

ഞങ്ങൾ ഡൽഹിയിൽ പോയി സമരം ചെയ്തത്. അതിന്റെ ഫലമാണ് ഇപ്പോൾ കണ്ടത്. എന്തായാലും നമുക്ക് പ്രതീക്ഷയ്ക്ക് വകയുണ്ട്. കേരളത്തിന്റെ ഏറ്റവും വലിയ സമ്പദ്ഘടന മാനവ വിഭവശേഷിയാണ്. മാനവ വിഭവശേഷിയുടെ കയറ്റുമതിയുള്ളതുകൊണ്ടാണ് കൊച്ചുകേരളം ലോകോത്തര നിലവാരത്തിലേയ്ക്കുയർന്നത്. മലയാളികൾ മറുനാട്ടിലേക്ക് പോയിരുന്നില്ല എങ്കിൽ പ്രവാസിപ്പണം ഇവിടെ ഒഴുകി എത്തില്ലായിരുന്നു, കേരളത്തിന്റെ സമസ്ത മേഖലകളിലും മുരടിപ്പുണ്ടാകും. അരനൂറ്റാണ്ടുകാലമായി നമ്മുടെ സംസ്ഥാനത്ത് പ്രവാസികളുടെ പണം ഒഴുകി വന്നതിനാലാണ് കേരളത്തിൽ ലോകോത്തര നിലവാരമുള്ള ജീവിത സാഹചര്യം രൂപപ്പെട്ടത്. എന്നാൽ ആ ഒഴുക്കിന് തടസ്സങ്ങൾ വർദ്ധിച്ചുവരികയാണ്. ഇത് പരിഹരിക്കാൻ പ്രവാസികളുടെ സഹായത്തോടെ പുതിയ മേഖലകൾ കണ്ടെത്താനാവശ്യമായ വൻ പദ്ധതികൾ നമ്മുടെ നാട്ടിൽ ആരംഭിക്കേണ്ടതുണ്ട്. ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രികൂടി അതിന്റെ കാര്യങ്ങൾ മുന്നോട്ടുകൊണ്ടുപോകാൻ സഹായിക്കണം. അതിന് അനിവാര്യമായ ആവശ്യകതയിലേയ്ക്കുള്ള ചൂണ്ടുപലകയാണ് ഈ ബഡ്ജറ്റ്. വിജ്ഞാനോൽപ്പാദനത്തിലും വ്യാപനത്തിലും ഊന്നൽ നൽകേണ്ട സമയം

വൈകിപ്പോയി. ഇനിയും ഈ മേഖലയിൽ പുറകോട്ട് പോകുകയാണെങ്കിൽ നമ്മൾ കൈവരിച്ച പല അഭിമാന നേട്ടങ്ങൾക്കും മങ്ങൽ സംഭവിക്കും. വിദേശികളായ കുട്ടികൾക്ക് പഠിക്കാൻ സാധിക്കുന്ന ലോകോത്തര നിലവാരമുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾ കേരളത്തിൽ വരണം. നമ്മുടെ ഹയർ സെക്കണ്ടറി സ്കൂളുകളെയും കോളേജുകളെയും സർവ്വകലാശാലകളെയും മികവിന്റെ കേന്ദ്രങ്ങളായി ഉയർത്താനും സാധിക്കണം. കേന്ദ്രം കേരളത്തോട് കാണിക്കുന്ന അവഗണനയിൽ പകച്ച് പിന്മാറാതെ പരിമിതമായ സൗകര്യങ്ങളിൽ നിന്ന് അപാരതകളെ സൃഷ്ടിക്കാനുള്ള ഇച്ഛാശക്തിയുള്ളവരായി ഓരോ മലയാളിയും മാറണം. കേരള ജനത ഇടതുപക്ഷത്തെയും ഇടതുപക്ഷ സർക്കാരിനെയും നെഞ്ചോട് ചേർത്തുവച്ചിരിക്കുകയാണ്. 2023 നവംബർ മാസത്തിൽ എന്റെ നിയോജകമണ്ഡലത്തിലെ പാനൂരിൽ സംഘടിപ്പിച്ച നവകേരള സദസ്സ് അതിന്റെ ഉദാഹരണമായിട്ടാണ് ഞാൻ കാണുന്നത്. ജനങ്ങളുടെ ആഗ്രഹവും അഭിലാഷങ്ങളും നിർവ്വഹിക്കാനാവശ്യമായ നയങ്ങളും നടപടികളുമായിട്ടാണ് നമ്മൾ മുന്നോട്ടുപോകുന്നത്. 3 വർഷ കാലയളവിനുള്ളിൽ കുറഞ്ഞത് 3 ലക്ഷം കോടി രൂപയുടെ നിക്ഷേപം

ആകർഷിക്കാനുള്ള ബഡ്ജറ്റ് പ്രസംഗത്തെ ഞാൻ കയ്യടിച്ച് സ്വീകരിക്കുന്നു. ഇതിനായി അന്തർദേശീയ നിക്ഷേപക സംഗമം സംഘടിപ്പിക്കാൻ ഉദ്ദേശിക്കുന്ന ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശ്രീ. പിണറായി വിജയന്റെ നേതൃത്വത്തിലുള്ള സർക്കാരിനെ ഞാൻ അഭിനന്ദിക്കുന്നു. ഐ.ടി. അധിഷ്ഠിത സേവനങ്ങൾക്കും സ്റ്റാർട്ടപ്പുകൾക്കും വലിയതോതിൽ മുതൽമുടക്കി സ്ഥലവും നിർമ്മിത ഇടവും വികസിപ്പിക്കുന്നു. എന്റെ നിയോജകമണ്ഡലത്തിൽ നവോദയക്കുന്ന് കേന്ദ്രീകരിച്ചുകൊണ്ട് ഇത്തരം സംവിധാനത്തിന് അന്നത്തെ മന്ത്രിയും ബഹുമാനപ്പെട്ട എം.എൽ.എ.-യുമായ ശ്രീമതി കെ. കെ. ശൈലജ ടീച്ചർ തുടക്കം കുറിച്ച പദ്ധതിയുടെ ഭൂമി ഏറ്റെടുക്കൽ നടപടികൾ വേഗത്തിലാക്കണമെന്ന് അഭ്യർത്ഥിക്കുന്നു. എന്റെ നിയോജകമണ്ഡലത്തിൽ സംഘടിപ്പിച്ച സംരംഭകത്വ സെമിനാറിൽ ഭൂമി കിട്ടിയാൽ ഞങ്ങൾ സംരംഭങ്ങൾ ആരംഭിക്കാൻ തയ്യാറാണെന്ന് ഒരുപാട് സംരംഭകർ പറയുകയുണ്ടായി. അതുകൊണ്ട് ഭൂമി ഏറ്റെടുക്കൽ നടപടികൾ ദ്രുതഗതിയിലാക്കാനുള്ള നടപടികളുണ്ടാകണം. കേരളത്തിലെ വയോജനങ്ങളിൽ ഭൂരിഭാഗവും നിരാശയുടെ നാൽക്കവലകളിലാണ്. അവരെ സംരക്ഷിക്കേണ്ടത് അനിവാര്യമാണെന്ന ബോധ്യം നമുക്കൊക്കെയുണ്ട്.

വയോജനങ്ങൾക്ക് കെയർ സെന്ററുകൾ സ്ഥാപിക്കുമെന്ന ബഡ്ജറ്റ് നിർദ്ദേശത്തെ ഞാൻ അഭിനന്ദിക്കുന്നു. ഇത്തരം കെയർ സെന്ററുകൾ അങ്കണവാടികൾ കേന്ദ്രീകരിച്ചുകൊണ്ട് ഓരോ പഞ്ചായത്തിലും യാഥാർത്ഥ്യമാക്കാനാവശ്യമായ നടപടികൾ വേഗത്തിലാക്കണം. കുടുംബശ്രീയെ ശാക്തീകരിക്കാനുള്ള കെ-ലിഫ്റ്റ് പദ്ധതിയിൽ, കുടുംബശ്രീക്ക് 265 കോടി രൂപ വകയിരുത്തിയതിനെ ഞാൻ അഭിനന്ദിക്കുകയാണ്. കുടുംബശ്രീ, സി.ഡി.എസ്-ലെ അംഗങ്ങൾ മുഴുവൻ സമയം പൊതുപ്രവർത്തകരാണ്. ഇവർക്ക് ഒരു മാസത്തിൽ ഏറ്റവും കുറഞ്ഞത് 1,000 രൂപയെങ്കിലും ഓണറേറിയമായി നൽകാനുള്ള നടപടി സ്വീകരിക്കണം. ഇന്ന് കേരളത്തിൽ വിപ്ലവം സൃഷ്ടിച്ചുകൊണ്ടാണ് ഹരിതസേന മുന്നോട്ടുപോകുന്നത്. നമ്മുടെ സഹോദരിമാർ ചേർന്നുകൊണ്ട് ഓരോ പ്രദേശത്തുംപോയി മാലിന്യം നിർമ്മാർജ്ജനം ചെയ്യാനുള്ള നടപടികളുമായി മുന്നോട്ടുപോകുകയാണ്. നല്ല പ്രവർത്തനമാണ് അവർ കാഴ്ചവയ്ക്കുന്നത്. അവർക്ക് സഹായങ്ങൾ നൽകണം. കലാ-സാംസ്കാരിക മേഖലയിൽ സർക്കാരിന്റെ പ്രത്യേക ശ്രദ്ധയും കരുതലും നൽകാനുള്ള നിർദ്ദേശത്തെ ഞാൻ അഭിനന്ദിക്കുന്നു. എന്റെ നിയോജകമണ്ഡലത്തിലാണ്

നവോത്ഥാന നായകനായ വാഗ്ഭടാനന്ദന്റെ ജന്മദേശം. വാഗ്ഭടാനന്ദന് ഉചിതമായ സാംസ്കാരിക കേന്ദ്രവും ലോക പ്രശസ്ത ചിത്രകാരൻ കെ. ജി. സുബ്രഹ്മണ്യത്തിന്റെ സ്മാരകമായി ആർട്ട് ഗ്യാലറി ഉൾപ്പെടെയുള്ള സാംസ്കാരിക സമുച്ചയത്തിന്റെ പണി പൂർത്തീകരിക്കാനുമുള്ള നടപടി വേഗത്തിലാക്കണം. ദീർഘദർശിയായ സാമൂഹിക പരിഷ്കർത്താവ് വാഗ്ഭടാനന്ദ ഗുരുദേവൻ കേരളത്തിന് നൽകിയ വലിയ സംഭാവനയാണ് ഊരാളുങ്കൽ സൊസൈറ്റി. 18000 പേർക്ക് പ്രത്യക്ഷമായും 50000-ത്തിലധികം പേർക്ക് പരോക്ഷമായും തൊഴിൽ നൽകുന്ന മഹത്തായ സ്ഥാപനമാണ്. 1925-ൽ 22 രൂപ ഓരോ അംഗവും അടച്ചുകൊണ്ട് 25 പേർ ചേർന്ന് രൂപീകരിച്ച സഹകരണ സംഘമാണ് ഇന്ന് ലോകത്തിലെ ഏറ്റവും വലിയ സഹകരണ സംഘമായി, വികസന മേഖലയിൽ ഏറ്റവും പ്രധാനപ്പെട്ട പ്രവർത്തനങ്ങൾ നടത്തി മുന്നോട്ടുപോകുന്നത്. ആരോഗ്യമേഖലയിൽ സർക്കാർ കാണിക്കുന്ന ശ്രദ്ധയെ ഞാൻ പിന്തുണയ്ക്കുന്നു. സംസ്ഥാനത്തെ പ്രധാനപ്പെട്ട ആശുപത്രികളിൽ പുതുതായി ഡയാലിസിസ് യൂണിറ്റുകൾ ആരംഭിക്കാനുള്ള തീരുമാനത്തെ ഞാൻ അഭിനന്ദിക്കുന്നു. ഡയാലിസിസ് രോഗികളുടെ ബാഹുല്യത്തെ

ഗൗരവത്തോടെ ഉൾക്കൊണ്ടുകൊണ്ട് നിലവിലുള്ള ഡയാലിസിസ് കേന്ദ്രങ്ങളിൽ കൂടുതൽ രോഗികൾക്ക് ഡയാലിസിസ് ചെയ്യാനുള്ള സൗകര്യമൊരുക്കി. മുഖ്യമന്ത്രിക്കും ആരോഗ്യ വകുപ്പുമന്ത്രിക്കുമൊക്കെ എല്ലാ ദിവസവും ഞങ്ങൾ കത്ത് കൊടുക്കുകയാണ്. സ്വകാര്യ സ്ഥാപനങ്ങളിൽ ഡയാലിസിസ് രോഗികൾക്ക് സൗജന്യമായി ഡയാലിസിസ് ചെയ്തുകൊടുക്കണമെന്ന് പറയുകയാണ്. കാരണം പാവപ്പെട്ട, ദരിദ്രരായ ആളുകളൊക്കെയുണ്ട്. കാർഷിക മേഖലയെ തളരാതെ പരിപോഷിപ്പിക്കാനാവശ്യമായ പുതിയ മേഖലകളെ നാം കണ്ടെത്തണം. മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ ഉൽപ്പാദനവും വിപണനവും വർദ്ധിപ്പിക്കണം. പുതുതലമുറയെ കാർഷിക മേഖലയിലേക്ക് ആകർഷിക്കാൻ നമുക്ക് സാധിക്കണം. മനുഷ്യാദ്ധ്വാനം ലഘൂകരിക്കാനും ആവശ്യമായ നൂതന കാർഷിക യന്ത്രങ്ങളുടെ വ്യാപനം വർദ്ധിപ്പിക്കാനുമായി ഇത്തരം യന്ത്രങ്ങൾ ഉൽപ്പാദിപ്പിക്കുന്ന KAMCO (Kerala Agro Machinery Corporation Ltd.)-യെ ശക്തീകരിക്കണം. KAMCO വഴി ഉൽപ്പാദിപ്പിക്കുന്ന കാർഷിക യന്ത്രങ്ങളെ KAICo (Kerala Agro Industries Corporation Ltd) വഴി വിപണിയിലെത്തിക്കാനും KAICo-യിലൂടെ പുതിയ ഇൻപുട്ടുകൾ നൽകാനും

കഴിയണം. പുതിയ തലമുറയെ ഇത്തരം യന്ത്രങ്ങൾ ഉപയോഗിച്ചുകൊണ്ട് കാർഷിക മേഖലയിലേയ്ക്ക് ആകർഷിക്കാനും ആവശ്യമായ ബൃഹത് പദ്ധതികൾക്ക് രൂപം നൽകണം. കണ്ണൂർ ജില്ലയിലെ വലിയവെളിച്ചത്ത് KAMCO യൂണിറ്റ് അടച്ചുപൂട്ടലിന്റെ വക്കിലാണെന്നാണ് മനസ്സിലാക്കാൻ സാധിച്ചത്. ഇത്തരം സ്ഥാപനങ്ങളെ നിലനിർത്തേണ്ടത് കാർഷിക സംസ്കൃതിയുടെ നാടായ കേരളത്തിന് അത്യാവശ്യമാണ്. ചെറുപ്പക്കാർക്ക് ഉപയോഗിക്കാനുള്ള കാർഷിക യന്ത്രങ്ങളാണ് അവിടെ ഉൽപ്പാദിപ്പിക്കുന്നത്. പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളുടെ വികസനത്തിനായി ഒട്ടനവധി പദ്ധതികൾ ഈ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ, ഇവർക്ക് നൽകിവരുന്ന ആനുകൂല്യങ്ങൾ കാലോചിതമായി പരിഷ്കരിക്കണം. ഉദാഹരണമായി, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ പ്ലാൻ ഫണ്ട് വിനിയോഗിച്ചുകൊണ്ട് ഈ വിഭാഗത്തിലെ കുട്ടികൾക്ക് പഠിക്കാനാവശ്യമായ ഫർണിച്ചർ വാങ്ങുന്നതിനായി പട്ടികജാതി വിഭാഗത്തിന് 5,000/- രൂപയും പട്ടികവർഗ്ഗ വിഭാഗത്തിന് 6,000/- രൂപയുമാണ് വകയിരുത്തിയിട്ടുള്ളത്. പാവപ്പെട്ട വിദ്യാർത്ഥികൾക്ക് പഠിക്കാനാവശ്യമായ ഗുണമേന്മയുള്ള ഒരു മേശയും കസേരയും വാങ്ങാൻ

ഒരിക്കലും ഈ തുക പര്യാപ്തമാകില്ലെന്ന് നമുക്കറിയാം. ഇത്തരത്തിലുള്ള മാനദണ്ഡങ്ങൾക്ക് കാലോചിതമായ പരിഷ്കരണം വരുത്തണം. കണ്ണൂർ അന്താരാഷ്ട്രവിമാനത്താവളം ഇന്ന് ഏറ്റവും കൂടുതൽ ചർച്ച ചെയ്യപ്പെടുന്നു. കണ്ണൂർ എന്നുപറയുമ്പോൾ, ഗൾഫ് രാജ്യങ്ങളിലേയ്ക്കും അതുപോലെ മറ്റുരാജ്യങ്ങളിലേയ്ക്കും പോകുന്ന ആളുകൾ തിങ്ങിപ്പാർക്കുന്നതാണ് കണ്ണൂരിന്റെ വിവിധ പ്രദേശങ്ങളായ മട്ടന്നൂർ, കൂത്തുപറമ്പ് എന്നീ മേഖലകൾ. കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളം കൂടുതൽ യാത്രക്കാർക്ക് ഉപകാരപ്രദമാകുന്നതിനാവശ്യമായ ഇടപെടലുകൾ നടത്തി മുന്നോട്ടുപോകാൻ സാധിക്കണം, അതിനാവശ്യമായ നടപടികൾ സ്വീകരിക്കണം. കേരളത്തിന്റെ സമസ്ത മേഖലകളിലും വികസനത്തിന്റെ ഒരു സൂര്യോദയം സൃഷ്ടിച്ചുകൊണ്ട് ഈ ബഡ്ജറ്റിലൂടെ അങ്ങ് മുന്നോട്ടുപോകുന്നത് നമുക്ക് കാണാൻ സാധിക്കും. ഓരോ നിയോജകമണ്ഡലങ്ങളും പല ആവശ്യങ്ങളും നൽകിയിട്ടുണ്ടാകും. പക്ഷെ കുറച്ച് ഫണ്ട് നൽകിയതുകൊണ്ടുമാത്രം അവിടുത്തെ പ്രശ്നങ്ങൾ പരിഹരിക്കാൻ സാധിക്കുകയില്ല, കൂടുതൽ ഫണ്ട് അനുവദിക്കണം. അതുപോലെതന്നെ അനുവദിച്ച ഫണ്ടുകൾ ക്രിയാത്മകമായും കൃത്യമായും ഉപയോഗിച്ചുകൊണ്ട്

പ്രവൃത്തികൾ പൂർത്തീകരിക്കാൻ സാധിക്കണം. വിദ്യാഭ്യാസ മേഖലയിലാണ് ഫണ്ട് വിനിയോഗിച്ചതെങ്കിൽ അത് പൂർത്തീകരിക്കാനുള്ള നടപടികൾ സ്വീകരിക്കണം. ഈ മേഖലയിലെ പ്രവർത്തനങ്ങൾ വളരെ മന്ദഗതിയിലാണ് നടക്കുന്നത്. പല കാരണങ്ങളുടെയും പേരിൽ അങ്ങോട്ടുമിങ്ങോട്ടും തട്ടിക്കളിക്കുന്നതാണ് ഞങ്ങൾ ജില്ലാ വികസനസമിതി യോഗങ്ങളിൽ പങ്കെടുക്കുമ്പോൾ കാണാൻ കഴിയുന്നത്. അതുമാറ്റി നല്ല രീതിയിൽ പ്രവർത്തനങ്ങൾ പൂർത്തീകരിച്ച് മുന്നോട്ടുപോകാൻ സാധിക്കണം. എന്തുതന്നെയായാലും അങ്ങ് മുന്നോട്ടുവച്ച 2024-25 വർഷത്തെ പിണറായി വിജയൻ സർക്കാരിന്റെ കേരള ബഡ്ജറ്റിന് ഒരിക്കൽക്കൂടി പിന്തുണ അറിയിച്ചുകൊണ്ട് നിർത്തുന്നു.

<u>ശ്രീ. ജി. എസ്. ജയലാൽ</u>: സർ, ഞാൻ ഈ ബഡ്ജറ്റിനെ അനുകൂലിക്കുകയാണ്. ജനാധിപത്യം മതാധിപത്യത്തിനും പൗരോഹിത്യത്തിനും പണാധിപത്യത്തിനും വഴിമാറുന്ന ഒരു സ്ഥിതിയാണ് രാജ്യത്ത് സംജാതമായിരിക്കുന്നത്. തൊഴിലില്ലായ്മ, പട്ടിണി, വിലക്കയറ്റം തുടങ്ങിയ ജനകീയപ്രശ്നങ്ങളിൽനിന്നും വഴിതിരിച്ചുവിടാൻ മതവിശ്വാസത്തിന്റെ മേലങ്കിയണിയിച്ച് ജനങ്ങളെ വർഗ്ഗീയതയുടെ

ഉന്മാദത്തിലെത്തിക്കുന്നതിനുവേണ്ടി ശ്രീ. നരേന്ദ്ര മോദിയുടെ നേതൃത്വത്തിലുള്ള ആർ.എസ്.എസ്.-ന്റെയും ബി.ജെ.പി.-യുടെയും ശ്രമങ്ങൾക്ക് ഫലം കണ്ടുകൊണ്ടിരിക്കുകയാണ്. പഴയ രാജഭരണകാലത്തെ ആടയാഭരണങ്ങളും അടയാളങ്ങളും പുനഃസൃഷ്ടിക്കുകയാണ്, പ്രധാനമന്ത്രി ശ്രീ. നരേന്ദ്ര മോദി ഒരു ആചാര്യ നരേന്ദ്ര മോദിയായി അഭിനയിക്കുകയാണ്, പാർലമെന്റിൽ ചെങ്കോൽ പ്രതിഷ്ഠിക്കുകയാണ്. എവിടെയോ കിടക്കുന്ന, ഇക്കാലത്തും കോണകംമാത്രം ഉപയോഗിക്കുന്ന കുറെ സന്യാസിമാരെക്കൊണ്ടുവന്ന് പൂജ നടത്തി സെക്യുലർ ഭരണഘടന നിലവിലുള്ള രാജ്യത്തെ പാർലമെന്റ് മന്ദിരം ഉദ്ഘാടനം ചെയ്യിക്കുകയാണ്. നമ്മുടെ രാജ്യം ഒരു സന്നിഗ്ദ്ധഘട്ടത്തിലൂടെ കടന്നുപോകുകയാണ്. ഏറ്റവും ആപത്കരമായ ഈ ദശാസന്ധിയിൽ കേരളത്തിലെ പ്രതിപക്ഷം കോൺഗ്രസിന്റെ നേതൃത്വത്തിൽ പൊട്ടൻകളിക്കുകയാണ്. കേന്ദ്രം നൽകാനുള്ള സംസ്ഥാനത്തിന്റെ വിഹിതത്തെക്കുറിച്ച് പറയുമ്പോൾ അതൊന്നും മനസ്സിലായില്ലെന്ന് നടിക്കുകയും കേരള സർക്കാരിനെ വിമർശിക്കാൻവേണ്ടിമാത്രം ശബ്ദമുയർത്തുകയും ചെയ്യുന്നതായി പ്രതിപക്ഷം മാറുന്നു. പണ്ട് നമ്മുടെ നാട്ടിൽ ഒരു നമ്പൂതിരി ഉണ്ടായിരുന്നു, അദ്ദേഹം

'മനസ്സിലായില്ല, മനസ്സിലായില്ല' എന്നുപറഞ്ഞ് നടക്കും. കുറെക്കാലം കഴിഞ്ഞപ്പോൾ നമ്പൂതിരി 'മനസ്സിലായി, മനസ്സിലായി' എന്നുപറഞ്ഞു തുടങ്ങി. അപ്പോൾ ആളുകൾ അദ്ദേഹത്തോട് ചോദിച്ചു, എന്താണ് മനസ്സിലായതെന്ന്. 'എനിക്കൊന്നും മനസ്സിലാകില്ല എന്ന് എനിക്ക് മനസ്സിലായി' എന്ന് അദ്ദേഹം പറഞ്ഞു. അതുപോലെയാണ് പ്രതിപക്ഷവും. യാഥാർത്ഥ്യങ്ങൾ മനസ്സിലാകില്ലെന്ന് നടിക്കുകയാണ്. കേന്ദ്രത്തിന്റെ വിവേചനവും പ്രതികാര മനോഭാവവുംമൂലമുണ്ടാകുന്ന കടുത്ത സാമ്പത്തിക ആക്രമണത്തിനുമുമ്പിൽ തളർന്നിരിക്കാനല്ല, നമ്മുടെ നാടിനെ മുന്നോട്ടുനയിക്കാനുള്ള കർമ്മ പരിപാടികളുമായാണ് കേരളം ഈ ബഡ്ജറ്റിലൂടെ മുന്നോട്ടുപോകുന്നത്. കേന്ദ്ര അവഗണന തുടർന്നാലും ജനക്ഷേമ പ്രവർത്തനങ്ങളിൽനിന്നും നമുക്ക് പിന്നോട്ടുപോകാനാകില്ല. ആരോഗ്യം, വിദ്യാഭ്യാസം, സാമൂഹ്യക്ഷേമം എന്നിവ ഉറപ്പാക്കി സർവ്വതലസ്പർശിയായ, ദ്രുതഗതിയിലുള്ള സാമ്പത്തികവളർച്ച കൈവരിക്കുകയാണ് എൽ.ഡി.എഫ്. സർക്കാരിന്റെ കാഴ്ചപ്പാട്. പ്രായോഗിക സമീപനത്തിലൂന്നിനിന്ന് ഭാവികേരളത്തെ രൂപപ്പെടുത്തുകയെന്നത് പ്രഥമ കടമയായി എൽ.ഡി.എഫ്. സർക്കാർ കാണുകയാണ്. സാമൂഹ്യനീതിയിൽ

കാലുറപ്പിച്ചുകൊണ്ടുള്ള ജ്ഞാനസമൂഹ നിർമ്മിതിയിലേയ്ക്കുള്ള ഉറച്ച കാൽവയ്പിലാണ് കേരളം. നികുതി പിരിവ് ഊർജ്ജിതപ്പെടുത്തിയും അനാവശ്യ ചെലവുകൾ നിയന്ത്രിച്ചും സാമ്പത്തിക ദൃഢീകരണത്തിന്റെ അടിസ്ഥാന തത്വങ്ങളിലൂന്നിനിന്നാണ് സംസ്ഥാനത്തിന്റെ ധനമാനേജ്മെന്റ്. ട്രഷറി പൂട്ടാതെ അവശ്യ ചെലവുകളെല്ലാം നിർവ്വഹിച്ചും സാമ്പത്തിക സ്ഥിതി കൈകാര്യം ചെയ്യുന്നു. രാജ്യത്തെ ഉയർന്ന വരുമാന വർദ്ധനനിരക്കും ഉൽപ്പാദന വളർച്ചാനിരക്കും ആർജ്ജിക്കാൻ കേരളത്തിനായിട്ടുണ്ട്. 2021-22-ൽ കേരളത്തിന്റെ ആഭ്യന്തര ഉൽപ്പാദനം സ്ഥിരവിലയിൽ 12.01 ശതമാനമായി ഉയർന്നു. 2022-23-ൽ GST വരുമാനത്തിൽ 22.11 ശതമാനം വർദ്ധനവ് നേടി. 2021-22-ൽ 24,169 കോടി രൂപയായിരുന്നത് കഴിഞ്ഞ വർഷം 29,513 കോടി രൂപയായി. 5,344 കോടി രൂപയുടെ വർദ്ധനയാണ് GST വരുമാനത്തിലുണ്ടായത്. 2021-22-ൽ തനതുനികുതി വരുമാന വർദ്ധനവ് 22.41 ശതമാനമായിരുന്നു, കഴിഞ്ഞ വർഷം 23.36 ശതമാനമായി ഉയർന്നു. കടബാധ്യത കുറഞ്ഞു, കഴിഞ്ഞവർഷം GSDP-യുടെ 36.8 ശതമാനമായിരുന്നു പൊതുകടം, മുൻവർഷം അത് 38.65 ശതമാനമായി, 2 ശതമാനത്തോളം കുറവാണ്. റവന്യൂകമ്മി ആഭ്യന്തര ഉൽപ്പാദനത്തിന്റെ

0.88 ശതമാനമായി കുറഞ്ഞു. ധനക്കമ്മി കുറഞ്ഞു, 2022-23-ൽ 2.44 ശതമാനമായിരുന്നു, അതായത് 25,555 കോടി രൂപ, മുൻവർഷം അത് 46,046 കോടി രൂപയായിരുന്നു. അത്തരത്തിൽ നല്ല ധനകാര്യമാനേജ്മെന്റുമായാണ് കേരളം മുന്നോട്ടുപോകുന്നത്. കേന്ദ്ര സർക്കാരിലും കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളിലുമായി പത്ത് ലക്ഷത്തോളം ഒഴിവുകൾ നികത്തപ്പെടാതെ കിടക്കുകയാണ്. ഇവിടെ കേരളം പി.എസ്.സി. മുഖേന കൃത്യമായി നിയമനങ്ങൾ നടത്തുന്നു. രാജ്യത്താകെ നടന്ന നിയമനത്തിന്റെ 42 ശതമാനം കേരളത്തിലാണ്, ഇവിടെ ജനസംഖ്യയുടെ അനുപാതം നോക്കണം, അതാണ് കേരളം. 2021-ൽ ഈ സർക്കാർ അധികാരത്തിലെത്തിയശേഷം 66532 നിയമന ശിപാർശകൾ പി.എസ്.സി. മുഖേന നൽകി. 2016 മുതൽ 2023 വരെയുള്ള കാലഘട്ടത്തിൽ 227800 നിയമന ശിപാർശകളാണ് പി.എസ്.സി. മുഖേന നൽകിയത്. 2023 നവംബർ വരെ 2018 റാങ്ക് ലിസ്റ്റുകൾ പ്രസിദ്ധീകരിച്ചു. നീതി ആയോഗിന്റെ റിപ്പോർട്ടുപ്രകാരം മാനവവിഭവശേഷി സൂചികയിൽ കേരളം ഒന്നാം സ്ഥാനത്താണ്. രാജ്യത്ത് ഏറ്റവും കുറവ് ദരിദ്രരുള്ള സംസ്ഥാനം കേരളമാണ്. അങ്ങനെ കേരളത്തിന്റെ നേട്ടങ്ങൾ വളരെ

വലുതാണ്. ഈ നേട്ടങ്ങൾ കേരളത്തിന് ശിക്ഷയായി മാറുകയാണ്. അതാണ് പ്രതിപക്ഷം മനസ്സിലാക്കേണ്ടത്, ഞാൻ അതിന്റെ വിശദാംശങ്ങളിലേയ്ക്ക് പോകുന്നില്ല.

2011-2016 കാലയളവിൽ യു.ഡി.എഫ്. കേരളം ഭരിക്കുമ്പോൾ 10 മുതൽ 25 ശതമാനം വരെ വിവിധ പെൻഷനുകൾ കുടിശികയായിരുന്നുവെന്ന് നമുക്കറിയാം. 34 ലക്ഷം ആളുകൾക്ക് 600/- രൂപവീതം പെൻഷൻ നൽകിയിരുന്ന യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് അഞ്ചുവർഷം കൊണ്ട് ചെലവഴിച്ചിട്ടുള്ള തുക 9,000 കോടി രൂപയാണെങ്കിൽ ഏഴര വർഷംകൊണ്ട് ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ ചെലവഴിച്ചത് 57,000 കോടി രൂപയാണ്. യു.ഡി.എഫ്. സർക്കാർ അഞ്ചുവർഷംകൊണ്ട് വെറും 9,000 കോടി രൂപയാണ് ചെലവഴിച്ചത്. 62 ലക്ഷത്തോളം ആളുകൾക്ക് ക്ഷേമപെൻഷൻ ലഭ്യമാക്കാൻ പ്രതിവർഷം 11,000 കോടി രൂപയാണ് സംസ്ഥാന സർക്കാർ ചെലവഴിക്കുന്നത്. അതിൽ വെറും 600 കോടി രൂപ മാത്രമാണ് കേന്ദ്ര സർക്കാരിന്റെ വിഹിതമെന്ന് പറയുന്നത്. ഞാൻ ഇതുപറയുന്നത്, ബ്രാൻഡിംഗ് എന്നുപറഞ്ഞ് ഒരു ചർച്ച ഇപ്പോൾ നാട്ടിൽ നടക്കുന്നുണ്ടല്ലോ, ബ്രാൻഡിംഗ് ചെയ്യണം. ലൈഫ് മിഷൻ

പദ്ധതിയിൽ വീടുനിർമ്മിച്ച് നൽകുന്നത് ബ്രാൻഡ് ചെയ്യണം. ഗ്രാമപ്രദേശങ്ങളിൽ വീട് വയ്ക്കാൻ കേന്ദ്ര സർക്കാർ 72,000/- രൂപ മാത്രം നൽകുമ്പോൾ കേരളത്തിലെ സർക്കാർ 4 ലക്ഷം രൂപയാണ് ഗുണഭോക്താവിന് നൽകുന്നത്. സംസ്ഥാന വിഹിതം 3,28,000/- രൂപയെന്ന് എഴുതിവയ്ക്കണം. അതിനെന്താണ് കുഴപ്പം? ആരോഗ്യ ഇൻഷ്വറൻസ്, ജൽജീവൻ മിഷൻ തുടങ്ങി ഏത് പദ്ധതിയിലായാലും കേരളത്തിന് അന്തസ്സായി എഴുതി വയ്ക്കാം. കേന്ദ്ര സർക്കാരിന്റെ വിഹിതവും കേരള സർക്കാരിന്റെ വിഹിതവും തമ്മിലുള്ള അന്തരം അത്ര വലുതാണ്. പഞ്ചായത്തിന് പണം ലഭിക്കുന്നത് വേറെ എവിടെ നിന്നെങ്കിലുമാണോ; സംസ്ഥാന സർക്കാർ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വിഹിതം 28 ശതമാനമായി വർദ്ധിപ്പിച്ചില്ലേ; ഇത് അധികാര വികേന്ദ്രീകരണം ശാക്തീകരിക്കുന്ന ഒരു ഗവൺമെന്റ് അല്ലേ; സമയക്കുറവുമൂലം മറ്റ് വിശദാംശങ്ങളിലേയ്ക്ക് പോകുന്നില്ല.

തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): സർ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് സർക്കാർ പ്ലാൻ ഫണ്ടിൽനിന്നാണ് തുക നൽകുന്നത്. അതും ഇന്ത്യയിലെ

ഏറ്റവും ഉയർന്ന തുകയായ 28.5 ശതമാനമാണ് ഈ വർഷം നൽകിയിട്ടുള്ളത്. അത് തനതുഫണ്ടല്ല. കഴിഞ്ഞ ദിവസം The Hindu പത്രത്തിൽ ഇതുമായി ബന്ധപ്പെട്ട് ഒരു വിശകലനം വന്നിരുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഏറ്റവും കൂടുതൽ വരുമാനം ലഭിക്കുന്ന സംസ്ഥാനം കേരളമാണ്. എന്നാൽ കേരളത്തിൽ തനതുഫണ്ട് വളരെ കുറവാണ്. ഇന്ത്യയിൽ ഏറ്റവും ഉയർന്ന തുക നൽകുന്നത് കേരള സംസ്ഥാന സർക്കാരാണ്.

ശ്രീ. ജി. എസ്. ജയലാൽ: സർ, അതുതന്നെയാണ് ഞാനും സൂചിപ്പിച്ചത്. പ്ലാൻ ഫണ്ടിൽനിന്നും കൊടുക്കുന്നതാണ്. കേരളം കടക്കെണിയിലാണെന്ന് പ്രചരിപ്പിക്കുന്നത്, കേരളത്തിന്റെയും കേന്ദ്രത്തിന്റെയും കടം താരതമ്യം ചെയ്യുമ്പോഴാണ് മനസ്സിലാകുന്നത്. കേന്ദ്ര സർക്കാരിന്റെ കടം ആഭ്യന്തര ഉൽപ്പാദനത്തിന്റെ 57 ശതമാനമാണെങ്കിൽ കേരളത്തിന്റേത് വെറും 37 ശതമാനമാണെന്ന് റിസർവ് ബാങ്കിന്റെ കണക്കുണ്ട്. 155.67 ലക്ഷം കോടി രൂപ കേന്ദ്ര സർക്കാരിന്റെ കടമുള്ളപ്പോൾ 3.85 ലക്ഷം കോടി രൂപ, 37 ശതമാനം മാത്രമാണ് സംസ്ഥാന സർക്കാർ കടമെടുത്തിട്ടുള്ളതെന്ന് മനസ്സിലാക്കണം. സംസ്ഥാന ധനദൃഢീകരണ

മാനദണ്ഡങ്ങളെല്ലാം പാലിച്ചാണ് മുന്നോട്ടുപോകുന്നതെന്നുള്ളതിന്റെ തെളിവാണത്. ഇന്ന് കേരളം നേരിടുന്ന ധനഞെരുക്കത്തിന് പ്രധാന കാരണം കേന്ദ്ര റവന്യൂ വിഹിതത്തിലും വായ്പാ പരിധിയുടെ കുറവുമാണ്. അതിന്റെ വിശദാംശങ്ങൾ ഇവിടെ ചർച്ച ചെയ്തതുകൊണ്ട് ഞാൻ പറയുന്നില്ല. കേന്ദ്ര ബഡ്ജറ്റ് കോർപ്പറേറ്റ് പൂജ നടത്തുമ്പോൾ സാമൂഹ്യക്ഷേമ മേഖലയിലെല്ലാം ഇടപെട്ടുകൊണ്ടുള്ള സർവ്വതല സ്പർശിയായുള്ള ഒരു ബഡ്ജറ്റാണ് കേരളം അവതരിപ്പിച്ചിട്ടുള്ളത്.

സാമൂഹ്യക്ഷേമ പ്രവർത്തനങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ട പ്രവർത്തനമാണ് ഗ്രാമീണ മേഖലയിലെ പശു വളർത്തൽ. ഗ്രാമീണ സമ്പദ്ഘടനയിൽ ഏറ്റവും പ്രധാനപ്പെട്ട ഘടകമാണത്. ഡെയറിയുമായും മൃഗസംരക്ഷണവുമായും ബന്ധപ്പെട്ട് ആ പ്രവർത്തനങ്ങൾ ശാക്തീകരിക്കാൻവേണ്ടി കൂടുതൽ ഫണ്ട് അനുവദിക്കണം. സിവിൽ സപ്ലൈസ് വകുപ്പിന്റെ കൂടുതൽ ഇടപെടലിനുവേണ്ടി ഫണ്ട് അനുവദിക്കണം. തൊഴിലുറപ്പ് പദ്ധതിക്കുള്ള ഫണ്ട് പോലും വെട്ടിക്കുറക്കുന്ന കാലമാണിപ്പോൾ. അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിയെ ശാക്തീകരിക്കുകയാണ്. വലിയ നേട്ടമാണ് നഗരപ്രദേശങ്ങളിൽ അതുമായി

ബന്ധപ്പെട്ടുള്ളത്. ക്ഷീരകർഷകർക്കുപോലും തൊഴിലുറപ്പിന്റെ ആനുകൂല്യം ലഭിക്കുന്നത് കേരളത്തിൽ മാത്രമാണ്. കേന്ദ്ര ഗവൺമെന്റ് ആ നയം അംഗീകരിക്കുന്നില്ല. സാധാരണക്കാരനെ സംരക്ഷിക്കുന്ന ഒരു ഗവൺമെന്റിന്റെ നയമാണ് കേരളത്തിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. പട്ടയം വിതരണം ചെയ്യുന്നതുമായി ബന്ധപ്പെട്ട് പട്ടയം മിഷൻ പ്രവർത്തനങ്ങൾക്ക് കുറച്ചുകൂടി ഫണ്ട് അനുവദിക്കണം. വില്ലേജുകൾക്ക് വാഹനം വേണമെന്ന ആവശ്യമുയർന്നു വന്നിട്ടുണ്ട്. വില്ലേജുകൾക്ക് വാഹനം ഇല്ലായെന്നത് വലിയൊരു പ്രശ്നമാണ്. അത് ഗവൺമെന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവരികയാണ്.

അങ്ങയുടെകൂടി ജില്ലയിലെ മെഡിക്കൽ കോളേജാണ് കൊല്ലം മെഡിക്കൽ കോളേജ്. അതിന്റെ സ്ഥലം ഏറ്റെടുക്കലുമായി ബന്ധപ്പെട്ട് അനുകൂലമായ നിർദ്ദേശമുണ്ടാകണം. വിദേശ യൂണിവേഴ്സിറ്റിയുമായി ബന്ധപ്പെട്ട് ഇവിടെ പറയുന്നത് കേട്ടാൽ തോന്നും അത് കേരളത്തിൽ അനുവദിച്ച് കിടക്കുകയാണെന്ന്. അത് ചർച്ച ചെയ്ത് തീരുമാനിക്കുമെന്നല്ലേ പറഞ്ഞിരിക്കുന്നത്. അത്തരം കാര്യങ്ങളിലെ രാഷ്ട്രീയ നിലപാടിൽ വളരെ വ്യക്തതയുള്ള മുന്നണിയാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണിയെന്ന്

മനസ്സിലാക്കണം. കേന്ദ്ര സർക്കാരിന്റെ ചില ചോദ്യോത്തരങ്ങൾ എടുത്തുവച്ചുകൊണ്ട് 57,400 കോടി രൂപയുടെ കാപ്സ്യൂൾ എന്നാണ് പറയുന്നത്. രണ്ടും രണ്ടാണെന്ന് മനസ്സിലാക്കണ്ടേ; 5,891 കോടി രൂപ കേന്ദ്ര സർക്കാരിൽനിന്നും ലഭിക്കാനുള്ള കുടിശ്ശികയുടെ കണക്കും മറ്റേത് കേന്ദ്ര അവഗണനയുടെ കണക്കുമാണ്. 57,400 കോടി രൂപ കേരളത്തോട് കേന്ദ്ര സർക്കാർ കാണിക്കുന്ന അവഗണനയുടെ ഭാഗമായുള്ളതാണ്. സംസ്ഥാനത്തിന് അർഹിക്കുന്ന വായ്പയെടുക്കാൻ കഴിയാത്തതിലൂടെ 19,000 കോടി രൂപയും റവന്യൂ കമ്മി ഗ്രാന്റിലൂടെ 8,400 കോടി രൂപയും എല്ലാ സംസ്ഥാനവും ആവശ്യപ്പെടുന്ന ജി.എസ്.ടി. നഷ്ടപരിഹാരത്തിലൂടെ ലഭിക്കാനുള്ളത് 12,000 കോടി രൂപയും നികുതി വിഹിതം 18,000 കോടി രൂപയുമാണ്. കേന്ദ്ര അവഗണനയുടെ ഭാഗമായി ലഭിക്കാനുള്ള 57,400 കോടി രൂപയും കേന്ദ്രത്തിലെ പദ്ധതികളുടെ കുടിശ്ശികയായി ലഭിക്കാനുള്ളത് 5,891 കോടി രൂപയും രണ്ടാണെന്ന് യു.ഡി.എഫ്. മനസ്സിലാക്കണം. ഇതാണ് ഡൽഹിയിൽ പോയി സമരത്തിലൂടെ കേന്ദ്ര ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്താൻ ശ്രമിച്ചത്. ആ സമരത്തോടൊപ്പം നിൽക്കാതെ കേരളത്തിന്റെ പ്രശ്നങ്ങളിൽനിന്ന് ഒളിച്ചോടാൻ ശ്രമിക്കുന്ന, കേരളത്തിലെ

ജനങ്ങൾ എത്രതന്നെ ദുരിതം അനുഭവിച്ചാലും അതിൽ രാഷ്ട്രീയ ലാഭം ഉണ്ടാക്കാൻ ശ്രമിക്കുന്ന പ്രതിപക്ഷ നിലപാടാണ് തിരുത്തേണ്ടതെന്ന് സൂചിപ്പിച്ചുകൊണ്ട് ഞാൻ ഈ ബഡ്ജറ്റിനെ ഒരിക്കൽക്കൂടി അനുകൂലിക്കുകയാണ്.

ശ്രീമതി യു. പ്രതിഭ: സർ, ഈ ബഡ്ജറ്റിനെ ഞാൻ പിന്തുണയ്ക്കുന്നു. സൂര്യോദയ സമ്പദ്ഘടനയെന്ന മനോഹരമായ നിരീക്ഷണത്തോടുകൂടി കേരള സമ്പദ്ഘടനയെക്കുറിച്ച് പറഞ്ഞ് പ്രിയങ്കരനായ ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ച 2024-25-ലെ ജനപക്ഷ ബഡ്ജറ്റിനെ ഹൃദയപൂർവ്വം സ്വാഗതം ചെയ്യുകയാണ്. കേരള വികസന മാതൃകയുടെ പശ്ചാത്തലത്തിൽ സൺറൈസ് ഇക്കോണമി എന്ന പ്രയോഗം വളരെ ആകർഷണീയമായി തോന്നി. കേരള വികസന മാതൃക ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളിൽനിന്ന് വളരെ വ്യത്യസ്തമായി മതനിരപേക്ഷതയുടേതാണ്. സമാധാനത്തിന്റേതാണ്, സാമൂഹ്യനീതിയുടേതാണ്, ഉയർന്ന ജീവിത നിലവാരത്തിന്റേതാണ്. ഇത് ഞാനോ ഈ സഭയിലെ ഭരണപക്ഷത്തുള്ള അംഗങ്ങളോ പറയുന്നതല്ല. നീതി ആയോഗിന്റെ ദേശീയ മൾട്ടി ഡയമെൻഷണൽ ദാരിദ്ര്യസൂചിക പ്രകാരം ദാരിദ്ര്യം കുറവുള്ള

സംസ്ഥാനമാണ് കേരളം. നീതി ആയോഗ് തയ്യാറാക്കിയ സുസ്ഥിര വികസന സൂചികയിൽ രാജ്യത്തെ ഒന്നാമത്തെ സംസ്ഥാനം. 2021-ലെ പബ്ലിക് അഫയേഴ്സ് ഇൻഡക്സിൽ ഒന്നാം സ്ഥാനം. കേന്ദ്ര വിദ്യാഭ്യാസ മന്ത്രാലയത്തിന്റെ മികവിന്റെ സൂചികയിൽ ഒന്നാം സ്ഥാനം. ഏറ്റവും കൂടുതൽ സൗജന്യ ചികിത്സ നൽകുന്ന സംസ്ഥാനം. എല്ലാം ചെയ്തിട്ടും സന്തോഷമില്ലാത്ത ജനങ്ങളാണെങ്കിൽ കാര്യമില്ലല്ലോ; ഇന്ത്യ ടുഡേയുടെ ഹാപ്പിനസ് ഇൻഡക്സ് സർവ്വേയിലും കേരളത്തിന് ഒന്നാം സ്ഥാനമാണ്. ഒന്നാം പിണറായി സർക്കാർ വരുമ്പോൾ കേരളത്തിലെ അടിസ്ഥാന സൗകര്യ വികസനങ്ങൾ ഇങ്ങനെ ആയിരുന്നോയെന്ന് ചിന്തിക്കണം. പ്രതിപക്ഷത്ത് പൊതുവേ ആളുകൾ കാണാറില്ല. രാവിലെ വരും, ഡ്യൂട്ടി കഴിയും, പോകുമെന്ന അവസ്ഥയിലാണ്. അതുകൊണ്ട് പ്രതിപക്ഷത്തോട് ഞങ്ങൾ ചോദിക്കുന്നില്ല. പ്രതിപക്ഷത്തെ നമ്മൾ വിലയിരുത്തണം. ഒന്നാം പിണറായി സർക്കാർ അധികാരത്തിൽ വരുമ്പോൾ കേരളത്തിലെ അടിസ്ഥാന സൗകര്യ വികസനം ഇങ്ങനെ ആയിരുന്നില്ല. കൃഷി-വ്യവസായ മേഖലകളിൽ 2016-നുമുമ്പുള്ള അനുഭവം ഇങ്ങനെ ആയിരുന്നില്ല. വിജ്ഞാനോൽപ്പാദനത്തിലും വ്യാപനത്തിലും വേണ്ടത്ര പുരോഗതി

ഉണ്ടായിരുന്നില്ലെന്ന് മാത്രമല്ല, ആ മേഖലയെപ്പറ്റി ഒന്ന് ചിന്തിക്കാൻപോലും ആ കാലത്തെ യു.ഡി.എഫ്. സർക്കാർ, ഭരണാധികാരികൾ തയ്യാറായിരുന്നില്ല. ഈ അടുത്തകാലത്ത് നമുക്കെല്ലാം അനുഭവവേദ്യമായിട്ടുള്ള വികസനത്തിന്റെ ഉദാഹരണങ്ങൾ പല അവസരത്തിലും സഭയിൽ പറഞ്ഞിട്ടുള്ളതാണ്. എന്നാലും ചില കാര്യങ്ങൾ ചൂണ്ടിക്കാണിക്കാതെ പോകാൻ കഴിയില്ല. കേരളത്തിലെ വികസനത്തിൽ, കൊല്ലം ബൈപ്പാസ് കേന്ദ്ര സർക്കാർ തന്നതാണെന്ന് പ്രതിപക്ഷം പറയും. നേരത്തെ ശ്രീ. റോജി എം. ജോൺ സംസാരിച്ചപ്പോൾ കേന്ദ്ര സർക്കാരിന്റെ വക്താവാണോ അവിടെ നിന്ന് സംസാരിക്കുന്നതെന്നാണ് തോന്നിയത്. യു.പി.എ. സർക്കാർ കേന്ദ്രത്തിലും യു.ഡി.എഫ്. സർക്കാർ കേരളത്തിലും ഉണ്ടായിരുന്നപ്പോൾ കൊല്ലം ബൈപ്പാസിനെ ഒന്ന് തൊടാൻപോലും ഇവർക്ക് കഴിഞ്ഞിരുന്നില്ല. ആലപ്പുഴ ബൈപ്പാസ് ആലപ്പുഴക്കാരുടെ ചിരകാല സ്വപ്നമായിരുന്നു. അവിടെനിന്നും മണിക്കൂറുകൾ ലാഭത്തിൽ ഇവിടേയ്ക്ക് എത്താൻ കഴിയുന്നതാണെന്ന് വടക്കുനിന്നും ഇങ്ങോട്ട് വരുന്ന എം.എൽ.എ.-മാർക്കെല്ലാം അറിയാം. ആലപ്പുഴ ബൈപ്പാസ് ഒരു മണൽക്കുനയായിരുന്നു. അത് പൂർത്തീകരിക്കാൻ കഴിഞ്ഞുവെന്നത്

യാഥാർത്ഥ്യമാണ്. അത് പറയുമ്പോൾ പൊള്ളിയിട്ട് കാര്യമില്ല. തീരദേശ പാതയുടെ നിർമ്മാണം എങ്ങുമെത്തിയില്ലായിരുന്നു. 2016-ൽ അതിന്റെ നിർമ്മാണം തുടങ്ങാൻ കഴിഞ്ഞു. മലയോര ഹൈവേയുടെ വികസനം, ഇവിടെ ശ്രീ. സി. കെ. ഹരീന്ദ്രൻ അടക്കമുള്ള തിരുവനന്തപുരത്തെ എം.എൽ.എ.-മാരുടെ മണ്ഡലങ്ങളിൽ നല്ല രൂപത്തിൽ മലയോര ഹൈവേയുടെ നിർമ്മാണം തുടങ്ങാൻ കഴിഞ്ഞു. യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് ഗെയിൽ പൈപ്പ്ലൈൻ 18 ശതമാനം മാത്രമായിരുന്നു ചെയ്യാൻ കഴിഞ്ഞതെങ്കിലും ബാക്കി പൂർത്തീകരിക്കാൻ കഴിഞ്ഞത് ഒന്നാം പിണറായി സർക്കാരിന്റെ കാലത്താണ്. അത് പൂർത്തീകരിച്ചുകഴിഞ്ഞിരിക്കുന്നു. 2016-നുശേഷം എന്തോ പ്രത്യേകത സംഭവിച്ചുവെന്നാണ് ഇവർ പറയുന്നത്; നിരവധി മാറ്റങ്ങൾ കേരളത്തിൽ വന്നിട്ടുണ്ട്. അതുകൊണ്ടാണ് ഞങ്ങൾ വിളിച്ചുപറയുന്നത്. ഉള്ള കാര്യങ്ങളാണ് പറയുന്നത്. ജനങ്ങളുടെ കണ്ണിൽ പൊടിയിട്ടാൽ 99 സീറ്റിൽ വീണ്ടും ഞങ്ങളെ അധികാരത്തിൽ കൊണ്ടുവരുമോ; ഈ രൂപത്തിൽ 2016-നുശേഷം അടിമുടി നവീകരിക്കപ്പെട്ട കേരളത്തിന്റെ തുടർ വികസനമാണ് ബഡ്ജറ്റിലൂടെ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ചിരിക്കുന്നതെന്ന പ്രത്യേകതയുണ്ട്.

ബഡ്ജറ്റ് പുസ്തകത്തിന്റെ 19-ാം പേജ് മുതൽ സംസ്ഥാനത്തിന്റെ ധനഃസ്ഥിതിയെക്കുറിച്ച് വളരെ വിശദമായ കാര്യങ്ങൾ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിതന്നെ പറഞ്ഞിട്ടുണ്ട്. കേന്ദ്ര സർക്കാർ തീർക്കുന്ന സാമ്പത്തിക ഉപരോധത്തെക്കുറിച്ചും കിട്ടാനുള്ള തുകകളെക്കുറിച്ചുമൊക്കെ വളരെ വ്യക്തമായി പ്രതിപാദിച്ചിട്ടുള്ളതിനാൽ അതിലേയ്ക്ക് കടക്കുന്നില്ല.

പ്രകടന പത്രികയിൽ ഒരുപാട് കാര്യങ്ങൾ പറഞ്ഞുകൊണ്ടാണ്, എല്ലാവരും പ്രകടന പത്രികയാണല്ലോ ജനങ്ങളുടെ മുന്നിൽ വയ്ക്കുന്നത്. ആ പ്രകടന പത്രികയിൽ പറഞ്ഞ കാര്യങ്ങൾ അക്കമിട്ട് നിരത്തി ഓരോന്ന് ഓരോന്നായി ജനങ്ങൾക്കുവേണ്ടി ചെയ്തുകൊടുത്തു. അതെല്ലാം പൂർത്തീകരിച്ചു, ജനങ്ങളോട് പറഞ്ഞു, പ്രോഗ്രസ് കാർഡ് ഇറക്കി, ജനങ്ങൾക്ക് വിശ്വാസമായി, ജനങ്ങൾ വീണ്ടും അധികാരത്തിലേയ്ക്ക് കൊണ്ടുവന്നു. അതുകൊണ്ടാണ് വലിയ ഭൂരിപക്ഷത്തോടെ സർക്കാരിന് വീണ്ടും അവസരം ലഭിച്ചിട്ടുള്ളത്. കേരള വികസനത്തിന്റെ ഒരു മോഡൽ, സാമൂഹ്യനീതിയിൽ അധിഷ്ഠിതമായുള്ള സമഗ്ര വികസനമാണ്. വികസനം പറയുമ്പോൾ എല്ലാവർക്കും തുല്യനീതി ലഭിക്കാനുള്ള ഒരു ഉറപ്പ് ഈ ഗവൺമെന്റ് നൽകുന്നുണ്ട്. അതിന്റെ ഏറ്റവും വലിയ ഉദാഹരണമാണ് ലൈഫ് മിഷൻ

പദ്ധതിലൂടെയുള്ള വീട്. എന്തായാലും 4 ലക്ഷം വീട് കൊടുത്തു. അതൊരു യാഥാർത്ഥ്യമാണല്ലോ; ഇപ്പോൾ കിട്ടിയില്ല, ഇപ്പോൾ കടമാണ്, കേരളം മുടിഞ്ഞെന്നും നിങ്ങൾ പറഞ്ഞ് വയ്ക്കുമ്പോഴും ലൈഫ് മിഷൻ പദ്ധതിയിലൂടെ 4 ലക്ഷത്തിനുമുകളിൽ വീട് കൊടുത്തു. പത്ത് ലക്ഷത്തിൽപ്പരം കുട്ടികളെ അൺഎയ്ഡഡ് സ്കൂളിൽനിന്നും സർക്കാർ സ്കൂളിലേയ്ക്ക് കൊണ്ടുവന്നു. വെറുതെ കൊണ്ടുവന്നതല്ല. സർക്കാർ സ്കൂളുകൾ മെച്ചപ്പെടുത്തിയപ്പോൾ അവർക്ക് വിശ്വാസമായി സ്വമേധയാ വരികയാണുണ്ടായത്. ആരോഗ്യ മേഖലയിൽ പണ്ടുകാലത്തെ അവസ്ഥ എന്തായിരുന്നു. സർക്കാർ ആശുപത്രിയെന്നാൽ ധർമ്മാശുപത്രിയെന്ന് പറഞ്ഞിരുന്ന ഒരു കാലമുണ്ടായിരുന്നു. അവിടെ എന്തിന് ചെന്നാലും ചുവപ്പ് കളറിലുള്ള മരുന്ന് കുപ്പിയിൽ നൽകുന്ന കാലമുണ്ടായിരുന്നു. കാല് മുറിഞ്ഞാൽ നീല കളറിലുള്ള മരുന്ന് നൽകുന്ന കാലം കേരളത്തിലുണ്ടായിരുന്നു. അതൊക്കെ മാറി. ഇവിടുത്തെ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളൊക്കെ കുടുംബാരോഗ്യ കേന്ദ്രങ്ങളായി മാറി. അത് അനുഭവവേദ്യമല്ലേ; നേരത്തെ 12 മണി കഴിഞ്ഞാൽ മഷിയിട്ട് നോക്കിയാൽ ഡോക്ടർമാരെ കാണുമായിരുന്നോ; ഇപ്പോൾ അവിടെ മുഴുവൻ സമയവും ഡോക്ടർമാരുണ്ട്. ഇത്രയൊക്കെ കാര്യങ്ങൾ നടത്തുമ്പോൾ കുറെ

പ്രയാസം വരും. കേന്ദ്ര സർക്കാർ നല്ല സഹായമാണല്ലോ തന്നുകൊണ്ടിരിക്കുന്നത്. കേന്ദ്ര സർക്കാർ കഴുത്ത് ഞെരിച്ചുകൊണ്ടിരിക്കുകയല്ലേ; എങ്ങനെയെങ്കിലും കേരളം ഇല്ലാതായി പോകണമെന്ന കേന്ദ്ര സർക്കാരിന് എല്ലാ ഒത്താശയും പാടുന്നവരായിപ്പോയല്ലോ പ്രിയപ്പെട്ട യു.ഡി.എഫ്. സുഹൃത്തുക്കളെന്ന വിഷമം ഈ അവസരത്തിൽ പറഞ്ഞുപോകുകയാണ്. വീട്, വിദ്യാഭ്യാസം, ആരോഗ്യം, പരിസ്ഥിതി, വൈജ്ഞാനിക സമ്പദ് വ്യവസ്ഥ തുടങ്ങി എല്ലാ മേഖലകളിലും ഇടപെട്ട് ചൂഷണരഹിതമായ സോഷ്യലിസ്റ്റ് സമൂഹത്തിലേയ്ക്ക് കേരളം എത്തിച്ചേർന്നുകൊണ്ടിരിക്കുകയാണ്.

ഞാൻ 2016-ൽ നിയമസഭാ സാമാജികയായി വരുന്നതിനുമുൻപ് ജില്ലാ പഞ്ചായത്തിന്റെ പ്രതിനിധിയെന്ന നിലയിൽ ഇടയ്ക്കിടയ്ക്കുമാത്രം യാത്ര ചെയ്തിരുന്ന ഒരു വ്യക്തിയായിരുന്നു. ഇന്നത്തെ തിരുവനന്തപുരം പട്ടണത്തിന്റെ കണ്ണഞ്ചിപ്പിക്കുന്നതും വിസ്മയകരവുമായ വികസനവും മാറ്റവും നമുക്ക് നേരനുഭവമാണ്. വലിയ വികസനങ്ങളാണ് ഇവിടെ വന്നിരിക്കുന്നത്. അടിസ്ഥാനസൗകര്യ വികസനകാര്യത്തിൽ വലിയൊരു കുതിച്ചുചാട്ടം തന്നെയാണ് കേരളം നടത്തുന്നത്. ഇതെല്ലാം പറയുമ്പോഴും കേരളത്തിന്റെ

സാമ്പത്തിക പ്രതിസന്ധിയെക്കുറിച്ച് പറയാതെ പോകാൻ കഴിയുമോ? കേരളത്തിന് സാമ്പത്തിക പ്രതിസന്ധിയുണ്ട്; ഇല്ലെന്ന് ബഹുമാനപ്പെട്ട ധനമന്ത്രിയും പറയുന്നില്ല. അതിവിടെ പറയാൻ പാടില്ലെന്നാണ് പ്രതിപക്ഷം പറയുന്നത്. ഇതുകേട്ടാൽ ഞങ്ങൾ എല്ലാം ധൂർത്തടിച്ച് നശിപ്പിച്ചുവെന്ന് തോന്നും. എന്താണ് ഈ ധനപ്രതിസന്ധിക്ക് കാരണം എന്നതിലേയ്ക്ക് ഞാൻ കടക്കാം. ഓരോ കാര്യവും പറഞ്ഞുതന്നെ പോകണം. കാരണം, ജനങ്ങളുടെ കണ്ണിൽ പൊടിയിട്ട് ഇത്തരത്തിലുള്ള കാര്യങ്ങൾ പറഞ്ഞ് എത്രകാലം നിങ്ങൾക്ക് പോകാൻ സാധിക്കും. തനതുവരുമാനത്തിൽ വർദ്ധനവുണ്ടാക്കിയും കമ്മിയിൽ കുറവുവരുത്തിയും കേരളത്തിന്റെ സാമ്പത്തിക പ്രതിസന്ധിഘട്ടത്തെ പരമാവധി പ്രതിരോധിക്കാനും ധനാരോഗ്യം വീണ്ടെടുക്കാനും കേരളം വലിയ പരിശ്രമം തന്നെയാണ് നടത്തുന്നത്. അപ്പോഴും കേന്ദ്രനയങ്ങൾ സംസ്ഥാനത്തെ ഞെരുക്കുകയാണ്. പ്രതിപക്ഷത്തുള്ള എല്ലാവരും സംസാരിക്കാൻ കഴിവുള്ളവരാണ്. അതുകൊണ്ടാണല്ലോ നിങ്ങൾ നിയമസഭയിലേയ്ക്ക് തെരഞ്ഞെടുക്കപ്പെട്ടത്. പക്ഷേ കേന്ദ്രത്തിന്റെ ഒരു നയത്തെക്കുറിച്ച് ഇവർക്കാർക്കും ഒരു അമർഷവുമില്ല. പ്രിയപ്പെട്ട ശ്രീ. ഷാഫി പറമ്പിൽ, 'എല്ലാ സാധനത്തിനും

വിലയില്ലാതായി' എന്ന രീതിയിൽ മോശപ്പെട്ട സ്റ്റേറ്റ്മെന്റ് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെക്കുറിച്ച് പറയുകയുണ്ടായി. ഞങ്ങളുടെ മുഖ്യമന്ത്രിയെക്കുറിച്ച് അങ്ങനെ പറയാൻ നിങ്ങൾക്ക് അവകാശമില്ല. കാരണം, ഞങ്ങൾ നവകേരള സദസ്സ് നടത്തിയപ്പോൾ പതിനായിരക്കണക്കിന് ജനങ്ങളാണ് ആ വേദിയിലേയ്ക്ക് ഒഴുകിവന്നത്. അവരെ ഞങ്ങളാരും പിടിച്ചെടുത്ത് കസേരയിൽ കൊണ്ടുവന്നതല്ല; അവർ സ്വന്തം ഇഷ്ടപ്രകാരം വന്നതാണ്. കേരളത്തിലെ മുഖ്യമന്ത്രിയെയും മന്ത്രിമാരെയും കാണാനും അവരോട് ആശയങ്ങൾ പങ്കുവയ്ക്കാനും പരാതി പറയാനും അവരെ കേൾക്കാനും നിർദ്ദേശങ്ങൾ നൽകാനും കേരളത്തിന്റെ പുരോഗതിയെപ്പറ്റി പറയാനുമൊക്കെ വന്നതാണ്. ധാരാളം അനുബന്ധ പരിപാടികളും ഞങ്ങൾ നടത്തിയിരുന്നു. അസൂയ എന്ന വികാരമാണ് യു.ഡി.എഫ്.-നെ ഭരിക്കുന്നത്. അതിന് മരുന്നില്ല. രണ്ട് കാര്യങ്ങൾക്ക് മരുന്ന് കണ്ടുപിടിക്കാൻ പ്രയാസമാണെന്ന് നമ്മൾ പറയും. അതിലൊന്നിന് ഹെയർ ഫിക്സ് എങ്കിലും ചെയ്യാം. പക്ഷേ അസൂയയ്ക്ക് മരുന്ന് ലഭ്യമല്ല. ബഹുമാനപ്പെട്ട ധനകാര്യ മന്ത്രിക്ക് ഇതിൽ എന്തെങ്കിലും ചെയ്യാൻ കഴിയുമെങ്കിൽ ബഹുമാനപ്പെട്ട ആരോഗ്യമന്ത്രിയും ചേർന്ന് ഗവേഷണം നടത്തി അസൂയയ്ക്ക് മരുന്ന്

കണ്ടുപിടിച്ച് നൽകിയാൽ യു.ഡി.എഫ്.-നെ മെച്ചപ്പെടുത്താൻ നോക്കാം.

ശ്രീ. റോജി എം. ജോണിന്റെ പ്രസംഗം കേട്ടപ്പോൾ ഞാൻ ഞെട്ടിപ്പോയി. ശ്രീ. മോഹൻ ഭാഗവതിന്റെ അകന്ന ബന്ധുവാണോ ഇവിടെ വന്ന് സംസാരിക്കുന്നതെന്ന് ഓർത്തുപോയി. കേന്ദ്രത്തെക്കുറിച്ച് എത്ര വലിയ കരുതലാണ് അദ്ദേഹത്തിനുള്ളത്. കേന്ദ്രത്തിന്റെ സാമ്പത്തിക നയത്തെക്കുറിച്ച് ഒരു വാക്കുപോലും പറയാതെ, സംസ്ഥാന സർക്കാർ ധൂർത്തുകാണിച്ചതുകൊണ്ട് കേരളം നശിച്ചുപോകട്ടെ എന്നാണ് അദ്ദേഹം പറയുന്നത്. പ്രതിപക്ഷത്ത് വളരെ പരിണതപ്രജ്ഞരായ അംഗങ്ങളുണ്ട്. മൂന്ന് രീതികളിലാണ് കേന്ദ്രം നമുക്ക് ധനസഹായം നൽകുന്നത്. ആ മൂന്ന് രീതികളിലും ഇപ്പോൾ വെള്ളം ചേർന്നിരിക്കുകയല്ലേ. ഫിനാൻസ് കമ്മീഷൻ റിപ്പോർട്ട് പ്രകാരമുള്ള നികുതി വിഹിതത്തിൽ വർദ്ധനവുണ്ടായിട്ടില്ല. ഫിനാൻസ് കമ്മീഷൻ ശിപാർശ ചെയ്ത ഗ്രാന്റുകൾക്ക് പുറമെ കേന്ദ്രസർക്കാർ നൽകുന്ന ഗ്രാന്റുകളിൽ 30,000 കോടി രൂപ ലഭിച്ചിരുന്ന സ്ഥാനത്ത് 2023-ൽ 27,000 കോടി രൂപയാണ് ലഭിച്ചത്. അവിടെ 10 ശതമാനത്തിന്റെ കുറവുണ്ടായി. അതുപോലെ കേന്ദ്രം അനുവദിക്കുന്ന വായ്പയിൽ ഭീമമായ ഇടിവാണുണ്ടായത്. 43,000 കോടി രൂപ വായ്പയെടുക്കാൻ അനുമതി

ലഭിച്ചതിൽ 2023-ൽ അത് 22,000 കോടി രൂപയായി വെട്ടിക്കുറച്ചു. ഉമ്മൻ ചാണ്ടി സാറിന്റെ പ്രിയപുത്രന്റെ ആദ്യപ്രസംഗം കേട്ടതിൽ വളരെ സന്തോഷം തോന്നി. പക്ഷേ, അങ്ങ് അറിയേണ്ട ഒരു കാര്യമുണ്ട്. അക്കാലത്ത് 600 രൂപ വച്ചല്ലേ പെൻഷൻ കൊടുക്കാൻ കഴിഞ്ഞുള്ളൂ. 18 മാസത്തെ പെൻഷൻ കുടിശ്ശികയായിരുന്നില്ലേ. (......ബഹളം.....) ഞങ്ങൾക്ക് പ്രിയപ്പെട്ട ഉമ്മൻ ചാണ്ടി സാറിനോട് വൈരാഗ്യമില്ല, സ്നേഹം മാത്രമേയുള്ളൂ. പക്ഷേ ഇത് വസ്തുതയാണ്; 62 ലക്ഷം പേർക്ക് 1600 രൂപ വീതം 11,000 കോടി രൂപയാണ് ഈ സർക്കാർ പെൻഷൻ കൊടുക്കുന്നത്. ജനസംഖ്യയുടെ ഇരുപത് ശതമാനം പേർക്ക് പെൻഷൻ കൊടുക്കുന്ന സംസ്ഥാനമാണ് കേരളം.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: പ്ലീസ് കൺക്ലൂഡ്... പ്ലീസ് കൺക്ലൂഡ്...

<u>ശ്രീമതി യു. പ്രതിഭ</u>: സർ, കർണ്ണാടകയിൽ നൽകുന്ന ആനുകൂല്യത്തെക്കുറിച്ച് ഇന്നലെ പ്രിയസുഹൃത്ത് പറയുന്നത് കേട്ടു. കർണ്ണാടകയിൽ സൗജന്യയാത്ര എന്നുകേൾക്കുമ്പോൾ ..ആഹാ.. എന്തുരസം എന്നുപറയും. എന്നാൽ കേരളത്തിൽ പെൻഷൻ കൊടുക്കുമ്പോൾ അത് മോശം അല്ലെങ്കിൽ ധൂർത്ത് എന്നാണ് പറയുന്നത്. ഈയൊരവസ്ഥയിൽ

ജനങ്ങളുടെ കണ്ണിൽ പൊടിയിടാൻ ശ്രമിക്കരുത്.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: പ്ലീസ് ...പ്ലീസ്....

<u>ശ്രീമതി യു. പ്രതിഭ</u>: സർ, സ്ത്രീകൾ ധാരാളം സമയം സംസാരിക്കുന്ന സഭയല്ല. വല്ലപ്പോഴുമാണ് ഞങ്ങൾക്ക് സംസാരിക്കാൻ അവസരം ലഭിക്കുന്നത്. അതുകൊണ്ട് സംസാരിക്കാൻ അധിക സമയം നൽകണം. കേരളത്തോട് കേന്ദ്രം കടുത്ത സാമ്പത്തിക ഉപരോധം തീർക്കുകയാണ്. കേന്ദ്രാവിഷ്കൃത പദ്ധതികൾ വെട്ടിക്കുറയ്ക്കുകയും സ്കൂൾ ഉച്ചഭക്ഷണ പദ്ധതിക്കും നെല്ല് സംഭരണത്തിനുമുള്ള കേന്ദ്രവിഹിതംപോലും നൽകാതിരിക്കുകയുമാണ്. നെല്ല് സംഭരണത്തിനുമുള്ള കേന്ദ്രവിഹിതം 616 കോടി രൂപയാണ്. അക്കാര്യം ഇന്നലെ ശ്രീ. കെ. ഡി. പ്രസേനൻ ഇവിടെ ശ്രദ്ധ ക്ഷണിക്കൽ വിഷയമായി അവതരിപ്പിച്ചു. അതിനെക്കുറിച്ച് ഒരു വാക്കുപോലും ഇവിടെ ശ്രീ. ഷാഫി പറമ്പിൽ പറഞ്ഞില്ലെന്നുള്ളതാണ് ഞങ്ങളെ അതിശയിപ്പിക്കുന്നത്. സംസ്ഥാനം കടുത്ത സാമ്പത്തിക പ്രതിസന്ധിയിൽ പോകുമ്പോഴും കേന്ദ്രത്തിൽനിന്ന് അർഹമായ വിഹിതം ചോദിക്കാൻ നടത്തിയ ഐതിഹാസികമായ ഡൽഹി സമരത്തിൽ പങ്കെടുക്കാതെ പുറകിൽനിന്ന് കുത്തിയവരാണ് യു.ഡി.എഫ്. കേന്ദ്ര

ധനമന്ത്രിക്ക് നൽകാനുള്ള നിവേദനത്തിൽപോലും ഇവർ ഒപ്പിട്ടില്ല. 'ഞങ്ങളെ ക്ഷണിച്ചില്ല' എന്നാണ് നിങ്ങൾ പറഞ്ഞത്. ഒരേ സമയം വേട്ടക്കാരനൊപ്പം നിൽക്കുകയും ഇരയെ കുറ്റപ്പെടുത്തുകയും ജനങ്ങളെ തെറ്റിദ്ധരിപ്പിക്കുകയുമാണ് പ്രതിപക്ഷം ചെയ്യുന്നത്.

ഇന്ന് പ്രിയകവി ഒ.എൻ.വി. കുറുപ്പിന്റെ ഓർമ്മദിനമാണ്. ഈ പശ്ചാത്തലത്തിൽ, ആർ.എസ്.എസ്.-കാരോടും വിഘടനവാദികളോടും കേരളത്തിലെ ഇന്നത്തെ യു.ഡി.എഫ്.-കാരോടുമാകും അദ്ദേഹത്തിന്റെ അനുഭവക്കുറിപ്പിലെ ഈ വരികൾ ഓർമ്മിപ്പിക്കുന്നത്.

"വെട്ടിമുറിക്കരുത് ഈ പുണ്യഭൂമിയെ,
തൊട്ടുനെറുകിൽ വച്ചുപൊയ്ക്കൊള്ളുക"

പ്രിയപ്പെട്ട സുഹൃത്തുക്കളെ, കേരളത്തെ ഞെരിക്കുന്ന കേന്ദ്രസമീപനങ്ങൾക്ക് ഒത്താശ പാടുന്ന രീതികൾ മാറ്റി കേരളത്തിന്റെ പുരോഗതിക്കുവേണ്ടി നമുക്ക് ഒന്നിച്ചുനിൽക്കണമെന്ന് പറഞ്ഞുകൊണ്ട് ഈ ബഡ്ജറ്റിനെ സർവ്വാത്മനാ പിന്തുണയ്ക്കുന്നു.

<u>ശ്രീ. പി. സി. വിഷ്ണുനാഥ്</u>: സർ, പോയിന്റ് ഓഫ് ഓർഡർ..

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: എന്താണ് പോയിന്റ് ഓഫ് ഓർഡർ?

<u>ശ്രീ. പി. സി. വിഷ്ണുനാഥ്</u>: സർ, ബഹുമാനപ്പെട്ട കായംകുളം

എം.എൽ.എ. സംസാരിക്കുമ്പോൾ ഉമ്മൻ ചാണ്ടി സാറിന്റെ കാലത്ത് 18 മാസത്തെ സാമൂഹ്യ പെൻഷൻ 600 രൂപ വച്ച് കുടിശ്ശികയാണെന്ന് പറയുകയുണ്ടായി. ഇവിടെ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവും ഞങ്ങളെല്ലാവരും പലതവണ രേഖകളുടെയും നിയമസഭയിൽനിന്നും ലഭിച്ച മറുപടിയുടെയും അടിസ്ഥാനത്തിൽ ഉമ്മൻ ചാണ്ടി സാറിന്റെ കാലത്ത് 18 മാസത്തെ പെൻഷൻ കുടിശ്ശികയുണ്ടായിരുന്നില്ല എന്ന് പറഞ്ഞിട്ടുള്ളതാണ്. മുൻ ധനകാര്യ വകുപ്പുമന്ത്രി ഡോ. ടി. എം. തോമസ് ഐസകിന്റെ നിയമസഭാ മറുപടിയിൽ മൂന്ന് മാസത്തെ കുടിശ്ശിക എന്നാണുണ്ടായിരുന്നത്. മാത്രമല്ല, ഈ സഭയിലെ അംഗമായ ശ്രീമതി ഒ. എസ്. അംബികയ്ക്ക് ധനകാര്യ വകുപ്പുമന്ത്രി ശ്രീ. കെ. എൻ. ബാലഗോപാൽ കൊടുത്ത മറുപടിയിലും 800 രൂപയും 1200 രൂപയും വരെ അക്കാലത്ത് പെൻഷനുണ്ടായിരുന്നുവെന്ന് പറഞ്ഞിട്ടുണ്ട്. വാസ്തവവിരുദ്ധമായ കാര്യം രേഖയിൽനിന്ന് നീക്കം ചെയ്യണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ: അക്കാര്യം പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കാം+.

+ ബഹുമാനപ്പെട്ട സഭാദ്ധ്യക്ഷന്റെ ഉത്തരവിൻപ്രകാരം (ഫയൽ നമ്പർ 2758/ഇ.ബി /2024/നി.സെ. തീയതി 14-02-2024) രേഖയിൽ നിലനിർത്തി.

ശ്രീ. എ. കെ. എം. അഷ്റഫ്: സർ, ഏറെ നിരാശപ്പെടുത്തിയ കേരളത്തിന്റെ ധനകാര്യ വകുപ്പുമന്ത്രിയുടെ ഈ ബഡ്ജറ്റിനെ ഞാൻ എതിർക്കുകയാണ്. കേന്ദ്രത്തിൽ ശ്രീമതി നിർമ്മലാ സീതാരാമന്റെ ബഡ്ജറ്റ് വന്നപ്പോൾ, കേരളത്തെ അതിശക്തമായി അവഗണിച്ച ഒരു ബഡ്ജറ്റാണ് കേന്ദ്ര സർക്കാർ അവതരിപ്പിച്ചത് എന്നാണ് നമ്മളെല്ലാവരും ഒറ്റക്കെട്ടായി പറഞ്ഞത്. കേന്ദ്രം കേരളത്തെ അവഗണിച്ചപ്പോൾ, അത്യുത്തര കേരളത്തിന്റെ കാസർഗോഡ് ജില്ലയെ അതുപോലെ അവഗണിച്ച ഒരു ബഡ്ജറ്റാണ് കേരളത്തിന്റെ ധനകാര്യ വകുപ്പുമന്ത്രി ഇവിടെ അവതരിപ്പിച്ചത്. കന്നഡയിൽ ഏറ്റവും പ്രശസ്തമായ ബസവണ്ണയുടെ വചനങ്ങളുണ്ട്.

"ഉള്ളവരു ശിവാലയ ബാഡവരു!
നാന്നേനാ മാടലീ? ബഡവനയ്യാ!
എന്ന കാലേ കമ്പ, ദേഹവേ ദേഗുല,
ശിറവേ ഹൊന്ന കലസാവ്വയ്യാ!
കൂടലസംഗമദേവാ കേളയ്യാ,
സ്ഥാവരക്കളിവുണ്ടു ജംഗമക്കളിവില്ല...."

ഈ കവിത നൂറ് ശതമാനം നമ്മുടെ ധനകാര്യ മന്ത്രിയുടെ ബഡ്ജറ്റിനുവേണ്ടി

ഞാനിവിടെ പറയുകയാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. എ. കെ. എം. അഷ്റഫ്, അതിന്റെ അർത്ഥം പറയാമോ?

ശ്രീ. എ. കെ. എം. അഷ്റഫ്: സർ, അർത്ഥം പിന്നീട് പറയാം. നവകേരള സദസ്സ് തുടക്കം കുറിച്ചത് കേരളത്തിലെ എന്റെ മണ്ഡലത്തിൽനിന്നാണ്. കാസർഗോഡ് എന്ന് പറയുമ്പോൾ ഓർമ്മ വരുന്നത് കണ്ണുനീരിന്റെ നനവുള്ള എൻഡോസൾഫാൻ രോഗികളുടെ ഒരു ചിത്രമാണ്; ദൈന്യതയുടെ മുഖമാണ്. ഒരു വർഷമായി എൻഡോസൾഫാൻ റീഹാബിലേഷൻ സെല്ലിന്റെ യോഗം ചേരാൻപോലും തയ്യാറാകാത്ത സർക്കാരാണ് നമ്മുടേത്. മുമ്പ് ശ്രീ. ഇ. ചന്ദ്രശേഖരൻ മന്ത്രിയായിരുന്നപ്പോൾ മൂന്ന് മാസത്തിലൊരിക്കൽ യോഗം ചേർന്നിരുന്നു. അവരുടെ കാര്യത്തിൽ ഒരു തുകപോലും നീക്കിവയ്ക്കാത്ത ഒരു ബഡ്ജറ്റാണിത്. കേരളത്തിന്റെ ബഹുമാന്യനായ മുൻ പ്രതിപക്ഷനേതാവ് ശ്രീ. രമേശ് ചെന്നിത്തല കാസർഗോഡുകാർക്ക് സമർപ്പിച്ച പദ്ധതിയാണ് കാസർഗോഡ് വികസന പാക്കേജ് (കെ.ഡി.പി.). കാസർഗോഡിന്റെ പിന്നാക്കാവസ്ഥ പരിഹരിക്കാനായി ഉമ്മൻ ചാണ്ടി

സർക്കാർ 150-ഓളം കോടി രൂപ നൽകി ആ പദ്ധതി നടപ്പിൽ വരുത്തി. ഏറെ പ്രയാസമനുഭവിക്കുന്ന ഈ ഘട്ടത്തിൽപ്പോലും വളരെ തുച്ഛമായ 75 കോടി രൂപയാണ് കെ.ഡി.പി.-ക്ക് വേണ്ടി നീക്കിവച്ചിട്ടുള്ളത്. കോവിഡ് കാലത്ത് അതിർത്തിയിൽ 22 പേർ കർണ്ണാടകയുടെ മനുഷ്യത്വരഹിതമായ നീക്കത്തിലൂടെ പിടഞ്ഞുമരിച്ചപ്പോൾ കോവിഡ് രോഗികൾക്കുവേണ്ടി സി.എസ്.ആർ. ഫണ്ട് ഉപയോഗിച്ച് കാസർഗോഡ് നിർമ്മിച്ച ടാറ്റാ ഹോസ്പിറ്റൽ ഇപ്പോൾ സമ്പൂർണ്ണമായും പ്രവർത്തനരഹിതമായിരിക്കുകയാണ്. അതിനെക്കുറിച്ച് ഒരക്ഷരം പോലും ഉരിയാടാത്ത ബഡ്ജറ്റാണിത്. ശ്രീ. എൻ. എ. നെല്ലിക്കുന്ന്, എം.എൽ.എ. ഇന്നലെ കൃത്യമായി പറഞ്ഞതുപോലെ ഞങ്ങളേറെ പ്രതീക്ഷിച്ചതാണ് കാസർഗോഡ് മെഡിക്കൽ കോളേജ്. മെഡിക്കൽ കോളേജിന്റെ കാര്യം കഴിഞ്ഞാൽ ഈ ബഡ്ജറ്റിനെ സംബന്ധിച്ച് കേരളത്തിന്റെ ഏറ്റവും വലിയ ചർച്ച സ്വകാര്യ യൂണിവേഴ്സിറ്റിയെക്കുറിച്ചാണ്. കാസർഗോഡ് ജില്ലാ പഞ്ചായത്ത് ഭരിക്കുന്നത് സി.പി.ഐ.(എം.) ആണ്. കാസർഗോഡ് ജില്ലാ പഞ്ചായത്ത്, കാസർഗോഡിന്റെ വികസനവുമായി ബന്ധപ്പെട്ട് അഞ്ച് എം.എൽ.എ.-മാരെയും എം.പി.-യെയും പങ്കെടുപ്പിച്ചുകൊണ്ട് ബഹുമാനപ്പെട്ട

വ്യവസായ വകുപ്പുമന്ത്രി ശ്രീ. പി. രാജീവ് ഉദ്ഘാടനം ചെയ്ത് ഇൻവെസ്റ്റേഴ്സ് മീറ്റ് സംഘടിപ്പിച്ചിരുന്നു. ഒമാനിലെ ചേംബർ ഓഫ് കോമേഴ്സിന്റെ ഡയറക്ടറായി തെരഞ്ഞെടുക്കപ്പെട്ട ലോകോത്തരമായ ഒരുപാട് ആതുരാലയങ്ങളുടെ തലപ്പത്തിരിക്കുന്ന മലയാളിയായ ശ്രീ. അബ്ദുൽ ലത്തീഫ് സാഹിബ്, ആ ഇൻവെസ്റ്റേഴ്സ് മീറ്റിൽ കാസർഗോഡ് മെഡിക്കൽ കോളേജ് പ്രയാസപ്പെട്ട് മുന്നോട്ടുപോകുന്ന വിഷയം അവതരിപ്പിച്ചുകൊണ്ട് നടത്തിയ പ്രസംഗം കാസർഗോഡുള്ള പത്രങ്ങളിൽ വലിയ ചർച്ചയായിരുന്നു. സാമ്പത്തികത്തിന്റെ പേരിൽ ഒരു ജില്ലയോട് കാണിക്കുന്ന ഈ അന്യായം അവസാനിപ്പിക്കാൻ, സാമ്പത്തികമാണ് പ്രശ്നമെങ്കിൽ പി.പി.പി. മോഡലിൽ കാസർഗോഡ് മെഡിക്കൽ കോളേജ് ഏറ്റെടുത്ത് നടത്താൻ തയ്യാറാണെന്ന് ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രികൂടി ഹാജരായിരുന്ന ആ ഇൻവെസ്റ്റേഴ്സ് മീറ്റിൽ അദ്ദേഹം പ്രഖ്യാപിച്ചിരുന്നു. ഇവിടെ സ്വകാര്യ യൂണിവേഴ്സിറ്റിയെക്കുറിച്ച് ചർച്ചകളൊക്കെ നടത്തുമ്പോൾ നമ്മുടെ ആരോഗ്യ മേഖലയാണ് ഏറ്റവും കൂടുതൽ ശ്രദ്ധിക്കേണ്ടത്. ഡോക്ടർമാരും മരുന്നും കെട്ടിടങ്ങളുമില്ലാത്ത അവസ്ഥ, സൗകര്യങ്ങളുടെ കുറവ് എന്നിവയെല്ലാം നമ്മൾ ഇപ്പോഴും അനുഭവിച്ചുകൊണ്ടിരിക്കുകയാണ്. അതുമാത്രമല്ല, നവ

കേരള സദസ്സ് മഞ്ചേശ്വരത്തുനിന്നും ആരംഭിച്ച ദിവസമാണ് കഴിഞ്ഞ പത്തുവർഷമായി മഞ്ചേശ്വരം താലൂക്കാശുപത്രിയിലുണ്ടായിരുന്ന രാത്രികാല സേവനം നിർത്തലാക്കിയത്. അതായിരുന്നു നവകേരള സദസ്സ് എന്റെ മണ്ഡലത്തിന് നൽകിയ ഏറ്റവും നല്ല സമ്മാനം.

കേരളത്തിന്റെ അതിർത്തിയിൽനിന്നും വരുന്ന ഒരു എം.എൽ.എ. എന്ന നിലയ്ക്ക് ഞാൻ ആവർത്തിച്ച് ആവശ്യപ്പെടുന്ന ഒരു കാര്യമാണ് ഉമ്മൻ ചാണ്ടി ഗവൺമെന്റ് പ്രഖ്യാപിച്ച മഞ്ചേശ്വരത്തെ താലൂക്ക് ഓഫീസ്. എന്റെ മണ്ഡലത്തിലുള്ള ആ മിനി സിവിൽ സ്റ്റേഷനുവേണ്ടി നിരന്തരമായി മുട്ടാത്ത വാതിലുകളില്ല. ഈ ബജറ്റിലും ഇതേ വിഷയം ആവശ്യപ്പെട്ടിരുന്നു. രണ്ടാമത്തെ നിലയിൽ പ്രവർത്തിക്കുന്ന ഓഫീസിലാണ് മഞ്ചേശ്വരത്തെ പാവങ്ങൾ തഹസീൽദാറിനെ കാണാൻ പോകുന്നത്. ഒരു ഭിന്നശേഷിക്കാരന് തഹസീൽദാറെ കാണണമെങ്കിൽ രണ്ടാം നിലയിൽനിന്നും തഹസീൽദാർ താഴെയിറങ്ങി വന്ന് കാണേണ്ട ഗതികേടാണുള്ളത്. മഞ്ചേശ്വരം മണ്ഡലത്തിലെ മിനി സിവിൽ സ്റ്റേഷനായി ഈ ബജറ്റിൽ തുക ഉൾക്കൊള്ളിക്കാത്തതിൽ ആ നാട്ടിലെ ജനങ്ങൾക്കുവേണ്ടി അതിശക്തമായ പ്രതിഷേധം രേഖപ്പെടുത്തുകയാണ്.

മഹാനായ മഹാകവിയും ബഹുഭാഷാ കവിയും മാപ്പിള കവിയുമായ ഉബൈദ് സാഹിബിനുവേണ്ടി ഒരു കോടി രൂപ കാസർഗോഡിന്റെ ആസ്ഥാനത്ത് നീക്കിവച്ചതിനെ സ്വാഗതം ചെയ്യുന്നു. അതോടൊപ്പം ഒരുപാട് ഭാഷകളിൽ മതേതരത്വത്തിനുവേണ്ടി തൂലിക ചലിപ്പിച്ച കന്നഡയിലെ പ്രഥമ രാഷ്ട്രകവി ഗോവിന്ദപൈയുടെ സ്മരണയ്ക്കായി വീരപ്പമൊയ്‌ലി സി.എസ്.ആർ. ഫണ്ടിൽനിന്നും അഞ്ച് കോടി രൂപ ചെലവഴിച്ച് മഞ്ചേശ്വരത്തിന് സമർപ്പിച്ച ഗിളിവിണ്ടു പദ്ധതിക്ക് ഗോവിന്ദപൈ സ്മാരക സമിതി പ്രഖ്യാപിച്ചുവെന്നല്ലാതെ ഒരു നാണയത്തുട്ടുപോലും നീക്കിവയ്ക്കാൻ തയ്യാറായിട്ടില്ല. കേരളത്തിന്റെ അത്യുത്തര ഭാഷയിൽ എന്റെ മണ്ഡലത്തിലെ 75 ശതമാനമാളുകൾ സംസാരിക്കുന്ന ഭാഷയായ തുളുവിനുവേണ്ടി ഒരു അക്കാദമി പ്രഖ്യാപിച്ചു. ഈയടുത്ത കാലത്ത് തുളു ഭാഷാദിനത്തിൽ, എം.എൽ.എ. എന്നനിലയിൽ പങ്കെടുക്കുമ്പോൾ ഒരു രൂപപോലും അതിനായി സർക്കാർ നൽകാത്തതിനാൽ ചെലവഴിക്കാൻ പണമില്ലെന്ന സങ്കടമാണ് അവർ പറഞ്ഞത്. അത്യുത്തര കേരളത്തിന്റെ സാംസ്കാരിക മേഖലയെ അവഗണിക്കുകയും ടാറ്റ ഹോസ്പിറ്റലിന് ഒരു ചില്ലിക്കാശുപോലും നീക്കിവയ്ക്കാതിരിക്കുകയും കാസർഗോഡ് മെഡിക്കൽ കോളേജ് എന്ന്

പ്രവർത്തനക്ഷമമാകുമെന്ന് ചോദിച്ചാൽ അതിനുപോലും ഉത്തരം ലഭിക്കാത്തതുമായ ഒരു ബജറ്റാണിത്. തീർച്ചയായും കേരളത്തിന്റെ ഭൂപടത്തിൽ കാസർഗോഡ് ജില്ലയുമുണ്ട്. ബജറ്റ് പ്രസംഗത്തിൽ, നാന്നൂറോളം പദ്ധതികൾ വായിക്കുമ്പോൾ ഇടയ്ക്കെവിടെയെങ്കിലും കാസർഗോഡ് ജില്ലയുടെ ഒരു പേര് വരുന്നുവെന്ന് മാത്രമെയുള്ളൂ. മന്ത്രിസഭ വരുമ്പോൾ ഒരു മന്ത്രിയെപോലും നൽകാതെ കാസർഗോഡ് ജില്ലയെ അവഗണിച്ചു. എല്ലാനിലയിലും ഈ അവഗണന തുടർന്നുകൊണ്ടേയിരിക്കുന്നു. പണ്ടെങ്ങാനും കാസർഗോഡ് ജില്ലയുടെ അവഗണനയ്ക്കെതിരെ അതിശക്തമായ പോരാട്ടങ്ങളൊക്കെ ഉയർന്നുവന്നിരുന്നു. തീർച്ചയായും ഈ ബജറ്റിൽ കാസർഗോഡ് വികസന പാക്കേജിനും മെഡിക്കൽ കോളേജിനുവേണ്ടിയും ഒരു പ്രത്യേക പാക്കേജുണ്ടാക്കണം.

മി. ഡെപ്യൂട്ടി സ്പീക്കർ: ദയവായി അങ്ങ് പ്രസംഗം അവസാനിപ്പിക്കണം.

ശ്രീ. എ. കെ. എം. അഷ്റഫ്: സർ, ഒരു മിനിറ്റിനുള്ളിൽ ചർച്ച അവസാനിപ്പിക്കാം. ഉദ്യോഗസ്ഥന്മാരുടെ കാര്യത്തെപ്പറ്റി പറയുകയാണെങ്കിൽ ഡസ്റ്റ് ബിന്നിലേയ്ക്ക് തള്ളുന്നതുപോലെയാണ് നിയമിക്കുന്നത്. 13 ജില്ലകളിൽനിന്നും കുറ്റാരോപിതരായ ഉദ്യോഗസ്ഥരെ

കാസർഗോഡ് ജില്ലയിലേയ്ക്ക് നിയമിക്കുന്നു. പഞ്ചായത്ത് ഓഫീസായാലും വില്ലേജ് ഓഫീസായാലും ആശുപത്രികളായാലും താലൂക്ക് ഓഫീസുകളായാലും എപ്പോൾ നോക്കിയാലും എല്ലാ കസേരകളും ഒഴിഞ്ഞുകിടക്കുകയാണ്. കഴിഞ്ഞ കാലങ്ങളിൽ കാസർഗോഡ് ജില്ലയിൽ പി.എസ്.സി. പരീക്ഷയെഴുതുന്ന കാസർഗോഡ് ജില്ലയിലെ ഉദ്യോഗാർത്ഥികൾക്ക് അഞ്ചുമാർക്ക് സൗജന്യമായി നൽകിയിരുന്നത് ഇപ്പോൾ നിർത്തലാക്കി. കാസർഗോഡുള്ള ഉദ്യോഗക്ഷാമം പരിഹരിച്ചില്ലെങ്കിൽ വലിയ രീതിയിൽ ഈ പിന്നാക്കാവസ്ഥ തുടർന്നുകൊണ്ടേയിരിക്കും. തൊട്ടപ്പുറത്ത് കർണ്ണാടകയുടെ അതിർത്തിയായ മംഗലാപുരത്ത് വലിയ രീതിയിൽ വികസനം നടക്കുമ്പോൾ തൊട്ടിപ്പുറത്ത് കേരളത്തിന്റെ ഒരു ഭാഗത്ത് പ്രയാസത്തിലും ദുരിതത്തിലും നിൽക്കുന്ന അവസ്ഥയ്ക്ക് പരിഹാരം കാണണമെന്നാവശ്യപ്പെട്ടുകൊണ്ട് ഒരിക്കൽക്കൂടി കേരളത്തിലെ ജനങ്ങൾക്ക് ഒന്നും നൽകാത്ത, കാസർഗോഡിനെ അവഗണിച്ച ശ്രീ. കെ. എൻ. ബാലഗോപാലിന്റെ ബജറ്റിനെ ശക്തിയുക്തം എതിർത്തുകൊണ്ട് ഞാൻ ചർച്ച അവസാനിപ്പിക്കുന്നു.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, ബഡ്ജറ്റിനെ എതിർക്കുന്നു. ഇവിടെ നവകേരള സദസ്സിനെക്കുറിച്ചാണ് പറഞ്ഞുകൊണ്ടിരിക്കുന്നത്. നവകേരള സദസ്സിനെപ്പറ്റിയുള്ള വിവരങ്ങൾ ആരാഞ്ഞുകൊണ്ട് നിയമസഭയിൽ ഞങ്ങൾ ചോദ്യം ഉന്നയിച്ചിരുന്നു. ആ ചോദ്യത്തിന് ഉത്തരം ലഭിക്കാത്തതുകൊണ്ട്, ഞങ്ങൾ വിവരാവകാശ നിയമപ്രകാരം കത്ത് നൽകി. അതുപ്രകാരം അവർ നൽകിയ മറുപടിയാണിത് (ഒരു പേപ്പർ ഉയർത്തിക്കാട്ടി). നവ കേരള സദസ്സിനുമുമ്പായി മേൽപ്പടി പരിപാടിക്ക് ചെലവഴിക്കേണ്ട തുകയെ സംബന്ധിച്ച് ബജറ്റ് തയ്യാറാക്കിയിരുന്നോ എന്ന ചോദ്യത്തിന് 'ഇല്ല' എന്ന ഉത്തരമാണ് ലഭിച്ചത്. നവ കേരള സദസ്സുമായി ബന്ധപ്പെട്ട തുക കൈകാര്യം ചെയ്തതിനെക്കുറിച്ച് ചോദിച്ചപ്പോൾ നവ കേരള സദസ്സിന്റെ തുക കൈകാര്യം ചെയ്തത് നവ കേരള സദസ്സിനുവേണ്ടി രൂപീകരിച്ച ഫിനാൻസ് കമ്മിറ്റിയെന്ന സ്വതന്ത്ര ബോഡിയാണെന്നും ഈ കാര്യാലയത്തിൽ അതിന്റെ ഒരു വിവരവുമില്ലെന്ന മറുപടിയാണ് ലഭിച്ചത്. എന്ത് നവ കേരള സദസ്സാണ് നടത്തിയത്? ഇതുസംബന്ധിച്ച് നിയമസഭയിൽ മന്ത്രിമാർ മറുപടി പറയില്ല. അതേസമയം ഞങ്ങൾ വിവരാവകാശ നിയമപ്രകാരം ചോദിച്ചതിന് ലഭിച്ച മറുപടിയാണിത്. ഇതുമാത്രമല്ല, മറ്റ് നാലഞ്ച് ചോദ്യങ്ങൾക്കും ഇതേ

മറുപടിതന്നെയാണ് ലഭിച്ചത്. നവ കേരള സദസ്സിനുമുമ്പായി മേൽപ്പടി പരിപാടിക്ക് ചെലവഴിക്കേണ്ട തുകയെ സംബന്ധിച്ച് ബജറ്റ് തയ്യാറാക്കിയിട്ടുണ്ടോ? അപ്പോഴും ലഭിച്ച മറുപടി ഇതാണ്. നവ കേരള സദസ്സിന് ചെലവഴിച്ച തുക എത്രയാണെന്ന് വിശദമായി പറയാമോ? അപ്പോഴും പറയുന്നത് പ്രത്യേക സ്വതന്ത്ര ബോഡിയുണ്ടെന്നാണ്. ചെലവഴിച്ച തുകയുടെ ഉറവിടം ഇനംതിരിച്ച് ചെലവുവിവരങ്ങൾ ലഭ്യമാക്കാമോ എന്ന ചോദ്യത്തിനും പറയുന്നത്, അതിനൊരു സ്വതന്ത്ര ബോഡി അവിടെ പ്രവർത്തിക്കുന്നുണ്ടെന്നാണ്. ഏതെങ്കിലും വ്യക്തികളിൽനിന്നോ സ്ഥാപനത്തിൽനിന്നോ സംഭാവനകൾ/പിരിവുകൾ ലഭ്യമായിട്ടുണ്ടോ എന്ന ചോദ്യത്തിനും സ്വതന്ത്ര ബോഡിയാണ് കൈകാര്യം ചെയ്യുന്നത് എന്ന മറുപടിയാണ് ലഭിച്ചത്. നവ കേരള സദസ്സിന്റെ ചെലവുകൾക്കായി ഏതെങ്കിലും തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽനിന്നും വിഹിതം ലഭിച്ചിരുന്നോ; വിവരമുണ്ടോ; ലഭിച്ചിട്ടുണ്ടെങ്കിൽ ഓരോ സ്ഥാപനത്തിന്റെയും പേരും വിവരവും പറയാമോ എന്ന ചോദ്യത്തിനും അതൊരു സ്വതന്ത്ര ബോഡിയാണ് ചെയ്യുന്നതെന്നും അതിന്റെ വിവരം ലഭ്യമല്ലെന്നുമാണ് പറയുന്നത്. ഇത് എന്ത് നവ കേരളം; ഇതിനെല്ലാമൊരു

കണക്കുവേണ്ടേ? നിങ്ങൾ പിരിക്കുകയാണ്; ആരെക്കൊണ്ടാണ് പിരിക്കുന്നത്? വില്ലേജാഫീസർമാരെയും എസ്.ഐ.മാരെയും ഡിവൈ.എസ്.പി.മാരെയും ജി.എസ്.ടി.യിലെ ഉദ്യോഗസ്ഥരെയുംകൊണ്ട് പിരിപ്പിക്കുകയാണ്. എന്നിട്ട് ചോദ്യം ചോദിക്കുമ്പോൾ അതൊരു സ്വതന്ത്ര രൂപത്തിൽ നിൽക്കുകയാണ്. അതിന്റെ കണക്ക് കൈവശമില്ലെന്ന് പറഞ്ഞാൽപ്പിന്നെ ഈ ഗവൺമെന്റിന്റെ അക്കൗണ്ടബിലിറ്റി എന്താണ്? ഈ സംസ്ഥാനത്തിലെ ഗവൺമെന്റിന് അക്കൗണ്ടബിലിറ്റി വേണ്ടേ? ഇവിടെ ബജറ്റിനെക്കുറിച്ചാണ് ചർച്ച ചെയ്യുന്നത്. കോടിക്കണക്കിന് രൂപ കൈകാര്യം ചെയ്യുന്നൊരു സംസ്ഥാനത്ത് ഇതുപോലൊരു വലിയ മേള നടത്തിയിട്ട് അതിന്റെ കണക്ക് കൈവശമില്ലെന്ന് പറയുകയാണ്. ആ പരിപാടിയിൽ മന്ത്രിസഭയാണ് പോകുന്നതെന്നാണ് പറഞ്ഞത്. മുഖ്യമന്ത്രിയടക്കം ബസ്സിൽ കയറി മന്ത്രിസഭ മൊത്തം ജനങ്ങളെ കാണാൻ പോയതിനുവേണ്ടിയുള്ള പിരിവാണ് നടത്തിയത്. പിരിച്ച് XXXXX+, എന്നാലും അതിനൊരു കണക്കെങ്കിലും വേണ്ടേ? അക്കൗണ്ടബിലിറ്റി ഇല്ലാത്ത ഈ ഗവൺമെന്റിന്റെ ബജറ്റിന് എന്ത് വിലയാണ് ആളുകൾക്ക് കൊടുക്കാൻ കഴിയുന്നത്? ഇവിടെ പ്രധാനപ്പെട്ട ചോദ്യം ചോദിച്ചപ്പോൾ

---
+ ബഹുമാനപ്പെട്ട ഡെപ്യൂട്ടി സ്പീക്കറുടെ നിർദ്ദേശപ്രകാരം രേഖയിൽനിന്നും നീക്കം ചെയ്തു.

ഉള്ളതെന്തിനാണ് ഇല്ലാതാക്കുന്നത്? പെട്രോൾ, ഡീസൽ സെസ്സിനെക്കുറിച്ച് ഈ ബജറ്റിനകത്ത് പറഞ്ഞിട്ടുണ്ടോ?

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, പോയിന്റ് ഓഫ് ഓർഡർ...

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, എന്റെ സമയം കളയാതിരുന്നാൽ മതി, അങ്ങ് എത്ര വേണമെങ്കിലും ചോദിച്ചോളൂ.

മി. ഡെപ്യൂട്ടി സ്പീക്കർ: എന്താണ് പോയിന്റ് ഓഫ് ഓർഡർ?

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, പിരിച്ച് XXXXX+ എന്നൊരു പ്രയോഗം നടത്തുന്നത് defamatory ആയിട്ടുള്ള സ്റ്റേറ്റ്മെന്റാണ്. അങ്ങനെയൊരു സ്റ്റേറ്റ്മെന്റ് രേഖയിൽ ഉണ്ടാകുന്നത് ശരിയല്ല. അദ്ദേഹത്തിന് എന്ത് കാര്യവും കണക്കുവച്ച് ചോദിക്കാവുന്നതാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ: ആ വാചകം രേഖയിൽ ഉണ്ടാകില്ല.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, വേണ്ട, XXXXX+ എന്നാക്കാം.

മി. ഡെപ്യൂട്ടി സ്പീക്കർ: രണ്ട് വാക്കുകളും ഉണ്ടാകില്ല.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, എന്നാൽ XXXXX+ വേണ്ട. അവസാനം XXXXX+ എന്നാക്കാം.

+ ബഹുമാനപ്പെട്ട ഡെപ്യൂട്ടി സ്പീക്കറുടെ നിർദ്ദേശപ്രകാരം രേഖയിൽനിന്നും നീക്കം ചെയ്തു.

മി. ഡെപ്യൂട്ടി സ്പീക്കർ: രണ്ടുമുണ്ടാകില്ല.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, XXXXX+ (.....ബഹളം....)

മി. ഡെപ്യൂട്ടി സ്പീക്കർ: രണ്ട് വാക്കുകളുമുണ്ടാകില്ല.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ആയിക്കോട്ടെ, (.....ബഹളം....)

തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): സർ, പോയിന്റ് ഓഫ് ഓർഡർ... ആ പരാമർശം പിൻവലിക്കണം.

മി. ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട അംഗം ചെയറിന് എതിരായി പറഞ്ഞ വാക്കുകൾ രേഖയിലുണ്ടാകില്ല, അത് പിൻവലിക്കണം.

ശ്രീ. എം. ബി. രാജേഷ്: സർ, അദ്ദേഹം ആ വാക്കുകൾ പിൻവലിച്ച് മാപ്പ് പറയണം. (......ബഹളം......)

മി. ഡെപ്യൂട്ടി സ്പീക്കർ: അദ്ദേഹം വളരെ സീനിയറായൊരു അംഗമാണ്. അദ്ദേഹം പറഞ്ഞ വാക്ക് ജനാധിപത്യ വിരുദ്ധമാണ്. അതദ്ദേഹം പിൻവലിക്കും. (...ബഹളം......)

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഞാൻ പറഞ്ഞത് വളരെ കൃത്യമാണ്. അതെന്താണെന്നത് രേഖകൾ പരിശോധിച്ചാൽ അങ്ങേയ്ക്ക്

+ ബഹുമാനപ്പെട്ട ഡെപ്യൂട്ടി സ്പീക്കറുടെ നിർദ്ദേശപ്രകാരം രേഖയിൽനിന്നും നീക്കം ചെയ്തു.

ബോധ്യമാകും. അത് രേഖയിൽ വരട്ടെ. എനിക്കുകൂടി ബോധ്യപ്പെടട്ടെ. എനിക്ക് ബോധ്യപ്പെട്ട് അൺപാർലമെന്ററിയാണെങ്കിൽ അത് ഞാൻ പിൻവലിക്കും. അക്കാര്യത്തിൽ യാതൊരു സംശയവുമില്ല. പക്ഷേ, എന്നെക്കൂടി ബോധ്യപ്പെടുത്തണം. (......ബഹളം......) എന്താണിവിടെ കാണുന്നത്. ഇങ്ങനെയാണെങ്കിൽ എങ്ങനെയാണ് ആളുകൾക്ക് സംസാരിക്കാൻ സാധിക്കുക; ഇത് സമയം കളയാനുള്ള വേലയാണെന്ന് എനിക്ക് മനസ്സിലാകും.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: അങ്ങ് ചെയറിനെതിരായ പറഞ്ഞ വാക്ക് രേഖയിലുണ്ടാകില്ല. അങ്ങത് പിൻവലിക്കണം.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, അങ്ങ് രേഖ പരിശോധിച്ചോ; ഇവിടെയിരിക്കുന്ന ആളുകൾ അത് റെക്കോർഡ് ചെയ്യുന്നില്ലേ; അവിടെ ടേപ്പില്ലേ; ആ രേഖകൾ പരിശോധിച്ചുകൊള്ളൂ. അതിൽ ഞാൻ അൺപാർലമെന്ററിയായി ഒരു വാക്ക് പറഞ്ഞിട്ടുണ്ടെങ്കിൽ ഞാനത് പിൻവലിക്കാം. (...ബഹളം...) പത്തുമുപ്പത്തിയൊൻപത് വർഷമായി ഞാനിവിടെ ഇരിക്കുന്ന ആളാണ്. ഒരു വാക്കും ഇതുവരെ പിൻവലിക്കേണ്ടി വന്നിട്ടില്ല. ഞാൻ അൺപാർലമെന്ററിയായ കാര്യം പറയാറുമില്ല. പക്ഷേ,

എന്റെ സമയം കളയുന്നതിനുവേണ്ടിയുള്ള നമ്പരാണ്. അക്കാര്യത്തിൽ അങ്ങ് നീതി കാണിക്കുമെന്ന് അറിയാം. അതുകൊണ്ട് എന്റെ നഷ്ടപ്പെട്ട സമയംകൂടി നൽകണം.

ഇവിടെ പെട്രോൾ, ഡീസൽ സെസ്സിൽ പ്രതീക്ഷിച്ചത് 780 കോടി രൂപ; ലഭിച്ചത് 600 കോടി രൂപ. മദ്യത്തിന്റെ സെസ്സിൽ പ്രതീക്ഷിച്ചത് 400 കോടി രൂപ; 2023 നവംബർ വരെ ലഭിച്ചത് 139 കോടി രൂപ. നിയമസഭയിൽ കൊടുത്ത ചോദ്യത്തിന് അങ്ങ് നൽകിയ ഉത്തരമാണ്. രണ്ടാമത്തെ കാര്യം, 200 കോടി രൂപയുടെ പദ്ധതിയായ ഗ്രീൻ ഹൈഡ്രജൻ ഹബ്ബുകൾക്കായി 20 കോടി രൂപ കഴിഞ്ഞ ബഡ്ജറ്റിൽ വകയിരുത്തിയതിൽ ഒരു പൈസ പോലും ചെലവഴിച്ചിട്ടില്ല. അങ്ങ് തന്ന ഉത്തരം എന്റെ കയ്യിലുണ്ട്. ക്ഷേമനിധി പെൻഷന്റെ കാര്യം വളരെ കഷ്ടമാണ്. കെട്ടിട നിർമ്മാണ ക്ഷേമനിധി പെൻഷൻ മുടങ്ങിയിട്ട് ഒരു വർഷമായി. അവർ കൂടുതൽ കുഴപ്പത്തിലേയ്ക്ക് പോകുകയാണ്. അടുത്തത്, ഇ-വേ ബിൽ - സംസ്ഥാനത്ത് ബിസിനസ്സ് ആവശ്യത്തിനുള്ള ആഭ്യന്തര സ്വർണ്ണ ഇടപാടുകളുടെ കൈമാറ്റത്തിന് ഇ-വേ ബിൽ നടപ്പാക്കാൻ ജി.എസ്.ടി. കൗൺസിൽ നിർദ്ദേശം നൽകിയിട്ടും ഇതുവരെ അത്

നടപ്പാക്കിയിട്ടില്ലെന്നാണ് അങ്ങ് നിയമസഭയിൽ നൽകിയ ഉത്തരം. ഇതൊന്നും എന്നോട് ചോദ്യം ചെയ്യരുത്.

പ്രവാസികളുടെ പദ്ധതികളൊന്നും ഫലം കണ്ടില്ലല്ലോ. മടങ്ങിവന്ന പ്രവാസികൾക്കും മരണമടഞ്ഞ പ്രവാസികളുടെ ആശ്രിതർക്കുമായി ആവിഷ്കരിച്ച 'സാന്ത്വനം' പദ്ധതിക്ക് ബഡ്ജറ്റിൽ മാറ്റിവച്ചത് 33 കോടി രൂപയും ചെലവഴിച്ചത് 13 കോടി രൂപയുമാണ്. പ്രവാസി പുനരധിവാസത്തിന് വകയിരുത്തിയത് 25 കോടി രൂപയും ചെലവഴിച്ചത് 17 കോടി രൂപയുമാണ്. അങ്ങ് നിയമസഭയിൽ നൽകിയ ഉത്തരമാണ്. ഇതൊക്കെ സംസാരിക്കുന്ന രേഖകളാണ്. ഇവിടെ പൊതുജനാരോഗ്യത്തെക്കുറിച്ച് വളരെ ഉയർത്തി പറയുന്നതുകേട്ടു. അതിനായി കഴിഞ്ഞ ബഡ്ജറ്റിൽ 2828.33 കോടി രൂപ വകയിരുത്തിയിരുന്നു. ഈ വർഷം അതിനായി 2052.23 കോടി രൂപ മാത്രമെ മാറ്റിവച്ചിട്ടുള്ളൂ. ആരോഗ്യ വകുപ്പിനോട് നീതി കാണിച്ചോ; ആരോഗ്യ വകുപ്പ് ഒന്നും ചെയ്യാതിരിക്കുന്നതിന് എന്തിനാണ് കുറ്റപ്പെടുത്തുന്നത്; അവർക്ക് കാശ് കൊടുക്കുന്നില്ല. ഇപ്പോൾ അവിടെ സിറിഞ്ചുമില്ല, പഞ്ഞിയുമില്ല. എന്തെങ്കിലും വേണമെങ്കിൽ രോഗികൾ

വാങ്ങിക്കൊണ്ട് പോകണം. അവസാനം, ഓപ്പറേഷൻ നടത്തുന്ന ഡോക്ടർക്ക് പാന്റ്സും ഷർട്ടും പോലും രോഗി വാങ്ങിക്കൊടുക്കേണ്ട അവസ്ഥയിലേയ്ക്ക് ഈ സംസ്ഥാനം മാറുകയാണ്. ആരോഗ്യ വകുപ്പിന് കഴിഞ്ഞ വർഷത്തെക്കാൾ 776.10 കോടി രൂപ ഈ ബഡ്ജറ്റിൽ വെട്ടിച്ചുരുക്കിയിരിക്കുകയാണ്. ആരോഗ്യ വകുപ്പിലെ വിവിധ പദ്ധതികൾക്കുള്ള ആകെ കുടിശ്ശിക 1356 കോടി രൂപയാണ്. കാരുണ്യ സുരക്ഷാ പദ്ധതി-1129 കോടി രൂപ, കാരുണ്യ ബെനവലന്റ് ഫണ്ട്-190 കോടി രൂപ, ആരോഗ്യ കേരളം-14 കോടി രൂപ, അമ്മയും കുഞ്ഞും പദ്ധതി-7.11 കോടി രൂപ. എല്ലാം കടത്തിലാണ്. പിന്നെ എന്ത് ഭരണം നടക്കുന്നുവെന്നാണ് പറയുന്നത്; എന്ത് ഭരണമാണ് ഇവിടെ നടക്കുന്നത്; ഇത് നാട്ടുകാർക്ക് വേണ്ടിയുള്ളതല്ലേ; അതോ, കേരളത്തിലെ മുഴുവൻ ആളുകളും നല്ല ആരോഗ്യവാൻമാരായി ഇരിക്കുന്നതുകൊണ്ടാണോ; അവർക്കെല്ലാം നല്ല ഉറച്ച ശാരീരിക ഘടന ഉള്ളതുകൊണ്ടാണോ എല്ലാം വെട്ടിക്കുറച്ചത്? അതിനെക്കുറിച്ച് പരാതി പറഞ്ഞാൽ അതും കേൾക്കുന്നില്ല. ഇതൊക്കെ കേന്ദ്രത്തിന്റെ കുറ്റമാണെന്ന് പറയാൻ സാധിക്കുമോ?

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി ചെലവ് 2024 ജനുവരി വരെ 33% മാത്രമാണ്. കോർപ്പറേഷൻ-24.34%, മുനിസിപ്പാലിറ്റി-30.09%,

ജില്ലാ പഞ്ചായത്ത്-33.68%, ബ്ലോക്ക് പഞ്ചായത്ത്-37.65%, ഗ്രാമപഞ്ചായത്ത്-36% ഇതെല്ലാം യു.ഡി.എഫ്. ഭരിക്കുന്ന പഞ്ചായത്താണോ; അങ്ങയുടെ പഞ്ചായത്തിൽപ്പോലും ചെലവഴിക്കാൻ പറ്റിയിട്ടില്ലല്ലോ? കേരളത്തെ മുക്കിക്കൊല്ലുകയാണ്, തകർക്കുകയാണ്; നമ്മുടെ സംസ്ഥാനത്തിന്റെ വികസനത്തെ തകർക്കുകയാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ: പ്ലീസ്... പ്ലീസ്...

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, വികസനത്തെക്കുറിച്ച് ഒരുവാക്കുകൂടി പറയട്ടെ. അങ്ങയുടെ പരാതി തന്നെയാണ് എനിക്കുമുള്ളത്. അങ്ങിവിടെ പറഞ്ഞ അതേ വാക്കുകൾ അത്രയും ശക്തിയിൽ എനിക്ക് ഇതുവരെ പറയാൻ സാധിച്ചിട്ടില്ല. എന്നാലും ഞാൻ അങ്ങയോട് എല്ലാ മതിപ്പും കാണിക്കുകയും ചെയ്യുകയാണ്.

വികസന പ്രവർത്തനത്തിന് എന്റെ നിയോജകമണ്ഡലത്തിൽനിന്ന് അങ്ങ് ഇപ്രാവശ്യവും 20 വർക്കുകൾ എഴുതി വാങ്ങിയിട്ടുണ്ട്. 20 വർക്കിനായി അങ്ങ് 2000 രൂപ തന്നിട്ടുണ്ട്. കണക്ക് കൃത്യമാണ്. ഒരു വർക്കിനുമാത്രം അങ്ങ് 5 കോടി രൂപ തന്നു. 58 കോടി രൂപ ചെലവ് വരുന്നൊരു പദ്ധതിക്ക് 5 കോടി രൂപ നീക്കിവച്ചാൽ അതിന് എ.എസ്.

നൽകാൻപോലും സാധിക്കുമോ; ചോദിച്ചാൽ, 5 കോടി രൂപ തന്നില്ലേ, 5 കോടി രൂപ ചെറിയതാണോ എന്നൊക്കെ വേണമെങ്കിൽ തിരിച്ച് ഇങ്ങോട്ടും ചോദിക്കാം. പക്ഷേ, അതിന് എ.എസ്. പോലും നൽകാൻ സാധിക്കുമോ; എ.എസ്. പോലും തരാതെ 20 പദ്ധതികളും മുക്കി കൊന്നതിന്റെ ഉത്തരവാദിത്വം ഞാൻ അങ്ങയിൽ ആരോപിക്കുന്നില്ല. കാരണം, അങ്ങയുടെ ഓഫീസിൽ ഇത് ചെയ്യുന്ന ആളുകളുണ്ട്. അവർ പ്രത്യേകമായി കണക്കുകൂട്ടി ചെയ്തിട്ടുള്ളതാണ്. ഇതുപോലുള്ള നടപടികളെ എതിർക്കുകയാണ്. ഈ ബഡ്ജറ്റിൽ പോസിറ്റീവായി ഒന്നും കാണുന്നില്ല. അതുകൊണ്ടുതന്നെ ഈ ബഡ്ജറ്റിനെ ഞാൻ ശക്തിയുക്തം എതിർക്കുകയാണ്.

<u>ശ്രീ. പി. വി. അൻവർ</u>: സർ, ഈ ബഡ്ജറ്റിനെ ഞാൻ അനുകൂലിക്കുകയാണ്. കേന്ദ്ര ഗവൺമെന്റ് എതൊക്കെ നിലയ്ക്ക് ഒരു സംസ്ഥാന ഗവൺമെന്റിനെ വരുതിയിൽ നിർത്തി സാമ്പത്തികമായി ഞെരുക്കി ആ സംസ്ഥാനത്തെ ഇല്ലാതാക്കാൻ കഴിയുമോയെന്ന് പരിശ്രമിച്ചുകൊണ്ടിരിക്കുമ്പോൾ അതിനെയെല്ലാം മറികടന്നുകൊണ്ട്, ഈ സംസ്ഥാനത്തിന്റെ സകല മേഖലകളെയും സ്പർശിച്ചുകൊണ്ട് ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച ബഡ്ജറ്റിനെ ഞാൻ പിന്തുണയ്ക്കുകയാണ്.

ഈ ബഡ്ജറ്റുമായി ബന്ധപ്പെട്ട് മൂന്ന് കാര്യങ്ങളാണ് എനിക്ക് ആദ്യമായി പറയുവാനുള്ളത്. ഒന്ന്, വന്യമൃഗ ശല്യവുമായി ബന്ധപ്പെട്ട് വളരെ സീരിയസ്സായൊരു അവസ്ഥയിൽ കേരളം മുന്നോട്ടുപോകുകയാണ്. സംസ്ഥാന വനം-വന്യജീവി വകുപ്പുമന്ത്രി കേന്ദ്ര ഗവൺമെന്റിനെ സമീപിച്ച് വന്യജീവി ആക്രമണത്തിൽനിന്നും കേരളത്തിലെ ജനങ്ങളെ രക്ഷിക്കുന്നതിനായി 640 കോടി രൂപയുടെ ഒരു പദ്ധതി നൽകിയിട്ട് കേന്ദ്രം അഞ്ചുപൈസ അനുവദിച്ചിട്ടില്ല. ഈ ബഡ്ജറ്റിൽ സംസ്ഥാന സർക്കാർ അനുവദിച്ചത് 48 കോടി രൂപയാണ്. അത് തീർത്തും അപര്യാപ്തമാണ്. അതുകൊണ്ട് ഇന്നത്തെ കേരളത്തിന്റെ പ്രത്യേക സാഹചര്യത്തിൽ ബഹുമാനപ്പെട്ട മന്ത്രി അക്കാര്യം അതീവ ഗൗരവത്തോടുകൂടി പരിഗണിക്കണമെന്നാണ് സൂചിപ്പിക്കുവാനുള്ളത്. രണ്ടാമത്തെ കാര്യം, സാമൂഹ്യ ക്ഷേമ പെൻഷനാണ്. നമ്മുടെ സാധാരണക്കാരായ ജനങ്ങളുടെ, പ്രത്യേകിച്ചും 60 ലക്ഷത്തോളം ജനങ്ങളുടെ നിത്യജീവിതത്തിലെ ഒരു പ്രധാന വരുമാന മാർഗ്ഗമാണ് സാമൂഹ്യ ക്ഷേമ പെൻഷൻ. പ്രതിപക്ഷത്തിരിക്കുന്നവർ അത് കൊടുക്കണമെന്ന് ഒരിക്കലും പറയില്ല. അത് നൽകാതിരിക്കാനുള്ള എല്ലാ മാർഗ്ഗങ്ങളും, സാമ്പത്തികമായി നമ്മെ

ഞെരുക്കാൻ കേന്ദ്രത്തോടൊപ്പംനിന്ന് കേരളത്തിലെ ജനങ്ങളെ പട്ടിണിക്കിടാനുള്ള പണിയെടുത്തുകൊണ്ടിരിക്കുകയാണ് അവർ. അതുകൊണ്ട് ഈ ഗവൺമെന്റിന്റെ ബാധ്യത എന്നുള്ള നിലയ്ക്ക് ഒരു 100 രൂപ വർദ്ധിപ്പിച്ച് ഒരു മാസത്തെ കുടിശ്ശികയെങ്കിലും നൽകാൻ സാധിക്കണമെന്ന് അഭ്യർത്ഥന നടത്തുകയാണ്. മൂന്നാമത്തെ കാര്യം, നിലമ്പൂർ ബൈപ്പാസ് സംബന്ധിച്ചാണ്. അതിനാവശ്യമായ തുക കഴിഞ്ഞ പതിനാറ് വർഷമായി പെന്റിംഗിലാണ്. അത് എങ്ങനെയെങ്കിലും അനുവദിച്ച് പൂർത്തീകരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

പ്രധാനമായും, ബഹുമാനപ്പെട്ട തിരുവഞ്ചൂർ രാധാകൃഷ്ണൻ ഇവിടെ പറഞ്ഞ കാര്യത്തിലേയ്ക്കുതന്നെ കടക്കുകയാണ്. നവകേരള സദസ്സിനെ സംബന്ധിച്ച് അദ്ദേഹം പറയുകയുണ്ടായി. നവകേരള സദസ്സിന്റെ ചെലവ് എവിടെ എന്നാണ് അദ്ദേഹം ഉയർത്തിയ ആരോപണം; ആ ചെലവ് കാണുന്നില്ലെന്ന് പറഞ്ഞു; ഇതിന്റെ ചെലവെടുത്തത് കേരളത്തിലെ ജനങ്ങളാണ് പ്രിയപ്പെട്ട തിരുവഞ്ചൂർ രാധാകൃഷ്ണൻ. കേരളത്തിലെ സാധാരണക്കാരായ ജനങ്ങൾ നൽകിയ പിരിവിന്റെ അടിസ്ഥാനത്തിൽത്തന്നെയാണ് ഞങ്ങൾ ഈ പരിപാടികൾ വളരെ

സുന്ദരമായി നടത്തിയത്. അത് സർക്കാരിന്റെ ചെലവിൽ ആകണമെന്നില്ല. അത് ജനങ്ങളുടെ ചെലവിലാണ്. നമുക്കറിയാം, ഇന്ത്യയുടെ ചരിത്രത്തിൽ ആദ്യമായി ഒരു മുഖ്യമന്ത്രിയും കേരളത്തിലെ മുഴുവൻ മന്ത്രിമാരും ഉദ്യോഗസ്ഥരും കാസർഗോഡ് മുതൽ തിരുവനന്തപുരം വരെ 38 ദിവസമാണ് യാത്ര ചെയ്തത്. (....ബഹളം.....) നിങ്ങൾ ദയവായി ഒരു മിനിട്ട് മിണ്ടാതിരിക്കണം. 78 വയസ്സുള്ളൊരു മനുഷ്യൻ, കേരളത്തിന്റെ മുഖ്യമന്ത്രി, ആരോഗ്യപരമായി ഒട്ടനവധി പ്രശ്നങ്ങളുള്ളൊരു വ്യക്തി, 38 ദിവസം ഒരു ട്രാൻസ്പോർട്ട് ബസ്സിൽ കാസർഗോഡ് മുതൽ തിരുവനന്തപുരം വരെ ജനങ്ങളെ കാണുകയും 7 വർഷത്തെ ഭരണത്തിന്റെ കാര്യങ്ങൾ ചർച്ച ചെയ്യുകയും ചെയ്തു. തുടർന്ന് എന്താണ് ചെയ്യേണ്ടതെന്ന് ചോദിക്കുകയും ചെയ്തു. ഒന്നും നടന്നിട്ടില്ല എന്നാണ് ഇവിടെ പറഞ്ഞത്. അതിന്റെ കണക്കാണിത്. ദയവായി ബഹുമാനപ്പെട്ട പ്രതിപക്ഷാംഗങ്ങൾ ഇതൊന്ന് കേൾക്കണം. കേരളത്തിൽ ആകെ ലഭിച്ച പരാതി 6,42,076 ആണ്. മലപ്പുറം ജില്ലയിൽനിന്നും പത്തുപന്ത്രണ്ട് എം.എൽ.എ.-മാർ ഉണ്ടല്ലോ; ദയവായി നിങ്ങളൊന്ന് കേൾക്കണം. അതിൽ പങ്കെടുക്കരുതെന്നുപറഞ്ഞ് കൊടുംവഞ്ചനയാണ് നിങ്ങൾ ചെയ്തത്. അതിൽ സമർപ്പിക്കപ്പെട്ട

പരാതികളിൽ എത്രമാത്രം പരിഹാരമുണ്ടായി എന്നതിന്റെ കണക്കുകൾ പരിശോധിക്കണം. ഈ കണക്കുകൾ ആർക്കുവേണമെങ്കിലും നവകേരളത്തിന്റെ വെബ്സൈറ്റിൽനിന്നും ലഭിക്കും. (....ബഹളം.....) ദയവായൊന്ന് കേൾക്കൂ. 80,885 അപേക്ഷകളാണ് മലപ്പുറം ജില്ലയിൽനിന്ന് ലഭിച്ചത്. അതിൽ 7,458 പരാതികൾ നിലമ്പൂർ മണ്ഡലത്തിൽനിന്നുണ്ടായി. ഇതിന്റെ കണക്ക് www.navakeralasadas.kerala.gov.in എന്ന വെബ്സൈറ്റിൽ പരിശോധിച്ചാൽമതി. നിലമ്പൂർ മണ്ഡലത്തിലെ നവകേരള സദസ്സിൽ ലഭിച്ച പരാതികളുടെ നിലവിലുള്ള സ്ഥിതിയൊന്ന് പരിശോധിക്കാം. ഓരോ വകുപ്പിലും ലഭിച്ച പരാതികളാണ്; എൽ.എസ്.ജി.ഡി.-യ്ക്ക് ലഭിച്ചത് 2859 പരാതികളാണ്. കെട്ടിട നിർമ്മാണ അപേക്ഷ, പ്ലാൻ സർവ്വീസ്, അതുമായി ബന്ധപ്പെട്ട പ്ലാൻ റിവിഷൻ, കംപ്ലീഷൻ സർട്ടിഫിക്കറ്റ്, നികുതി തർക്കങ്ങൾ തുടങ്ങിയ 2859 പരാതികളിൽ 2508 എണ്ണം പരിഹരിച്ചു. കൃഷി വകുപ്പിൽ 88 പരാതി - വിള നഷ്ടം, ഇൻഷ്വറൻസ്, സബ്സിഡി തുടങ്ങിയ കാരണങ്ങളാണ്. അതിൽ 32 എണ്ണം തീർപ്പാക്കി. സഹകരണ വകുപ്പിൽ 201 പരാതി - ജപ്തി നടപടികൾ, ലോൺ സെറ്റിൽമെന്റ്, വൺടൈം സെറ്റിൽമെന്റ് ഇതാണ് കാരണങ്ങൾ.

201-ൽ 111 തീർപ്പാക്കി. വനം വന്യജീവിയുമായി ബന്ധപ്പെട്ട ഭൂമി രജിസ്ട്രേഷന്റെ NOC, പബ്ലിക് റോഡ് നിർമ്മാണത്തിന്റെ... ഫോറസ്റ്റിന്റെ NOC. 191 പരാതികളാണ് നൽകിയത്. നവകേരള സദസ്സിൽ അന്ന് മാത്രമല്ല, മുൻകാലങ്ങളിലുണ്ടായ പരാതികളും ജനങ്ങൾ ആ സദസ്സിൽ ഉന്നയിച്ചിട്ടുണ്ട്. മൊത്തം അവിടെ വന്ന പരാതികളാണ്. അതിൽ 131 എണ്ണം തീർപ്പായി. ആഭ്യന്തര വകുപ്പിൽ 85 പരാതിയാണ് കിട്ടിയത്, തീർപ്പാക്കിയത് 76 ആണ്. എന്താണ് പരാതി? പാസ്പോർട്ട് സംബന്ധമായ NOC ക്ലിയറൻസ്, ജോലിക്ക് വേണ്ടിയിട്ടുള്ള പോലീസ് ക്ലിയറൻസ് എന്നിവയാണ്. 85 എണ്ണം വന്നു, 76 തീരുമാനമാക്കി. തൊഴിൽ വകുപ്പിൽ 215 പരാതികളാണ്. ഉടമസ്ഥരും തൊഴിലാളികളുമായിട്ടുള്ള തർക്കങ്ങൾ, തൊഴിൽ വകുപ്പിൽനിന്നും കിട്ടേണ്ട എക്സ്പീരിയൻസ് സർട്ടിഫിക്കറ്റുകൾ - 215 പരാതികൾ വന്നു, 119 പരാതികൾ പരിഹരിച്ചു. രജിസ്ട്രേഷൻ വകുപ്പ് 13 പരാതിയിൽ 11 എണ്ണം തീർപ്പാക്കി. പട്ടികജാതി പട്ടികവർഗ്ഗ വകുപ്പിൽ 112 പരാതികളാണ്. 46......... സർക്കാരിന്റെ വെബ്സൈറ്റിൽ ലഭ്യമാകും. നികുതി വകുപ്പിൽ 28 പരാതികളാണ്. മിക്കതും GST-ഉം ആയി ബന്ധപ്പെട്ടതാണ്. 15 എണ്ണം തീർപ്പാക്കി. വിനോദ സഞ്ചാര വകുപ്പിൽ 19

പരാതി, 7 എണ്ണം തീർപ്പാക്കി. ജലവിഭവ വകുപ്പിൽ 117 പരാതികളാണ്, അത് കുടിവെള്ള കണക്ഷനുമായി ബന്ധപ്പെട്ടതാണ്, 49 എണ്ണം തീർപ്പാക്കി. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്ന് ചികിത്സാ ഫണ്ടിന് കൊടുത്ത അപേക്ഷയിൽ 87 ലക്ഷം രൂപ ഈ നാട്ടിലെ സാധാരണക്കാർക്ക് കൊടുത്തുകഴിഞ്ഞു. മണ്ഡലത്തിൽ ആകെ ലഭിച്ച 7488 പരാതിയിൽ 3234-ഉം തീർപ്പാക്കി. ഒറ്റക്കാര്യം, റേഷൻ കാർഡുമായി ബന്ധപ്പെട്ട് കിട്ടിയ പരാതികൾ 802 എണ്ണമാണ്. അതിൽ 441 തീരുമാനമാക്കി. 363 പേർക്ക് ബി.പി.എൽ. കാർഡ് കൊടുത്തു. 62 പേർക്ക് AAY(Antyodaya Anna Yojana) കാർഡ്, 16 പേർക്ക് NPS-Non Priority Subsidy (Blue Ration card) നീല കാർഡ് നൽകാൻകഴിഞ്ഞു. അതായത് 55% ആണ്. നിങ്ങളൊന്ന് മനസ്സിലാക്കണം, ഈ പറയുന്ന പത്ത് നാനൂറ്റി ചില്വാനം ആളുകളുടെ ജീവിതത്തിന്റെ അടിസ്ഥാന പ്രശ്നമാണ് റേഷൻ കാർഡ് എന്ന് പറയുന്നത്. ആ റേഷൻ കാർഡ് നമുക്ക് പൂർത്തീകരിക്കാൻ കഴിഞ്ഞു. അതുപോലെതന്നെ ഭൂരഹിതരായിട്ടുള്ള ആദിവാസികൾക്ക് 570 പട്ടയങ്ങൾ. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയാണ് ഈ ജനുവരി 22-ന് ഓൺലൈനായി അത് നൽകിയത്. ബഹുമാനപ്പെട്ട പട്ടികജാതി, പട്ടകവർഗ്ഗ, പിന്നാക്ക വിഭാഗ

ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി ശ്രീ. കെ. രാധാകൃഷ്ണൻ ആ നാട്ടിൽ വന്നാണ് കൊടുക്കുന്നത്. അതോടൊപ്പം 117 പട്ടയങ്ങൾ ജനുവരി 27-ന് അമരമ്പലത്ത് റവന്യൂ വകുപ്പുമന്ത്രി വന്ന് നൽകിയതാണ്. ഇത്രയും പ്രശ്നങ്ങൾ ഒരു മണ്ഡലത്തിൽ നവകേരള സദസ്സുകൊണ്ട് തീർക്കാൻ കഴിഞ്ഞിട്ടുണ്ടെങ്കിൽ കേരളത്തിലെ 140 മണ്ഡലങ്ങളിൽ എത്രമാത്രം പ്രശ്നങ്ങൾ പരിഹരിക്കപ്പെട്ടു. നിങ്ങൾ ആരെയാണ് വഞ്ചിക്കുന്നത്? ഈയൊരു ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെ....., എന്ന് തുടങ്ങി നിങ്ങൾ; അദ്ദേഹത്തിനെയും അദ്ദേഹത്തിന്റെ കുടുംബത്തെയും എന്തെല്ലാം കേസുകൾ; ഏതെല്ലാം ഏജൻസികൾ? ഇപ്പോൾ അവസാനം മകളുടെ നേർക്കാണ്. നമുക്കൊക്കെ പെങ്ങൾമാരും ഭാര്യമാരും മക്കളുമൊക്കെയുണ്ടല്ലോ; വീട്ടിലിരിക്കുന്ന സ്ത്രീകളെപ്പോലും കുടുംബത്തിൽനിന്ന് പുറത്തിടുന്ന എന്ത് നീതിയാണ് ഇതിലുള്ളത്? ഈ അന്വേഷണങ്ങൾ മുഴുവൻ എവിടെ എത്തി; എന്തെങ്കിലും ഒരു തീരുമാനത്തിൽ.... (ബഹളം.....) ഒരു മനുഷ്യനെ ദ്രോഹിക്കുന്നതിൽ ഒരു പരിധി വേണ്ടേ; കേരളത്തിലെ ജനം ഇത് തിരിച്ചറിഞ്ഞതല്ലേ; ഇങ്ങനെ ഏതെങ്കിലും വകുപ്പുണ്ടാക്കി..., SFIO..., നമ്മൾ കേട്ടിട്ടുണ്ടോ ഈ ഏജൻസി?

ഏതെല്ലാം ഏജൻസികൾ പുറത്തേയ്ക്ക്... നിങ്ങൾക്ക് പൊള്ളും. നിങ്ങളുടെ വീട്ടിലേയ്ക്ക് അന്വേഷണം വരുന്നൊരു കാലമുണ്ടാകും. മനസ്സിലായോ.. ശ്രീ. ഫാറൂഖ് അബ്ദുള്ള ഡൽഹിയിൽനിന്ന് പ്രസംഗിച്ചതാണ് നിങ്ങളോട് പറയാനുള്ളത്. കാലചക്രം തിരിഞ്ഞുകൊണ്ടേയിരിക്കും, ഒരു രാത്രി കൊണ്ടൊന്നും ലോകം അവസാനിക്കില്ല. തിരിഞ്ഞ് നിങ്ങളുടെയൊക്കെ വീടുകളിലെത്തുമ്പോൾ നിങ്ങൾക്ക് മനസ്സിലാകും. കുടുംബമായി ജീവിക്കുന്നവരെപ്പോലും കുടുംബമായി ജീവിക്കാൻ അനുവദിക്കാത്ത മനുഷ്യത്വരഹിതമായ ഈ പ്രവർത്തനം നിങ്ങൾ അവസാനിപ്പിക്കണം. ഇതാണ് രീതി, ഇപ്പോൾ മുസ്ലീം ലീഗ് ആകെ മാറി. ഇപ്പോൾ എന്താണ് പറയുന്നത് രാമക്ഷേത്രം പണിയണം. അത് പൊളിച്ചോട്ടെ, അതിനെന്തിനാണ് വിഷമിക്കുന്നത്. നിങ്ങൾ വിഷമിക്കണ്ട, സാദിഖ് അലി തങ്ങളുടെ ഒരാഴ്ച മുമ്പത്തെ പ്രസ്താവനയാണ്. നമ്മൾ അതിനോട് കൂട്ട് നിൽക്കണം. ഇന്ത്യയിലെ മഹാഭൂരിപക്ഷം വരുന്ന ഹൈന്ദവ സമൂഹത്തിന്റെ ആഗ്രഹം നടത്തണം, ആയിക്കോട്ടെ. നല്ല കാര്യമാണ്. ഇനിയിപ്പോൾ എന്താണ് 2025 എന്ന് പറഞ്ഞാൽ... 1925-ലാണ് ആർ.എസ്.എസ്. രൂപീകൃതമായത്. നൂറാം വാർഷികം പൂർത്തിയാക്കുകയാണ്. അടുത്തത്

വരാൻ പോകുന്നത് പള്ളിയിൽ ബാങ്ക് വിളിക്കേണ്ട.... (ബഹളം....) സർ, എല്ലാ അംഗങ്ങൾക്കും നൽകിയതുപോലെ എനിക്കും വേണം സമയം.... പള്ളിയിൽ ബാങ്ക് കൊടുക്കേണ്ട എന്നുള്ള തീരുമാനവും ഉടനെ വരും. അപ്പോൾ തങ്ങൾ പറയും എന്തിനാണ് ബാങ്ക് കൊടുക്കുന്നത്, ബാങ്ക് കൊടുക്കേണ്ട ആവശ്യമില്ല. അത് നമസ്കാരം അറിയിക്കാനാണ്. നബിയുടെ കാലത്ത് വാച്ചും ഫോണുമൊന്നും ഇല്ലല്ലോ; സമയം കൃത്യമായി അറിയാൻ കഴിയും. അതുകൊണ്ട് ബാങ്ക് വേണ്ട എന്ന് പറയും.

മി. ഡെപ്യൂട്ടി സ്പീക്കർ: ഇരിക്കു...ഇരിക്കു...സമയം കഴിഞ്ഞു.

ശ്രീ. പി. വി. അൻവർ: സർ, പള്ളിയിലെ ജമാഅത്ത് നമസ്കാരങ്ങൾ, അത് നിർത്തലാക്കണം. അവിടെ ഭയങ്കരമായ ഗൂഢാലോചന നടക്കുന്നു. ആ ജമാഅത്ത് നിസ്കാരങ്ങൾ ഇവിടെ നിർത്തലാക്കും. തങ്ങൾക്കൊന്നും പറയാൻ കഴിയില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: പ്ലീസ്...കൺക്ലൂഡ്.

ശ്രീ. പി. വി. അൻവർ: സർ, പിന്നെയുള്ളത് വെള്ളിയാഴ്ച നമസ്കാരമാണ്. ആയിരക്കണക്കിന് ആളുകളാണ് ഒരുമിച്ച് കൂടുന്നത്. അവിടെ വലിയ സംഘം ചേരലാണ്. അതുകൊണ്ട് ജമാഅത്ത് നടത്താൻ

പാടില്ല എന്ന് പറയുമ്പോൾ അപ്പോൾ ഫത്‌വ വരും. ജമാഅത്തിന്റെയൊന്നും ആവശ്യമില്ല, പള്ളിയിൽ ഖുത്ബയുടെ ആവശ്യമില്ല. മൗലവിമാർ ഫോണിൽ പ്രസംഗിച്ച് ഗ്രൂപ്പിലേയ്ക്ക് വിട്ടാൽ മതി എന്നുപറയുന്ന കാലം അതിവിദൂരമല്ല. അങ്ങോട്ടേയ്ക്കാണ് ഈ പോകുന്നത്. പള്ളി പൊളിച്ച് പൊളിച്ച് കേരളത്തിലെ പള്ളികളുടെ ലിസ്റ്റുണ്ടാക്കിയിട്ടുണ്ട്. ആ ലിസ്റ്റ് ഉണ്ടാക്കുമ്പോൾ പറയും, അതൊക്കെ പണ്ട് നമ്മുടെ പള്ളികളൊന്നുമല്ല. നമ്മൾ ഇവിടെ വന്നുകൂടിയ മുസ്ലീങ്ങളാണ്. അത് അവർ എടുത്തോട്ടേയെന്ന് പറയാൻ ഒരു മടിയുമില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: പ്ലീസ്...പ്ലീസ്...കൺക്ലൂഡ്.

ശ്രീ. പി. വി. അൻവർ: സർ, ജിഫ്രി തങ്ങളും വിഭാഗവും ആ മതനേതാക്കൾ മുഴുവൻ വിട്ടുനിന്ന് ഈ ലീഗിന്റെ വോട്ടിലുണ്ടായ ചോർച്ച മലപ്പുറം ജില്ലയിൽ പ്രത്യക്ഷമാണ്. ആ രണ്ട് സീറ്റ്, പാർലമെന്റ് സീറ്റ് ജയിക്കാൻ അവർക്ക് കഴിയില്ല. അപ്പോൾ അവിടെത്തെ ആർ.എസ്.എസ്.-ന്റെയും ബി.ജെ.പി.-യുടെയും ചോർന്നുപോകുന്ന ഈ മുസ്ലീം വോട്ടിലേയ്ക്ക് ആഡ് ചെയ്യാൻ ആർ.എസ്.എസ്.-ന്റെയും വോട്ടുചെയ്യാത്ത കുറേ ഹിന്ദു സമുദായങ്ങളുമുണ്ട്. ഒരു കാലത്തും മാപ്പിളമാർക്ക് വോട്ട് ചെയ്യാത്തവർ. ആ

വോട്ടും കൂടി കിട്ടിയാൽ ഈ പൊന്നാനി... ഒരു സെക്കന്റ് കൂടി സർ... മലപ്പുറം ജയിപ്പിക്കാൻ പറ്റുമോ?

മി. ഡെപ്യൂട്ടി സ്പീക്കർ: പ്ലീസ്...പ്ലീസ്...കൺക്ലൂഡ്.

ശ്രീ. പി. വി. അൻവർ: സർ, കൺക്ലൂഡ് ചെയ്യുകയാണ്. ആ അവസ്ഥയിൽ എത്തിനിൽക്കുകയാണ് ഈ ലീഗ്. മൂന്നാമത് സീറ്റ് ചോദിക്കുന്നുണ്ട്. ഇപ്പോൾ നിർത്തിയല്ലോ; രണ്ട് തന്നെ ജയിപ്പിക്കാൻ കഴിയില്ല. രണ്ടെണ്ണത്തിനുതന്നെ പ്രയാസമാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ: പ്ലീസ്....കൺക്ലൂഡ്.

ശ്രീ. പി. വി. അൻവർ: സർ, ഒറ്റ മിനിറ്റ്, ഇനി ആരുമില്ല. നിർത്തുകയാണ്. ഇനി ആരുമില്ല. എല്ലാം കഴിഞ്ഞു. അപ്പോൾ ഈ പറഞ്ഞ രീതിയിൽ, ഈ അവസ്ഥയിൽ ഈ ജനങ്ങളെ ബുദ്ധിമുട്ടിക്കുന്ന ഈ പ്രതിപക്ഷം ഇവിടെ നടത്തിയ.... എന്താണ് കേന്ദ്രഗവൺമെന്റ് കാര്യത്തെക്കുറിച്ച് ഇവരൊക്കെ പറഞ്ഞത്? ഈ പറയുന്ന സാമ്പത്തിക മാന്ദ്യം ജനങ്ങളെ ബാധിക്കുന്നുണ്ടെന്ന് സുപ്രീംകോടതി പറഞ്ഞു. അതുപോലും സമ്മതിക്കാത്തവരാണ്. അതുകൊണ്ട് ഈ ബഡ്ജറ്റിനെ പിന്തുണയ്ക്കുകയാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ: പ്ലീസ്... പ്ലീസ്.....

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, പോയിന്റ് ഓഫ് ഓർഡർ. ബഹുമാനപ്പെട്ട നിലമ്പൂർ അംഗം ശ്രീ. പി. വി. അൻവർ അദ്ദേഹത്തിന്റെ പ്രസംഗത്തിൽ ബാബറി മസ്ജിദ് പൊളിച്ചോട്ടെ എന്ന് ബഹുമാനപ്പെട്ട പാണക്കാട് സയ്യിദ് സാദിഖ് അലി ശിഹാബ് തങ്ങൾ പറഞ്ഞുവെന്ന് പറയുന്നത് അവാസ്തവമാണ്. നിലവിലുള്ള കോടതി വിധിയുടെ പശ്ചാത്തലത്തിൽ അദ്ദേഹം ഒരു പാർട്ടി സമ്മേളനത്തിൽ പ്രസംഗിച്ചതിനെ ദുരുപയോഗം ചെയ്ത് ചില വാർത്തകൾ വന്നു. അല്ലാതെ ശ്രീ. പി. വി. അൻവർ പറയുന്നതുപ്രകാരം.... (...ബഹളം.....)

മി. ഡെപ്യൂട്ടി സ്പീക്കർ: പരിശോധിക്കാം. ഓർഡർ...ഓർഡർ... നിയമനിർമ്മാണം. .....(ബഹളം.....) പ്ലീസ്...അത് പരിശോധിക്കാം.+

+ ബഹുമാനപ്പെട്ട സഭാദ്ധ്യക്ഷന്റെ തീരുമാനപ്രകാരം (ഫ.നം.2762/ഇ.ബി./2024/നി.സെ. തീയതി 14/02/2024 ) സഭാരേഖകളിൽ നിലനിർത്തി.